# പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസ്സോസിയേഷൻ

## ഗലീലി വിഭാഗം

### പാഠാവലി ഏഴ്

ശ്രേഷ്ഠാനുമതിയോടെ പ്രസിദ്ധീകരിക്കുന്നത്

സൺഡേസ്കൂൾ കേന്ദ്ര ഓഫീസ്
ദേവലോകം, കോട്ടയം–686 004

**AN OSSAE PUBLICATION**

**Sunday School Padavali-VII**

First Edition: February 2014
Seventh Edition: January 2023
Copies: 5000
Price: ₹ 70.00
Printed at Alois Graphics, Kottayam
www.aloisgraphics.com

# പ്രവേശിക

നമ്മുടെ സഭയുടെ ആത്മീയ–ആരാധനാ പാരമ്പര്യത്തിൽ ഏറ്റവും പ്രാധാന്യം ഉള്ള ഒന്നാണ് തിരുവചന പഠനം. ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ, അവരെ തടയരുത്. ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ എന്ന ദൈവവചനം അവരോടുള്ള തമ്പുരാന്റെ ആർദ്രമായ കരുതലിനെ പ്രതിഫലിപ്പിക്കുന്നതും കുഞ്ഞുങ്ങളുടെ ശ്രേഷ്ഠതയെ വെളിപ്പെടുത്തുന്നതുമാണ്. ബാല്യം മുതലേ ഹൃദയത്തിൽ ദൈവത്തെ അറിഞ്ഞ് വളരുക എന്നത് ക്രൈസ്തവ ജീവിതത്തിന്റെ ഉദാത്തമായ അനുഭവമാണ്. ആത്മീയജീവിതത്തിന്റെ പാഠങ്ങൾ പരിശീലിപ്പിച്ച് ഉറപ്പിച്ച് വളരുന്ന ഒരു ജീവിതശൈലി ഉണ്ടാകണം, കാരണം നമ്മുടെ ജീവിതം അർത്ഥപൂർണ്ണമാകുവാൻ ശക്തമായ ഒരു ആത്മീയ അടിത്തറ ആവശ്യമാണ്. അതുകൊണ്ട് കുഞ്ഞുങ്ങളെ ക്രൈസ്തവ സാക്ഷ്യത്തിൽ പരിശീലിപ്പിക്കുക എന്നത് ക്രൈസ്തവ ദൗത്യവും ദൈവസന്നിധിയിലുള്ള വലിയ ഉത്തരവാദിത്വവുമാണ്. ദൈവാനുഭവത്തിലേക്ക് നയിക്കുന്ന തിരുവചനജ്ഞാനവും, അതിന്റെ സൗന്ദര്യം അനുഭവിച്ച വിശുദ്ധരുടെ ജീവിതവും, അതിന് നന്ദി കരേറ്റുന്ന ആരാധനയുടെ മഹത്വവും, ഇവയുടെ നിറവിലും സ്വത്വബോധത്തിലും നിർവ്വഹിക്കേണ്ട സമൂഹത്തോടുള്ള ഉത്തരവാദിത്വവും നമ്മുടെ കുഞ്ഞുങ്ങൾക്ക് പകർന്നു കൊടുക്കുന്ന പാവനമായ ശുശ്രൂഷയാണ് സൺഡേസ്കൂൾ വിദ്യാഭ്യാസം. നമ്മുടെ കുഞ്ഞുങ്ങൾക്ക് നമ്മൾ നൽകേണ്ട ഏറ്റവും വലിയ സമ്മാനം തലമുറകളായി നമ്മൾക്ക് പകർന്നു കിട്ടിയ ശക്തമായ സത്യവിശ്വാസമാണ്.

സൺഡേസ്കൂൾ വിദ്യാഭ്യാസം സെക്കുലർ വിദ്യാഭ്യാസത്തിന്റെ മാനദണ്ഡങ്ങളിൽകൂടി വിലയിരുത്തപ്പെടേണ്ടതല്ല. ജീവിതകാലം മുഴുവൻ നീളുന്ന, അദ്ധ്യാപകരും വിദ്യാർത്ഥികളും ഒരുമിച്ച് നടത്തുന്ന, ദൈവാന്വേഷണമാണത്. പഠിപ്പിക്കുന്നവർക്കും പഠിക്കുന്നവർക്കും ദൈവാത്മാവിന്റെ പ്രോജ്വലനം ലഭിക്കുമ്പോഴാണ് സൺഡേസ്കൂൾ പഠനം പ്രയോജനകരമാകുന്നത്. കാലങ്ങൾക്കു മുമ്പേ ലഭിച്ച ദൈവീക വെളിപ്പാടുകളുടെ കാലാതീതമായ മഹത്വം തിരിച്ചറിഞ്ഞ്, കാലാനുസൃതമായി വ്യാഖ്യാനിച്ചു കൊടുക്കുക എന്നതാണ് സൺഡേസ്കൂൾ വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യം. സൺഡേസ്കൂൾ വിദ്യാഭ്യാസം തിരുവചനത്തിൽ കാണുന്ന മാതൃകയിൽ നിവർത്തിക്കപ്പെടേണ്ടതാണ്. ദൈവഹിതത്തെ ജനത്തെ അറിയിക്കുവാൻ തക്കവണ്ണം പ്രവാചകന്മാരെ കാലാകാലങ്ങളിൽ ദൈവം നിയോഗിച്ചിട്ടുണ്ട്. ആ നിയോഗം തന്നെയാണ് സൺഡേസ്കൂൾ അദ്ധ്യാപകരും നിർവ്വഹിക്കുന്നത്. അദ്ധ്യാപകരോടൊപ്പം മാതാപിതാക്കളും ഈ നിയോഗത്തിലും പഠനപ്രക്രിയയിലും പങ്കുചേരുമ്പോൾ ആണ് സൺഡേസ്കൂൾ പഠനം അർത്ഥവത്താകുന്നത്. ക്ലാസ്സുകളിൽ കുഞ്ഞുങ്ങൾ പഠിക്കുന്ന നല്ല മൂല്യങ്ങൾ കുടുംബത്തിൽ പരിശീലിക്കുമ്പോഴാണ് അത് അവർക്ക് പ്രയോജനകരമായി തീരുന്നത്. ദൈവകല്പനകളെ നിങ്ങളുടെ മക്കളെ പഠിപ്പിക്കണമെന്ന് മോശ യിസ്രായേൽ മക്കളോട് പറയുന്നുണ്ട്. നീ അവയെ നിന്റെ മക്കൾക്കു ഉപദേശിച്ചു കൊടുക്കുകയും നീ വീട്ടിൽ ഇരിക്കുമ്പോഴും വഴി നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും അവയെക്കുറിച്ചു സംസാരിക്കുകയും വേണം (ആവ. 6:7).

സമൂഹത്തിൽ സംഭവിക്കുന്ന മാറ്റങ്ങളോട് ക്രിസ്തീയമായ ഒരു അവബോധത്തോടെ പ്രതികരിക്കുന്ന ഒരു തലമുറ രൂപപ്പെടേണ്ടത് ആവശ്യമാണ്. സംഘർഷഭരിതമാകുന്ന ഒരു ലോകത്തിൽ ക്ഷമയുടെയും സ്നേഹത്തിന്റെയും മാതൃകകളെ പകരുവാൻ കഴിവുള്ളവരായി നമ്മുടെ പുതുതലമുറ വളർന്നു വളരണം. എങ്കിൽ മാത്രമേ യേശുക്രിസ്തു കൈയ്യിലെടുത്ത് അനുഗ്രഹിച്ച ശിശുക്കളുടെ ഭാഗ്യത്തിലേക്ക് നമ്മുടെ കുഞ്ഞുങ്ങളും കടന്നുവരികയുള്ളു. ആ സാക്ഷ്യമാണ് സമൂഹത്തിന്റെ നന്മയിലേക്കുള്ള രൂപാന്തരത്തിനും സ്വർക്ഷരാജ്യാനുഭവത്തിലേക്കുള്ള വളർച്ചയ്ക്കുമായി സഭ നിർവ്വഹിക്കേണ്ട ആഗോള ദൗത്യം.

തിരുവചനവും സഭയുടെ പാരമ്പര്യങ്ങളും ആചാരങ്ങളും ഫലപ്രദമായി പകർന്നുകൊടുക്കത്തക്കവിധം നമ്മുടെ സൺഡേസ്കൂൾ പഠനപദ്ധതി ക്രിയാത്മകമായ പരിഷ്കരണങ്ങളോടെ മുമ്പോട്ടു പോകുകയാണ്. പാഠപുസ്തകങ്ങളുടെ ഉള്ളടക്കത്തിലും അദ്ധ്യാപന രീതിയിലും ഈ വ്യത്യാസങ്ങൾ പ്രകടമാണ്. ഓൺലൈൻ റിസോഴ്സുകൾ പഠനപ്രക്രിയയിൽ വലിയ സഹായം ആയി മാറിയിട്ടുണ്ട്. പുതിയ സാദ്ധ്യതകളെ പൂർണ്ണമായി പ്രയോജനപ്പെടുത്തി സൺഡേസ്കൂൾ വിദ്യാഭ്യാസം സന്തോഷകരമാക്കുവാനും അതിലൂടെ നമ്മുടെ കുഞ്ഞുങ്ങളുടെ ധാർമ്മികവും ആത്മീയവുമായ മൂല്യബോധത്തെ ഉയർത്തുവാനും സാധിക്കട്ടെ.

**അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ**
പ്രസിഡന്റ്, OSSAE

# ആമുഖം

പുസ്തകങ്ങൾ അറിവിന്റെ വാതായനങ്ങളാകുന്നു. വിവിധ തലങ്ങളിൽനിന്നു സ്വാംശീകരിച്ച അറിവുകളാണ് സൺഡേസ്കൂൾ ഏഴാം ക്ലാസ്സിലും ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഒന്നാം ഭാഗം വി. വേദപുസ്തകത്തിൽനിന്നുള്ള പഠനങ്ങളാണ്. പഴയനിയമഭാഗത്ത് ന്യായാധിപന്മാരെക്കുറിച്ചും, യിസ്രായേലിലെ രാജഭരണത്തിന്റെ പ്രാരംഭഘട്ടവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പുതിയനിയമഭാഗത്ത് കർത്താവിന്റെ ഉയിർപ്പു മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള സംഭവങ്ങൾ പഠനവിഷയമാക്കിയിരിക്കുന്നു.

പ്രാർത്ഥന എന്ന രണ്ടാം യൂണിറ്റിൽ അപ്രേമിന്റെ മെമ്മറായും മറ്റു രണ്ടു പ്രാർത്ഥനകളും ഉൾപ്പെടുത്തിയിരിക്കുന്നു. കുക്കിലിയോനുകളാണ് ആരാധനാഗീതം എന്ന ഭാഗത്ത് പഠിക്കുന്നത്. ഈ പ്രാർത്ഥനകളും ഗീതങ്ങളും മാത്രമാണ് മനഃപാഠമാക്കി വിശദമായി പഠിക്കേണ്ടത്.

അടുത്ത രണ്ടു പാഠങ്ങൾ മാർത്തോമ്മൻ പാരമ്പര്യത്തെക്കുറിച്ചാണ്. വി. കുർബ്ബാനയുടെ പഠനം യൂണിറ്റ് അഞ്ചിലും നോമ്പും ഉപവാസവും എന്ന വിഷയം യൂണിറ്റ് ആറിലും പഠിക്കുന്നു. കപ്പദോക്യൻ പിതാക്കന്മാരായ വലിയ മാർ ബസേലിയോസ്, നിസായിലെ മാർ ഗ്രീഗോറിയോസ് എന്നിവരാണ് മഹദ്വ്യക്തികൾ എന്ന യൂണിറ്റിൽ ചേർത്തിരിക്കുന്നത്. ആരോഗ്യപരിപാലനവും പ്രകൃതിസ്നേഹവുമാണ് നല്ല ശീലങ്ങൾ എന്ന യൂണിറ്റിൽ പഠിക്കുന്നത്.

യേശുക്രിസ്തുവിൽ കേന്ദ്രീകരിച്ച്, ആത്മീകരായി വളരുക എന്നതായിരിക്കണം സൺഡേസ്കൂൾ പഠനത്തിന്റെ ലക്ഷ്യം. പ്രസ്തുത ലക്ഷ്യത്തെക്കുറിച്ചു പ്രസ്ഥാനം പ്രവർത്തകർ ബോധവാന്മാരായിരിക്കണം. വി. വേദപുസ്തകപഠനവും ആരാധനാപരിശീലനവും സഭാജീവിതസാക്ഷ്യവും പ്രസ്തുത ലക്ഷ്യത്തിലേക്കു വളരുവാൻ നമ്മെ സഹായിക്കുന്ന പ്രധാന ഉപാധികളാണ്. അതുകൊണ്ടാണ് സൺഡേസ്കൂൾ പാഠ്യപദ്ധതിയിൽ മേല്പറഞ്ഞ വിഭാഗങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്.

സംവാദത്തിലൂടെയും സംശോധനയിലൂടെയും ഉള്ളടക്കവും അവതരണരീതിയും സമഗ്രമാക്കുവാൻ പുസ്തകത്തിന്റെ അണിയറ ശില്പികൾ ആവോളം ശ്രമിച്ചിട്ടുണ്ട്. തീർച്ചയായും അവരുടെ കഠിനാദ്ധ്വാനം പ്രശംസനീയമാണ്. വരുംതലമുറയ്ക്ക് വഴികാട്ടികളായവർ എന്ന നിലയിൽ അവരുടെ ഗുരുസ്ഥാനത്തിനു മുൻപിൽ ശിരസ്സു നമിക്കുന്നു.

ദൈവികരാകുക, ദൈവികരാകുവാൻ വിദ്യാർത്ഥികളെ പഠിപ്പിക്കുക, പരിശീലിപ്പിക്കുക എന്നതിലായിരിക്കണം സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ ലക്ഷ്യവും പ്രവർത്തനശൈലിയും അടിസ്ഥാനപ്പെടേണ്ടത്. നമ്മുടെ രക്ഷകനും കർത്താവും ദൈവവുമായ യേശുക്രിസ്തുവിനെ നമ്മുടെ ജീവിതത്തിലൂടെ സാക്ഷിക്കുവാൻ ഈ പുസ്തകപഠനം നമ്മെ സഹായിക്കട്ടെ!

**ഫാ. ഡോ. വർഗീസ് വർഗീസ്**
ഡയറക്ടർ ജനറൽ

# ഉള്ളടക്കം


**യൂണിറ്റ് 1: വി. വേദപുസ്തക സംഭവങ്ങൾ**

*പാഠം 1:* ന്യായാധിപന്മാർ ........ 9
*പാഠം 2:* പുരോഹിതനും പ്രവാചകനുമായ ശമുവേൽ ........ 14
*പാഠം 3:* യിസ്രയേലിന് ഒരു രാജാവ് ........ 18
*പാഠം 4:* യിസ്രായേലിന്റെ മധുരഗായകനും രാജാവുമായ ദാവീദ് ........ 23
*പാഠം 5:* ജ്ഞാനിയായ ശാലോമോൻ ........ 28
*പാഠം 6:* ഉയിർത്തെഴുന്നേറ്റ ക്രിസ്തുവും ശിഷ്യന്മാരും ........ 33
*പാഠം 7:* എമ്മാവുസിലേക്കുള്ള യാത്ര ........ 37
*പാഠം 8:* എന്റെ കർത്താവും എന്റെ ദൈവവുമേ ........ 41
*പാഠം 9:* പത്രോസിന് പ്രത്യക്ഷപ്പെടുന്നു ........ 45
*പാഠം 10:* സ്വർഗ്ഗാരോഹണം ........ 49

**യൂണിറ്റ് 2: പ്രാർത്ഥന**

*പാഠം 11:* മാർ അപ്രേമിന്റെ മെമ്രാ ........ 52
*പാഠം 12:* മൂന്നാംമണിനമസ്ക്കാരത്തിലെ
"സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ നിന്നെ വിളിക്കുന്നു..." ........ 60
*പാഠം 13:* സൂത്താറ നമസ്കാരത്തിലെ
"മഹോന്നതന്റെ മറവിൽ ഇരിക്കുന്ന കർത്താവേ..." ........ 64

**യൂണിറ്റ് 3: ആരാധനാ ഗീതങ്ങൾ**

*പാഠം 14:* ദൈവമാതാവിന്റെ കുക്കിലിയോൻ ........ 68
*പാഠം 15:* പരിശുദ്ധന്മാരുടെ കുക്കിലിയോൻ ........ 74

**യൂണിറ്റ് 4: എന്റെ സഭ**

*പാഠം 16:* മാർത്തോമൻ പാരമ്പര്യം: വാമൊഴികളിലൂടെ ........ 79
*പാഠം 17:* മാർത്തോമ ശ്ലീഹായുമായി ബന്ധപ്പെട്ട സംഭവങ്ങൾ ........ 82

**യൂണിറ്റ് 5: വി. കുർബാന - ഒരു പഠനം**

*പാഠം 18:* വി. കുർബാനയിലെ പ്രൊമിയോൻ സെദറാകൾ ........ 85
*പാഠം 19:* വി. കുർബ്ബാനയിലെ ധൂപക്കുറ്റിവാഴ്വ് ........ 90

**യൂണിറ്റ് 6: വിശ്വാസസത്യങ്ങൾ**

*പാഠം 20:* നോമ്പും ഉപവാസവും ........ 95

**യൂണിറ്റ് 7: മഹദ്വ്യക്തിപരിചയം (21-23)**

*പാഠം 21:* സന്യാസ ജീവിതം ........ 100
*പാഠം 22:* വലിയ മാർ ബസ്സേലിയോസ് ........ 105
*പാഠം 23:* നിസ്സായിലെ മാർ ഗ്രീഗോറിയോസ് ........ 109
*പാഠം 24:* സമ്പൂർണ്ണ ആരോഗ്യപരിപാലനം ........ 113
*പാഠം 25:* പ്രകൃതിസ്നേഹം ........ 119

# പാഠങ്ങളുടെ ഘടന

**(തയ്യാറാക്കിയത്: പ്രൊഫ. ഡോ. സാം വി. ഡാനിയേൽ)**

1. **മുഖ്യസന്ദേശം, പാഠനോദ്ദേശ്യം:** ഓരോ പാഠത്തിൽനിന്നും ഉരുത്തിരിഞ്ഞുവരേണ്ട പ്രധാന ആശയമാണ് ഇവിടെ നൽകിയിരിക്കുന്നത്.
2. **മനഃപാഠവാക്യം:** ഓരോ പാഠത്തിലെയും പ്രധാന ആശയവുമായി ബന്ധപ്പെട്ട ഒരു വേദവാക്യം കുട്ടികൾ ഹൃദിസ്ഥമാക്കുന്നതിനായി നൽകിയിരിക്കുന്നു. ഈ വാക്യം ക്ലാസ്സിന്റെ അവസാനം വി. വേദപുസ്തകത്തിൽനിന്ന് ടീച്ചർ കുട്ടികളെ വായിച്ച് കേൾപ്പിക്കുകയും പല പ്രാവശ്യം ഏറ്റു പറയിക്കുകയും ചെയ്യണം.
3. **പഠനസഹായികൾ:** പാഠഭാഗത്തിലെ ആശയങ്ങൾ നന്നായി അവതരിപ്പിക്കുവാൻ ഉപയോഗിക്കാവുന്ന ചിത്രങ്ങൾ, പുസ്തകങ്ങൾ, തുടങ്ങിയവയെക്കുറിച്ച് ഈ ഭാഗത്ത് നൽകിയിരിക്കുന്നു.
4. **ആമുഖം:** പാഠഭാഗത്തിന്റെ അവതരണം ഏറ്റവും ആകർഷകവും ആസ്വാദ്യ കരവുമാക്കുവാൻ ഈ ഭാഗം സഹായിക്കുന്നു.
5. **പാഠഭാഗം:** പാഠത്തിന്റെ ഉള്ളടക്കമാണിത്. ഇത് കഴിയുന്നത്ര വിദ്യാർത്ഥി കേന്ദ്രീകൃ തമാക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. കുട്ടികൾക്ക് നല്ല പങ്കാളിത്തമുണ്ടാകത്തക്കവിധത്തിൽ വേണം ആശയങ്ങൾ അവതരിപ്പിക്കുവാൻ. വി. വേദപുസ്തകം ടീച്ചർ ക്ലാസ്സിൽ കൊണ്ടുപോകണം. വേദഭാഗങ്ങൾ എടുത്ത് വായിച്ച് കേൾപ്പിക്കണം. വിവരണങ്ങൾ കഥ പറയുംപോലെയാവണം. കുട്ടികളോട് ചോദ്യങ്ങൾ ചോദിച്ച് അവരെ ഉത്സാഹി പ്പിച്ചുകൊണ്ടിരിക്കണം. പ്രധാന ആശയങ്ങൾ വരുമ്പോൾ ഒന്നിച്ച് ഏറ്റുപറയിക്കണം.
6. **നമുക്ക് ചിന്തിക്കാം:** പാഠഭാഗത്തിലെ ആശയങ്ങൾ എത്രമാത്രം കുട്ടികൾ ഗ്രഹിച്ചു എന്ന് പരിശോധിക്കുന്നതിനായി നൽകിയിരിക്കുന്ന ചോദ്യങ്ങളാണ് ഇവ.
7. **പ്രവർത്തനങ്ങൾ:** ഈ ഭാഗത്ത് നൽകിയിരിക്കുന്നവ പലതും അഭിനയിക്കാനും വര യ്ക്കാനും ചെയ്തു കാണിക്കാനും കഥ പറയാനും എഴുതിക്കൊണ്ടുവരുവാനും ഉള്ളതാണ്.
8. **നമുക്ക് പാടാം:** പാഠഭാഗവുമായി ബന്ധപ്പെട്ട ഒരു ഗാനമാണ് ഇവിടെ നൽകിയിരി ക്കുന്നത്. അത് ടീച്ചർ പാടിക്കൊടുക്കുകയും കുട്ടികൾ ഏറ്റുപാടുകയും വേണം.
9. **നമുക്ക് പ്രാർത്ഥിക്കാം:** പാഠഭാഗത്തിലെ ആശയവുമായി ബന്ധപ്പെട്ട ഒരു ലഘു പ്രാർത്ഥനയാണ് ഇവിടെ നൽകിയിരിക്കുന്നത്. ഈ പ്രാർത്ഥന ടീച്ചറിന് കുട്ടികളോ ടൊപ്പം ക്ലാസ്സിൽ തന്നെ നടത്താവുന്നതാണ്. എല്ലാവരും എഴുന്നേറ്റുനിന്ന് കുരി ശുവരച്ച് വേണം പ്രാർത്ഥിക്കുവാൻ.
10. **നിശ്ചയം:** ഒരു തീരുമാനംപോലെ കുട്ടികളുടെ മനസ്സിനെ സ്പർശിക്കുന്നതും അവ രുടെ ജീവിതത്തിൽ പ്രാവർത്തികമാക്കാവുന്നതുമായ ഒരു ആശയമാണ് ഇവിടെ നൽകിയിരിക്കുന്നത്. ഈ ആശയം കുട്ടികളെക്കൊണ്ട് പറയിക്കണം.
11. **തുടർവായനയ്ക്ക്:** പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വേദപുസ്തകഭാഗങ്ങൾ, ഒരാഴ്ച വിവിധ ദിവസങ്ങളിൽ വൈകുന്നേരവും രാവിലെയും വായിക്കുന്നതിനും ധ്യാനിക്കുന്നതിനുമായി നൽകിയിരിക്കുന്നു.

യൂണിറ്റ് 1

# വി. വേദപുസ്തക സംഭവങ്ങൾ

പാഠം 1

# ന്യായാധിപന്മാർ

**മുഖ്യസന്ദേശം:** മഹത്തായ കാര്യങ്ങളെ ദൈവത്തിൽനിന്നും സ്വീകരിച്ച് ജനത്തെ നയിച്ച ന്യായാധിപന്മാരെപ്പോലെ ലോകത്തിനു നന്മ ചെയ്യുവാൻ നമ്മെയും തെരഞ്ഞെടുത്തിരിക്കുന്നു.

**മനഃപാഠവാക്യം:** "അല്ലയോ പരാക്രമശാലിയേ, യഹോവ നിന്നോട് കൂടെയുണ്ട്" (ന്യായാധിപന്മാർ 6:12).

**പഠനസഹായികൾ**: ന്യായാധിപന്മാരുടെ പേരുകൾ അടങ്ങിയ ഒരു ചാർട്ട്, ശിംശോന്റെ ചിത്രം, ഗിദെയോനും ദൈവദൂതനും തമ്മിൽ സംസാരിക്കുന്ന ചിത്രം.

## ആമുഖം

യോശുവയ്ക്ക് ശേഷം യിസ്രായേലിലെ ആദ്യരാജാവായ ശൗലിന്റെ ഭരണംവരെയുള്ള കാലഘട്ടത്തിൽ യിസ്രായേലിനു നേതൃത്വം കൊടുത്തവരാണ് ന്യായാധിപന്മാർ. അവർ പ്രാദേശിക നേതാക്കന്മാർ ആയിരുന്നു, അതാത് സമയങ്ങളിൽ ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കിക്കൊടുത്ത ദൈവമനുഷ്യരായിരുന്നു അവർ (ന്യായാ. 2:16). ഈ കാലഘട്ടത്തിൽ പതിനഞ്ചു ന്യായാധിപന്മാർ യിസ്രായേലിന് നേതൃത്വം കൊടുത്തതായി കാണാം. ഈ ന്യായാധിപന്മാരെക്കുറിച്ചാണ് നമ്മൾ ഇന്ന് പഠിക്കുവാൻ പോകുന്നത്.

## പാഠഭാഗം

### യിസ്രായേലിലെ ന്യായാധിപന്മാർ

| | | |
|---|---|---|
| 1. | ഒത്നിയേൽ | ന്യായാ. 3:9–12 |
| 2. | ഏഹൂദ് | ന്യായാ. 3:15–30 |
| 3. | ശംഗർ | ന്യായാ. 3:31 |
| 4. | ദെബോരാ | ന്യായാ. 4:4–5:31 |
| 5. | ഗിദെയോൻ | ന്യായാ. 6:11–8:29 |
| 6. | അബീമേലെക്ക് | ന്യായാ. 9:1–6; 22–52 |
| 7. | തോലാ | ന്യായാ. 10:1–2 |
| 8. | യായീർ | ന്യായാ. 10:3–5 |
| 9. | യിപ്താഹ് | ന്യായാ. 11:1–12:7 |
| 10. | ഇബ്സാൻ | ന്യായാ. 12:8–10 |
| 11. | ഏലോൻ | ന്യായാ. 12:11–12 |
| 12. | അബ്ദോൻ | ന്യായാ. 12:13–15 |

| | | |
|---|---|---|
| 13. | ശിംശോൻ | ന്യായാ. 13:2–16:31 |
| 14. | ഏലി | 1 ശമുവേൽ 9:1–4 |
| 15. | ശമുവേൽ | 1 ശമുവേൽ 1–25 |

## നിയോഗങ്ങളും ചുമതലകളും

ആയിരക്കണക്കിനു ജനങ്ങളെ ദൈവനിയോഗത്താൽ മോശ നയിച്ചുകൊണ്ടിരുന്നു. എന്നാൽ മോശയ്ക്കും യോശുവയ്ക്കും ശേഷം യിസ്രായേൽ ജനത്തെ നയിച്ച ന്യായാധിപന്മാർ പരിശുദ്ധാത്മനിയോഗം പ്രാപിച്ച് നിർവഹിച്ച ചുമതലകൾ എന്തെല്ലാമായിരുന്നു എന്ന് നമുക്ക് ചിന്തിക്കാം.

1. നല്ല ഇടയന്മാരായി ദൈവജനത്തെ നയിക്കുക (1 ദിന. 17:6).
2. ന്യായപാലനം ചെയ്യുക (1 ശമു. 7:15, 8:3).
3. ശത്രുക്കളുടെ ഉപദ്രവങ്ങളിൽനിന്നും അപകടങ്ങളിൽനിന്നും ജനത്തെ രക്ഷിക്കുക. (ന്യായാ. 10:1–2).
4. പ്രശ്നങ്ങൾ നേരിട്ട സന്ദർഭങ്ങളിൽ പരിശുദ്ധാത്മപ്രേരിതരായി അവർ ജനങ്ങളെ സംരക്ഷിച്ചിരുന്നു (ന്യായാ. 6:34, 11:29, 13:25).

ഇപ്രകാരമുള്ള ന്യായാധിപന്മാരിൽ മൂന്നു പേരെക്കുറിച്ച് ഇന്ന് നമുക്ക് പഠിക്കാം.

### **1. ദെബോരാ** (ന്യായാ 4:4–5:31)

യിസ്രായേലിന് ന്യായപാലനം ചെയ്ത ഏക സ്ത്രീരത്നമായിരുന്നു ദെബോരാ. 'തേനീച്ച' എന്നാണ് പേരിനർത്ഥം. അവരുടെ ഭർത്താവ് ലപ്പീദോത്ത് ആയിരുന്നു ദെബോരയ്ക്ക് രണ്ട് വിശേഷണങ്ങൾ കാണാം. പ്രവാചകി എന്നും ന്യായപാലക എന്നുമാണ് അറിയപ്പെട്ടിരുന്നത് (ന്യായാ. 4:4,5). മറ്റു ന്യായാധിപന്മാരെ അപേക്ഷിച്ച് ഏറെക്കാലം അവർ സേവനം ചെയ്തു (4:5). യിസ്രായേൽ മക്കളെ അകാരണമായി ഉപദ്രവിച്ചു വന്ന കനാന്യരുടെ കാലത്താണ് ദെബോര സേവനം അനുഷ്ഠിച്ചത്. നേതൃത്വത്തിലേക്ക് മറ്റുള്ളവരെ പ്രചോദിപ്പിക്കുന്നതും നല്ല നേതൃത്വഗുണമാണല്ലോ. യിസ്രായേൽ ജനത്തിന് ഏറെ ഉപദ്രവവും ദൈവഭയമില്ലായ്മയും നേതൃത്വമില്ലായ്മയും ഉണ്ടായ സാഹചര്യത്തിൽ ബാരാക്കിനെ നേതൃത്വത്തിലേക്കും ന്യായപാലനത്തിലേക്കും പ്രചോദിപ്പിച്ചത് ദെബോരയാണ്. ആപത്തിലകപ്പെട്ടവർക്ക് ദൈവീകഇടപെടലിന്റെ സന്ദേശം ദെബോര നല്കി (4:14). ആപൽഘട്ടങ്ങളിൽ യഹോവയിൽ ആശ്രയിച്ച് വിവേകമതികളാകാൻ അവർ ജനത്തെ പഠിപ്പിച്ചു (5:8, 4:6–9).

### **2. ഗിദെയോൻ** (ന്യായാ 6 – 8)

ന്യായാധിപന്മാരുടെ പുസ്തകത്തിൽ പരാമർശമുള്ള മറ്റൊരു ന്യായാധിപനാണ് ഗിദെയോൻ. യെരുബ്ബാൽ എന്നാണ് മറുപേര് (അർത്ഥം-വിഗ്രഹഭഞ്ജകൻ). ബാൽ വിഗ്രഹങ്ങളെ തകർത്തതുകൊണ്ടാണ് ഈ പേര് വീണത്. മിദ്യാന്യരും പുറജാതികളായ അമാലേക്യരും യിസ്രായേലിനെ ഉപദ്രവിച്ചുവന്ന സാഹചര്യത്തിൽ അവരുടെ രക്ഷയ്ക്ക് ദൈവം എഴുന്നേല്പിച്ച ന്യായാധിപനാണ് (6:11, 33) ഗിദെയോൻ. ദൈവീകസാന്നിധ്യത്തിൽനിന്ന് ആ ഉറപ്പും ന്യായാധിപനായുള്ള നിയോഗവും ലഭിച്ചതായി വേദഭാഗം പഠിപ്പിക്കുന്നു (ന്യായാ. 6:11 മുതൽ). ഒരു ഗോതമ്പ് കൊയ്ത്തിന്റെ കാലത്ത് മിദ്യാന്യരെ ഭയന്ന് ഗിദെയോൻ കറ്റകൾ മുന്തിരി ചക്കിനരികെ ഇട്ട് മെതിക്കുമ്പോൾ അദ്ദേഹത്തിന് ദൈവദൂതൻ പ്രത്യക്ഷനായി (6:12) യഹോവയുടെ സാന്നിധ്യംമൂലമുള്ള ബലവും രക്ഷാബോധവും (6:12–14) അറിയിച്ചു. ഗിദെയോനെ വ്യക്തിപരമായി ശക്തിപ്പെടുത്തുന്ന അടയാളവും (6:17–24) മിദ്യാന്യരെ ഭയന്ന ഗിദെയോനോടൊപ്പമുള്ളവരെ ശക്തിപ്പെടുത്തുവാനുള്ള മറ്റൊരടയാളവും (6:36–40) ദൈവത്തിൽനിന്ന് ഗിദെയോന് ലഭിച്ചതായി കാണുന്നു.

## 3. യിപ്താഹ് (ന്യായാ: 11: 1-12:8)

യിപ്താഹ് ഒരു വേശ്യയുടെ മകനായിരുന്നു. തന്റെ ജന്മത്തിന്റെ ന്യൂനതകളെ തന്റെ നന്മയും ശക്തിയും കൊണ്ട് അതിജീവിച്ച ന്യായാധിപനാണ് യിപ്താഹ് (11: 1-12:8). മിസ്പ എന്ന സ്ഥലത്ത് വച്ച് യഹോവയോട് യിപ്താഹ് തന്റെ കാര്യങ്ങളെല്ലാം ബോധിപ്പിച്ചു. ന്യായാധിപനായി ഉയർത്തപ്പെട്ടശേഷം യഹോവയോടുള്ള ബന്ധം ഉറപ്പിച്ച് അവിടുത്തെ സാന്നിധ്യത്തിനു മുമ്പിൽ പ്രണമിച്ച കാര്യമാണ് അവിടെ വ്യക്തമാക്കുന്നത്.

അമോന്യരുമായുള്ള യുദ്ധത്തിന് പോകുമ്പോൾ യിപ്താഹ് ഒരു നേർച്ച നേർന്നിരുന്നു. യുദ്ധം ജയിച്ച് സമാധാനത്തോടെ മടങ്ങിയെത്തിയാൽ തന്നെ എതിരേറ്റു വരുന്നതെന്തും യഹോവയ്ക്കുള്ളതാകും (11:31) എന്നതായിരുന്നു നേർച്ച. എന്നാൽ തന്നെ എതിരേറ്റു വന്നത് തന്റെ ഏകമകൾ ആയിരുന്നു. പക്ഷേ യിപ്താഹ് തന്റെ നേർച്ചയിൽ നിന്നും പിൻമാറിയില്ല. മകളും പിതാവിന്റെ നേർച്ചയെ മാനിച്ചു. യിപ്താഹ് മകളെ യഹോവയ്ക്ക് ബലിയർപ്പിച്ചു. ഈ സംഭവത്തിൽ ചില സന്ദേശങ്ങൾ ഉണ്ട്. യഹോവയോട് ആലോചന ചോദിക്കാതെയുള്ള നേർച്ചകൾ, വഴിപാടുകൾ, വികാരത്തള്ളലിലുള്ള പ്രവർത്തനങ്ങൾ ഇവയിലെല്ലാം സൂക്ഷ്മത ഉണ്ടാകണം. എന്നാൽ നേർന്നത് നിവർത്തിക്കുകയും ചെയ്യണം.

ദൈവം ഇസ്രായേൽ മക്കൾക്ക് എന്നും ജീവിക്കുന്ന ദൈവമായിരുന്നു. അവരുടെ വേദനകളും പ്രയാസങ്ങളും ആവശ്യങ്ങളും അവരേക്കാൾ വ്യക്തമായി ദൈവമറിഞ്ഞിരുന്നു. ഇസ്രായേൽ മക്കൾക്ക് പ്രതിസന്ധിയുണ്ടാകുമ്പോൾ ദൈവം ഉചിതമായവരെ തെരഞ്ഞെടുത്ത് അവരെ രക്ഷിക്കുന്നു. അതിൽ സ്ത്രീയെന്നോ പുരുഷനെന്നോ വ്യത്യാസമില്ലാതെ ഉചിതമായവരെ തെരഞ്ഞെടുക്കുന്നു. അവർക്ക് ദൈവം കൃപയും ശക്തിയും നൽകി വഴി നടത്തുന്നു. തെരഞ്ഞെടുക്കപ്പെട്ടവരിൽ തിന്മകൾ കാണുമ്പോൾ ദൈവം അവരെ ശിക്ഷിക്കുന്നു. ശക്തനായ ശിംശോന്റെ ജീവിതത്തിൽ ഇത് വ്യക്തമാണ്.

### നമുക്കുപാടാം

ന്യായാധിപ ന്യായാധിപതേ അങ്ങേക്കരിശം
ചേർത്തകടത്താലെൻ തല താഴ്ത്തരുതേ വിധിഗേഹേ
മോചന യോഗ്യത ഇല്ലെങ്കിലുമെന്നിലിരിക്കും
നിൻ തിരുമെയ്യും രക്തവുമോർത്തെന്മേൽ കൃപ ചെയ്ക
നിൻ സ്നേഹാൽ സ്ളീബാ ഞാൻ കൂപ്പി
പിഴപോക്കി നിൻ മെയ് രുധിരങ്ങൾ
ഹിതമൊടു കരുണാമയനീശോ മമ നൽകുക മുക്തി

### നമുക്ക് പ്രാർത്ഥിക്കാം

*സർവ്വാധിപതിയും സർവ്വശക്തനും ഞങ്ങളെ കരുതുകയും ചെയ്യുന്ന
ദൈവമായ കർത്താവേ, അനവധി കൃപകൾ നല്കുകയും കഷ്ടതകൾ കൂടാതെ
ഞങ്ങളെ വഴിനടത്തുകയും ചെയ്യുന്നതോർത്ത് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.
ഞങ്ങളാൽ ആവുംവിധം മറ്റുള്ളവർക്ക് നന്മചെയ്ത് ജീവിപ്പാൻ
ഞങ്ങൾക്ക് ഇടയാകണമേ. ദൈവതിരുമുമ്പാകെ എടുക്കുന്ന തീരുമാനങ്ങളെ
പ്രാവർത്തികമാക്കുവാൻ ഞങ്ങൾക്ക് കൃപ നല്കണമേ.
ഞങ്ങൾ പരിശുദ്ധ ത്രിത്വത്തിന് എന്നാളും സ്തുതിയും സ്തോത്രവും
സമർപ്പിക്കുവാനായിട്ട് തന്നെ. ആമ്മീൻ.*

........................................................

## നിശ്ചയം

**ലോകത്തിൽ നന്മ ചെയ്യുവാൻ കിട്ടുന്ന എല്ലാ അവസരവും ഞാൻ പ്രവർത്തിക്കും. കൃത്യമായി ആലോചിക്കാതെ, ദൈവത്തോട് ചോദിക്കാതെ, തീരുമാനങ്ങൾ എടുക്കുകയില്ല. ദൈവതിരുമുമ്പാകെ എടുക്കുന്ന ഏത് തീരുമാനങ്ങളും ഞാൻ പാലിക്കും.**

.........................................................

## നമുക്ക് ചിന്തിക്കാം

1. ന്യായാധിപന്മാരുടെ ചുമതലകൾ എന്തെല്ലാം?
2. ദെബോരയുടെ ഭർത്താവിന്റെ പേരെന്ത്?
3. ദെബോരയുടെ കാലത്ത് യിസ്രായേൽ മക്കളുടെ പ്രധാന ശത്രു ആരായിരുന്നു?
4. ഗിദെയോന്റെ മറ്റൊരു പേര്?
5. ഗിദെയോന്റെയും ജനത്തിന്റെയും സംശയനിവാരണത്തിനായി ദൈവദൂതൻ എത്ര തവണ പ്രത്യക്ഷനായി?
6. ഗിദെയോനിൽ കണ്ട ഏറ്റവും നല്ല ചില ഗുണങ്ങൾ ഏതൊക്കെ?
7. യിപ്താഹ് ദൈവത്തോട് തന്റെ ആവശ്യങ്ങളെ ബോധിപ്പിച്ചത് എവിടെ വച്ച്?
8. അമോന്യരുമായുള്ള യുദ്ധത്തിൽ ജയിച്ചുവന്ന യിപ്താഹിനെ എതിരേറ്റത് ആര്?
9. ആണ്ടുതോറും യിസ്രായേലിലെ കന്യകമാർ യിപ്താഹിന്റെ മകളെ കീർത്തിപ്പാൻ പോകുന്നത് എത്ര ദിവസമായിരുന്നു? (ന്യായാ. 11:40)

## പ്രവർത്തനങ്ങൾ

1. ന്യായാധിപന്മാരുടെ പേര്, എത്ര വർഷം നയിച്ചു എന്നിവ അടങ്ങുന്ന ഒരു ചാർട്ട് ക്രമീകരിക്കുക.
2. ഓരോ ന്യായാധിപനിലും കണ്ട നന്മയും തിന്മയും പ്രത്യേകം വേർതിരിച്ച് എഴുതുക.
3. സഭാ. 8:5, സദൃ. 31:9, 15:14 ഈ വാക്യങ്ങൾ ഓരോരുത്തരായി വായിച്ച് ദെബോര യിൽ കാണുന്ന ഗുണങ്ങൾ ചർച്ച ചെയ്യുക.

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | ന്യായാ. 3 |
| തിങ്കൾ | ന്യായാ. 4 | ന്യായാ. 5 |
| ചൊവ്വ | ന്യായാ. 6 | ന്യായാ. 7 |
| ബുധൻ | ന്യായാ. 8 | ന്യായാ. 9 |
| വ്യാഴം | ന്യായാ. 10 | ന്യായാ. 11 |
| വെള്ളി | ന്യായാ. 13 | ന്യായാ. 14 |
| ശനി | ന്യായാ. 15 | * |

പാഠം 2

# പുരോഹിതനും പ്രവാചകനുമായ ശമുവേൽ

**മുഖ്യസന്ദേശം:** ദൈവവിളിയും ദൈവകല്പനയാലുള്ള നിയോഗവും എല്ലാ മനുഷ്യർക്കും ഉണ്ട്. ആ നിയോഗങ്ങൾ ദൈവഹിതാനുസരണത്തിൽ നിർവഹിക്കുക. അപ്രകാരം പ്രവർത്തിക്കാതിരിക്കുന്നതിൽ അപകടമുണ്ടെന്ന് അറിയുക.

**മനഃപാഠവാക്യം:** "എന്നാൽ ശമുവേൽ വളർന്നു. യഹോവ അവനോടുകൂടെ ഉണ്ടായിരുന്നു. അവന്റെ വചനങ്ങളിൽ ഒന്നും നിഷ്ഫലമാകുവാൻ ഇടവരുത്തിയില്ല" (1 ശമുവേൽ 3:19).

**പഠനസഹായികൾ:** ഹന്നാ ദേവാലയത്തിൽ പ്രാർത്ഥിക്കുന്ന ചിത്രം.

## ആമുഖം

യിസ്രായേലിന്റെ ന്യായാധിപ-പുരോഹിത-പ്രവാചക പൈതൃകത്തിലെ ഏറ്റവും ശ്രദ്ധേയനായ ശമുവേൽ, ആരാധനയുടെയും ധാർമ്മിക പ്രമാണങ്ങളുടെയും പ്രബോധന പരമായ ഇടപെടലിന്റെയും അഗ്രഗാമിയായി (Pioneer) കണക്കാക്കപ്പെടേണ്ട വ്യക്തിയാണ്. ഏറ്റവും ഒടുവിലത്തെ ന്യായാധിപൻ, അഹരോന്യ പൗരോഹിത്യത്തിൽനിന്ന് അല്ലാതെ വന്ന ആദ്യപുരോഹിതൻ, യിസ്രായേലിന്റെ ആദ്യരാജാവിനെ ഉൾപ്പെടെ രണ്ട് രാജാക്കന്മാരെ വാഴിച്ചവൻ, വിശ്വാസവീരന്മാരുടെ പട്ടികയിൽ പേര് നേടിയ വ്യക്തി, മോശയ്ക്കും യോശുവയ്ക്കും ശേഷം യിസ്രായേൽ കണ്ട ഏറ്റവും മഹാനായ നേതാവ്. ഇങ്ങനെ നിരവധി വിശേഷണങ്ങൾക്ക് അർഹനായ ശമുവേലിനെ കുറിച്ചാണ് ഈ പാഠത്തിൽ പ്രതിപാദിക്കുന്നത്.

## പാഠഭാഗം

### ജനനം, ബാല്യം

ദാമ്പത്യത്തിൽ പൈതങ്ങൾ എന്ന ദാനം ലഭിക്കാതെ ഏല്ക്കാനായും ഭാര്യ ഹന്നായും ജീവിതം നയിച്ചു. മനോവിഷമവും പരിഹാസവും സഹിച്ച അവർ പരസ്പരം ആശ്വസിപ്പിക്കുകയും കരുതുകയും ദൈവാലയത്തിൽ ക്രമമായി ചെന്ന് ആരാധിക്കുകയും ചെയ്തുപോന്നു. മനോവ്യസനത്തോടെ മൗനമായി പ്രാർത്ഥിച്ച ഹന്നായുടെ അധരങ്ങൾ അനങ്ങുന്നത് കണ്ട് ഹന്നാ മദ്യപിച്ചിട്ട് ജല്പനം ചെയ്യുകയാണെന്ന് കരുതി ഏലി പുരോഹിതൻ അവളെ ശാസിച്ചു. എന്നാൽ യാഥാർത്ഥ്യം മനസ്സിലാക്കി പുരോഹിതൻ അവളെ അനുഗ്രഹിച്ചു (1 ശമുവേൽ 1:10-17). ഒരു വർഷം കഴിഞ്ഞിട്ട് ഹന്നാ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിച്ചു. ഞാൻ അവനെ യഹോവയോട് അപേക്ഷിച്ചു വാങ്ങി എന്നുപറഞ്ഞ് ഹന്ന അവന് ശമുവേൽ എന്ന് പേരിട്ടു. ദൈവം കേട്ടു എന്നാണ് ആ പേരിന്റെ അർത്ഥം. ഹന്നാ പ്രസവിച്ച കുഞ്ഞിന്റെ മുലകുടി മാറിയപ്പോൾ അവർ ദേവാലയത്തിൽ എത്തി പുരോഹിതനോട് ചേർന്ന് ദൈവത്തെ മഹത്വപ്പെടുത്തി. ശമുവേൽ ബാലൻ ദൈവാലയത്തിൽ വളർത്തപ്പെടേണ്ടതിന് മാതാപിതാക്കൾ അവനെ സമർപ്പിച്ചു.

### ശമുവേലും രാജവാഴ്ചയും

ശമുവേലിന്റെ കാലത്ത് യിസ്രായേല്യർക്ക് ഫെലിസ്ത്യരോട് യുദ്ധമുണ്ടായി. യുദ്ധത്തിൽ യിസ്രായേൽ തോറ്റു. അപ്പോൾ ശീലോവിൽനിന്നും നിയമപെട്ടകം പാളയത്തിൽ

എത്തിച്ചിട്ട് ഭൂമി കുലുങ്ങുംവണ്ണം ഉച്ചത്തിൽ ആർപ്പിട്ടു. ഫെലിസ്ത്യർ ആരവം കേട്ട് ഭ്രമിച്ചു എങ്കിലും ധൈര്യപ്പെട്ട് യുദ്ധം ചെയ്ത് യിസ്രായേലിനെ പരാജയപ്പെടുത്തി. നിയമ പ്പെട്ടകം കൈവശപ്പെടുത്തി. സങ്കടകരമായ ഈ വാർത്തകേട്ട ഏലി പുരോഹിതൻ പീഠത്തിൽനിന്ന് മറിഞ്ഞുവീണ് മരിച്ചു (1 ശമു. 4:18). ശീലോവിൽ ജീവിതം സുരക്ഷിത മല്ലാത്ത സാഹചര്യത്തിൽ ശമുവേൽ രാമയിലേക്ക് താമസം മാറ്റി (1 ശമു. 8:4). ഈ സമയം അയൽ രാജ്യങ്ങളിൽ ഉള്ളതുപോലെ തങ്ങൾക്കും ഒരു രാജാവിനെ വേണമെന്ന് യിസ്രായേൽ മൂപ്പന്മാർ ശമുവേലിനോട് ആവശ്യപ്പെട്ടു (1 ശമു. 8:5). രാജഭരണംമൂലം ഉണ്ടാകാവുന്ന ദുരിതങ്ങൾ അവരോട് ശമുവേൽ പറഞ്ഞു. ഇത് മനസ്സിലാക്കുവാൻ തയ്യാ റാകാത്ത യിസ്രായേലിന് യഹോവയുടെ നിർദ്ദേശപ്രകാരം ബെന്യാമിൻ ഗോത്രക്കാര നായ ശൗലിനെ രാജാവായി ശമുവേൽ അഭിഷേകം ചെയ്തു (1 ശമുവേൽ 10:1). എന്നാൽ ശൗൽ ദൈവഹിതം വിട്ടുമാറിയപ്പോൾ അവനെ രാജസ്ഥാനത്തുനിന്നും നീക്കി (1 ശമു വേൽ 15:23 മുതൽ). അവന് പകരം ബേത്‌ലഹേമ്യനായ യിശ്ശായിയുടെ മകൻ ദാവീദിനെ രാജാവായി ശമുവേൽ അഭിഷേകം ചെയ്തു (1 ശമു. 16:12).

## ശമുവേലും പൗരോഹിത്യവും

ശമുവേൽ പ്രവാചകനും പുരോഹിതനുമായിരുന്നു. യിസ്രായേലിനു വേണ്ടി യാഗം കഴിക്കുക, മദ്ധ്യസ്ഥത അണയ്ക്കുക, നേർച്ചകളെ അനുഗ്രഹിക്കുക, സദുപദേശം നല്കുക, എന്നിങ്ങനെ എല്ലാ അർത്ഥത്തിലും അദ്ദേഹം പുരോഹിത ധർമ്മം നിർവ്വഹിച്ചു. ഫെലി സ്ത്യരുടെ ആക്രമണത്തിൽ ഭയചകിതരായിരുന്ന ജനത്തിന്റെ അപേക്ഷ 'നമ്മുടെ ദൈവ മായ യഹോവ ഞങ്ങളെ ഫെലിസ്ത്യരുടെ കൈയിൽനിന്ന് രക്ഷിക്കുന്നത് മതിയാക്ക രുതേ' (1 ശമു. 7:8) എന്നാണ്. അത് അവർക്ക് ഗുണമായി. ശമുവേലിന്റെ യാഗത്തിൽ പ്രീതനായ ദൈവം ഫെലിസ്ത്യരെ യിസ്രായേലിന്റെ കൈയിൽ ഏല്പിച്ചതിന്റെ അട യാളമാണ് ഏബെൻഏസെർ (ഇത്രത്തോളം യഹോവ നമ്മെ സഹായിച്ചു - സഹായ ത്തിന്റെ പാറ. 1 ശമു. 7:12). ശമുവേൽ ചെന്ന് അനുഗ്രഹിക്കുന്നതിന് ജനം കാത്തിരിക്കും (1 ശമു. 9:13). മിസ്പ എന്ന പ്രത്യേക സ്ഥലത്ത് ദൈവജനത്തെ ഒരുമിച്ച് കൂട്ടി പ്രാർത്ഥി ക്കുന്നതായും (1 ശമു. 7:6) പിൽക്കാല വേദപൈതൃകം ശമുവേലിന്റെ മദ്ധ്യസ്ഥതയെ ശ്ലാഘിക്കുന്നതായും നാം വായിക്കുന്നു (യിരെ. 15:1, സങ്കീ. 99:6). മദ്ധ്യസ്ഥതയിൽനിന്ന് ഒഴിഞ്ഞുനില്ക്കുന്നത് പാപകരം എന്നാണ് ശമുവേലിന്റെ ചിന്ത (1 ശമു. 12:23).

1. **വിഗ്രഹാരാധന ഉപേക്ഷിക്കണം, വിഗ്രഹാരാധനയും അന്യദൈവ ആരാധനയും വിട്ട് സത്യദൈവമായ യഹോവയിങ്കലേക്ക് മടങ്ങുവാൻ ശമുവേൽ ആഹ്വാനം ചെയ്തു** (1 ശമു. 7:3-4). ദൈവത്തോടുള്ള സമ്പൂർണ്ണ വിധേയത്വമാണ് അദ്ദേഹം ആവശ്യപ്പെടുന്നത്. ഇന്നിന്റെ വിഗ്രഹാരാധനകൾ എന്തെല്ലാമെന്നും അവയിൽനിന്ന് അകലുവാൻ എന്തെല്ലാം മാർഗ്ഗങ്ങളുണ്ട് എന്നും അന്വേഷിക്കാം. കുട്ടികളുടെ തല ത്തിൽ ദൈവതിരുമുമ്പാകെ സമർപ്പണം എങ്ങനെയെല്ലാമെന്ന് ചിന്തിക്കാം.

2. **ദൈവാനുസരണത്തിന്റെ സന്ദേശം:** ദൈവാനുസരണത്തിൽ ലാഘവത്വം പുലർത്തിയ വ്യക്തിയാണ് ശൗൽരാജാവ്. അനുസരിക്കുന്നത് യാഗത്തെക്കാളും ശ്രദ്ധിക്കുന്നത് മുട്ടാ ടുകളുടെ മേദസ്സിനെക്കാളും നല്ലത് (1 ശമു. 15:22) എന്ന വലിയ സന്ദേശം ശമുവേൽ, ശൗലിന് നല്കിയത് ഇന്ന് നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ടത് എങ്ങ നെയാണ്.

3. **വിളി ഉറപ്പാക്കി ധർമ്മാനുഷ്ഠാന നിർവ്വഹണത്തിന് ഒരുങ്ങുക:** ഇത് ശമുവേൽ പ്രവാ ചകന്റെ ജീവിതാനുഭവത്തിൽനിന്നുള്ള മറ്റൊരു ശക്തമായ പാഠമാണ്. യഹോവയുടെ കല്പനയാലുള്ള നിയോഗങ്ങളായിട്ടാണ് ശൗലിനെയും ദാവീദിനെയും ഏലി പുരോ

ഹിതനെയും അദ്ദേഹത്തിന്റെ മക്കളെയും അതാതു ചുമതലകളിലേക്കും ഉയർത്തിയത്. യഹോവയെ ഭയപ്പെട്ടു പൂർണ്ണ ഹൃദയത്തോടും പരമാർത്ഥതയോടും കൂടെ സേവിക്ക മാത്രം ചെയ്‌വിൻ (12:24) എന്നതാണ് ആ വിളിയുടെ പൊരുൾ. ശമുവേൽ തന്റെ നിയോഗബോധ്യത്തിൽ ആണ് രാജാക്കന്മാരെയും ജനങ്ങളെയും രാജധർമ്മം പറഞ്ഞുകേൾപ്പിക്കുന്നതും (10:25). നമുക്ക് ദൈവവിളി ലഭിച്ചിരിക്കുന്നത് എന്തിനായിട്ടാണ്? (2 പത്രോസ് 1:10) അതിൻപ്രകാരം നാം ജീവിക്കുന്നുണ്ടോ?

## നമുക്ക് പാടാം

നിബിയന്മാരും ജാതികളോടേവൻഗേല്യേൻ
അറിയിച്ച-ശ്ലീഹന്മാരും നയവാന്മാർ പുണ്യപ്പെട്ടോർ
സഹദന്മോർ മൗദ്യാനന്മാർ
ദൈവത്തിൻ മാതാതാനും
നല്ല മരിച്ചോർകളുമോർക്ക
പ്പെട്ടീടുന്നിങ്ങവരുടെയാ
പ്രാർത്ഥന ഞങ്ങൾക്കെപ്പോഴും
കോട്ടയതായിത്തീരേണം.

## നമുക്ക് പ്രാർത്ഥിക്കാം

*ദൈവമായ കർത്താവേ, നീ ഞങ്ങളുടെ പ്രാർത്ഥന കേൾക്കുന്നതിനാൽ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. നിന്റെ ശബ്ദം കേൾക്കുവാൻ വേണ്ടി തിരുവചനം പഠിക്കുവാനും നിന്റെ ഇഷ്ടത്തിനൊത്തവണ്ണം ജീവിക്കുവാനും ഞങ്ങൾക്ക് ഇടയാകണമേ. നന്മയിൽ ഞങ്ങളെ നയിക്കുന്നവരെ അനുസരിക്കുവാനും, നന്മയിൽ വളർന്ന് നിനക്ക് കൊള്ളാവുന്നവരായി രൂപാന്തരപ്പെടുവാനും സഹായിക്കണമേ. ആമ്മീൻ.*

..........................................................

## നിശ്ചയം

**ശമുവേൽ ബാലനെപ്പോലെ ദൈവത്തെയും മുതിർന്നവരെയും അനുസരിച്ച് ഞങ്ങൾ ജീവിക്കും.**
**ഏത് സാഹചര്യത്തിലും സത്യം തുറന്നു പറയുകയും സത്യത്തിനു വേണ്ടി നിലകൊള്ളുകയും ചെയ്യും.**

..........................................................

## നമുക്ക് ചിന്തിക്കാം

1. ശമുവേൽ ബാലന്റെ മാതാപിതാക്കൾ ആരെല്ലാം?
2. ശമുവേൽ ബാലൻ ഏത് പുരോഹിതന്റെ കൂടെയാണ് ദൈവാലയത്തിൽ താമസിച്ചത്?
3. വി. വേദപുസ്തകത്തിൽ ഏത് ഭാഗത്താണ് ശമുവേൽ ബാലന്റെ ജനനം വിവരിക്കുന്നത്?
4. യിസ്രായേൽമക്കളോട് യുദ്ധം ചെയ്തത് ആര്?
5. നിയമപെട്ടകം എന്തുകൊണ്ടാണ് യിസ്രായേല്യർ പാളയത്തിലേക്കു കൊണ്ടുവന്നത്?
6. ശമുവേൽ ആരെയെല്ലാം രാജാവായി വാഴിച്ചു?
7. ശമുവേലിന്റെ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം?

8. ഏബെൻഏസെർ എന്ന വാക്കിന്റെ അർത്ഥം എന്താണ്?
9. ദൈവജനം ഒരുമിച്ച് കൂടി ശമുവേലിന്റെ അനുഗ്രഹം തേടി പ്രാർത്ഥിച്ചിരുന്ന സ്ഥലം ഏത്?

## പ്രവർത്തനങ്ങൾ

1. ശമുവേൽ പ്രവാചകൻ ഉച്ചരിച്ച വാക്യങ്ങളിൽ ഏറ്റവും ഇഷ്ടപ്പെട്ട വാക്യങ്ങൾ ഒരു ചാർട്ടിൽ എഴുതുക.
2. ശമുവേൽ പ്രവാചകന്റെ പുസ്കത്തിൽ കണ്ടതുപോലെയുള്ള പാപങ്ങൾ നമ്മിൽ ഉണ്ടോ എന്ന് നിരീക്ഷിക്കുക. (*ഉദാ.* അനുസരണക്കേട്)
3. ശമുവേൽ പ്രവാചകന്റെ ഏതെങ്കിലും ജീവിതസന്ദർഭം നാടകമായി അവതരിപ്പിക്കുക.

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | 1 ശമുവേൽ 1:1–28 |
| തിങ്കൾ | 1 ശമുവേൽ 2:15–26 | 1 ശമുവേൽ 3:1–21, 4:1 |
| ചൊവ്വ | 1 ശമുവേൽ 8:21 | 1 ശമുവേൽ 9:1–27 |
| ബുധൻ | 1 ശമുവേൽ 10:1–25 | 1 ശമുവേൽ 11:1–15 |
| വ്യാഴം | 1 ശമുവേൽ 12:1–25 | 1 ശമുവേൽ 13:1–15 |
| വെള്ളി | 1 ശമുവേൽ 14:1–25 | 1 ശമുവേൽ 14:26–52 |
| ശനി | 1 ശമുവേൽ 15:1–35 | * |

പാഠം 3

# യിസ്രയേലിന് ഒരു രാജാവ്

**മുഖ്യസന്ദേശം:** ഓരോ സ്ഥാനത്തും നിയോഗിക്കപ്പെടുന്നവർ തങ്ങൾക്ക് ലഭിച്ചിട്ടുള്ള ഉത്തരവാദിത്വങ്ങൾ വിശ്വസ്തതയോടെ നിർവ്വഹിക്കണം. ഹൃദയങ്ങളെ പരിശോധിക്കുന്ന ദൈവം പ്രവൃത്തികൾക്കു തക്കവണ്ണം പ്രതിഫലം നൽകും.

**മനഃപാഠവാക്യം:** "അനുസരിക്കുന്നത് യാഗത്തെക്കാളും ശ്രദ്ധിക്കുന്നത് മുട്ടാടുകളുടെ മേദസ്സിനെക്കാളും നല്ലത്" (1 ശമുവേൽ 15:22).

**പഠനസഹായികൾ:** ശൗൽ രാജാവിനെ ശമുവേൽ അഭിഷേകം ചെയ്യുന്ന ചിത്രം.

## ആമുഖം

പ്രവാചകധർമ്മവും പുരോഹിതധർമ്മവും നിർവഹിച്ചതിനോടൊപ്പം രണ്ട് രാജവാഴ്ചയിലും പ്രധാന പങ്കുവഹിച്ച ശമുവേലിനെക്കുറിച്ച് കഴിഞ്ഞ പാഠത്തിൽ നാം ഗ്രഹിച്ചുവല്ലോ. യിസ്രായേൽ രാജവാഴ്ചയിലേക്ക് നയിക്കപ്പെട്ടപ്പോൾ ആദ്യം രാജാവായി ശമുവേലിനാൽ വാഴിക്ക പ്പെട്ട് ദൈവത്താൽ അവരോധിക്കപ്പെട്ട വ്യക്തിയാണ് ശൗൽ. ദൈവത്താൽ നിയോഗിക്കപ്പെട്ടെങ്കിലും ദൈവത്താൽ തന്നെ തള്ളപ്പെട്ട് ദാരുണമായ അന്ത്യത്തിന് ശൗൽ ഇരയായി. ഈ പാഠത്തിൽ ഈ കാര്യങ്ങൾ ഗ്രഹിക്കാം.

## പാഠഭാഗം

ബെന്യാമീൻ ഗോത്രത്തിലെ ധനാഢ്യനായ കീശിന്റെ മകനായിട്ടാണ് ശൗൽ ജനിച്ചത്. യിസ്രായേല്യർക്ക് പലതരത്തിലുള്ള പ്രയാസങ്ങൾ ഉണ്ടായിരുന്ന ഒരു കാലഘട്ടം. പ്രജകൾക്ക് ശത്രുക്കളിൽനിന്ന് സംരക്ഷണമേകുവാൻ തക്ക നേതൃത്വമില്ല. ന്യായപാലനം നടത്തിവന്ന ശമുവേൽ വൃദ്ധനായിരിക്കുന്നു. അദ്ദേഹത്തിന്റെ മക്കൾ ന്യായസ്ഥാനത്ത് ദുരാഗ്രഹത്തോടും അന്യായമായും പ്രവർത്തിക്കുന്ന സ്ഥിതി. ചുറ്റുപാടുമുള്ള ഫെലിസ്ത്യർ, അമ്മോന്യർ മുതലായ രാജ്യങ്ങൾക്ക് രാജാക്കന്മാരും സൈന്യശക്തിയും ഏറെയുള്ള ഒരു കാലവും ആയിരുന്നു അത്. ശൗൽ കോമളരൂപിയും അരോഗദൃഢഗാത്രനും കായികമായ ശക്തിയിൽ മികച്ചവനും ആയിരുന്നു (1 ശമു. 9:2).

## ശൗൽ രാജസ്ഥാനത്തേക്ക്

യിസ്രായേൽ മക്കൾ ഒരു രാജാവിനെ ആഗ്രഹിച്ചിരുന്ന സമയത്താണ് ശൗൽ അവരോധിക്കപ്പെടുന്നത്. ഇതു സംബന്ധിച്ച് വ്യത്യസ്തമെന്ന് തോന്നുന്ന മൂന്നു വിവരണങ്ങൾ ശമുവേൽ പ്രവാചകന്റെ പുസ്തകത്തിലുണ്ട്.

ഒന്നാമത്തേത് (1 ശമു. 9:1–10:16) ശൗൽ തന്റെ പിതാവിന്റെ കാണാതെ പോയ കഴുതകളെ തേടി അലയുന്നതിനിടയിൽ (1 ശമു. 3 മുതൽ). ശമുവേൽ പ്രവാചകന്റെ സ്ഥലമായ രാമയിലൂടെ സഞ്ചരിച്ച് അദ്ദേഹത്തിന്റെ ഉപദേശം തേടിയപ്പോൾ, ശൗലിനെ ക്കുറിച്ച് അദ്ദേഹത്തിന് ചില പ്രത്യേക അരുളപ്പാടുകൾ ലഭിച്ചു. പ്രവാചകൻ ശൗലിനെ യിസ്രായേലിന് പ്രഭുവായി അഭിഷേകം ചെയ്തു (1 ശമു. 10:1). പ്രത്യേകം തയ്യാറാക്കിയ തൈലം കൊമ്പിൽ (പാത്രത്തിൽ) എടുത്ത് ആശീർവാദത്തോടെ സ്വീകർത്താവിന്റെ തലയിൽ

ഒഴിച്ച് പ്രത്യേക കാര്യങ്ങൾക്ക് നിയോഗിക്കുന്ന രീതി (അഭിഷേകം ചെയ്യുന്ന രീതി) അന്ന് നിലവിലുണ്ടായിരുന്നു.

രണ്ടാമത്തേത് (1 ശമു. 10:17-24) ശമുവേൽ വൃദ്ധനായി അദ്ദേഹത്തിന്റെ മക്കളുടെ തെറ്റായ സാക്ഷ്യം നിമിത്തം പൊറുതിമുട്ടിയ ജനം, ഒരു രാജാവിനായി മുറവിളി കൂട്ടിയ തനുസരിച്ച് യിസ്രായേലിന് ശൗലിനെ രാജാവായി ലഭിച്ചു. നറുക്കെടുപ്പിലൂടെയാണ് തെരഞ്ഞെടുപ്പ് നടന്നത്.

മൂന്നാമത്തേത് (1 ശമു. 11:1-13) യിസ്രയേൽക്കാരെ അകാരണമായി ഉപദ്രവിച്ചുവന്ന അമ്മോന്യരുടെ ഭീഷണിയുടെ മുമ്പിൽ ധൈര്യപൂർവ്വം പ്രവർത്തിച്ച ശൗലിനെ ജനം നേതൃസ്ഥാനത്ത് അവരോധിച്ചു. എളിയ തുടക്കവും ദൈവാനുഗ്രഹത്തിന്റെ അഭിഷേകവും വ്യക്തിത്വത്തിലെ യോഗ്യതകളും ജനത്തിന്റെ ആവശ്യസാഹചര്യവുമെല്ലാം ഒത്തിണങ്ങിയപ്പോൾ യിസ്രായേലിന് രാജത്വവും ശൗലിന് രാജാവ് എന്ന സ്ഥാനവും ലഭിച്ചു.

## ശൗൽ രാജത്വത്തിൽനിന്ന് തള്ളപ്പെടുന്നു

ശൗൽ രാജാവ് ദൈവ ഇഷ്ടത്തിനും പ്രവാചക ഉപദേശത്തിനും വിരുദ്ധമായി തിന്മ പ്രവർത്തിച്ചു. പ്രവാചക ഉപദേശത്തെ കൈക്കൊള്ളുന്നതിനുള്ള ശൗലിന്റെ വൈമുഖ്യവും രാജധർമ്മത്തെക്കുറിച്ചുള്ള വ്യത്യസ്ത നിലപാടും അനുസരണക്കേടും അസൂയയും ശൗലിനെ, ശമുവേൽ പ്രവാചകനിൽനിന്നും പിൻഗാമിയായ ദാവീദിൽനിന്നും അകറ്റി. ശൗൽ, രാജാവായി ഭരണം നടത്തിയ രണ്ട് വർഷത്തിനുള്ളിൽ യാഗം കഴിക്കുന്നതിലുണ്ടായ പിഴവിനെക്കുറിച്ച് 1 ശമുവേൽ 13-ാം അദ്ധ്യായത്തിൽ വിവരിക്കുന്നു. ദൈവകല്പന പ്രമാണിക്കാതെ ഭോഷത്വം പ്രവർത്തിച്ച് രാജത്വത്തിന് അന്ത്യം കുറിക്കുവാനിടയാക്കി (1 ശമുവേൽ 13:8-14). യഹോവയ്ക്ക് ശപഥാർപ്പിതമായ (സമർപ്പിക്കുവാൻ നേർച്ച നേർന്നവ) വസ്തുക്കളുടെ കാര്യത്തിൽ അനുസരണക്കേട് കാട്ടിയതിനെതുടർന്ന് രാജസ്ഥാനത്തുനിന്ന് തള്ളിക്കളയപ്പെട്ടു (1 ശമു. 15:1-23).

## ശൗലും ദാവീദും

ശൗലിന്റെ രാജഭരണകാലത്തെ ഒരു പ്രധാന വെല്ലുവിളി ഫെലിസ്ത്യരിൽനിന്നായിരുന്നു. ശൗൽരാജാവിനും യിസ്രായേൽ ജനത്തിനുംവേണ്ടി ഫെലിസ്ത്യ മല്ലനായ ഗോല്യാത്തിനോട് ദാവീദ് എന്ന ബാലൻ യുദ്ധം ചെയ്ത് വിജയിച്ച കഥ (1 ശമു. 17) നമുക്ക് അറിയാമല്ലോ. ജനങ്ങൾ അതിനെ ശ്ലാഘിച്ചു (ശൗൽ ആയിരത്തെ കൊന്നു, ദാവീദോ പതിനായിരത്തെ കൊന്നു എന്ന് അവർ പാടി) (1 ശമു. 18:7). ഇത് ശൗലിൽ അസൂയ ജനിപ്പിച്ചു. രാജത്വം തന്നിൽനിന്ന് മാറ്റി തൽസ്ഥാനത്ത് ദാവീദിനെ അവരോധിക്കുവാൻ ദൈവം തീരുമാനിച്ചു. ഇത് ശൗലിന് അനിഷ്ടമായി. തുടർന്ന് ശൗൽ ദാവീദിനെ വെറുക്കുകയും തന്നെയും ജനത്തെയും രക്ഷിച്ച ദാവീദിനെ ഇല്ലായ്മ ചെയ്യുവാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. എന്നാൽ ദാവീദ് എത്രയും കാരുണ്യത്തോടും യഹോവയുടെ അഭിഷിക്തൻ എന്ന ബഹുമാനത്തോടും കൂടിയാണ് ശൗലിന്റെ അടുക്കൽ വർത്തിച്ചത്. ദാവീദിനെ ഒളിവിടങ്ങളിൽനിന്ന് പിടികൂടി വധിക്കുവാൻ കോപ്പുകൂട്ടി ഇറങ്ങിയ ശൗലിനെ വധിക്കുവാൻ അവസരം ലഭിച്ചിട്ടും അതിനു ശ്രമിക്കാതെ മാറുകയാണ് ദാവീദ് ചെയ്തത്.

### ശൗലിന്റെയും ദാവീദിന്റെയും ജീവിതം നൽകുന്ന സന്ദേശം

1. **വിളിച്ചവന്റെ വിളിക്ക് യോഗ്യമായി പ്രവർത്തിക്കുക.**

   ദൈവം ശൗലിനെ വിളിച്ച് വേർതിരിച്ച് ഒരു വലിയ പദവി നൽകി. പിതാവിന്റെ കഴുതയെ അന്വേഷിച്ചു പോയവനെ ദൈവം യിസ്രായേലിന്റെ രാജാവാക്കി. അതിനെ മനസ്സിലാക്കി ജീവിതത്തെ നയിക്കേണ്ടത് ശൗലിന്റെ കടമയായിരുന്നു. എന്നാൽ അവിടെ സ്വന്ത ഇഷ്ടങ്ങളും താല്പര്യങ്ങളും തീരുമാനങ്ങളും കടന്നുവന്നപ്പോൾ ദൈവത്തിന്റെ

ഇഷ്ടത്തിൽനിന്ന് അവൻ അകന്നു. അത് അവന്റെ പരാജയത്തിന് കാരണമായി. അപ്ര കാരമുള്ള പ്രവൃത്തികൾ നമ്മുടെ ജീവിതത്തിൽ ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കുക

2. **ദൈവത്തിന് ഒരുവനെ ഉയർത്തുവാനും താഴ്ത്തുവാനുമുള്ള കഴിവുണ്ട്.**
മനുഷ്യൻ എത്ര മഹാനായാലും ദൈവതീരുമാനത്തിന് വിധേയനാണ്. നേടിയത് നമ്മുടെ കഴിവുകൾകൊണ്ടല്ല എന്ന് വിശ്വസിക്കുവാനും വിനയത്തോടെ ജീവിക്കുവാനും നമുക്ക് ചുമതലയുണ്ട്. തെറ്റുകളും വീഴ്ചകളും ഉണ്ടാകാതെ ജീവിതത്തെ കാക്കണം. ഒപ്പം കഷ്ടതകൾ വരുമ്പോൾ ദൈവത്തിൽ ശരണം തേടി പ്രാർത്ഥനയോടെ ജീവിക്കു കയും ചെയ്യുമ്പോൾ ഉയർച്ച ഉറപ്പാക്കാം.

3. **സമസൃഷ്ടികളോടു ചേർന്ന് ജീവിക്കുവാൻ കഴിയണം.**
ശൗലിന്റെ മരുമകൻ, ശൗലിന്റെ രോഗശമനത്തിനായി വീണ വായിക്കുന്നവൻ. ശൗലിനെ ഉപദ്രവിക്കുവാനും കൊല്ലുവാനും അവസരമുണ്ടായിട്ടും അങ്ങനെ ചെയ്യാതെ കരുതി യവൻ... ഇങ്ങനെ ശ്രേഷ്ഠ നന്മകളുള്ള ദാവീദിനെ ഇല്ലാതെയാക്കുവാൻ ശൗൽ പല തവണ ശ്രമിച്ചു. സ്ത്രീകളുടെ വായിൽനിന്ന് ഉയർന്ന ദാവീദിനെ പുകഴ്ത്തിയുള്ള വാക്കുകൾ അംഗീകരിക്കുവാൻ ശൗലിന് കഴിഞ്ഞില്ല. അവനിൽ അസൂയ ജനിച്ചു. ശൗലിന്റെ അസൂയയാൽ ശൗലിന്റെ ജീവിതം മാത്രമാണ് നശിച്ചത്. ദൈവം അനുഗ്ര ഹിക്കുന്നവനോട് നാം എതിർത്തിട്ട് ഫലം ഉണ്ടാവുകയില്ല. ദൈവം സ്നേഹിക്കുന്ന വർക്ക് നൽകുന്നതിനെ ഓർത്ത് നാം അസൂയപ്പെടേണ്ട ആവശ്യമില്ല. നമുക്ക് നൽകിയ നന്മകളെ കണ്ടെത്തുക, അതിനായി ദൈവത്തിന് സ്തോത്രം പറയുകയാണ് വേണ്ടത്.

## നമുക്ക് പാടാം

(ശ്ഹീമാ നമസ്ക്കാരത്തിലെ ചൊവ്വാ-സൂത്താറാ)

ആദത്തെയഹോ കൊന്നൊരു ദുഷ്ടൻ
മൃതിയിവരെ തൻ കൊലയാലെ
കൊന്നോൻ നാഥാ എന്നെ അമർത്തിയ പാപത്തെ
കൊന്നീടണമേ നല്ലോരിടയ വഴിതെറ്റിപ്പോയോ
രാടിനെ ആരാഞ്ഞുഴറി ചെന്നോനെ
എൻ നാശത്തെ സ്ത്രീയുടെ തങ്കകാശതുപോൽ
ആരായണമേ നീഗതരെകണ്ടെത്തുന്നോൻ
ദാവീദിനെയാ ശൗലീന്നെന്നോണം കനിവാൽ
ഹാലേലൂയ്യാ സംരക്ഷിക്ക

.........................................................

## നമുക്ക് പ്രാർത്ഥിക്കാം

*സ്നേഹവാനായ ദൈവമേ, നിന്റെ മുമ്പാകെ ആയിരിക്കുവാനുള്ള ഭാഗ്യം ഞങ്ങൾക്കു നീ തന്നു. നിന്റെ കൃപകളെ തിരിച്ചറിയുവാനും നന്മയിൽ ജീവിക്കുവാനും ഞങ്ങളെ സഹായിക്കണമേ. തെറ്റിപ്പോകുവാനും തിന്മ പ്രവർത്തിക്കുവാനും ഞങ്ങൾക്കിടയാകല്ലേ. നിന്നോട് ചേർന്ന് ജീവിക്കുവാനും തന്മൂലം ഉയർച്ച പ്രാപിക്കുവാനും എളിമയിൽ ജീവിപ്പാനും ഞങ്ങൾക്ക് ഇടയാകണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുവാനായിട്ടു തന്നെ. ആമ്മീൻ.*

.........................................................

## നിശ്ചയം

**ശൗലിന്റെ ജീവിതത്തെപ്പോലെ ദൈവം തന്ന കൃപകളെ മറന്ന് അഹങ്കരിക്കാതെ ഞാൻ ജീവിക്കും.
പ്രാർത്ഥനയിലൂടെയും നോമ്പിലൂടെയും ഉപവാസത്തിലൂടെയും ദൈവ ഇഷ്ടം മനസ്സിലാക്കി ജീവിക്കും.
ദൈവത്തിന്റെ സൃഷ്ടികളായ എല്ലാ മനുഷ്യരോടും ദൈവസ്നേഹത്തിലും കരുതലിലും പെരുമാറും.**

.......................................................

## നമുക്ക് ചിന്തിക്കാം

1. ശൗലിന്റെ ഗോത്രം?
2. ശൗലിന്റെ പിതാവ്?
3. ന്യായാധിപന്മാർ എന്ന നിലയിലെ പ്രവർത്തനങ്ങളിൽ ശമുവേലും മക്കളും തമ്മിലുള്ള വ്യത്യാസമെന്ത്?
4. ശൗലിനെ രാജാവായി തിരഞ്ഞെടുത്തതും അഭിഷേകം ചെയ്തതും വിവരിക്കുക?
5. എന്തുകൊണ്ടാണ് ഒരു രാജാവിനെ നൽകാൻ ദൈവം മടിച്ചത്?
6. ശൗൽ യാഗം കഴിച്ച സ്ഥലം ഏത്?
7. യാഗം സ്വയം നടത്തുവാനായി ശൗൽ കണ്ടെത്തിയ ന്യായീകരണം എന്ത്?
8. ശൗൽ എന്തുകൊണ്ടാണ് ദാവീദിനോട് അസൂയയും വിദ്വേഷവും വച്ചുപുലർത്തിയത്?
9. ശൗലിന്റെ പതനത്തിനുള്ള കാരണങ്ങൾ വി. വേദപുസ്തകത്തിൽനിന്ന് വായിച്ച് ചർച്ചചെയ്യുക.
10. ദാവീദിന് ശൗലിനോടുള്ള നിലപാട് എന്തായിരുന്നു?

## പ്രവർത്തനങ്ങൾ

1. ശൗൽ രാജാവിന്റെ ജീവിതത്തിലെ നന്മയും തിന്മയുമായ പ്രവൃത്തികൾ ഒരു ചാർട്ടിന്റെ രണ്ട് വശങ്ങളിലായി എഴുതുക.
2. ശൗലിന്റെ ജീവിതത്തിലെ ഒരു ചെറിയ സംഭവം ലഘുനാടകമാക്കി അവതരിപ്പിക്കുക.
3. ശൗലിന്റെ ജീവിതത്തിലെ നന്മകളും തിന്മകളും സ്വന്തം ജീവിതവുമായി വിലയിരുത്തുക.

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | 1 ശമുവേൽ 18 |
| തിങ്കൾ | 1 ശമുവേൽ 9 | 1 ശമുവേൽ 10 |
| ചൊവ്വ | 1 ശമുവേൽ 11,13 | 1 ശമുവേൽ 14 |
| ബുധൻ | 1 ശമുവേൽ 15,16:14-23 | 1 ശമുവേൽ 17 |
| വ്യാഴം | 1 ശമുവേൽ 18 | 1 ശമുവേൽ 19 |
| വെള്ളി | 1 ശമുവേൽ 21 | 1 ശമുവേൽ 22 |
| ശനി | 1 ശമുവേൽ 24 | * |

പാഠം 4

# യിസ്രായേലിന്റെ മധുരഗായകനും രാജാവുമായ ദാവീദ്

**മുഖ്യസന്ദേശം:** ദൈവം ഉന്നതസ്ഥാനത്തേക്ക് വിളിച്ചു ചേർക്കുന്നവർ ഉന്നതകുലജാതരോ നിർമ്മലരോ ആയിരിക്കണമെന്നില്ല. കുറ്റങ്ങളും കുറവുകളുമുള്ളവരാകാം. ദൈവേഷ്ടമാണ് പ്രധാനം. അത് തിരിച്ചറിഞ്ഞ് വിനയത്തോടും അനുതാപത്തോടും ദൈവ സന്നിധിയിൽ കർമ്മനിരതരാകണം. അങ്ങനെയുള്ളവരെ ദൈവം ഉയർത്തും.

**മനഃപാഠവാക്യം:** "ദൈവത്തിന്റെ വഴി തികവുള്ളത്. യഹോവയുടെ വചനം ഊതിക്കഴിച്ചത്. തന്നെ ശരണമാക്കുന്ന ഏവർക്കും അവൻ പരിചയാകുന്നു" (2 ശമുവേൽ 22:31).

**പഠനസഹായികൾ:** കവിണയും, അതിലുപയോഗിക്കാവുന്ന അഞ്ച് കല്ലും കാണിക്കുക, വേദപുസ്തകം. ദാവീദ് ഗോല്യാത്തിനെ വധിച്ച സംഭവം വായിച്ചു കേൾപ്പിക്കുക.

## ആമുഖം

യിസ്രായേലിന്റെ മധുരഗായകനായ ദാവീദ് രാജാവ്, ശൗൽ രാജാവിനെ തുടർന്ന് രാജസ്ഥാനത്തേക്ക് വന്നു. കഴിവുകെട്ടവനും ഇടയബാലനുമായി മാത്രം ഭവനക്കാർ കണ്ടിരുന്ന വ്യക്തി രാജസ്ഥാനത്ത് എത്തുകയും സംഭവബഹുലമായ നാല്പതുവർഷക്കാലം സ്തുത്യർഹമായവിധം ഭരണസാരഥ്യം വഹിക്കുകയും ചെയ്തു. ദാവീദിനെക്കുറിച്ച് ഇന്ന് നമുക്ക് പഠിക്കാം.

## പാഠഭാഗം

പിതാവായ യിശ്ശായിയുടെ ആട്ടിൻകൂട്ടത്തെ മേയിക്കുന്ന ഒരു യുവാവായിട്ടാണ് ദാവീദിനെക്കുറിച്ചുള്ള ആദ്യപരാമർശം (1 ശമു. 16:11). ശൗൽ രാജാവിനെ രാജസ്ഥാനത്തു നിന്നും നീക്കുവാൻ ദൈവം തീരുമാനിച്ചിരിക്കുന്നു (1 ശമു. 16:1). യഹോവയുടെ നിശ്ചയ പ്രകാരം ശമുവേൽ പ്രവാചകൻ യിശ്ശായി എന്ന ബേത്‌ലഹേംകാരനെയും അദ്ദേഹത്തിന്റെ മക്കളേയും ഒരു യാഗത്തിനും കൂടിക്കാഴ്ചയ്ക്കുമായി ക്ഷണിച്ചു (1 ശമു. 16:5). തുടർന്ന് യിശ്ശായിയുടെ മക്കളിൽ ഇളയവനായ ദാവീദിനെ അദ്ദേഹം രാജാവായി അഭിഷേകം ചെയ്തു (1 ശമു. 16:12). പിന്നീട് ദാവീദ് കൊട്ടാരത്തിലെ കിന്നരം വായനക്കാരനായി നിയമിക്കപ്പെട്ടു (1 ശമു. 16:18).

ശൗൽ രാജാവിന് ദാവീദിനെ വളരെ ഇഷ്ടപ്പെട്ടു. ആ യുവാവ് രാജാവിന്റെയും കൊട്ടാര വാസികളുടെയും പ്രീതി നേടി. രാജകൊട്ടാരത്തിൽ വാസമാക്കിയ ദാവീദ്, ശൗൽ രാജാവിന്റെ മനസ്സിന് ആശ്വാസവും സുഖവും ലഭിക്കത്തക്കവിധം ഇടപെട്ടുവന്നു (1 ശമു. 16:23). ദാവീദിനെ രാജാവായി ശമുവേൽ അഭിഷേകം ചെയ്തത് ജനങ്ങളുടേയോ രാജാവായ ശൗലിന്റെയോ അറിവോടെ ആയിരുന്നില്ല. എന്നാൽ അദ്ദേഹത്തെ ജനനേതാവാക്കിയത് ഗോല്യാത്തിന്റെമേൽ നേടിയ അസാമാന്യ വിജയമാണ് (1 ശമു. 17). യിസ്രായേൽ ജനത്തിന് ഫെലിസ്ത്യർ ഏറെ പ്രയാസം ഉണ്ടാക്കിവന്ന സാഹചര്യത്തിലാണ് മല്ലനായ ഗോല്യാത്തിനെ കല്ലും കവണയുമായി യഹോവയുടെ നാമത്തിൽ ദാവീദ് എതിരിട്ട്

തോല്പിച്ചത്. ദൈവാശ്രയത്തോടെയും നിശ്ചയദാർഢ്യത്തോടെയും തിന്മയോടെതിരിടുവാനുള്ള പ്രേരണയാണ് ഈ യുദ്ധവിവരണം നമുക്ക് നല്കുന്നത്.

### ശൗലിൽനിന്നും രക്ഷപ്പെടുന്ന ദാവീദ്

ദാവീദിന് ലഭിച്ച സർവ്വ അംഗീകാരത്തിന്റെയും സംക്ഷിപ്ത ചിത്രമാണ് ജനത്തിന്റെ ഗാനപ്രതിഗാനം നല്കുന്നത്. ശൗൽ ആയിരത്തെ കൊന്നു. ദാവീദോ പതിനായിരത്തെ; (1 ശമു. 18:7). യോദ്ധാവും അരോഗദൃഢഗാത്രനും സർവ്വോപരി രാജാവുമായിരുന്ന ശൗലിനേക്കാൾ ഏറെ യുദ്ധവിജയവും സാമ്രാജ്യ വിസ്തൃതിയും ദാവീദിനു നേടാനായി. യോനാഥാന്റെയും മറ്റും സ്നേഹവാത്സല്യങ്ങൾ ദാവീദിന് ലഭിച്ചു. എന്നാൽ ഏറെ സംഘർഷഭരിതമായിരുന്നു അദ്ദേഹത്തിന്റെ ജീവിതവും ഭരണകാലവും. ശൗലിന്റെ കൊട്ടാരത്തിൽ രാജാവിന് ആശ്വാസവും സുഖവും നല്കുന്നതിന് നിയോഗിതനായ ദാവീദ് അധികം താമസിയാതെ തന്നെ ശൗലിന്റെ അസൂയകൊണ്ട് ഏറെ ഞെരുങ്ങി തുടങ്ങി. ശൗലിന്റെ മകൻ യോനാഥാൻ ദാവീദിന്റെ രക്ഷയ്ക്ക് എത്തി എങ്കിലും (1 ശമു. 20:17) ശൗലിന്റെ ശത്രുത നിമിത്തം ഒളിവിടങ്ങളിലേക്ക് പലായനം ചെയ്യേണ്ടിവന്നു (1 ശമു. 20:24).

### ദാവീദും അബ്ശാലോമും

ശൗലിനെ ഭയന്ന് മരുഭൂമിയിലും ഗുഹകളിലും പാർത്ത ദാവീദ് പിന്നീട് തന്റെ മകനായ അബ്ശാലോമിന്റെ ഉപദ്രവങ്ങളാലും ഏറെ വിഷമിച്ചു. അബ്ശാലോം തന്റെ പിതാവും രാജാവുമായ ദാവീദിന്റെ ഉത്തമ സഹായിയായ യോവാബിന്റെ കൃഷി നശിപ്പിച്ചതും (2 ശമു. 14:30) രാജാവിന്റെ അടുക്കൽ ന്യായവിസ്താരത്തിനു വരുന്നവരുടെ ഹൃദയം വശീകരിച്ചതും അവരെ രാജാവിന് എതിരാക്കിയതും (2 ശമു. 15:1-6) കൂടാതെ നേരിട്ട് എതിർത്ത് കൊല്ലുവാനും ശ്രമിച്ചു (2 ശമു. 15:14). രാജകുമാരനെ ഭയന്ന് ഒളിവിടങ്ങളിൽ പാർത്തപ്പോൾ ദാവീദ് പലപ്പോഴും ദാരിദ്ര്യത്തിലും ഞെരുക്കത്തിലും ആയി (2 ശമു. 15:30). നിന്ദയും പരിഹാസവും ഏറ്റ്, (16:4-14) സ്വന്തമായവർ അപമാനിക്കുന്നതിന്റെ വേദനയും പേറി (16:22) ജീവിച്ച ഒരു കാലഘട്ടവും ദാവീദിന് ഉണ്ടായി. ജീവിതത്തിന്റെ കഷ്ടപ്പാടിന്റെ കാലം അതിനെ നേരിടുവാൻ പഠിപ്പിക്കുന്ന സമയമായി നാം മനസ്സിലാക്കണം (യോഹ. 16:33, എബ്രാ. 11:29-39, 1 പത്രോസ് 3:14).

### ദാവീദും അനുതാപത്തിന്റെ 51-ാം സങ്കീർത്തനവും

വേദകഥാപാത്രങ്ങൾ കുറ്റം ഇല്ലാത്ത യുഗപുരുഷന്മാരായിട്ടല്ല അവതരിക്കുന്നത്. അവരിലും തെറ്റുകളും വീഴ്ചകളും മടങ്ങിവരവിന്റെ അനുഭവങ്ങളും ഉണ്ട്. ദാവീദും വ്യത്യസ്തനല്ല. 2 ശമുവേൽ 10 മുതൽ 12 വരെയുള്ള അദ്ധ്യായങ്ങളിലെ സംഭവങ്ങൾ ദാവീദിന്റെ സ്വാർത്ഥതയും ഭോഗേച്ഛയും സമൂഹത്തിൽ അദ്ദേഹത്തിന് വന്നുഭവിക്കുന്ന തിന്മയുടെ സൂചനകളും നല്കുന്നു. ദേശസ്നേഹിയും രാജഭക്തനും ശക്തനായ പോരാളിയുമായ ഊരിയാവിനെ കൊല്ലിക്കുന്നതും അയാളുടെ ഭാര്യയെ മോഹിച്ച് സ്വന്തമാക്കുന്നതും ദാവീദിന്റെ പതനത്തിലേക്ക് നയിക്കുന്നു. എങ്കിലും ദാവീദ് അനുതപിച്ച് നന്മയിലേക്കും ധർമ്മനിഷ്ഠയിലേക്കും മടങ്ങി. അനുതാപ സങ്കീർത്തനമായ 51 ദാവീദിന്റെ ഹൃദയത്തിന്റെ തേങ്ങൽ മാത്രമല്ല. ദൈവാത്മാവിൽ ഉറപ്പിക്കപ്പെടുവാനുള്ള യഥാർത്ഥ ആഗ്രഹവും ആത്മീയ ദുഃഖവും പ്രകാശിപ്പിക്കുന്നു. ക്രിസ്തീയജീവിതത്തിൽ ഏറ്റവും സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്ന സങ്കീർത്തനങ്ങളുടെ രചയിതാവാണ് ദാവീദ്.

## വാഗ്ദത്തവും സങ്കീർത്തനവും

യിസ്രായേലിന്റെ മഹാനായ രാജാവും മധുരഗായകനും, കവിയും പ്രവാചകനും ഭക്തശിരോമണിയും ധീരയോദ്ധാവും നയതന്ത്ര വിദഗ്ദ്ധനുമായ ദാവീദ്, യഹോവയിൽനിന്ന് നാഥാൻ പ്രവാചകൻ വഴിയായി രാജത്വത്തിന്റെയും ദൈവസിംഹാസനത്തിന്റെയും പിൻതുടർച്ചയുടെ വാഗ്ദത്തം (ഉടമ്പടി) പ്രാപിച്ചു (2 ശമു. 7:8–17). ഈ ഉടമ്പടിയുടെ പൂർത്തീകരണം യേശുക്രിസ്തുവിലാകുന്നു (യെശയ്യാ 11:1–16, വി. മത്തായി 1:1). ദാവീദിന് ദൈവമുമ്പാകെ കൃപ ലഭിച്ചു എന്ന് സ്തേഫാനോസ് സഹദാ പറയുന്നുണ്ട് (അ. പ്ര. 7:46).

## ദാവീദിന്റെ ശ്രേഷ്ഠതകൾ

സഹോദരങ്ങളുടെ കൂട്ടത്തിൽ ഒറ്റപ്പെട്ടവനും തള്ളപ്പെട്ടവനും ആയിരുന്നു ദാവീദ്. എന്നാൽ യിസ്രായേലിന്റെ രണ്ടാമത്തെ രാജാവായി ദൈവത്താൽ അഭിഷിക്തനായി, കിന്നരവായനയിലൂടെ ശൗലിൽ വരുന്ന ദുരാത്മാവിനെ അകറ്റി നിർത്തി, 40 വർഷത്തെ ഭരണം യിസ്രായേലിന്റെ സുവർണ്ണ കാലഘട്ടമായിരുന്നു. മെഡിറ്ററേനിയൻ കടൽ മുതൽ യൂഫ്രട്ടീസ് നദിവരെയുള്ള വിസ്തൃതമായ സാമ്രാജ്യത്തിന് അദ്ദേഹം അധിപനായിത്തീർന്നു. യെരുശലേമിനെ രാജതലസ്ഥാനമാക്കി മതരാഷ്ട്രീയ ഭരണസിരാകേന്ദ്രമാക്കി. ദൈവത്തിന്റെ പെട്ടകം അവിടേക്ക് കൊണ്ടുവന്നു. ദാവീദിന്റെ പുത്രൻ എന്നു യേശു വിളിക്കപ്പെട്ടത് ദാവീദ് രാജാവിന്റെ രാജത്വമഹിമയാണ്.

## ദാവീദിന്റെ ജീവിതം നൽകുന്ന സന്ദേശം

1. **നമ്മെ ആരെല്ലാം അകറ്റിനിർത്തിയാലും ദൈവം തെരഞ്ഞെടുക്കും.**

   തന്റെ മക്കളിൽ കൊള്ളാമെന്ന് തോന്നിയ ഏഴ് പുത്രന്മാരെയും യിശ്ശായി ശമുവേലിന്റെ മുമ്പിൽ നിർത്തി. നിപുണതയില്ലാത്തവനും സാധാരണക്കാരനുമായ ദാവീദിനെ ശമുവേൽ വിളിച്ചു വരുത്തി അഭിഷേകം ചെയ്ത് രാജാവാക്കി. അസൂയയാൽ ശൗൽ ദാവീദിനെ കൊല്ലുവാൻ പലപ്രാവശ്യം ശ്രമിച്ചു. കുതന്ത്രങ്ങൾ ഉപയോഗിച്ചു. അവിടുന്നെല്ലാം ദൈവം ദാവീദിനെ രക്ഷിച്ച് ഉയരങ്ങളിൽ എത്തിച്ചു. ഈ ദൈവത്തിലാണ് നാം വിശ്വസിക്കുന്നത്. എന്തെല്ലാം പറഞ്ഞ് മാറ്റിനിർത്തിയാലും നമ്മെ അറിയുന്ന ദൈവം നമ്മെ ഉയർത്തും. മനുഷ്യന്റെ ദൃഷ്ടിയും ശത്രുതയും അസൂയയും ഒന്നും ദൈവതിരുമുമ്പാകെ ഫലിക്കുകയില്ല.

2. **സത്യ അനുതാപത്തെ ദൈവം കൈക്കൊള്ളും.**

   ദൈവം നീതിമാന്മാരെയും പാപികളെയും സ്നേഹിക്കുന്ന ദൈവമാണ്. സത്യഅനുതാപം മാത്രമാണ് അതിന്റെ അടിസ്ഥാനം. ബേത്ശേബയെ സ്വന്തമാക്കിയതു മുഖാന്തരം വളരെ വലിയ പാപം ചെയ്ത ദാവീദിന്റെ ഹൃദയത്തിലെ അനുതാപം കൈക്കൊണ്ടവനാണ് ദൈവം. അതിനാൽ തന്നെ ദാവീദ് പറയുന്നു. തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ ദൈവമേ നീ നിരസിക്കയില്ല (സങ്കീ 51:17). നമ്മുടെ ജീവിതത്തിലും തെറ്റുകളും വീഴ്ചകളും ഉണ്ടാകുമ്പോൾ അനുതപിച്ച് പ്രാർത്ഥിക്കുവാനും നല്ല കുമ്പസാരം നടത്തുവാനും കഴിയുമ്പോൾ ദൈവം മുടിയനായ പുത്രന്റെ പിതാവിനെ പ്പോലെ നമ്മെ സ്നേഹിക്കും (വി. ലൂക്കോ. 15).

3. **ദൈവം വാഗ്ദത്തങ്ങളിൽ വിശ്വസ്തനാണ്.**

   ദാവീദിന്റെ അവകാശത്തിൽനിന്ന് മാറിപ്പോകാത്ത രാജകീയപാരമ്പര്യത്തിൽ യേശു പിറന്നതും, യേശു ദാവീദിന്റെ പുത്രനെന്ന് വിളിക്കപ്പെട്ടതും ദൈവം ദാവീദിന് നല്കിയ

വലിയ വാഗ്ദത്തങ്ങളുടെ ഭാഗമാണ്. യഹൂദ്യയിലെ ബേത്‌ലഹേമിൽനിന്ന് ദൈവജനത്തെ മേയിക്കുവാനുള്ള തലവൻ പുറപ്പെട്ടു വരും തുടങ്ങി ദാവീദിൽകൂടി വരേണ്ട എല്ലാ നന്മകളുടെയും പൂർത്തീകരണമായി യേശു എന്ന ദാവീദ്പുത്രന്റെ ജനനം. വി. വേദപുസ്തകത്തിൽ കൂടി ദൈവം നമുക്ക് തന്നിരിക്കുന്ന വാഗ്ദത്തങ്ങളെ ഓർക്കുവാൻ നമുക്ക് കഴിയണം.

## നമുക്ക് പാടാം

(വി. കുർബാന ആരംഭിക്കുന്നതിനു മുമ്പുള്ള-ധന്യേ മാതാവേ...
എന്നാരംഭിക്കുന്ന ഗീതം. ശ്ഹീമാ നമസ്ക്കാരം, ചൊവ്വ പ്രഭാതം)

വെട്ടം വീണപ്പോൾ ദാവീദാമോദാൽ
ദേവാഗാരത്തിൽ പ്രാർത്ഥിപ്പാൻപോയി
ലോകം വീണ്ടോനെ നാഥാ എൻ വാക്യം
ധ്യാനം കണ്ണീരെന്നിവ കൈക്കൊള്ളണമേ
ഹാലേലൂയ്യാ ഉ ഹാലേലൂയ്യാ
നീ നൽകീടേണം പാപത്തിൻ ശാന്തി

.........................................................

## നമുക്ക് പ്രാർത്ഥിക്കാം

*ദാവീദ് പുത്രനായ യേശുവേ, ഞങ്ങളോട് കരുണ ചെയ്യണമേ.
നീയാണ് ഞങ്ങളുടെ സർവ്വവും. നീ തന്ന കൃപകളെ ധ്യാനിക്കുവാനും
താലന്തുകളെ വളർത്തുവാൻ അനേകരുടെ നന്മയ്ക്കായി
അതിനെ ഉപയോഗിക്കുവാനും ഇടയാക്കണമേ. ശത്രുക്കളെ സ്നേഹിക്കുവാനും
കരുതുവാനും ഇടയാക്കണമേ. നിന്റെ നാമ മഹത്വത്തിനായി പ്രവർത്തിക്കുവാൻ
ഇടയാക്കണമേ. ഞങ്ങൾ ശത്രുക്കളെ സ്നേഹിക്കുവാനും കരുതുവാനും
ഇടയാക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ
പരിശുദ്ധ റൂഹായ്ക്കും സ്തുതി സമർപ്പിക്കുവാനായിട്ടു തന്നെ. ആമ്മീൻ.*

.........................................................

## നിശ്ചയം

**ദൈവത്തിൽ വിശ്വസിച്ചും ആശ്രയിച്ചും ജിവിക്കും.
നമുക്ക് തിന്മ ചെയ്യുന്നവർക്കു പകരം നന്മ ചെയ്യും.
ദൈവം ഏല്പിക്കുന്ന ദൗത്യങ്ങൾ വിശ്വസ്തതയോടെ ചെയ്യും.**

.........................................................

## നമുക്ക് ചിന്തിക്കാം

1. ദാവീദിന്റെ പിതാവിന്റെ പേര്?
2. ദാവീദ് ഉപയോഗിച്ചിരുന്ന വാദ്യോപകരണം ഏത്?
3. ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടപ്പോൾ ദാവീദ് എന്തുചെയ്യുകയായിരുന്നു?
4. ദാവീദിന്റെ ആത്മമിത്രമായ ശൗലിന്റെ മകൻ ആര്?
5. അബ്ശലോം നശിപ്പിച്ച കൃഷി ആരുടേത്?
6. ദാവീദിനെ കൊല്ലാൻ നടന്ന അബ്ശാലോം ദാവീദിന്റെ ആരാണ്?

7. ദാവീദ് രാജാവിന്റെ തലസ്ഥാനം?
8. ദാവീദ് ചതിവിൽ കൊല്ലിച്ച പടയാളി?
9. ദാവീദിന്റെ ഭരണകാലം എത്ര വർഷം?

## പ്രവർത്തനങ്ങൾ

1. ദാവീദും ഗോല്യാത്തും തമ്മിലുള്ള യുദ്ധരംഗം ഒരു നല്ല നാടകമായി എഴുതി അഭിനയിക്കുക.
2. ദാവീദിന്റെ ഭരണനേട്ടങ്ങളെക്കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കി അവതരിപ്പിക്കുക.

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | 1 ശമുവേൽ 16 |
| തിങ്കൾ | 2 ശമുവേൽ 5 | 2 ശമുവേൽ 1 |
| ചൊവ്വ | 2 ശമുവേൽ 9 | 2 ശമുവേൽ 11 |
| ബുധൻ | 2 ശമുവേൽ 12 | 2 ശമുവേൽ 15 |
| വ്യാഴം | 2 ശമുവേൽ 18 | 2 ശമുവേൽ 19 |
| വെള്ളി | 2 ശമുവേൽ 24 | 1 രാജാക്കന്മാർ 1 |
| ശനി | 1 രാജാക്കന്മാർ 2 | * |

പാഠം 5

# ജ്ഞാനിയായ ശാലോമോൻ

**മുഖ്യസന്ദേശം:** ജ്ഞാനം ദൈവത്തിന്റെ ദാനമാണ്. യഹോവാഭക്തിയുള്ളവർക്കേ അതു നേടാൻ കഴിയുകയുള്ളൂ. മനുഷ്യൻ എത്ര ഉന്നതസ്ഥാനത്ത് എത്തിയാലും നീതിയും ധർമ്മനിഷ്ഠയും കൈവെടിയരുത്.

**മനഃപാഠവാക്യം:** "ജ്ഞാനിയുടെ നാവ് നല്ല പരിജ്ഞാനം പ്രസ്താവിക്കുന്നു മൂഢന്മാരുടെ വായോ ഭോഷത്വം പൊഴിക്കുന്നു" (സദൃ. 15:2).

**പഠനസഹായികൾ:** ശലോമോന്റെ ജ്ഞാനം തെളിയിക്കുന്ന സംഭവം വിവരിക്കുന്ന ചിത്രം, യെരുശലേം ദേവാലയത്തിന്റെ ഒരു ചിത്രം.

## ആമുഖം

ഇസ്രായേലിന്റെ മൂന്നാമത്തെ രാജാവാണ് ശലോമോൻ. ഇദ്ദേഹം ദാവീദിന്റെയും ബേത്ത്ശേബായുടേയും പുത്രനാണ്. സമാധാനമുള്ളവൻ എന്നാണ് പേരിനർത്ഥം. യഹോവയ്ക്ക് പ്രിയൻ എന്നർത്ഥമുള്ള യെദിദ്യാവ് എന്നു മറ്റൊരുപേരും ശലോമോനുണ്ടായിരുന്നു (2 ശമു. 12:24-25). ശലോമോൻ രാജാവിനെക്കുറിച്ചാണ് നാം ഇന്നു പഠിക്കുന്നത്.

## പാഠഭാഗം

### ജനനവും ബാല്യവും

ദാവീദ് രാജാവ് യെരുശലേം തലസ്ഥാനമാക്കി ഭരണം നടത്തിയിരുന്ന കാലത്ത് അദ്ദേഹത്തിന് ജനിച്ച മകനാണ് ശലോമോൻ. യഹോവ അവനെ ഏറ്റം സ്നേഹിച്ചു എന്നും നാഥാൻപ്രവാചകന്റെ പരിലാളനയിൽ ആണ് വളർന്നത് എന്നും തിരുവചനം പഠിപ്പിക്കുന്നു (2 ശമു. 12:25). ദാവീദ് രാജാവിന് പ്രിയനായ അബ്ശാലോം രാജസ്ഥാനത്ത് വരുവാനുള്ള സാധ്യത ഉണ്ടായിരുന്നു. എങ്കിലും അബ്ശാലോമിന്റെ അനുസരണക്കേടും തുടർന്നുള്ള മരണവും ശലോമോന്റെ രാജസ്ഥാനത്തിനുള്ള സാധ്യത വർദ്ധിപ്പിച്ചു. തന്റെ മകനായ ശലോമോനെ രാജസ്ഥാനത്ത് പിൻഗാമിയാക്കാം എന്ന് ദാവീദിൽനിന്ന് ബേത്ത്ശേബ വാഗ്ദാനം വാങ്ങിയിരുന്നു (1 രാജാ. 1:13).

### ജ്ഞാനിയായ ഭരണകർത്താവ്

രാജസ്ഥാനത്തേക്ക് നിയോഗിതനായ യുവരാജാവ്, തനിക്ക് ലഭിച്ച ഭരണപൈതൃകവും പ്രവാചകന്മാരിൽനിന്നും ജ്ഞാനികളിൽനിന്നും ലഭിച്ച അഭ്യസനവുംകൊണ്ട് തൃപ്തനായില്ല. ഒരു ജ്ഞാനാർത്ഥിയുടെ മനസിനെ വെളിവാക്കുന്ന സംഭവം 1 രാജാക്കന്മാർ 3-ാം അദ്ധ്യായത്തിൽ വിവരിക്കുന്നു. യഹോവയോടുള്ള ഭക്തി ജ്ഞാനമായി കരുതി (ഇയ്യോബ് 28:28). അദ്ദേഹം ദൈവത്തോട് അപേക്ഷിച്ചത് വസ്തുവകകളോ, സ്ഥാനമാനങ്ങളോ ശത്രുസംഹാരമോ ആയുരാരോഗ്യമോ അല്ല, മറിച്ച് ജ്ഞാനം മാത്രം. "ഗുണവും ദോഷവും തിരിച്ചറിഞ്ഞ് നിന്റെ ജനത്തിന് ന്യായപാലനം ചെയ്യുവാൻ വിവേകമുള്ളൊരു ഹൃദയം എനിക്കു തരേണമേ" (1 രാജാ. 3:9) ഇതായിരുന്നു ശലോമോന്റെ അപേക്ഷ. യഹോവ പ്രീതിപ്പെട്ട്, ജ്ഞാന വിവേകത്തോടൊപ്പം സകല ലൗകിക അനുഗ്രഹങ്ങളും

അദ്ദേഹത്തിന് നല്കി (1 രാജാ. 3:12-3). അങ്ങനെ ശലോമോൻ പുകൾപെറ്റ ജ്ഞാനിയും വിവേകമതിയും ഭരണാധിപനും ന്യായത്തിൽ തികഞ്ഞ പുരുഷനുമായി ശോഭിച്ചു. അദ്ദേഹത്തിൽനിന്ന് ജ്ഞാനവചനങ്ങൾ കേൾക്കുവാനും സൗഹൃദം ആഗ്രഹിച്ചും രാജാക്കന്മാരും രാജ്ഞിമാരും (1 രാജാ. 4:34, 10:1) വിജ്ഞന്മാരും ദൂരെദിക്കുകളിൽ നിന്ന് എത്തിച്ചേരാറുണ്ടായിരുന്നു.

## രാജഭരണത്തിലേക്ക്

ബേത്ത്ശേബയ്ക്ക് ദാവീദ് നല്കിയ വാഗ്ദാനവും നാഥാൻ പ്രവാചകന്റെ ഇടപെടലും ശലോമോനെ രാജസ്ഥാനത്തേക്ക് നയിച്ചു. പിൽക്കാല സംഭവങ്ങളിൽനിന്ന് ശലോമോന്റെ സ്ഥാനലബ്ധിയുടെ കാരണങ്ങൾ ഇപ്രകാരം സംഗ്രഹിക്കാം: ദാവീദിന്റെ മക്കളിൽ (1 ദിന. 3:1-9) അപ്പന്റെ ദൈവത്തെ ഏറ്റവും അറിഞ്ഞതും, സേവിച്ചതും വകതിരിവും വിവേകവും പ്രാപിച്ചതും, വിശുദ്ധ മന്ദിരം പണിയുവാൻ മനസ്സുവച്ചതും (1 ദിന. 28:9, 20) ശലോമോൻ ആണെന്നതും ശലോമോനെ പ്രബലനാക്കി. അബ്ശാലോമിന്റെ ഹീനമായ പ്രവൃത്തികളുടെ കാലത്ത് ദാവീദ് ദേശാന്തരിയായിരിക്കുമ്പോൾ പലായനവും കഷ്ടപ്പാടുകളും, ആശങ്കകളും പങ്കിട്ടാകണം ശലോമോൻ വളർന്നത് (2 ശമു. 15:16). പിന്നീട് അദോനിയാവ് അധികാരം പിടിച്ചെടുക്കുവാൻ ശ്രമം നടത്തിയെങ്കിലും നാഥാൻ പ്രവാചകനും ദാവീദ് രാജാവും ശലോമോനെ ഗീഹോനിലേക്ക് അയച്ച് സാദോക് പുരോഹിതനെക്കൊണ്ട് അഭിഷേകം ചെയ്യിപ്പിച്ച് രാജാവാക്കി (1 രാജാ. 1:13-34).

## രാജസ്ഥാനത്ത് വിവേകത്തോടെ

നേതൃസ്ഥാനത്ത് എത്തുന്നവർ വകതിരിവുള്ളവരായിരിക്കണം. പലതരത്തിലുള്ള വകകളിൽനിന്ന് നല്ലത് തെരഞ്ഞെടുക്കുവാൻ ഉള്ള കഴിവാണ് വകതിരിവ് (Power to discriminate) ബാല്യക്കാർ അതു പ്രാപിച്ചാണ് വിവേകമതികളാകുന്നത്. കുട്ടികൾ വകതിരിവ് നേടി മുതിർന്നുവരുന്നു. ന്യായം ഉറപ്പിച്ചുകിട്ടാൻ തങ്ങളുടെ കുട്ടികളുമായി രണ്ട് സ്ത്രീകൾ ശലോമോൻ രാജാവിന്റെ അടുക്കൽ എത്തുന്ന സംഭവം 1 രാജാക്കന്മാർ 3-ാം അദ്ധ്യായത്തിൽ വിവരിക്കുന്നു. ന്യായപാലനത്തിനുള്ള ജ്ഞാനം പ്രാപിച്ച വിവേകമതിയാണ് ശലോമോൻ (വാക്യം 28) എന്നാണ് കഥയുടെ സാരം. തുടർന്നുള്ള വിവരണങ്ങൾ എല്ലാം ഈ പ്രസ്താവന ഉറപ്പിക്കുന്നു. ശലോമോന്റെ കീർത്തി പ്രസിദ്ധമായിരുന്നു (4:29). രാജകൊട്ടാരത്തിലെ ഭോജന ക്രമീകരണങ്ങൾ, ദൈവാലയ നിർമ്മാണം, (5:1-6:38) കൊട്ടാരവും അനുബന്ധ സമുച്ചയവും (7:1-12), അയൽ രാജ്യങ്ങളിൽനിന്ന് ലഭിക്കുന്ന സമ്മാനങ്ങളുടെ വിവരണങ്ങൾ (7:13 മുതൽ), ദൈവാലയ സമർപ്പണം (8:1 മുതൽ), ശലോമോന്റെ പ്രാർത്ഥനയും പ്രബോധനവും (8:14 മുതൽ), ശേബാ രാജ്ഞിയുടെ സന്ദർശനം (10:1 മുതൽ) എന്നീ വിവരണങ്ങൾ എല്ലാം സൂചിപ്പിക്കുന്നത് ജ്ഞാനിയായ ശലോമോന്റെ രാജസ്ഥാനത്തെ വിവേകപൂർവ്വമായ പ്രവർത്തനത്തെക്കുറിച്ചും മഹത്വത്തെക്കുറിച്ചുമാണ്.

## ആത്മീയതയും ധർമ്മനിഷ്ഠയും

യഹോവയ്ക്ക് പ്രിയനായ ശലോമോൻ ദൈവാലയം നിർമ്മിച്ച് പ്രതിഷ്ഠിച്ചു. സർവ്വശക്തനും സർവ്വവ്യാപിയും സർവ്വജ്ഞാനിയുമായ ദൈവത്തെ ആരാധിക്കുകയും അവനിൽ പരിപൂർണ്ണമായി ആശ്രയിക്കുകയും ചെയ്ത ജനത്തെ സത്പാതയിൽ നയിക്കുവാൻ ശലോമോനു കഴിഞ്ഞു. സ്വർഗ്ഗാധി സ്വർഗ്ഗത്തിലോ ഭൂമിയിലോ അടങ്ങാത്തവനായ

ദൈവത്തെ ആരാധിക്കുവാൻ പ്രത്യേക സ്ഥലം ഒരുക്കി അവിടേക്കു നോക്കി തന്റെയും തന്റെ ജനത്തിന്റെയും അപരാധങ്ങൾക്കുവേണ്ടി ആരാധിച്ച ആളാണ് ശലോമോൻ (1 രാജാ. 8:27). ശലോമോൻ രാജാവിന്റെ ഒരു സുപ്രധാന ഏടാണ് ദൈവവാഗ്ദാനലബ്ധി. അബ്രഹാമിനും ദാവീദിനും ലഭിച്ച വാഗ്ദാനംപോലെ ദൈവസന്നിധിയിൽനിന്ന് ദൈവ സാന്നിധ്യത്തിന്റെ ഉറപ്പും രാജത്വത്തിന്റെ പിൻതുടർച്ചയും വാഗ്ദത്തമായി അദ്ദേഹം പ്രാപിച്ചു. ശലോമോന്റെ ധർമ്മനിഷ്ഠമായ രാജഭരണത്തിൽ അദ്ദേഹത്തെ അദ്വിതീയ നാക്കി എന്നുനേരത്തേ കണ്ടുവല്ലോ. അദ്ദേഹത്തിന്റെ ജ്ഞാനപുസ്തകങ്ങൾ ധർമ്മനിഷ്ഠ മായ ജീവിതത്തെക്കുറിച്ച് വർണ്ണിക്കുന്നവയാണ്. അനുദിന ജീവിതമൂല്യങ്ങളെ ഉയർത്തി ക്കാട്ടുന്ന സദൃശവാക്യങ്ങളും സഭാപ്രസംഗിയും വിജ്ഞാനത്തിന്റെ പുസ്തകവും കൂടാതെ സഭയും ദൈവവും തമ്മിലുള്ള ബന്ധത്തെ വിവരിക്കുന്ന ഉത്തമഗീതവും അദ്ദേഹത്തിന്റെ ജ്ഞാനത്തെ നമുക്ക് വെളിപ്പെടുത്തിത്തരുന്നു.

## അന്യദൈവ ആരാധകൻ

ശലോമോന്റെ സ്വഭാവത്തിൽ കരിനിഴൽ വീഴ്ത്തുന്ന ചില സംഭവങ്ങൾ ഉണ്ടായി. വിജയകരമായ വിദേശനയത്തിന്റെ ഭാഗമായി സത്യദൈവവിശ്വാസം, സന്മാർഗ്ഗനിഷ്ഠ എന്നിവയിൽ അദ്ദേഹം പോരായ്മകൾ വരുത്തി. അശേര, മോലെക് എന്നീ അന്യദൈവ ആരാധന (1 രാജാ. 11:5) ഇതരദൈവങ്ങളുടെ ബലിപീഠങ്ങളിലെ പൂജാരീതികൾ എന്നിവ ഇങ്ങനെ ലഭിച്ചവയായിരുന്നു. ഭരണാധികാരി എന്ന നിലയിൽ രാജ്യത്തിന്റെ അതിർത്തി വർദ്ധിപ്പിക്കുകയും സമ്പത്തു കൊണ്ടുവരികയും ചെയ്തു. എങ്കിലും യെരുശലേമിനോടും യഹൂദ്യയോടുമുള്ള അമിത താല്പര്യവും വടക്കേ ഇസ്രയേല്യരോടുള്ള കരുതലില്ലാ യ്മയും അദ്ദേഹത്തിന്റെ ഭരണത്തിലെ കറുത്ത അദ്ധ്യായങ്ങളാണ് (1 രാജാ. 5:13–16; 2 ദിന. 2:17–18).

1. **സർവ്വ സമ്പത്തിലും വലുതാണ് ജ്ഞാനം.**

   സർവ്വതും നൽകാൻ കഴിവുള്ള ദൈവം ശലോമോനോട്, ഇഷ്ടമുള്ള വരം ചോദിച്ചു കൊള്ളുവാൻ ആവശ്യപ്പെട്ടപ്പോൾ ഒരു രാജാവിന്റെ അലങ്കാരത്തിനു യോജിച്ച നില യിലുള്ള ശത്രു സംഹാരശക്തിയോ ധനമോ മാനമോ ഒന്നുമല്ല ശലോമോൻ ചോദി ച്ചത് മറിച്ച് ജ്ഞാനമാണ്. ദൈവാത്മാവ് അവന് വെളിപ്പെടുത്തി കൊടുത്തതായി രുന്നു ഇത്. സകലവും കയ്യിൽ ഒതുക്കാൻ വേണ്ടത് ജ്ഞാനമാണ്. നാം ഇന്ന് ആർജി ക്കേണ്ടതും അതാണ്. സമയം പാഴാക്കാതെ ജ്ഞാനമാർജിക്കുക. ഭൗതീക ജ്ഞാനവും ആത്മീയ ജ്ഞാനവും.

2. **ദൈവാലയം മഹത്വപൂർണ്ണമാണ്.**

   ദൈവത്തിനു വസിക്കുവാനുള്ള കൊട്ടാരമായി, യാതൊരു രീതിയിലും താരതമ്യം ചെയ്യുവാൻ കഴിയാത്ത അത്ര മഹിമയിൽ ആണ് ശലോമോൻ ദേവാലയം പണിത ത്. അതിൽവച്ച് നടത്തുന്ന പ്രാർത്ഥനയും (1 രാജാ. 8) അതിന്റെ ദൈവശാസ്ത്രത്തെ വിളിച്ച് അറിയിക്കുന്ന തരത്തിലാണ്. പ്രതിഷ്ഠയ്ക്ക് ശേഷം നടത്തിയ ക്രമീകരണ ങ്ങൾ ഒക്കെ വളരെ വലുതാണ്. ഇതെല്ലാം ദൈവാലയമഹത്വം നമുക്ക് കാട്ടിത്തരു ന്നു. ഇന്ന് നാം ദൈവാലയമഹത്വം തിരിച്ചറിയണം. നമ്മുടെ പ്രാർത്ഥന സ്വർഗ്ഗ ത്തിൽ എത്തിക്കുന്ന ഗോവണിയായി ദേവാലയത്തെ കാണണം.

3. **ദൈവാശ്രയവും ദൈവാരാധനയും കൈവിട്ടാൽ നാശമായിരിക്കും ഫലം.**

   ശലോമോൻ വളരെ ദൈവകൃപ പ്രാപിച്ച് പ്രവർത്തനം ആരംഭിച്ചതാണ്. എന്നാൽ ലൗകിക സുഖങ്ങളും ആർഭാടങ്ങളും അദ്ദേഹത്തെ അധഃപതിപ്പിച്ചു. രാജാവ് സത്യ ദൈവാരാധനയിൽനിന്ന് അന്യദൈവാരാധനയിലേക്ക് വീണുപോയി. അവിടെ നാശം

ആരംഭിച്ചു. പിൻതുടർച്ചാവകാശി ഉണ്ടായി എങ്കിലും രാജ്യം പിൽക്കാലത്ത് വിഭജിക്കപ്പെട്ടു. പല അനിഷ്ട സംഭവങ്ങളും നടക്കുകയും ചെയ്തു. നാം പൂർണ്ണ സമർപ്പണത്തോടെ ദൈവാരാധനയിൽ മുഴുകിയാൽ ദൈവാനുഗ്രഹം ലഭിക്കും.

## നമുക്ക് പാടാം

(വി. വിവാഹകൂദാശയിലെ ഒരു ഗീതം)

ഉപമകളിൽ ശ്ലേമോൻ ചൊന്നാനേവം
ചാരുമുഖി പാരം നീ
ശ്ലാഘിക്കും നിൻ പ്രിയനേവൻ
എൻ നാഥൻ പതിനായിരമതിലുത്തമനാം
തൻ പൂങ്കാവാണിസ്രായേൽ
ശുഭ്രൻ യാക്കോബിൻ ലതയിൽ
രക്തൻ നറുദീൻ തൈലത്തിൽ
മൃദുലൻ ലബനോൻ കാരകലിൽ
പാർക്കിലിവൻ ദൈവസമൻ
വിശ്രുതനാമിവനെ നാം വാഴ്ത്തീടേണം

........................................................

## നമുക്ക് പ്രാർത്ഥിക്കാം

*സർവ്വശക്തനും സർവ്വവ്യാപിയും സർവ്വജ്ഞാനിയുമായ ദൈവമേ, ഞങ്ങൾ നിന്നെ ആരാധിക്കുന്നു. മഹാജ്ഞാനിയായ ശലോമോനും അവിടുത്തെ ശിഷ്യന്മാർക്കും നൽകിയ ജ്ഞാനം നൽകി ഞങ്ങളെ വഴിനടത്തണമേ. നന്മയും തിന്മയും തിരിച്ചറിയുവാനും, നിന്നിൽ ഞങ്ങളെത്തന്നെ സമർപ്പിച്ച് നന്മ പ്രവർത്തിപ്പാനും ഞങ്ങൾക്കിടയാകണമേ. അന്യവിശ്വാസത്തിലേക്ക് ഞങ്ങളുടെ ഹൃദയം ചായരുതേ. ഞങ്ങൾ പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുന്നു. ആമ്മീൻ.*

........................................................

## നിശ്ചയം

**സ്ഥിരമായി ദേവാലയത്തിൽ ആരാധനയിൽ പങ്കെടുക്കും.**
**ഏത് വലിയ സ്ഥാനത്ത് എത്തിയാലും സത്യദൈവത്തെ മറക്കാതെ ആരാധിച്ച് ഓർത്തഡോക്സ് സഭാവിശ്വാസിയായി ജീവിക്കും.**

........................................................

## നമുക്ക് ചിന്തിക്കാം

1. ശലോമോൻ യഥാർത്ഥത്തിൽ ആരുടെ പരിലാളനയിലാണ് വളർന്നു വന്നത്?
2. ദാവീദിന്റെ ഏത് മകന്റെ മരണത്തോടെയാണ് ശലോമോൻ രാജാവായത്?
3. ശലോമോന്റെ ജ്ഞാനം പ്രസിദ്ധമാക്കിയ ഒരു സംഭവം വിവരിക്കുക?
4. ശലോമോന്റെ ജ്ഞാനം പരിശോധിക്കാൻ വന്ന രാജ്ഞി ഏത്?
5. കുട്ടികളുമായി എത്തിയ അമ്മമാരിൽ ആരുടെ കുഞ്ഞാണ് ജീവനുള്ളത് എന്ന് ശലോമോൻ കണ്ടെത്തിയത് എങ്ങനെ?

6. ശലോമോനെ അഭിഷേകം ചെയ്തത് ആര്? എവിടെവച്ച്
7. ഒന്നാമത്തെ ദൈവാലയം നിർമ്മിച്ചത് ആര്?
8. ശലോമോന്റെ ജ്ഞാന പുസ്തകങ്ങൾ എന്തെല്ലാം?
9. യിസ്രയേലും ദൈവവും തമ്മിലുള്ള ബന്ധത്തെ വെളിവാക്കുന്ന പുസ്തകം ഏത്?
10. ശലോമോൻ ആരാധന നടത്തിയ അന്യദൈവങ്ങൾ ഏവ?

## പ്രവർത്തനങ്ങൾ

1. ശലോമോന്റെ ജ്ഞാനം വിവരിക്കുന്ന ലഘുനാടകം എഴുതി അവതരിപ്പിക്കുക.
2. 1 രാജാക്കന്മാർ 8-ാം അദ്ധ്യായം വായിച്ച് ദൈവാലയത്തെക്കുറിച്ച് സ്വന്തം വാക്യത്തിൽ രണ്ട് പേജ് ഉപന്യസിക്കുക.
3. ശലോമോന്റെ ജ്ഞാനപുസ്തകം വായിച്ച് സംഗ്രഹിക്കുക. മനസിൽ സ്പർശിച്ചത് ഒരു പേപ്പറിൽ കുറിക്കുക. (ഇതര കാനോനിക ഗ്രന്ഥങ്ങൾ നോക്കുക.)

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | 1 രാജാ. 2 |
| തിങ്കൾ | 1 രാജാ. 3 | 1 രാജാ. 4 |
| ചൊവ്വ | 1 രാജാ. 5 | 1 രാജാ. 6 |
| ബുധൻ | 1 രാജാ. 7 | 1 രാജാ. 8 |
| വ്യാഴം | 1 രാജാ. 9 | 1 രാജാ. 10 |
| വെള്ളി | 1 രാജാ. 11 | സഭാ. 1 |
| ശനി | 1 രാജാ. 12 | * |

പാഠം 6

# ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തുവും ശിഷ്യന്മാരും

**മുഖ്യസന്ദേശം:** നമ്മുടെ കർത്താവായ യേശുക്രിസ്തു മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തെഴുന്നേറ്റു. കർത്താവിന്റെ ഉയിർപ്പാണ് ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനം. ആ ഉയിർപ്പ് തന്റെ മണവാട്ടിയായ സഭയ്ക്കുവേണ്ടിയാണ്.

**മനഃപാഠവാക്യം:** "യേശു പിന്നെയും അവരോട് നിങ്ങൾക്ക് സമാധാനം പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു എന്ന് പറഞ്ഞു" (യോഹ. 20:21).

**പഠനസഹായികൾ:** ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെയും അതിനു സാക്ഷികളായ ശിഷ്യന്മാരുടെയും ചിത്രം.

## ആമുഖം

ലോകാത്ഭുതങ്ങളിൽ വേറിട്ടുനിൽക്കുന്ന ഒന്നാണ് മരിച്ച് അടക്കം ചെയ്യപ്പെട്ട വ്യക്തി സ്വയം കബറിൽനിന്ന് ഉയിർത്തെഴുന്നേറ്റു എന്നത്. സർവ്വ ബന്ധനങ്ങളെയും തകർത്ത് യേശുക്രിസ്തു ഉത്ഥാനം ചെയ്തു എന്നത് ചരിത്രസത്യമായി നിലനിൽക്കുന്നു. നമ്മുടെ കർത്താവിന്റെ ഉയിർപ്പ് ഉളവാക്കിയ വിസ്മയവും ശിഷ്യന്മാരിൽ ചെലുത്തിയ സ്വാധീനവും ഇന്ന് നമുക്ക് പഠിക്കാം.

## പാഠഭാഗം

കർത്താവിന്റെ ക്രൂശുമരണം ശിഷ്യന്മാരിൽ ഭയവും സുരക്ഷിതത്വമില്ലായ്മയും ഉളവാക്കി. ഭയംനിമിത്തം അവർ പുറത്തിറങ്ങാതെ ഒരുമിച്ചിരുന്നു. പ്രതികൂലതകളുടെ മധ്യത്തിൽ ശിഷ്യന്മാർ ഐക്യത്തോടെ കഴിഞ്ഞപ്പോൾ ഉയിർപ്പിന്റെ സന്ദേശവുമായി കർത്താവ് കടന്നുവന്നു. നിങ്ങൾക്കു സമാധാനം എന്നുപറഞ്ഞു. തുടർന്നു കർത്താവ് തന്റെ കയ്യും വിലാപ്പുറവും അവരെ കാണിച്ചു. കർത്താവിനെ കണ്ടതിൽ ശിഷ്യന്മാർ സന്തോഷിച്ചു. പിന്നെയും അവൻ നിങ്ങൾക്ക് സമാധാനം പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു എന്ന് പറഞ്ഞു. പിന്നീട് കർത്താവ് അവരുടെ മേൽ ഊതി അവരോട് "പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ, ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവർക്ക് മോചിക്കപ്പെട്ടിരിക്കും, ആരുടെ പാപങ്ങൾ നിർത്തുമോ അവർക്ക് നിർത്തിയിരിക്കും" എന്ന് പറഞ്ഞു (വി. യോഹ. 20:23).

ഉത്ഥിതനായ ക്രിസ്തു ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ട ആദ്യസംഭവമാണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. നിരാശരും ദുഃഖിതരും ദരിദ്രരും ആയിരുന്നവർക്ക് യേശുവിന്റെ സാന്ത്വന സ്പർശനം ആശ്വാസമായിരുന്നു. ശിഷ്യന്മാരുടെ അവിശ്വാസവും പിന്മാറ്റവും തകർച്ചയും യേശുവിന്റെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നില്ല. ഇത്തരം നിഷേധാത്മക ഭാവങ്ങളിൽനിന്ന് അവരെ സ്വതന്ത്രരാക്കി പ്രവർത്തനനിരതരാക്കുന്നതിന് യേശുവിന് കഴിഞ്ഞു. പരാജയത്തിന്റേയും ഭീതിയുടേയും കരിനിഴലിൽ ആത്മശക്തി ചോർന്നുപോയ ശിഷ്യന്മാരുടെമേൽ യേശു തന്റെ ശ്വാസം ഊതി പാപങ്ങൾ മോചിക്കുന്നതിനും പിതാവിന്റെ പ്രേഷിത പ്രവർത്തനം ചെയ്യുന്നതിനും അവരെ നിയോഗിച്ചു. പരാജയപ്പെടുന്നവരേയും നിരാശരേയും ആണ് കർത്താവ് ഇതിനു നിയോഗിച്ചത് എന്നത് ശ്രദ്ധേയ

മാണ്. പരാജയത്തെ അതിജീവിക്കുന്ന ദൈവസാന്നിധ്യം അപ്പോൾ അവർക്ക് അനുഭവവേദ്യമായി.

ആദ്യനൂറ്റാണ്ടിലെ ക്രൈസ്തവർ സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക ക്ലേശങ്ങളിലൂടെ കടന്നുപോയപ്പോഴാണ് ഈ സുവിശേഷം അവർക്ക് നൽകപ്പെട്ടത്. വേദനകളുടെയും, ക്ലേശങ്ങളുടെയും മദ്ധ്യത്തിൽ ഉയിർത്തെഴുന്നേൽപ്പിനെക്കുറിച്ച് അവർക്ക് നിശ്ചയമുണ്ടായിരുന്നു. മനുഷ്യജീവിതത്തിന്റെ അവിഭാജ്യഘടകമാണ് കുരിശ്. നാം അവന്റെ ഉയിർപ്പിന്റെ സാക്ഷികളായാലും ക്രൂശ് ഒഴിവാക്കാവുന്നതല്ല. ക്രൂശിലൂടെ ഉയിർപ്പിനെ അനുഭവിപ്പാൻ ക്രിസ്തു നമ്മെ ക്ഷണിക്കുന്നു. ഇവിടെ ശിഷ്യന്മാർ സഭയെ പ്രതിനിധാനം ചെയ്യുന്നു. ക്രിസ്തു, സഭയ്ക്കുവേണ്ടി ഉയിർത്തെഴുന്നേറ്റിരിക്കുന്നു. തന്റെ ദൗത്യം തുടരുവാനും, പീഡകൾ ഏൽക്കുവാനും അതുവഴി സമാധാനം പ്രാപിക്കുവാനും ദൈവകൃപയിൽ നമുക്ക് ശരണപ്പെടാം.

യേശുക്രിസ്തുവിന്റെ ഉയിർപ്പ് ഉണ്ടായിരുന്നില്ല എങ്കിൽ നാം ഇന്ന് സത്യദൈവാരാധനയിൽ വരികയില്ലായിരുന്നു. യേശുക്രിസ്തുവിന്റെ ഉയിർപ്പ് മരണത്തെയും സാത്താന്റെ ശക്തിയെയും ഇല്ലായ്മ ചെയ്തു. യേശുക്രിസ്തുവിന്റെ ഉയിർപ്പിന്റെ പ്രത്യാശയാണ് ക്രൈസ്തവ ജീവിതത്തിന്റെ അടിസ്ഥാനം. അതിനാൽ തന്നെ ക്രൂശുമരണത്തെ സ്മരിക്കുന്നതിനോടൊപ്പം ഉയിർപ്പിൽ വിശ്വസിക്കുവാനും ഏറ്റുപറഞ്ഞ് ജീവിക്കുവാനും നമുക്ക് ചുമതലയുണ്ട്.

യേശുക്രിസ്തുവിന്റെ ഉയിർപ്പ് പരിശുദ്ധ സഭയ്ക്കും അതിന്റെ മക്കൾക്കും വേണ്ടിയാണ്. യേശുക്രിസ്തുവിന്റെ ഉയിർപ്പ് മൂലമാണ് ഉയിർപ്പിന്റെ പ്രത്യാശ ലോകത്തിന് ലഭ്യമായത്. മരണത്തിന് ശേഷം ശക്തിയോടെ ഉയിർപ്പ് ഉണ്ടെന്ന് തെളിയിച്ചത് നമ്മുടെ യേശുവാണ്. തന്റെ പിതാവിന്റെ അടുക്കൽനിന്ന് ജനനം, മരണം എന്നീ മാർഗ്ഗങ്ങളിൽകൂടെ സഞ്ചരിച്ച് സൃഷ്ടിയെ വീണ്ടെടുത്തതാണ് ഉയിർപ്പിന്റെ യഥാർത്ഥ സന്ദേശം.

## നമുക്ക് പാടാം

മോദിക്ക വിശുദ്ധ സഭേ നമ്മുടെ നാഥൻ
മൂന്നാംനാളിൽ ജീവിച്ചാ കബറീന്നെഴുന്നേറ്റാൻ
പാപത്തെക്കൊലയാൽ കൊന്നാൻ മൃതിയേ മൃതിയാൽ
ക്രോബകൾ കുന്തം താനേറ്റ കുന്തത്താൽ നീക്കി
തൻ കബറാൽ - തീർത്താൻ കബർനാശം
തന്നുത്ഥാ - നാലിങ്ങുയിരേകി
ഏറ്റിവ താൻ പോക്കി വഴിത്തെറ്റെല്ലാം ഞങ്ങളുടെ

.........................................................

## നമുക്ക് പ്രാർത്ഥിക്കാം

*ഞങ്ങൾക്കുവേണ്ടി ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്ന യേശുകർത്താവേ,*
*നിന്റെ സ്നേഹത്തിൽ ഞങ്ങളെ സ്ഥിരപ്പെടുത്തേണമേ.*
*നിന്നോടുള്ള ഭക്തി ഞങ്ങളിൽ വർദ്ധിപ്പിക്കണമേ.*
*ഞങ്ങളുടെ സുകൃത നടപടികൾമൂലം അനേകർ നിന്റെ ഉയിർപ്പിൽ*
*വിശ്വസിക്കുവാനും ഏറ്റുപറയാനും ഇടയാക്കണമേ.*
*ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും*
*സ്തുതിയും സ്തോത്രവും എന്നും സമർപ്പിക്കും. ആമ്മീൻ.*

.........................................................

## നിശ്ചയം

**യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റ് ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നു എന്ന് ഞാൻ ഉറച്ച് വിശ്വസിച്ച് ജീവിക്കും.**
**യേശുക്രിസ്തുവിന്റെ ത്യാഗപൂർണ്ണമായ സ്നേഹത്തെ എന്നും ഞാൻ അനുസ്മരിക്കും. ഒപ്പം എല്ലാ ഉയിർപ്പു ശുശ്രൂഷകളിലും ഞാൻ ഉത്സാഹമായി പങ്കെടുക്കും.**

........................................................

## നമുക്ക് ചിന്തിക്കാം

1. ക്രൂശീകരണത്തിനുശേഷമുള്ള ശിഷ്യന്മാരുടെ വികാരങ്ങൾ എന്തായിരുന്നിരിക്കാം?
2. ഉത്ഥിതനായ ക്രിസ്തു നൽകുന്ന ആദ്യസന്ദേശം എന്താണ്?
3. യേശുക്രിസ്തുവിനെ കണ്ടപ്പോൾ ശിഷ്യന്മാരുടെ ആദ്യപ്രതികരണം എന്താണ്?
4. യേശു തന്റെ ശിഷ്യന്മാർക്ക് പരിശുദ്ധാത്മാവിനെ നൽകിയത് എങ്ങനെ?
5. ഉത്ഥിതനായ യേശുക്രിസ്തുവിനെ ഈ ലോകത്തിൽ പ്രതിനിധാനം ചെയ്യുന്നതെന്ത്?
6. യേശുക്രിസ്തു ഉയിർത്തില്ലായിരുന്നു എങ്കിൽ സഭയ്ക്ക് നിലനില്പ് ഉണ്ടാകുമായിരുന്നോ? കാരണമെന്ത്?

## പ്രവർത്തനങ്ങൾ

1. വിദ്യാർത്ഥികൾ പരസ്പരം 'യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റ് നമുക്കുവേണ്ടി ജീവിക്കുന്നു' എന്നും, പ്രതിവാക്യമായി 'സത്യമായി താൻ ഉയിർത്തെഴുന്നേറ്റു' എന്നും പറയുക.
2. ഉയിർപ്പുദിവസം വിശുദ്ധ ആരാധനയിൽ പറയുന്ന പ്രഖ്യാപനവും പ്രതിവാക്യവും മനഃപാഠമാക്കുക.
3. ഒരു ദിവസം ഒരു വ്യക്തിയോടെങ്കിലും യേശുക്രിസ്തു മരിച്ച് ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്നു എന്ന് പറയുക.

### തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | യോഹന്നാൻ 18:1-20 |
| തിങ്കൾ | യോഹന്നാൻ 15:11-19 | യോഹന്നാൻ 16:1-8 |
| ചൊവ്വ | ലൂക്കോസ് 24:21-12 | യോഹന്നാൻ 20:1-8 |
| ബുധൻ | 1 പത്രോസ് 5:5-14 | റോമർ 16:1-16 |
| വ്യാഴം | അ. പ്ര. 2:22-36 | 1 കൊരി. 15:1-19 |
| വെള്ളി | ലൂക്കോസ് 24:13-35 | യോഹന്നാൻ 2:18-25 |
| ശനി | മർക്കോസ് 15:37-47 | * |

പാഠം 7

# എമ്മാവുസിലേക്കുള്ള യാത്ര

(വി. ലൂക്കോസ് 24:13-35)

**മുഖ്യസന്ദേശം:** കർത്താവ് എപ്പോഴും നമ്മുടെ സഹയാത്രികനാണ്. ഹൃദയം നുറുങ്ങിയവർക്ക് സമീപസ്ഥനും നമ്മുടെ ഭാരങ്ങൾക്കും ആകുല ചിന്തകൾക്കും അറുതി വരുത്തുന്നവനുമാണ്.

**മനഃപാഠവാക്യം:** "ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോട് കൂടെ ഉണ്ട് എന്ന് അരുളിച്ചെയ്തു" (വി. മത്തായി 28:20).

**പഠനസഹായികൾ:** പാലസ്തീന്റെ ഭൂപടം (എമ്മാവുസ് രേഖപ്പെടുത്തിയിരിക്കണം), ഗ്രാമവും യെരുശലേം പട്ടണവും രേഖപ്പെടുത്തിയ ചിത്രം.

## ആമുഖം

നിങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ട കുടുംബത്തിലെ ഒരംഗം പെട്ടെന്നു മരിച്ചുപോയാൽ നിങ്ങളെങ്ങനെയാണ് ആ സാഹചര്യത്തോട് പ്രതികരിക്കുക? ദുരന്തപൂർവ്വമായ സാഹചര്യങ്ങളിൽ വേദനയും ദുഃഖവും നിരാശയും, സുരക്ഷിതത്വബോധമില്ലായ്മയും ഒക്കെയായിരിക്കും തോന്നുക അല്ലേ? എന്നാൽ മരിച്ചുപോയവർ വീണ്ടും സജീവരായി ജീവിതത്തിലേക്കു മടങ്ങി വന്നാലുണ്ടാകുന്ന സന്തോഷം പങ്കുവെയ്ക്കുവാൻ കഴിയുമോ? യേശുതമ്പുരാന്റെ ക്രൂശുമരണത്തിനുശേഷം ശിഷ്യന്മാർക്ക് സമ്മിശ്രമായി ഭയം, ദുഃഖം, നിരാശ എന്നീ വികാരങ്ങൾ ഉണ്ടായി. പരിഭ്രമവും പരാജയഭീതിയുമെല്ലാം അവരെ ജീവിതത്തിൽനിന്ന് പിന്നോക്കം പോകുന്ന അവസ്ഥയിലെത്തിച്ചു. എന്നാൽ കർത്താവ് ഉയിർത്തെഴുന്നേറ്റ് അവരോട് ചേർന്ന് അവരെ ധൈര്യപ്പെടുത്തി നിയോഗങ്ങളിൽ ഉറപ്പിച്ചുനിർത്തി.

## പാഠഭാഗം

യേശുവിന്റെ ക്രൂശുമരണം കഴിഞ്ഞ് മൂന്നുദിവസം കഴിഞ്ഞാണ് ഇന്നു പഠിക്കാൻ പോകുന്ന സംഭവം നടന്നത്. കർത്താവിന്റെ മരണത്തെക്കുറിച്ച് പലവിധ കഥകളും പ്രചരിച്ചു. മൂന്നാം ദിവസം മൃതദേഹത്തിൽ സുഗന്ധലേപനം നടത്താനെത്തിയ സ്ത്രീകൾ അവന്റെ പുനരുത്ഥാനവാർത്ത ആദ്യം അറിഞ്ഞു. ഈ വാർത്ത കേട്ട ശിഷ്യന്മാർക്ക് ഭയവും പരിഭ്രമവും ഉണ്ടായി. അന്നു തന്നെ അവരിൽ രണ്ട് പേർ യെരുശലേമിൽനിന്ന് എമ്മാവുസിലേക്ക് യാത്ര ചെയ്തതിന്റെ വിവരണമാണ് ഇന്നത്തെ പാഠഭാഗത്ത് വിവരിക്കുന്നത്.

യെരുശലേമിൽനിന്ന് ഏഴ് നാഴിക (ഏകദേശം 11 കി.മീ.) ദൂരമുള്ള ഗ്രാമമാണ് എമ്മാവുസ്. രണ്ട് ശിഷ്യന്മാരിൽ ഒരുവന്റെ പേര് ക്ലെയോപ്പാവ് എന്നായിരുന്നു. പിന്മാറ്റത്തിന്റെയും പ്രത്യാശയില്ലായ്മയുടെയും ഒരു യാത്രയായിരുന്നു അത്. അവർ പരസ്പരം വാദിക്കുകയും തർക്കിക്കുകയും ചെയ്തു. അവരോട് ചേർന്ന് യേശു നടന്നു. അവനെ അറിയാതെവണ്ണം അവരുടെ കണ്ണ് നിരോധിച്ചിരുന്നു (വി. ലൂക്കോസ് 24:16). വാടിയ മുഖത്തോടുകൂടി നടന്ന അവരോട് യേശു കാര്യങ്ങൾ തിരക്കി. യേശുവിനെപ്പറ്റി അവർ അവനോടു പറഞ്ഞു. ക്ലെയോപ്പാ വാക്കിലും പ്രവൃത്തിയിലും അതുല്യനെന്ന് അവർ വിശ്വസിച്ചിരുന്ന യേശുവിനെ മഹാപുരോഹിതന്മാർ മരണശിക്ഷയ്ക്ക് വിധിച്ച് ക്രൂശിച്ച കാര്യവും - പിന്നീട് കല്ലറ സന്ദർശിച്ച സ്ത്രീകൾ, ദൂതന്മാർ പറഞ്ഞപ്രകാരം അവൻ ജീവിച്ചിരിക്കുന്നു എന്നു പറഞ്ഞ കാര്യവും പറഞ്ഞു.

## തിരികെ യെരുശലേമിലേക്ക്

അവർ യേശുവിനോട് സംസാരിച്ചപ്പോൾ യേശു അവരുടെ അജ്ഞാനത്തെയും, ഹൃദയകാഠിന്യത്തെയും ശാസിച്ചു. പ്രവാചകന്മാരിൽനിന്നും തിരുവെഴുത്തുകളിൽനിന്നും ക്രിസ്തുവിന്റെ കഷ്ടാനുഭവവും മഹത്വപ്രവേശനവും അവർക്ക് വ്യാഖ്യാനിച്ചുകൊടുത്തു. അത് യേശുവാണെന്ന് അവർ തിരിച്ചറിഞ്ഞിരുന്നില്ല. ദിവസം വൈകിയപ്പോൾ അവരോടുകൂടി പാർക്കുവാൻ അവർ യേശുവിനെ നിർബന്ധിച്ചു.

യേശു അവരോടൊപ്പം പോയി. ഭക്ഷണം കഴിക്കാൻ ഇരുന്നപ്പോൾ അവൻ അപ്പമെടുത്ത് വാഴ്ത്തി അവർക്ക് കൊടുത്തു അതു ഭക്ഷിച്ചപ്പോൾ അവരുടെ കണ്ണ് തുറന്നു. എന്നാൽ ഈ സമയത്ത് യേശു അവരുടെ കണ്ണുകൾക്ക് അപ്രത്യക്ഷനായി. തങ്ങളുടെയൊപ്പം ഉണ്ടായിരുന്നത് യേശു എന്നവർ തിരിച്ചറിഞ്ഞു. വഴിയിൽവെച്ച് യേശു തിരുവെഴുത്തുകളുടെ വ്യാഖ്യാനം നടത്തിയപ്പോൾ അവരുടെ ഹൃദയത്തിൽ അത് പതിഞ്ഞത് അവർ ഓർത്തു. തങ്ങൾ എങ്ങോട്ട് പോവുകയായിരുന്നു എന്ന കാര്യം അവർ വിസ്മരിച്ചു. ലഭിച്ച പുതിയ ശക്തിയാൽ അവർ ഉടൻ തന്നെ എഴുന്നേറ്റ് യെരുശലേമിലേക്ക് മടങ്ങിപ്പോന്നു. തങ്ങളുടെ ജീവിതം വീണ്ടും അവർ ക്രിസ്തുവിനായി സമർപ്പിച്ചു. അവനുവേണ്ടി പ്രവർത്തിച്ചു.

ക്രിസ്തുവിനെ കണ്ടെത്തിയാൽ ജീവിതത്തിൽ രൂപാന്തരം ഉണ്ടാകും. ക്രിസ്തുവിനെ അറിഞ്ഞവർ നന്മയിൽ ജീവിക്കണം. തിന്മയുടെ മാർഗ്ഗത്തിലേക്ക് വീണ്ടും യാത്ര ചെയ്യരുത്. നാം തള്ളിക്കളഞ്ഞാലും നമ്മോടൊപ്പമെത്തി നമ്മെ കരുതുന്നവനാണ് നമ്മുടെ കർത്താവ്. നമ്മുടെ ആവശ്യങ്ങൾ അറിഞ്ഞ് അത് നൽകുന്നവനാണ് കർത്താവ്. ജീവിതത്തിലെ പ്രതികൂലതകളിലും പരാജയങ്ങളിലും നമ്മെ കൈവിടുന്നവനല്ല നമ്മുടെ കർത്താവ്. വാഴ്ത്തി ലഭിക്കുന്ന വി. കുർബ്ബാന ക്രിസ്തുദർശനത്തിന് ഇടയാക്കും. അനുദിനജീവിതത്തിൽ തിരുവെഴുത്തുകൾ പഠിക്കുവാനും ധ്യാനിക്കുവാനും ശ്രദ്ധിക്കണം. നമുക്കുള്ളത് മറ്റുള്ളവർക്കുകൂടി പങ്കുവെക്കുമ്പോഴാണ് നാം യഥാർത്ഥത്തിൽ ക്രിസ്തുശിഷ്യന്മാരാകുന്നത്.

### നമുക്കു പാടാം

(യജമാനൻ വരുമന്നേരം......... എന്നപോലെ)

യേരുശലേം വഴി ഇരുശിഷ്യർ പോയീടുമ്പോൾ
കർത്താവവരുടെ മദ്ധ്യേ നിന്നേവം ചോദിച്ചു
 എങ്ങനെ മൃതനായി നിങ്ങടെ ഗുരുനാഥൻ
 പുനരുത്ഥാനം ചെയ്താനവനെന്നാർ
യാത്രാന്ത്യത്തിലവർക്കപ്പം വാഴ്ത്തി താനംശി
ച്ചേകുന്നേരം വേഗമവർക്കവനാരെന്നറിവായ്
ഹാലേലുയ്യാ-ഹാലേലുയ്യാ

..........................................................

## നമുക്ക് പ്രാർത്ഥിക്കാം

*സ്നേഹവാനായ ദൈവമേ, ഞങ്ങൾ നിന്നെ വാഴ്ത്തുന്നു.*
*നീ നിന്നെത്തന്നെ ഞങ്ങൾക്ക് വെളിപ്പെടുത്തി ഞങ്ങളോട് കൂടെ വസിച്ച്*
*ഞങ്ങൾക്ക് ആവശ്യമായത് എല്ലാം ഇന്നുവരെയും നൽകുന്നവൻ ആണ്.*
*ഞങ്ങൾ നിന്നെ തള്ളിപ്പറഞ്ഞാലും നീ ഞങ്ങളെ എപ്പോഴും സ്നേഹിക്കുന്നവനാണ്.*
*നിന്റെ സ്നേഹത്തിൽ വസിച്ച് നിനക്ക് കൊള്ളാവുന്നവരായി ലോകത്തിൽ*
*നല്ല സാക്ഷ്യമുള്ളവരായി കാണപ്പെടുവാൻ ഞങ്ങൾക്കിടയാകണമേ.*
*ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും*
*സ്തുതിയും സ്തോത്രവും എന്നും കരേറ്റും. ആമ്മീൻ.*

**നിശ്ചയം**

**ദൈവം വാഴ്ത്തിത്തരുന്ന അപ്പം എന്റെ ജീവിതത്തിന്റെ സത്യത്തെ തെളിയിക്കുന്നതിനാൽ ഞാൻ സ്ഥിരമായി വി. കുർബ്ബാന അനുഭവിക്കും. ഏത് പ്രതിസന്ധികളിലും ദൈവത്തെ മറന്ന് ഞാൻ ജീവിക്കില്ല.**

.........................................................

## നമുക്ക് ചിന്തിക്കാം

1. യേശുവിന്റെ ക്രൂശാരോഹണത്തിന്റെ എത്രാം ദിവസമാണ് രണ്ടു ശിഷ്യന്മാർ എമ്മാവുസിലേക്കു പോയത്?
2. യെരുശലേമിൽനിന്ന് എമ്മാവുസിലേക്കുള്ള ദൂരം എത്ര?
3. യേശുവിനോട് സംസാരിച്ചവരിൽ ഒരാളുടെ പേര് എന്ത്?
4. എന്തുകൊണ്ടാണ് അവർ യേശുവിനെ തിരിച്ചറിയാതിരുന്നത്?
5. യേശു ഏത് വേദഭാഗത്തുനിന്നാണ് തന്നെക്കുറിച്ച് അവർക്ക് വ്യാഖ്യാനിച്ച് കൊടുത്തത്?
6. യേശു അപ്പമെടുത്ത് അവർക്ക് കൊടുക്കുന്നതിന് മുമ്പ് എന്ത് ചെയ്തു?
7. എമ്മാവുസിലേക്ക് യാത്രതിരിച്ച അവർ യേശുവിനെ തിരിച്ചറിഞ്ഞപ്പോൾ അവരുടെ യാത്ര എവിടേക്കാക്കി?

## പ്രവർത്തനങ്ങൾ

1. എമ്മാവുസ് യാത്ര ഒരു സ്കിറ്റായി അവതരിപ്പിക്കുക.
2. നിങ്ങളുടെ ജീവിതത്തിൽ ഉണ്ടായിട്ടുള്ള എമ്മാവുസ് അനുഭവങ്ങൾ പങ്കുവെയ്ക്കുക.
3. എമ്മാവുസ് യാത്രയിൽ യേശു ചെയ്ത കാര്യങ്ങൾ മാത്രം ഒരു പേപ്പറിൽ എഴുതുക. (*ഉദാ.* ഒപ്പം നടന്ന യേശു)

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | ലൂക്കോസ് 24:13-35 |
| തിങ്കൾ | ലൂക്കോസ് 5:27-39 | യോഹന്നാൻ 6:47-58 |
| ചൊവ്വ | 1 യോഹന്നാൻ 5:13-21 | എബ്രായർ 11:1-6 |
| ബുധൻ | ലൂക്കോസ് 24:36-53 | എഫേസ്യർ 4:1-16 |
| വ്യാഴം | അ. പ്ര. 1:1-11 | മർക്കോസ് 16:1-20 |
| വെള്ളി | മർക്കോ 10:13-31 | അ. പ്ര. 21:1-16 |
| ശനി | മത്തായി 10:17-22 | * |

പാഠം 8

# എന്റെ കർത്താവും എന്റെ ദൈവവുമേ

(വി. യോഹ. 20:24-29)

**മുഖ്യ സന്ദേശം:** വി. തോമ്മാശ്ലീഹാ ഏറ്റുപറഞ്ഞ വിശ്വാസം നമ്മുടെ ഓരോരുത്തരുടേയും വിശ്വാസപ്രഖ്യാപനമാണെന്ന് തിരിച്ചറിയുക.

**മനഃപാഠവാക്യം:** "ഞാൻതന്നെ വഴിയും സത്യവും ജീവനും ആകുന്നു. ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല" (വി. യോഹ. 14:6).

**പഠനസഹായികൾ:** അപ്പോസ്തോലന്മാരുടെ പേരുകൾ ഉൾക്കൊള്ളുന്ന ഒരു ചാർട്ട്, തോമസ് അപ്പോസ്തോലന്റെ ഒരു ചിത്രം (വിലാപ്പുറത്ത് കൈവച്ച് നോക്കുന്നത്), തോമസ് അപ്പോസ്തോലന്റെ മൂന്നു പ്രസ്താവനകൾ അടങ്ങിയ മറ്റൊരു ചാർട്ട്.

## ആമുഖം

സംശയാലുവായ തോമ്മാശ്ലീഹാ (Doubting Thomas) - എന്ന പ്രയോഗം നമ്മൾ പലപ്പോഴും ഉപയോഗിക്കാറില്ലേ? കേട്ടിട്ടില്ലേ? ശാസ്ത്രം എന്തിന്റെയും തെളിവ് ആവശ്യപ്പെടുന്നു. ശാസ്ത്രത്തിന്റെ അടിസ്ഥാനം തന്നെ തെളിവാണ്. അതുകൊണ്ടുതന്നെ അത് മാറിക്കൊണ്ടിരിക്കും. ഭൂമി പരന്നതാണ് എന്ന് ഒരു കാലത്ത് പഠിപ്പിച്ചിരുന്നു. പിന്നീട് ഭൂമി ഉരുണ്ടതാണ് എന്ന് പഠിപ്പിച്ചു. എന്നാൽ വിശ്വാസം അങ്ങനെയല്ല. അത് വ്യക്തിപരമായ അനുഭവമാണ്.

## പാഠഭാഗം

കർത്താവ് ഉയിർത്തെഴുന്നേറ്റ് ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടപ്പോൾ അവരുടെ കൂട്ടത്തിൽ (വി. യോഹ 20:19-24) തോമസ് അപ്പോസ്തോലൻ ഉണ്ടായിരുന്നില്ല. ഈ സംഭവം വിവരിച്ച സഹശിഷ്യന്മാരോട് ഗുരുവിന്റെ തിരുമുറിവുകൾ കാണുകയും അവയെ സ്പർശിക്കുകയും ചെയ്യാതെ വിശ്വസിക്കുകയില്ല എന്ന് തോമസ് പ്രതിവചിച്ചു (വി.യോഹ 20:25). മൂന്നരവർഷക്കാലം തന്റെ അരുമനാഥനോടൊത്തു ജീവിച്ചുവളർന്ന തനിക്കു മറ്റുള്ളവരെപ്പോലെ കർത്താവിനെ കാണുവാൻ മാത്രമല്ല അവന്റെ മുറിവുകളിൽ സ്പർശിക്കണം എന്നതുകൂടിയാണ് അദ്ദേഹത്തിന്റെ ആഗ്രഹം. എട്ടു ദിവസം കഴിഞ്ഞ് കർത്താവ് വീണ്ടും ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടുന്നു. അപ്പോൾ തോമ്മാശ്ലീഹായുടെ പ്രത്യേക ആഗ്രഹം നിറവേറ്റിക്കൊടുക്കുകയും ചെയ്തു (വി. യോഹ. 20:26-29).

മരിച്ച ഒരാളിന്റെ ഉയിർത്തെഴുന്നേൽപ്പ് സാധാരണ ബുദ്ധിക്ക് ഉൾക്കൊള്ളുവാൻ കഴിയാത്ത ഒരു സംഭവമായിരുന്നതിനാൽ ശിഷ്യരെ അതിൽ ഉറപ്പിക്കപ്പെടേണ്ടത് ആവശ്യമായിരുന്നു. തോമസ് അപ്പോസ്തോലൻ ഒരു സാധാരണ മനുഷ്യൻ ആയിരുന്നു. തന്റെ മുറിപ്പാടുകൾ കാട്ടിക്കൊടുത്ത് തോമ്മാശ്ലീഹായുടെ വിശ്വാസത്തെ യേശു ഉറപ്പിച്ചു. അതുപോലെതന്നെ നമ്മെയും സ്നേഹത്തിലും വിശ്വാസത്തിലും കർത്താവ് ഉറപ്പിക്കുന്നു.

ഇവിടെ വിശ്വാസത്തിന് മുന്നോടിയാണ് സന്ദേഹം. ഈ സന്ദേഹം വിശ്വാസത്തിനെതിരല്ല, പകരം വിശ്വാസത്തിന്റെ ഘടകമായിത്തീരുന്നു എന്ന് ഈ വേദഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നു. തോമസ് എപ്പോഴും മറ്റ് ശിഷ്യന്മാരുടെ ജീവിതരീതികളിൽനിന്നും വ്യത്യസ്തനായിരുന്നു. യേശുവിനോടുകൂടെ മരിക്കുവാൻ തയ്യാറായവനായിരുന്നു അദ്ദേഹം (വി. യോഹ. 11:16). സംശയം ഉണ്ടായാൽ അദ്ദേഹം തുറന്നു ചോദിക്കുന്ന ഉദാഹരണ

മുണ്ട് (വി. യോഹ. 14:5). തോമസ് അപ്പോസ്തോലന്റെ ജിജ്ഞാസ പക്വതയുടെ അടയാളമാണ്. അതുകൊണ്ട് കർത്താവ് തന്റെ ആണിപ്പാടുകളും വിലാപ്പുറവും കാണുവാൻ തോമസിനെ അനുവദിക്കുന്നു. തോമ്മാശ്ലീഹായുടെ ആത്മാർത്ഥമായ സമീപനമാണ് കർത്താവിനെ അവനുമായി അടുപ്പിച്ചത്. ആ ദിവ്യസ്പർശനം വിശ്വാസത്തിന്റെ ഒരു നവദർശനമായി 'എന്റെ കർത്താവും എന്റെ ദൈവവുമേ' എന്ന പ്രഖ്യാപനത്തിന് വഴിയൊരുക്കി. അത് സഭയുടെ പ്രധാന വിശ്വാസപ്രമാണമായി അംഗീകരിക്കപ്പെട്ടു. തോമ്മാശ്ലീഹായുടെ ജിജ്ഞാസാപരമായ നിലപാടാണ് അദ്ദേഹത്തെ ഇന്ത്യയിലേക്ക് എത്തിച്ചത്. മാർത്തോമ്മായുടെ പ്രഖ്യാപനം കാതോലിക്കേറ്റിന്റെ ചിഹ്നത്തിൽ ആലേഖനം ചെയ്തിരിക്കുന്നു. ഇന്ത്യയുടെ അപ്പോസ്തലനായ തോമ്മാശ്ലീഹാ ഏഡി 72-ൽ രക്തസാക്ഷിത്വം വരിച്ച് ഭാരതത്തിന്റെ മണ്ണിൽ അടക്കപ്പെട്ടു.

ഭാരതത്തിന്റെ അപ്പോസ്തോലൻ മാർത്തോമാശ്ലീഹായാണ്. ഭാരതത്തിൽ സഭ സ്ഥാപിച്ചത് അദ്ദേഹമാണ്. ഭാരതത്തിലെ എല്ലാ ക്രിസ്ത്യാനികളും മറ്റെല്ലാ അപ്പോസ്തോലന്മാരെക്കാളും യേശുക്രിസ്തുവുമായുള്ള ബന്ധത്തിന് തോമ്മാശ്ലീഹായോട് കടപ്പെട്ടിരിക്കുന്നു. ഹൃദയപൂർവ്വമായ ആഗ്രഹങ്ങളെ കർത്താവ് മാനിക്കുന്നു. കർത്താവിനെ 'എന്റെ കർത്താവും എന്റെ ദൈവവുമേ' എന്ന് എപ്പോഴും പ്രഖ്യാപിക്കുന്നത് ഭാഗ്യമാണ്. തോമാശ്ലീഹാ നടത്തിയ സാക്ഷ്യജീവിതം ഇന്ന് നമ്മൾ തുടരണം. തോമാശ്ലീഹാ അവിശ്വാസിയല്ല, മറിച്ച് ജിജ്ഞാസ നിറഞ്ഞ വിശ്വാസിയാണ്. ഇന്നത്തെ പാഠഭാഗം സാധാരണയായി ആരാധനയിൽ വായിക്കുന്നത് ഏതെല്ലാം ദിവസങ്ങളിലാണ്?

## നമുക്ക് പാടാം

(പുതുഞായറാഴ്ച എവൻഗേലിയോന് ശേഷം പാടുന്ന
യജമാനൻ വരുമന്നേരത്ത് എന്ന രീതിയിൽ ഉള്ള ഗീതം)

സന്ദേഹിച്ചതിനാൽ പാടേ - സന്ദേഹം തീർത്ത
മർത്തോമ്മതൻ സ്മൃതിനിത്യം ഘോഷിച്ചീടട്ടെ
കുമ്പിട്ടേവം - താനേറ്റുപറഞ്ഞാൻ
ഭംഗം കൂടാ - തേക സുതൻ നീ താൻ
സത്യം നീ മമ കർത്താവും സർവ്വേശനുമല്ലോ
കണ്ടാലും തൽ സ്മൃതി സഭയിൽ കൊണ്ടാടിടുന്നു.
ഹാലേലുയ്യാ.തൽ പ്രാർത്ഥന ശരണം.

.........................................................

## നമുക്ക് പ്രാർത്ഥിക്കാം

*സ്നേഹവാനായ ദൈവമേ, അവിടുത്തെ ഇഷ്ടശിഷ്യനും*
*ഭാരതത്തിന്റെ അപ്പോസ്തോലനുമായ വിശുദ്ധ തോമ്മാശ്ലീഹാ അവിശ്വാസിയല്ല*
*ജിജ്ഞാസ നിറഞ്ഞ വിശ്വാസിയാണെന്ന് ഞങ്ങളെ പഠിപ്പിച്ചതിനാൽ*
*ഞങ്ങൾ നിന്നെ സ്തുതിക്കുന്നു ആ പിതാവിനെ പോലെ വിശ്വാസത്തിൽ*
*ജീവിക്കുവാനും ഭാരതത്തിൽ അദ്ദേഹത്തിന്റെ സാക്ഷ്യവും പിൻതുടർച്ചയും*
*നിലനിർത്തുവാനും ഞങ്ങളെ സഹായിക്കേണമേ.*
*പരിശുദ്ധ സഭയുടെ കല്പനകളെ അനുസരിച്ച് തോമ്മാശ്ലീഹായുടെ*
*പിൻഗാമിയായ മലങ്കര ഓർത്തഡോക്സ് സഭയുടെ കാതോലിക്കയുടെ*
*പിന്നിൽ എക്കാലത്തും നിലകൊള്ളുവാൻ ഇടയാക്കണമേ.*
*പരിശുദ്ധനായ മാർത്തോമ്മാശ്ലീഹായുടെ മദ്ധ്യസ്ഥത ഞങ്ങൾക്ക് കാവലായിരിക്കണമേ.*
*ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും*
*സ്തോത്രവും സമർപ്പിക്കും. ആമ്മീൻ.*

## നിശ്ചയം

**തോമ്മാശ്ലീഹായുടെ മക്കളായി, ദൈവത്തിന്റെ സാക്ഷികളായി ഭാരതത്തിൽ ജീവിക്കും. എന്ത് പ്രശ്നങ്ങളിലും പ്രതികൂലങ്ങളിലും 'എന്റെ കർത്താവും എന്റെ ദൈവവും' എന്ന് യേശുവിനെ ഉറക്കെ ഘോഷിച്ചുകൊണ്ട് തോമ്മാശ്ലീഹായുടെ വിശ്വാസത്തിൽ ജീവിക്കും. ഭാരതത്തിലെ എല്ലാ ക്രൈസ്തവവിഭാഗക്കാരോടും ഭാരതത്തിന്റെ യഥാർത്ഥ അപ്പോസ്തോലൻ തോമ്മാശ്ലീഹാ ആണ് എന്ന് സാക്ഷിക്കും.**

..........................................................

## നമുക്ക് ചിന്തിക്കാം

1. തോമസ് അപ്പോസ്തോലന്റെ മറ്റൊരു പേര്? അതിന്റെ അർത്ഥം എന്ത്?
2. യേശുതമ്പുരാൻ ശിഷ്യന്മാർക്ക് ആദ്യം പ്രത്യക്ഷപ്പെട്ടതിന്റെ എത്രദിവസം കഴിഞ്ഞാണ് വീണ്ടും പ്രത്യക്ഷനായത്?
3. ഭാരതത്തിന്റെ മണ്ണിൽ സുവിശേഷത്തിന്റെ വിത്ത് ആദ്യമായി പാകിയ അപ്പോസ്തോലൻ ആര്?
4. ഭാരതത്തിന്റെ മണ്ണിൽ തോമ്മാശ്ലീഹാ സംസ്കരിക്കപ്പെട്ടത് എന്നായിരുന്നു?
5. തോമ്മാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനത്തിന്റെ വ്യാഖ്യാനമെന്ത്?

## പ്രവർത്തനങ്ങൾ

1. തോമ്മാശ്ലീഹാ സ്ഥാപിച്ച ദേവാലയങ്ങൾ ഉള്ള സ്ഥലങ്ങൾ സന്ദർശിക്കുക.
2. പരിശുദ്ധ തോമ്മാശ്ലീഹായുടെ പിൻഗാമിയായ പരിശുദ്ധ കാതോലിക്കാ ബാവയ്ക്കു വേണ്ടി പ്രാർത്ഥിക്കുക.
3. തോമ്മാശ്ലീഹായും ഭാരതത്തിലെ ഓർത്തഡോക്സ് സഭയും എന്ന വിഷയത്തെ അടിസ്ഥാനമാക്കി പരമാവധി രേഖകൾ ശേഖരിച്ച് ഒരു പ്രബന്ധം ഉണ്ടാക്കി അവതരിപ്പിക്കുക.

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | യോഹ 11:5-16 |
| തിങ്കൾ | യോഹ 14:1-11 | യോഹ 20:1-23 |
| ചൊവ്വ | യോഹ 20:23-31 | അ. പ്ര. 1:1-14 |
| ബുധൻ | യോഹ 12:28-13:10 | മത്തായി 9:36-10:10 |
| വ്യാഴം | മത്തായി 19:16-30 | ലൂക്കോസ് 6:12-23 |
| വെള്ളി | യോഹ 4:31-38 | എബ്രായർ 10:12-39 |
| ശനി | 1 പത്രോസ് 2:19-25 | * |

പാഠം 9

# പത്രോസിന് പ്രത്യക്ഷപ്പെടുന്നു

(വി. യോഹന്നാൻ 21:15-23)

**മുഖ്യസന്ദേശം:** അധരങ്ങൾകൊണ്ട് എന്നതിനേക്കാൾ പ്രവൃത്തികൾകൊണ്ടും ജീവിതം കൊണ്ടും കർത്താവിനെ അനുഗമിക്കുന്നതും സാക്ഷിക്കുന്നതുമാണ് ശിഷ്യത്വം.

**മനഃപാഠവാക്യം:** "എന്നോട് കർത്താവേ കർത്താവേ എന്നു പറയുന്ന ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത്" (വി. മത്തായി 7:21).

**പഠനസഹായികൾ:** പത്രോസിന് യേശു കൊടുക്കുന്ന നിയോഗങ്ങൾ അടങ്ങിയ ഒരു ചാർട്ട്, യേശുവും പത്രോസും സംസാരിക്കുന്ന രംഗത്തിന്റെ ഒരു ചിത്രം, ആടുകളെ മേയ്ക്കുന്ന ഒരു ചിത്രം.

## ആമുഖം

മനുഷ്യവ്യക്തിത്വത്തിലെ സ്ഥിരതയില്ലായ്മ വ്യക്തിത്വത്തിന്റെ തെളിമ നഷ്ടപ്പെടുത്തുന്നതാണ്. ചിന്തിക്കുന്നതുപോലെ പറയുവാൻ കഴിയാതിരിക്കുക, പറയുന്നതു പ്രവർത്തിക്കാൻ സാധിക്കാതിരിക്കുക എന്നിവ നേതൃസ്ഥാനത്തിരിക്കുന്നവർക്ക് ഭൂഷണമല്ലാത്ത ഒരു സ്വഭാവവൈകല്യമാണ്. നിരന്തരവും ബോധപൂർവവുമായ പരിശ്രമങ്ങൾ കൊണ്ടും ആഴമായ ദൈവാശ്രയംകൊണ്ടും ആർജ്ജിക്കേണ്ടതാണ് ഉറച്ച വ്യക്തിത്വം.

## പാഠഭാഗം

പന്തിരുവരിൽ ഒരുവനായി യേശുക്രിസ്തു ഗലീലക്കാരനായ ശീമോൻ എന്ന മീൻപിടിത്തക്കാരനെ തിരഞ്ഞെടുത്തിരുന്നു. അന്ത്രയോസിന്റെ സഹോദരൻ കൂടിയായ ഇദ്ദേഹം പക്വതയുള്ള വ്യക്തിത്വം തനിക്ക് ഉണ്ടെന്ന് സ്ഥാപിക്കുവാൻ സ്വയം ശ്രമിച്ചു. പക്ഷേ നിർണ്ണായകമായ നിമിഷങ്ങളിൽ നിലംപരിചാകുന്ന ഉപരിപ്ലവവ്യക്തിത്വമായിരുന്നു പത്രോസിന്റേത് (വി. മത്തായി 16). യേശുവിന്റെ ശിഷ്യരിൽ പ്രായമുള്ളവൻ എങ്കിലും ആ കൂട്ടത്തിലെ ഏറ്റവും ചഞ്ചല ഹൃദയൻ പത്രോസ് ആയിരുന്നു എന്നുവേണം കരുതുവാൻ. മരിക്കേണ്ടിവന്നാലും തന്റെ ഗുരുവിനെ തള്ളിപ്പറയുകില്ല എന്നു ശപഥം ചെയ്ത പത്രോസ് വളരെ എളുപ്പത്തിൽ യേശുവിനെ നിഷേധിച്ചുകളഞ്ഞു. ഒന്നല്ല, മൂന്നു പ്രാവശ്യം ക്രൂശിന്റെ മാർഗ്ഗത്തിൽനിന്ന് ക്രിസ്തുവിനെ പിന്തിരിപ്പിക്കാൻ ശ്രമിച്ചു (വി. മത്തായി 16:22). യേശു അവനെ 'സാത്താനേ' എന്നു വിളിച്ചു. ഗുരുവിനെ തള്ളിപ്പറഞ്ഞ പത്രോസ് ഹൃദയം നൊന്തുകരഞ്ഞു (വി. മത്തായി 26:75). പത്രോസിനെ തേടി ഉത്ഥിതനായ കർത്താവു വരുന്നുവെന്നത് വളരെ ശ്രദ്ധേയമാണ്. നാടകീയ സ്വഭാവമുള്ള ഈ സംഭവവിവരണം പത്രോസിന്റെ മാനസാന്തരത്തിന്റെ ഹൃദയസ്പർശിയായ വിവരണമാണ്.

യേശുവിന്റെ ക്രൂശുമരണത്തിനുശേഷം മീൻപിടുത്തത്തിൽ ആശ്രയിച്ച് ജീവിതയാത്ര തുടരുവാൻ പത്രോസ് തീരുമാനിച്ചു. യേശുതമ്പുരാന്റെ മറ്റ് ശിഷ്യന്മാരെയും കൂട്ടി പത്രോസ് തിബെര്യാസ് കടലിൽ മീൻപിടിക്കാൻ പോയി. അവർ രാത്രിമുഴുവനും അദ്ധ്വാനിച്ചു. ഒന്നും കിട്ടിയില്ല. പുലർച്ചെ യേശു അവർക്ക് പ്രത്യക്ഷനായി. അവർ അദ്ദേഹത്തെ തിരിച്ചറിഞ്ഞില്ല. യേശുവിന് നൽകുവാൻ മീനില്ല എന്ന സത്യം അവർ പറഞ്ഞപ്പോൾ

പടകിന്റെ വലതുഭാഗത്ത് വല വീശുവാൻ യേശു കല്പിച്ചു. മീൻകൂട്ടത്തിന്റെ വലിപ്പം കാരണം വല വലിച്ചു കയറ്റാൻ കഴിഞ്ഞില്ല. അത് കർത്താവാണ് എന്ന് അവർ തിരിച്ചറിഞ്ഞു (വി. യോഹ. 21:1-11). 153 വലിയ മത്സ്യങ്ങൾ നിറഞ്ഞ മീൻ ശേഖരവും ഭാരം കയറിയിട്ടും കീറാത്ത വലയുമായി അവർ കരയിൽ എത്തിയപ്പോൾ യേശു അവർക്ക് പ്രാതൽ ഒരുക്കിയിരുന്നു.

പ്രാതൽ കഴിച്ച ശേഷം യേശു "യോഹന്നാന്റെ മകനായ ശീമോനെ, നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ" എന്ന് ചോദിച്ചു. അതിന് പത്രോസ് "ഉവ്വ് കർത്താവേ, എനിക്ക് നിന്നോട് പ്രിയമുണ്ട് എന്ന് നീ അറിയുന്നുവല്ലോ" എന്ന് പറഞ്ഞു. യേശു അവനോട് "എന്റെ കുഞ്ഞാടുകളെ മേയിക്കുക" എന്ന് പറഞ്ഞു. തുടർന്നും അതേ ചോദ്യം ആവർത്തിച്ചു. പത്രോസ് അതേ മറുപടി ആവർത്തിച്ചു. യേശു അവനോട് "എന്റെ ആടുകളെ പാലിക്കുക" എന്ന് പറഞ്ഞു. മൂന്നാമതും യേശു പത്രോസിനോട് അതേ ചോദ്യം ആവർത്തിച്ചപ്പോൾ പത്രോസിന്റെ മനസിന് വ്യസനം ഉണ്ടായി. അവൻ "കർത്താവേ നീ സകലവും അറിയുന്നു, എനിക്ക് നിന്നോട് പ്രിയമുണ്ട് എന്നും നീ അറിയുന്നു" എന്നു പറഞ്ഞു. യേശു അവനോട് "എന്റെ ആടുകളെ മേയിക്ക" എന്നു പറഞ്ഞു. ഇങ്ങനെ തന്നെ തള്ളിപ്പറഞ്ഞവനായ പത്രോസിനെ യേശു ഉറപ്പിക്കുന്നു. പുറത്തായ പത്രോസിനെ കർത്താവ് തിരികെ സ്വീകരിച്ച്, നിയോഗം നൽകി. നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു മൂന്നുപ്രാവശ്യം ചോദിച്ചു. എല്ലാം സ്നേഹമെന്ന അളവുകോൽകൊണ്ട് അളക്കുന്നു. ഇതാണ് ഉത്ഥിതനായ കർത്താവിന്റെ ശൈലി. നമ്മുടെ ജീവിതത്തെ ആഴമായി സ്പർശിച്ച് പിന്മാറ്റത്തിൽനിന്നും തിന്മയിൽനിന്നും നന്മയിലേക്ക് തിരിച്ചുവിടാൻ ഉത്ഥിതനായ കർത്താവ് എപ്പോഴും തയ്യാറാണ്.

നാം തള്ളിപ്പറഞ്ഞാലും നമ്മെ തള്ളിപ്പറയാത്തതാണ് ദൈവസ്നേഹം. നാം തിന്മ ചെയ്താലും സ്വാർത്ഥതയിലേക്ക് നീങ്ങിയാലും ദൈവം നമ്മെ തിരികെ കൊണ്ടുവരും. നാം പശ്ചാത്തപിച്ച് ദൈവമാർഗ്ഗത്തിലേക്ക് തിരിയണം എന്നുള്ളത് ദൈവേഷ്ടമാണ്. നമ്മെ ദൈവം പൂർണ്ണമായും അറിയുന്നവനാണ്; നമ്മുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും ഒപ്പം മനസ്സും അവൻ അറിയുന്നു. നാം ചോദിക്കാതെ തന്നെ നമുക്കു വേണ്ടതെല്ലാം കരുതിവച്ചിരിക്കുന്ന ദൈവമാണ് നമ്മുടെ കർത്താവ്. ദൈവത്തിന്റെ ദൃഷ്ടിയിൽ നമ്മൾ വിലയുള്ളവരാണ്. അതിനാലാണ് അവൻ നമ്മെ വീണ്ടും തേടിയെത്തുന്നത്. യേശു പത്രോസിന് നൽകിയപോലെ പ്രത്യേക ദൗത്യം നൽകിയാണ് നമ്മൾ ഓരോരുത്തരേയും ഭൂമിയിൽ ആക്കിയിരിക്കുന്നത്. അത് നാം മനസ്സിലാക്കണം. ദൈവത്തിന്റെ മക്കളായി വി. മാമോദീസാ കൂദാശയിലൂടെ ദൈവസഭയിലെ അംഗങ്ങളായി തീർന്ന നമുക്ക് പിന്മാറുവാൻ സാദ്ധ്യമല്ല.

## നമുക്ക് പാടാം

(ശ്ഹീമാ നമസ്ക്കാരം വ്യാഴം സന്ധ്യാ)

കൃപതന്നറയിൽ ഞങ്ങളെ ഏറ്റണമേ ചോരൻ പോൽ
ചുങ്കക്കാരൻ പാപിനി എന്നിവർ പോൽ താപം കൈക്കൊള്ളണമേ,
തള്ളിയ ശീമോനെന്നോണം പോക്കുക പാപം
കരുണാനിധിയാം കർത്താവേ
പശ്ചാത്താപയുതം നിന്നെ പ്രാപിച്ചിടു
മനുതാപികളിൽ പ്രിയമുള്ളോൻ നീ

.........................................................

## നമുക്ക് പ്രാർത്ഥിക്കാം

*സ്നേഹവാനായ കർത്താവേ, ഞങ്ങളെ നീ വിളിച്ച് വേർതിരിച്ച് ഈ പരിശുദ്ധ സഭയുടെ ഭാഗമാക്കിയിരിക്കുന്നതിനാൽ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. നീ ഞങ്ങളെ ആക്കിവച്ചിരിക്കുന്ന നിലയെ മറന്ന് ജീവിക്കുവാൻ ഞങ്ങൾക്ക് ഇടയാകരുതേ. പിന്നെയോ സർവ്വത്തിലും ഉപരിയായി നിന്നെ സ്നേഹിച്ച് നീ ഞങ്ങളെ ഏൽപ്പിച്ചിരിക്കുന്ന ചുമതലകളെ പൂർത്തീകരിച്ച് വിശ്വസ്തതയോടെ നിന്റെ മുമ്പാകെയും ലോകത്തിന്റെ മുമ്പാകെയും നിന്നെ സ്നേഹിക്കുന്നു എന്ന് യഥാർത്ഥ സാക്ഷ്യം നൽകികൊണ്ട് ജീവിക്കുവാൻ സംഗതിയാക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുവാനായിട്ടുതന്നെ. ആമ്മീൻ.*

.......................................................

## നിശ്ചയം

**ദൈവം എന്നിൽ ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങൾ പാലിക്കും. ജീവിതത്തിൽ തെറ്റുകൾ ഉണ്ടായാൽ അനുതാപത്തോടെ ദൈവസന്നിധിയിൽ വന്ന് ക്ഷമ യാചിക്കും.**

.......................................................

## നമുക്ക് ചിന്തിക്കാം

1. പത്രോസിന്റെ ദേശം ഏത്?
2. പത്രോസിന്റെ പേരുകൾ എന്തെല്ലാം?
3. പത്രോസിന്റെ സഹോദരൻ ആര്?
4. പത്രോസിന്റെ പിതാവിന്റെ പേര്?
5. എത്ര തവണ യേശു സ്നേഹിക്കുന്നതിനെപ്പറ്റി ചോദിച്ചു?
6. രണ്ടാം പ്രാവശ്യം സ്നേഹിക്കുന്നു എന്ന് പത്രോസ് പറഞ്ഞപ്പോൾ യേശുവിന്റെ കല്പന എന്തായിരുന്നു?

## പ്രവർത്തനങ്ങൾ

1. എന്നെ ദൈവം ഏൽപ്പിച്ചിരിക്കുന്ന ദൗത്യങ്ങൾ എന്തെല്ലാം എന്ന് സ്വയം ഒരു വിലയിരുത്തൽ നടത്തി കുറിപ്പ് തയ്യാറാക്കുക?
2. ഈ പാഠത്തിൽ വിവരിക്കുന്ന സംഭവം പ്രമേയമാക്കി ഒരു ലഘുനാടകം എഴുതി ഉണ്ടാക്കുക.
3. ദൈവം എന്നെയും ഞാൻ ദൈവത്തെയും സ്നേഹിക്കുന്നു എന്നതിന്റെ തെളിവുകൾ ഒരു ചാർട്ട് രൂപത്തിൽ എഴുതി ഉണ്ടാക്കുക.

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | യോഹ. 21:15-25 |
| തിങ്കൾ | യോഹ. 9:1-16 | യോഹ. 15:1-19 |
| ചൊവ്വ | ലൂക്കോസ് 13:1-17 | മത്തായി 16:1-20 |
| ബുധൻ | മത്തായി 20:1-16 | അ. പ്ര. 1:1-14 |
| വ്യാഴം | മത്തായി 9:36-10:10 | ലൂക്കോസ് 10:1-16 |
| വെള്ളി | 1 പത്രോസ് 1:1-25 | 1 പത്രോസ് 5:1-14 |
| ശനി | 2 പത്രോസ് 3:1-18 | * |

പാഠം 10

# സ്വർഗ്ഗാരോഹണം

(വി. ലൂക്കോസ് 24:44-53, വി. മത്തായി 28:16-20. വി. മർക്കോസ് 16:19-20
അപ്പോസ്തല പ്രവൃത്തികൾ 1:1-11)

**മുഖ്യസന്ദേശം:** സ്വർഗ്ഗാരോഹണമെന്നത് കർത്താവ് തന്റെ ശിഷ്യർക്ക് സശരീരനായി കൂടെയിരിക്കുന്ന കാലഘട്ടം അവസാനിച്ചുവെന്നും, താൻ ശ്രേഷ്ഠമായ മഹത്വത്തിലേക്ക് പ്രവേശിച്ചുവെന്നും, അതുകൊണ്ട് ക്രിസ്തുശിഷ്യരും സഭയും ഇനിമുതൽ കർത്താവിന്റെ രണ്ടാം വരവിന്റെ പ്രതീക്ഷയിൽ ജീവിക്കേണ്ടതാണ് എന്നും മനസ്സിലാക്കുക.

**മനഃപാഠവാക്യം:** "ഗലീലാപുരുഷന്മാരെ നിങ്ങൾ ആകാശത്തിലേക്ക് നോക്കി നിൽക്കുന്നത് എന്ത്? നിങ്ങളെ വിട്ട് സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്ക് പോകുന്നവനായി നിങ്ങൾ കണ്ടതുപോലെതന്നെ അവൻ വീണ്ടും വരും എന്ന് പറഞ്ഞു" (അ. പ്ര. 1:11).

**പഠനസഹായികൾ:** ഒലിവുമല അടയാളപ്പെടുത്തിയ ഒരു ഭൂപടം, യേശു സ്വർഗ്ഗാരോഹണം ചെയ്യുന്ന ചിത്രം.

## ആമുഖം

ഉയിർത്തെഴുന്നേറ്റ ക്രിസ്തു 40 ദിവസം ശിഷ്യന്മാരോടുകൂടെ ഉണ്ടായിരുന്നു. പല സമയങ്ങളിൽ പ്രത്യക്ഷപ്പെട്ട് അവരുടെ സംശയത്തെ നീക്കി നിയോഗങ്ങളിൽനിന്ന് മാറിപ്പോയവരെ തിരികെ കൊണ്ടുവന്നു. തള്ളിപ്പറഞ്ഞവരെ തിരികെ സ്വീകരിച്ച് സ്നേഹം ഏറ്റുപറയിച്ചു. മാർത്തോമ്മാശ്ലീഹായെ തന്റെ ശരീരത്തിലെ മുറിവുകളിൽ സ്പർശിക്കാൻ അനുവദിച്ച് ഉറപ്പും ധൈര്യവും ഉള്ളവനാക്കി. ശിഷ്യന്മാരെ ദൗത്യങ്ങളിൽ ഉറപ്പിച്ചു. പരാജിതരെ നിരാശയിൽനിന്നും ഭയത്തിൽനിന്നും മോചിപ്പിച്ച് ബലം നൽകി, പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്ത് പിതാവിന്റെ സന്നിധിയിലേക്ക് യേശുതമ്പുരാൻ കയറിപ്പോയതിനെക്കുറിച്ചാണ് ഇന്ന് നാം പഠിക്കുന്നത്.

## പാഠഭാഗം

യെരുശലേമിന് സമീപത്ത് ഒരു ശബത്ത് ദിവസത്തെ വഴി ദൂരമുള്ള ഒലിവുമലയിൽ ശിഷ്യന്മാരുമായി യേശു ഒരുമിച്ചുകൂടി. യേശുതമ്പുരാൻ അവരോട് കല്പിച്ചു - "പിതാവിന്റെ കല്പനപ്രകാരമുള്ള വാഗ്ദാനത്തിനായി യെരുശലേമിൽ തന്നെ പാർക്കുവിൻ. പരിശുദ്ധാത്മാവുകൊണ്ട് നിങ്ങൾക്ക് സ്നാനം ലഭിക്കും. നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികൾ ആകും" എന്നു പറഞ്ഞു. ഇത് പറഞ്ഞ ശേഷം അവൻ ആരോഹണം ചെയ്തു. ഒരു മേഘം വന്നിട്ട് അവൻ അവരുടെ കാഴ്ചയ്ക്ക് മറഞ്ഞു.

യേശുവിന്റെ വിയോഗത്തിൽ വിഷമവും ആശ്ചര്യവും പൂണ്ടിരുന്ന ശിഷ്യന്മാർ ആകാശത്തിലേക്ക് ഉറ്റു നോക്കി കൊണ്ടിരിക്കുമ്പോൾ വെള്ള വസ്ത്രം ധരിച്ച് രണ്ട് പുരുഷന്മാർ അവരുടെ അടുക്കൽ വന്ന് "സ്വർഗ്ഗാരോഹണം ചെയ്യുന്നവനായി കണ്ട യേശു വീണ്ടും വരും" എന്ന വാഗ്ദാനം നൽകി. അവർ തിരികെ യെരുശലേമിലേക്ക് മടങ്ങിപ്പോയി (അ. പ്ര. 1:6-12).

സ്വർഗ്ഗാരോഹണം ചെയ്ത കർത്താവ് കൽപ്പിക്കുന്നു. ദൈവത്തിൽനിന്ന് (ഉയരത്തിൽ നിന്ന്) ശക്തി ധരിക്കുവാൻ കാത്തിരിക്കണം. പരിശുദ്ധാത്മാവ് നമ്മെ ശക്തീകരിച്ച്, പൂർണ്ണ രാക്കുന്ന ഈ ശക്തിയാണ് പരിശുദ്ധസഭ വി. മൂറോൻ അഭിഷേകത്തിലൂടെ നല്കുന്നത്.

തന്റെ ശിഷ്യരെ അനുഗ്രഹിച്ചുകൊണ്ട് കർത്താവ് അവരെ വിട്ടുപിരിഞ്ഞു (വി. ലൂക്കോസ് 24:51). ഒരു പുരോഹിതകൃത്യമാണ് ശിഷ്യരെ അനുഗ്രഹിക്കുന്നതിൽകൂടെ കർത്താവ് നിറവേറ്റിയത്. ദൈവത്തിന്റെ സഹായത്തിനും കരുതലിനും ശിഷ്യരെ കർത്താവ് ശക്തീകരിക്കുന്നു. ലോകാവസാനത്തോളം എല്ലാനാളും കർത്താവ് കൂടെയുണ്ടായിരിക്കും എന്ന് അവർക്ക് ഉറപ്പ് നൽകി. യേശുക്രിസ്തുവിന്റെ വിട്ടുപിരിയൽ ശിഷ്യരെ നിരാശരാക്കിയില്ല; പകരം ദൈവത്തിൽനിന്ന് ശക്തി പ്രതീക്ഷിച്ച് യെരുശലേമിലേക്ക് മടങ്ങി. ദൈവാലയത്തിൽ അവർ ഒരുമിച്ചുകൂടി ആനന്ദത്തോടെ ദൈവത്തെ സ്തുതിച്ചു. ആനന്ദം അനുഗ്രത്തിന്റെ ഉപോല്പന്നമാണ്. വിട്ടുപിരിയുമ്പോഴും അനുഗ്രഹിച്ച കർത്താവിന്റെ ദർശനവും സാന്നിധ്യവും ശിഷ്യരെ ആനന്ദവും പ്രതീക്ഷയും ചലനാത്മകതയും ധൈര്യവും ഉള്ള ഒരു സംഘമായി നിൽക്കാൻ ശക്തീകരിച്ചു.

യേശുക്രിസ്തുവിന്റെ രണ്ടാംവരവാണ് നമ്മുടെ യഥാർത്ഥ പ്രത്യാശ. യേശുതമ്പുരാൻ നമ്മെ ഏല്പിച്ചിരിക്കുന്ന ദൗത്യങ്ങൾ ഏതൊക്കെ എന്ന് സ്വയം ചിന്തിക്കാം. യേശുക്രിസ്തു ഭരമേല്പിച്ച ദൗത്യങ്ങളിൽ ഏതൊക്കെ ഉത്തരവാദിത്വമായി നിർവഹിച്ചിട്ടുണ്ട്? യേശുവിന്റെ സാക്ഷികളായി ജീവിക്കുവാൻ നമുക്കു കഴിയുന്നുണ്ടോ? നാം കർത്താവ് തന്ന പരിശുദ്ധാത്മാവിന്റെ അഭിഷേകം ലഭിച്ചവരാണ്. പരിശുദ്ധാത്മ നൽവരങ്ങൾ ശിഷ്യന്മാരിൽനിന്ന് പിതാക്കന്മാർ വഴിയായി കൈവയ്പിലൂടെ ലഭ്യമാകുന്നു. സഭയുടെ മാറാനായപെരുന്നാളുകളിൽ ഒന്നാണ് സ്വർഗ്ഗാരോഹണം. സ്വർഗ്ഗാരോഹണം ഉൾപ്പെടെയുള്ള ദിനങ്ങളിൽ ദേവാലത്തിൽ ആരാധനയിൽ പങ്കെടുക്കാത്തത് തെറ്റാണ്. ഈ ദിവസമാണ് ഉയിർപ്പു പെരുനാളിൽ ത്രോണോസിന്റെ ഇടതുവശത്തായി ക്രമീകരിച്ചിരുന്ന കുരിശ് മാറ്റുന്നത്.

## നമുക്ക് പാടാം

(വിസ്മയസഹിതം... പോലെ)

ഗലിലി തന്നിൽ മേളിച്ചു ശ്ലീഹന്മാർ പതിന്നൊന്നും
ഉത്ഥിതമണവാളനെ അവരും കണ്ടിവിടെ
സൈത്തിൻ പർവ്വതം അതിലേറി വാഴ്ത്തി താൻ അംബരമേറി
പാറക്ക്ലീത്തായേ അവർക്കായ് താൻ ഏകീ.

.........................................................

## നമുക്ക് പ്രാർത്ഥിക്കാം

*സ്നേഹവാനായ ദൈവമേ, ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. അങ്ങ് ഞങ്ങൾക്കുവേണ്ടി ക്രൂശിൽ മരിച്ച് ഉയിർത്ത് സ്വർഗ്ഗാരോഹണം ചെയ്ത് ജീവിക്കുന്നു. അങ്ങ് ഞങ്ങൾക്ക് വാഗ്ദാനം ചെയ്ത ആത്മാവിനെ നൽകുകയും ചെയ്തിരിക്കുന്നു. നീ ഞങ്ങളിൽ തന്നിരിക്കുന്ന ആ വലിയ ആത്മാവിനൊത്ത് ജീവിക്കുവാനും പ്രവർത്തിക്കുവാനും ഞങ്ങൾക്ക് ശക്തി നൽകണമേ. ഞങ്ങളെ ഏല്പിച്ച ഉത്തരവാദിത്വങ്ങൾ പൂർത്തീകരിക്കുവാൻ ഭാഗ്യം നല്കണമേ. ഞങ്ങൾ നിന്റെ രണ്ടാമത്തെ വരവിനായി ഒരുങ്ങി കാത്തിരിക്കുന്നു. ആമ്മീൻ*

.........................................................

**നിശ്ചയം**

**യേശു ഏല്പിച്ചിരിക്കുന്ന ദൗത്യങ്ങൾ നിർവഹിക്കും.**
**സ്വർഗ്ഗാരോഹണ പെരുന്നാളിൽ ദേവാലയത്തിൽ ആരാധനയ്ക്ക് പങ്കെടുക്കും.**
**വി. മാമോദീസായിൽകൂടി ലഭിച്ച പരിശുദ്ധാത്മാവിനെ പുതുക്കി ജീവിക്കും.**

.........................................................

## നമുക്ക് ചിന്തിക്കാം

1. യെരുശലേമും ഒലിവുമലയും തമ്മിലുള്ള ദൂരം എത്ര?
2. എന്തുകൊണ്ടുള്ള സ്നാനമാണ് വാഗ്ദാനം ചെയ്തത്?
3. മാലാഖമാർ ശിഷ്യന്മാരെ അഭിസംബോധന ചെയ്തത് എങ്ങനെ?
4. യേശു ഉയിർത്തെഴുന്നേറ്റതിന്റെ എത്രാമത്തെ ദിവസമാണ് സ്വർഗ്ഗാരോഹണം ചെയ്തത്?
5. ഉയിർത്തഴുന്നേറ്റ കർത്താവ് ശിഷ്യന്മാരെ ഭരമേൽപ്പിച്ചത് എന്ത്?
6. കർത്താവ് ശിഷ്യന്മാരെ അനുഗ്രഹിച്ചത് എന്തിന്റെ പ്രതീകമായിട്ടാണ്?

## പ്രവർത്തനങ്ങൾ

1. സ്വർഗ്ഗാരോഹണ ശുശ്രൂഷക്രമത്തിൽ എന്തെല്ലാം നൽവരങ്ങൾക്കായി പ്രാർത്ഥിക്കുന്നു എന്ന് കണ്ടുപിടിക്കുക.

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | ലൂക്കോസ് 24:36-53 |
| തിങ്കൾ | മത്തായി 28:1-20 | മർക്കോസ് 16:1-20 |
| ചൊവ്വ | അ. പ്ര. 1:1-12 | എഫേസ്യർ 4:1-16 |
| ബുധൻ | ഗലാത്യർ 5:1-26 | 1 കൊരി. 12:1-27 |
| വ്യാഴം | 1 കൊരി. 14:1-25 | അ. പ്ര. 19:1-20 |
| വെള്ളി | ഫിലിപ്യർ 2:1-18 | കൊലോ. 2:1-15 |
| ശനി | ഫിലേമോൻ 1:1-25 | * |

യൂണിറ്റ് 2

# പ്രാർത്ഥന

പാഠം 11

## മാർ അപ്രേമിന്റെ മെമ്രാ

(സൂത്താറാ നമസ്ക്കാരത്തിൽ ഉപയോഗിക്കുന്ന മെമ്രാ)

**പാഠനോദ്ദേശ്യം:** സുത്താറാ നമസ്കാരത്തിൽ ഉപയോഗിക്കുന്ന "ഞങ്ങൾക്കുള്ള കർത്താവേ..." (കർത്താവേ കൃപ ചെയ്യണമേ...) എന്ന ഗീതത്തിന്റെ അർത്ഥവും സാംഗത്യവും മനസ്സിലാക്കുക. സന്ധ്യാസമയത്തെ പ്രാർത്ഥനയിൽ ഈ ഗീതം പതിവായി ചൊല്ലുക.

**മനഃപാഠവാക്യം:** "ഞങ്ങൾ സമാധാനത്തോടെ കിടന്നുറങ്ങും, നീയല്ലോ യഹോവേ എന്നെ നിർഭയം വസിക്കുമാറാക്കുന്നത്" (സങ്കീ. 4:8).

**പഠനസഹായി:** കുടുംബാരാധന ക്രമം.

### ആമുഖം

നിങ്ങൾ വീട്ടിൽ സന്ധ്യയ്ക്ക് ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കാറുണ്ടോ? സന്ധ്യയ്ക്ക് നടത്തുന്ന കുടുംബപ്രാർത്ഥനയിൽ "ഞങ്ങൾക്കുള്ള കർത്താവേ എന്നുതുടങ്ങുന്ന പ്രാർത്ഥനാഗീതം" ചൊല്ലാറുണ്ടോ? ഈ ഗീതം അർത്ഥം മനസ്സിലാക്കി ആലപിക്കാം.

**1. ഞങ്ങൾക്കുള്ള കർത്താവേ**
**ഞാനിഹ നിദ്രയൊഴിഞ്ഞിട്ട്**
**ഉണർവ്വോടെ നിൻ തിരുമുമ്പിൽ**
**നിൽപ്പാനെനിക്കു നീ നൽകണമേ**

*ഞങ്ങളുടെ സർവ്വവുമായ കർത്താവേ, ഞങ്ങളുടെ ഉറക്കം നിന്റെ സന്നിധിയിൽ തിന്മയില്ലാത്തതാകണമേ.*

**2. എന്നുണർച്ചയിൽ ഞാൻ ചതിപെടുകിൽ**
**നിൻ നൻമയിൽ ഞാൻ പൊറുക്കപ്പെടും**
**ഉറക്കത്തിൽ ഞാൻ പിഴച്ചെങ്കിൽ**
**പൊറുപ്പാൻ കരുണ നീ ചെയ്യേണമേ**

*ഞാൻ ഉണർന്നിരിക്കുമ്പോൾ എന്നിൽ തെറ്റുകൾ വന്നുപോയെങ്കിൽ നിന്റെ കൃപയിലും നന്മയിലും അതെല്ലാം പൊറുക്കപ്പെടുമെന്ന് വിശ്വസിക്കുന്നു. അതുപോലെ എന്റെ ഉറക്കത്തിലും പിഴകൾ വന്നാൽ നിന്റെ കരുണയാൽ അതൊക്കെ പൊറുക്കണമേ.*

**3. തവക്ഷീണത്തിൽ സ്കീപ്പായാൽ**
**നല്ലയുറക്കമെനിക്കു നീ താ**
**ആകാ സ്വപ്നമശുദ്ധിയിൽ നി**
**ന്നെന്നെ നീ രക്ഷിച്ചു കൊള്ളണമേ**

*കർത്താവേ, നിന്റെ കഷ്ടതയുടെ കുരിശിനാൽ എനിക്ക് നല്ല ഉറക്കം തരേണമേ.*

*സ്വപ്നങ്ങളിൽനിന്നും അശുദ്ധിയിൽനിന്നും എന്നെ നീ കാത്തു സംരക്ഷിക്കണമേ. തവ ക്ഷീണം എന്ന പദം ഇവിടെ കർത്താവിന്റെ കഷ്ടാനുഭവത്തെ കുറിക്കുന്നു.*

**4. നിരപ്പു നിറഞ്ഞ ഉറക്കത്തിൽ**
**രാവൊക്കെ എന്നെ നീ ഭരിക്ക**
**തണ്യവരും വേണ്ടാ നിനവും**
**എന്നിൽ മുഷ്കരമാക്കല്ലേ**

*സമാധാനപരമായ ഉറക്കത്താൽ ഈ രാത്രിയിൽ എന്നെ കാക്കണമേ ദുഷ്ടരും, അശുദ്ധ വിചാരങ്ങളും എന്നെ ഭരിക്കുവാൻ ഇടയാവരുതേ (തണ്യവർ=ദുഷ്ടന്മാർ).*

**5. നിന്റെ അടിയാൻ ഞാനതിനാ-**
**ലെന്റെ സന്ധുക്കൾ കാപ്പാനായ്**
**വെളിവിനുടെ മാലാഖയെ**
**എനിക്കു നീ തരണം കർത്താവേ**

*കർത്താവേ, ഞാൻ നിന്റെ ദാസനാണ്/ദാസിയാണ് ആയതിനാൽ എന്റെ അവയവ ങ്ങൾക്ക് കാവലായി വെളിച്ചത്തിന്റെ മാലാഖയെ തരണമേ (സന്ധുക്കൾ=അവയവങ്ങൾ).*

**6. ദ്വേഷതപെട്ട അപേക്ഷയിൽ നി**
**ന്നെന്നെ നീ രക്ഷിച്ചു കൊള്ളണമേ**
**ഉയിർപെട്ട നിൻ ദേഹത്തെ**
**ഞാനനുഭവിച്ചെന്നതിനാലെ**

*ജീവൻ നൽകുന്ന നിന്റെ തിരുശരീരത്തെ ഞാൻ അനുഭവിച്ചതുകൊണ്ട് തിന്മയുള്ള ആഗ്രഹങ്ങളിൽ നിന്ന് എന്നെ കാത്ത് രക്ഷിക്കണമേ (ദ്വേഷതപെട്ട = തിൻമയുള്ള. ഉയിർപെട്ട = ജീവനുള്ള. അപേക്ഷ എന്നതിന് ഇവിടെ ആഗ്രഹം എന്നാണ് അർത്ഥമാ ക്കുന്നത്).*

**7. ഞാൻ ചരിഞ്ഞനുകൂലത്താലുറങ്ങുമ്പോൾ**
**നിന്റെ ചോരയെനിക്കു കാവൽ**
**നിൻ മനച്ചിലിനുടെ സ്വതകർമ്മം**
**നിൻ കൃപയോടെ നൽകണമേ**

*ഞാൻ കിടന്ന് സുഖകരമായി ഉറങ്ങുമ്പോൾ നിന്റെ തിരുരക്തം എനിക്ക് കാവ ലാകണമേ. നീ മെനഞ്ഞെടുത്ത (സൃഷ്ടിച്ച) എനിക്ക് സ്വാതന്ത്ര്യത്തോടെ കർമം ചെയ്യാൻ നിന്റെ കൃപ നല്കണമേ.*

**8. നിൻ കൈ മെനഞ്ഞ ശരീരത്തിൽ**
**നിന്റെ വലത്തേതാകണമേ**
**നിന്റെ കരുണകൾ കോട്ടയതായ്**
**എനിക്കു നീ ചുറ്റിച്ചു കൊള്ളണമേ.**

*നിന്റെ സ്വന്തം കയ്യാൽ സൃഷ്ടിച്ച എന്റെ ശരീരത്തെ നിന്റെ വലതുകൈ ആവസി പ്പിച്ച് സംരക്ഷിക്കണമേ. എന്നെ വിശുദ്ധീകരിക്കണമേ ('വലത്തേതാകണമേ' എന്നതിന്റെ ആന്തരിക അർത്ഥം വലതുകരം വയ്ക്കണമെ എന്നാണ്). എന്റെ ചുറ്റും നിന്റെ കരുണ യുടെ കോട്ട ഒരുക്കി സംരക്ഷിക്കണമേ.*

9. **ശരീരമടങ്ങിയുറങ്ങുമ്പോൾ**
**കാവലായതു നിന്റെ ശക്തി**
**സൗരഭ്യമായ ധൂപം പോൽ**
**എന്റെയുറക്കം തിരുമുമ്പിൽ**

*കർത്താവേ, എന്റെ ശരീരം അടക്കത്തോടെ ഉറങ്ങുമ്പോൾ നിന്റെ ശക്തിയാണതിന്റെ കാവൽ; എന്റെ ഉറക്കം നിന്റെ വിശുദ്ധ സന്നിധിയിൽ സൗരഭ്യം പരത്തുന്ന ധൂപം പോലെ യായി തീരണമേ.*

10. **നിന്നെപ്പെറ്റെന്നമ്മയുടെ**
**നിന്നോടുള്ളയപേക്ഷയാലെ**
**എനിക്കുള്ള ശയനത്തിന്മേൽ**
**തിൻമപെട്ടവനണയരുതേ**

*നിന്നെ പ്രസവിച്ച അമ്മയുടെ പ്രാർത്ഥനയാൽ ദുഷ്ടനായ സാത്താൻ എന്റെ കിടക്ക യോട് അടുക്കുവാൻ ഇടയാകാതെ അവനെ വിലക്കണമേ.*

11. **എനിക്കുവേണ്ടിയിട്ടുണ്ടായെന്ന**
**നിനക്കുള്ള പൂജയാലെ**
**എന്നെ വ്യസനത്തിലാക്കായ്വാൻ**
**സാത്താനെ നീ മുടക്കണമേ**

*എനിക്കുവേണ്ടിയുള്ള നിന്റെ ബലി മുഖാന്തിരം സാത്താനെ എന്നിൽ നിന്നകറ്റി, ദുഃഖങ്ങളിൽനിന്ന് എനിക്ക് വിമുക്തി നൽകണമേ.*

12. **കർത്താവേ നിൻ പറഞ്ഞൊപ്പ്**
**എന്റെ പക്കൽ തികയ്ക്കണമേ**
**നിനക്കുള്ള സ്ലീബായാലെ**
**എന്റെ ആയുസ്സു കാക്കണമേ**

*കർത്താവേ, നിന്റെ വാഗ്ദാനങ്ങൾ എന്റെ ജീവിതത്തിൽ പൂർത്തിയാക്കണമെ. എന്റെ ആയുഷ്കാലം മുഴുവനും സ്ലീബാ എനിക്ക് കാവലാകണമേ.*

13. **ഞാനുണരപ്പെട്ടെന്നപ്പോൾ**
**നിന്നെ ഞാൻ കൊണ്ടാടുവാൻ**
**എന്റെ തളർച്ചയുടെ പക്കൽ**
**നിന്റെ ഉപവി നീ കാട്ടണമേ**

*കർത്താവേ, ഞാൻ ഉണർന്ന് എഴുന്നേൽക്കുമ്പോൾ തന്നെ നിന്നെ മഹത്വപ്പെടുത്താൻ ഇടയാകണമേ. നിന്റെ സ്നേഹം മൂലം എന്റെ ശാരീരിക ക്ഷീണത്തെ അകറ്റണമേ (ഉ പവി=സ്നേഹം).*

14. **നിൻ തിരുമനസ്സിനെ ഞാനറിഞ്ഞ്**
**ഞാനതിനെ ചെയ്വാനായി**
**നിൻ തിരുമനോഗുണമതിനാലെ**
**എനിക്കു നീ മനോഗുണം ചെയ്യണമേ**

*നിന്റെയിഷ്ടം ഞാൻ തിരിച്ചറിഞ്ഞ് അതുമാത്രം ചെയ്വാൻ എനിക്ക് നല്ല മനസ്സു നൽകണമെ.*

**15. നിരപ്പു നിറഞ്ഞോരന്തിയെയും**
**പുണ്യത്വത്തിനുടെ രാവും**
**ഞങ്ങളുടെ രക്ഷാകരൻ മശിഹാ**
**കർത്താവേ അടിയാർക്കു നീ തരിക**

*ഞങ്ങളുടെ രക്ഷകനായ മശിഹാ കർത്താവേ, സമാധാനം നിറഞ്ഞ സന്ധ്യയും പുണ്യമുള്ള രാത്രിയും അടിയങ്ങൾക്ക് തരേണമേ.*

**16. വെളിവിൽ താൻ പ്രകാശിച്ചു**
**വെളിവിൽ തന്നെ പാർക്കുന്നു**
**വെളിവിനുടെ സുതരായവരും**
**നിന്നെത്തന്നെ വന്ദിക്കുന്നു.**

*വെളിച്ചത്തിൽ പ്രകാശിച്ചവനായ നീ വെളിച്ചത്തിൽ തന്നെ വസിക്കുന്നു. (വെളിവ്= പ്രകാശം) വെളിച്ചത്തിന്റെ മക്കൾ നിന്നെ വന്ദിക്കുകയും ചെയ്യുന്നു.*

**17. നിനക്കു സ്തുതി നിന്നനുഗ്രഹങ്ങൾ**
**ഞങ്ങളുടെ മേലുമതാകണമേ**
**ഇഹലോകത്തിലുമതുപോലെ**
**പരലോകത്തിലുമതാകണമേ**

*കർത്താവേ, ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. നിന്റെ അനുഗ്രഹങ്ങൾ ഞങ്ങളുടെ മേലുണ്ടാകണമേ. ഈ ലോകത്തിലും പരലോകത്തിലും അതുണ്ടാകണമേ (ഇഹലോകം=ഭൂമി, പരലോകം=സ്വർഗ്ഗം).*

**18. എന്റെ കർത്താവേ നിനക്കു സ്തുതി**
**നിനക്കു സ്തുതി, സ്തുതി നിനക്കു സ്തുതി**
**ആയിരങ്ങളുടെ ആയിരവും**
**അളവുകൂടാതെ നിനക്കു സ്തുതി**

*എന്റെ കർത്താവേ, നിനക്കു ആയിരം സ്തുതി. അളവില്ലാതെ നിനക്കു ഞങ്ങൾ സ്തുതി അർപ്പിക്കുന്നു.*

**19. നമസ്ക്കാരം കേൾക്കുന്നവനേ**
**യാചനകൾ നൽകുന്നവനേ**
**ഞങ്ങളുടെ നമസ്ക്കാരം കേട്ട്**
**യാചനകൾ നൽകീടണമേ**

*നമസ്ക്കാരം കേൾക്കുന്നവനും ഞങ്ങളുടെ യാചനകൾക്ക് മറുപടി നൽകുന്നവനുമായുള്ളോവേ, ഞങ്ങളുടെ നമസ്ക്കാരം സ്വീകരിക്കുകയും പ്രാർത്ഥനകൾക്ക് ഉത്തരം നൽകുകയും ചെയ്യണമേ.*

അല്ലെങ്കിൽ

(ഞങ്ങൾക്കുള്ള കർത്താവേ.... എന്നതിന് പകരമായി ചൊല്ലുന്നത്)

**1. കർത്താവേ കൃപ ചെയ്യേണമേ**
**കൈകൊണ്ടടിയാരുടെ കർമ്മം**
**പൊറുതിയച്ചരുളണമേ നിൻ**
**അറയീന്നലിവുമനുഗ്രഹവും**

*കർത്താവേ, ഞങ്ങളുടെ ശുശ്രൂഷയും പ്രാർത്ഥനയും കൈക്കൊണ്ട് ഞങ്ങളിൽ കൃപ ചൊരിയേണമേ. പാപക്ഷമനൽകുകയും നിന്റെ അനുഗ്രഹങ്ങളുടെ ഭണ്ഡാരത്തിൽ നിന്ന്*

*ഞങ്ങൾക്ക് അനുഗ്രഹം നൽകുകയും ചെയ്യണമേ. (അറ=ഭണ്ഡാരം, സൂക്ഷിച്ചുവയ്ക്കുന്ന സ്ഥലം)*

**2. നിദ്രവെടിഞ്ഞുണർവ്വോടു ഞാൻ**
**നിൻ മുൻനിൽക്കാറാകണമേ**
**വീണ്ടുമുറങ്ങുമതിൽ പാപം**
**തീണ്ടുകയും ചെയ്യരുതേ ഞാൻ**

*കർത്താവേ, ഉറക്കം വെടിഞ്ഞ് ഉണർവ്വോടെ നിന്റെ സന്നിധിയിൽ പ്രാർത്ഥിച്ചുകൊണ്ട് നിൽക്കാൻ എന്നെ സഹായിക്കേണമേ. വീണ്ടും ഞാൻ ഉറങ്ങീടുമ്പോൾ പാപം എന്നെ സ്പർശിക്കാൻ ഇടയാകരുതേ.*

**3. അക്രമമുണർവിൽ ചെയ്കിൽ ഞാൻ**
**പോക്കണമേ നാഥാ കൃപയാൽ**
**നിദ്രയിൽ ഞാൻ പാപം ചെയ്കിൽ**
**നിൻ കൃപ മോചനമരുളണമേ**

*ക്രമം തെറ്റുന്നതാണ് 'അക്രമം'. ഇന്ന് ഉണർന്നിരുന്നപ്പോൾ ക്രമം തെറ്റിയ എന്തെങ്കിലും പ്രവർത്തനങ്ങൾ ചെയ്തു പോയെങ്കിൽ കർത്താവിന്റെ കൃപയാൽ ക്ഷമിക്കണമെ. ഉറക്കത്തിൽ എന്തെങ്കിലും പാപം ചെയ്തു പോയാൽ അവയും നിന്റെ കൃപയാൽ മോചിച്ചുതരണമെ.*

**4. എളിമയെഴും നിൻ കുരിശിനെയോർ-**
**ത്തേകണമടിയനു സുഖനിദ്ര**
**മായാരൂപക്കാഴ്ചകളിൽ**
**പായാതെന്നെ രക്ഷിക്ക.**

*താഴ്മയുടെ അടയാളമായ നിന്റെ കുരിശ് (സ്ലീബാ) മൂലം എനിക്ക് സുഖകരമായ ഉറക്കം നൽകണമേ. മായയായ സ്വപ്നങ്ങളിൽ വീഴാതെ എന്നെ ഉറക്കത്തിൽ കാക്കണമേ.*

**5. സ്വച്ഛന്ദമുറങ്ങുന്നേരം**
**ദുശ്ചിന്തകൾ ദുഷ്ടന്മാരും**
**എന്നെ വന്ന് ഭരിക്കായ്‌വാൻ**
**ഈ രാവിൽ കാക്കണമെന്നെ**

*സ്വച്ഛമായും സുഖമായും ഉറങ്ങുന്ന നേരത്ത് ദുഷ്ടചിന്തകളും ദുഷ്ടനായ സാത്താനും എന്നെ വന്ന് ഭരിക്കാതെ ഈ രാത്രിയിൽ കാത്തുകൊള്ളണേ.*

**6. എൻ ദേഹമശേഷം കാപ്പാൻ**
**ഏകുക വെളിവിൻ ദൂതനെ നീ**
**നിൻ മെയ് ഞാൻ ഭക്ഷിച്ചതിനാൽ**
**ദുർമ്മോഹേ വീഴരുതേ ഞാൻ**

*കർത്താവേ, എന്റെ ദേഹത്തെ കാക്കുവാൻ നിന്റെ പ്രകാശത്തിന്റെ മാലാഖയെ തരേണമേ. നിന്റെ തിരു ശരീരം ഞാൻ ഭക്ഷിച്ചതിനാൽ ദുഷ്ടമോഹത്തിൽ ഞാൻ വീഴരുതേ.*

**7. ആശ്വാസത്തൊടുറങ്ങുമെനി**
**ക്കാവുക നിൻ രക്തം കാവൽ**
**ഈ നിൻ സദൃശമതാം സൃഷ്ടി**
**ക്കേകണമേ നിൻ സ്വാതന്ത്ര്യം**

*ആശ്വാസത്തോടെ ഉറങ്ങുന്ന എനിക്ക് നിന്റെ തിരുരക്തം കാവലാകണമേ. കർത്താവേ, നിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട എനിക്ക് നിന്റെ സ്വാതന്ത്ര്യം നൽകണമേ.*

8. **നിൻ കൈവേലയതാം മെയ് മേൽ**
**നിന്റെ വലംകൈമേവണമേ**
**പരിചയ്ക്കൊപ്പം കാക്കുക നിൻ**
**കരുണക്കോട്ട വളഞ്ഞെന്നെ**

*നിന്റെ കൈപ്പണിയായ എന്റെ ശരീരത്തിൽ നിന്റെ വലതുകൈ ആവസിപ്പിക്കണമേ. നിന്റെ കരുണയാകുന്ന കോട്ട ഒരു പരിചപോലെ എന്നെ ചുറ്റി സംരക്ഷിക്കണമെ.*

10. **നിൻ മാതൃ പ്രാർത്ഥനയാലെൻ**
**ശയ്യയ്ക്കണയരുതേ ദുഷ്ടൻ**
**സാത്താൻ ഹിംസിക്കാതെന്നെ**
**നിൻ ബലിയവനെ വിലക്കണമേ**

*കർത്താവേ, നിന്റെ മാതാവിന്റെ പ്രാർത്ഥനമൂലം ദുഷ്ടൻ എന്റെ കിടക്കയോട് അടുക്കരുതെ. സാത്താൻ എന്നെ ഉപദ്രവിക്കാതെ നിന്റെ വിശുദ്ധ ബലി മൂലം അവനെ തടയണമേ.*

11. **നിൻ വാക്കെന്നിൽ നിവർത്തിക്ക**
**നിൻ കുരിശെന്നുയിർ കാത്തിടുക**
**എന്നെത്താങ്ങിയ നിന്നൻപാൽ**
**നിന്നെ ഉണർവ്വിൽ സ്തുതി ചെയ്വാൻ**

*കർത്താവേ, നിന്റെ വാഗ്ദത്തം എന്നിൽ നിവർത്തിക്കണമേ. നിന്റെ കുരിശ്മൂലം എന്റെ ജീവനെ കാത്തിടണം. എന്നെ താങ്ങി നടത്തുന്ന നിന്റെ കരുണമൂലം ഉണർവ്വോടെ നിന്നെ സ്തുതി ചെയ്വാൻ സഹായിക്കണമേ.*

12. **നിന്നിഷ്ടം കേട്ടതിനെ ഞാൻ**
**അനുവർത്തിപ്പാൻ കർത്താവേ**
**നീതിയെഴുന്നൊരു രാവുമെനി**
**ക്കോകണമേ നൽ സന്ധ്യയതും**

*കർത്താവേ, നിന്റെ ഇഷ്ടം കേട്ട് അത് നിവർത്തിപ്പാൻ തക്കവണ്ണം നീതിയുള്ള രാത്രിയും നല്ല സന്ധ്യയും എനിക്ക് തരേണമേ.*

13. **വെളിവാം മിശിഹാ രക്ഷക നീ**
**വെളിവിൽത്തന്നെ നിൻ വാസം**
**വെളിവിൻ പുത്രന്മാർ നിന്നെ**
**ത്തന്നെ വന്ദിച്ചീടുന്നു**

*ലോകത്തിന്റെ പ്രകാശവും രക്ഷകനുമായ മശിഹാ, നീ പ്രകാശത്തിൽ തന്നെ വസിക്കുന്നവനാകുന്നു. വെളിച്ചത്തിന്റെ മക്കളായ ഞങ്ങൾ നിന്നെ വന്ദിച്ച് ആരാധിക്കുന്നു.*

14. **വെളിവിൽ വസിക്കുന്നുലകത്തിൽ**
**രക്ഷകനാമീശോ, സ്തോത്രം**
**ഇഹപരലോകങ്ങളിൽ നിന്റെ**
**കൃപ ഞങ്ങളിലുണ്ടാകണമേ**

*പ്രകാശത്തിൽ വസിക്കുന്ന ലോകരക്ഷകനായ യേശുവേ, നിനക്കു സ്തോത്രം. ഈ ലോകത്തിലും പരലോകത്തും നിന്റെ കൃപ ഞങ്ങളിലുണ്ടാകണമേ.*

**15. സ്തോത്രം, സ്തോത്രം, കർത്താവേ**
**സ്തോത്രമതായിരമായിരമായ്**
**അവധിയായ് സ്തോത്രം നാഥാ**
**കൃപവേണം ഞങ്ങളിലെന്നും**

*കർത്താവേ, നിനക്ക് സ്തോത്രം. ആയിരം ആയിരമായ് നിനക്ക് സ്തോത്രം. അളവി ല്ലാതെ നാഥാ, നിനക്ക് സ്തോത്രം. ഞങ്ങളിലെപ്പോഴും നിന്റെ കൃപ ഉണ്ടാകണമേ.*

**16. സ്തോത്രം, മാലാഖകൾ ശുശ്രൂ**
**ഷിച്ചീറയർ വന്ദിപ്പോനെ**
**പ്രാർത്ഥനകേൾക്കീറയരുടെയും**
**മാലാഖകളുടെയും നാഥാ**

*മാലാഖകൾ ശുശ്രൂഷിക്കുകയും ഈറയർ (ഉറക്കമില്ലാത്ത മാലാഖമാർ) വന്ദിക്കു കയും ചെയ്യുന്ന കർത്താവേ, നിനക്കു സ്തോത്രം. ഈറയരുടെയും മാലാഖകളുടെയും നാഥനായ കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.*

**17. ത്രിത്വേകത്വവുമേകത്വ**
**ത്രിത്വവുമായി സ്ഥിതിചെയ്യും**
**പിതൃസുത പരിശുദ്ധാത്മാവാം**
**സത്യൈകപരനായ് സ്തോത്രം**

*ഏകത്തിൽ ത്രിത്വവും, ത്രിത്വത്തിൽ ഏകവുമായി (മൂന്നിൽ ഒന്നും, ഒന്നിൽ മൂന്നും) സ്ഥിതിചെയ്യുന്ന പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സത്യേക ദൈവമെ നിനക്കു സ്തോത്രം. പിതൃപുത്ര പരിശുദ്ധാത്മാവ് എന്ന സത്യ ഏക ദൈവം ഒന്നായി വസി ക്കുന്നു എന്ന് അർത്ഥമാക്കുന്നു.*

**18. പ്രാർത്ഥന കേട്ടീടുന്നവനേ**
**യാചന നൽകീടുന്നോനെ**
**പ്രാർത്ഥന കേട്ടു നിരപ്പായി**
**കൃപയാൽ യാചന നൽകണമേ**

*എല്ലാ പ്രാർത്ഥനയും കേൾക്കുന്ന കർത്താവേ, യാചനകൾ നൽകുന്നവനെ, ഞങ്ങ ളുടെ പ്രാർത്ഥന കേട്ട് ഞങ്ങളോട് ക്ഷമിച്ച് നിന്റെ കൃപയാൽ ഞങ്ങൾ യാചിച്ചവയെ നൽകേണമേ.*

ഈ പ്രാർത്ഥനകൾ എല്ലാ ദിവസവും സന്ധ്യാനമസ്ക്കാരത്തോടൊപ്പം പാടി ദൈവത്തെ സ്തുതിക്കണം. അങ്ങനെ അവ മനഃപാഠമാക്കണം.

.........................................................

## നമുക്ക് പാടാം

നമ്മൾ പഠിച്ച 'ഞങ്ങൾക്കുള്ള കർത്താവേ', 'കർത്താവേ കൃപചെയ്യേണമെ' എന്നീ ഗീതങ്ങൾ പല ഈണങ്ങളിൽ ക്ലാസിൽ പാടുക. (*ഉദാ.* അൻപുടയോനെ നിൻ വാതിൽ)

.........................................................

## നമുക്ക് പ്രാർത്ഥിക്കാം

*ഞങ്ങളുടെ നാഥനായ കർത്താവേ, ഇത്ര മനോഹരമായ ഒരു പ്രാർത്ഥനാഗീതം പഠിക്കുവാൻ ഞങ്ങളെ നീ സഹായിച്ചതിനാൽ ഞങ്ങൾ നിന്നെ വാഴ്ത്തുന്നു. ഈ ഗീതങ്ങൾ രചിച്ച് ഞങ്ങൾക്ക് നൽകിയ അവിടുത്തെ ദാസനായ മാർ അപ്രേം പിതാവിനെ ഞങ്ങൾ ഓർക്കുന്നു. പരിശുദ്ധാത്മാവിന്റെ കിന്നരമായി പ്രവർത്തിച്ച് അനേക ഗാനങ്ങൾ രചിച്ച് സഭയുടെ ആരാധനയെ സംപുഷ്ടമാക്കിയ ആ പിതാവിന് നീ നല്ല ഓർമ്മ നൽകേണമെ. പിതാവും, പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക സത്യ ദൈവത്തെ എന്നാളും വാഴ്ത്തി സ്തുതിക്കുവാൻ ഞങ്ങൾക്ക് ഇടയാകണമെ. ആമ്മീൻ.*

.........................................................

## നിശ്ചയം

**ഞങ്ങൾ എല്ലാദിവസവും ഭവനത്തിൽ സന്ധ്യാപ്രാർത്ഥന നടത്തുകയും അതോടൊപ്പമുള്ള ഈ പ്രാർത്ഥന അർത്ഥം മനസ്സിലാക്കി ചൊല്ലുകയും ചെയ്യും.**

.........................................................

## പ്രവർത്തനങ്ങൾ

1. മാർ അപ്രേമിന്റെ മെമ്രാ എന്നറിയപ്പെടുന്ന അപേക്ഷ രണ്ട് പരിഭാഷകളും മനഃപാഠമാക്കി ചൊല്ലി കേൾപ്പിക്കുക.
2. ഈ അപേക്ഷകൾ സന്ധ്യാപ്രാർത്ഥനയോടൊപ്പം പതിവായി ചൊല്ലുക.
3. ക്ലാസിൽ ഒന്നുരണ്ടു കുട്ടികൾവീതം നിന്ന് ഒരാൾ നാലുവരി വീതം ചൊല്ലുക. മറ്റെയാൾ അതിന്റെ അർത്ഥം പറയുക. വീണ്ടും രണ്ടു കുട്ടികൾ എഴുന്നേറ്റ് ഇപ്രകാരം ചെയ്യുക. ഇടയ്ക്ക് ടീച്ചർ ചൊല്ലി കേൾപ്പിച്ച് കുട്ടികൾ അർത്ഥം പറയുക.
4. മാർ അപ്രേമിനെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക.
5. മാർ അപ്രേമിന്റെ മറ്റ് ഗീതങ്ങൾ ശുശ്രൂഷാക്രമങ്ങളിൽനിന്ന് കണ്ടെത്തി ഒരു ലിസ്റ്റ് തയ്യാറാക്കുക.

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | സങ്കീ. 3 |
| തിങ്കൾ | സങ്കീ. 4 | സങ്കീ. 13 |
| ചൊവ്വ | സങ്കീ. 16 | സങ്കീ. 19 |
| ബുധൻ | സങ്കീ. 42 | സങ്കീ. 63 |
| വ്യാഴം | സങ്കീ. 69:29-36 | സങ്കീ. 91 |
| വെള്ളി | സങ്കീ. 92 | സങ്കീ. 101 |
| ശനി | സങ്കീ. 116 | * |

പാഠം 12

# മൂന്നാംമണിനമസ്കാരത്തിലെ "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ നിന്നെ വിളിക്കുന്നു..."

എന്നുതുടങ്ങുന്ന പ്രാർത്ഥന

**പാഠനോദ്ദേശ്യം:** മൂന്നാംമണി നമസ്കാരത്തിൽ ഉപയോഗിക്കുന്ന "സ്വർഗ്ഗസ്ഥനായ പിതാവേ.." എന്നുതുടങ്ങുന്ന പ്രാർത്ഥനയുടെ അർത്ഥം മനസ്സിലാക്കുക. ഈ പ്രാർത്ഥന എന്നും ചൊല്ലുക.

**മനഃപ്പാഠവാക്യം:**"യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും. മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും" (വി. ലൂക്കോസ് 11:9).

**പഠനസഹായി:** ഈ പ്രാർത്ഥനയിലെ ഓരോ വരികളും ടീച്ചർ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ക്ലാസിലെ എല്ലാ കുട്ടികൾക്കും കുടുംബാരാധനാക്രമം ഓരോ കോപ്പി നൽകണം. ഓരോ വാചകവും വായിച്ചുകഴിയുമ്പോൾ എല്ലാ കുട്ടികളും ഏറ്റുചൊല്ലുകയും ടീച്ചർ അതിന്റെ അർത്ഥം വ്യക്തമാക്കിക്കൊടുക്കുകയും ചെയ്യുന്നു.

## ആമുഖം

നമ്മുടെ ഓർത്തഡോക്സ് ആരാധനാ പാരമ്പര്യത്തിൽ ഏഴ് നേരത്തെ 'യാമനമസ്ക്കാരങ്ങൾ' ഉണ്ടെന്നു നിങ്ങൾക്കറിയാമല്ലോ. 119-ാം സങ്കീർത്തനം 164-ാം വാക്യത്തിൽ ഇപ്രകാരം പറയുന്നു. നിന്റെ നീതിയുള്ള വിധികൾ നിമിത്തം ഞാൻ ഏഴ് പ്രാവശ്യം നിന്നെ സ്തുതിക്കുന്നു. 3-ാം മണി നമസ്ക്കാരം മലങ്കര സഭയുടെ പാരമ്പര്യത്തിൽ രാവിലെ 9 മണിക്കാണ് നടത്താറുള്ളത്. ചില സാഹചര്യങ്ങളിൽ പ്രഭാത നമസ്ക്കാരത്തോട് ചേർത്ത് 3-ാം മണിനമസ്ക്കാരം നടത്താറുണ്ട്. ഞായറാഴ്ച ഒഴിച്ചുള്ള ദിവസങ്ങളിൽ സാധാരണയായി 3-ാം മണി നമസ്ക്കാരത്തിന് അനുതാപത്തിന്റെ പാട്ടുകളും പ്രാർത്ഥനകളുമാണ് ക്രമീകരിച്ചിരിക്കുന്നത്. ഇന്ന് പഠിക്കാനുള്ളത് കുടുംബാരാധനാക്രമത്തിലെ 3-ാം മണി നമസ്ക്കാരത്തിന്റെ പ്രാർത്ഥനയാണ്. ഈ പ്രാർത്ഥന എല്ലാവരും നന്നായി പഠിക്കുകയും ചൊല്ലുകയും വേണം.

## പാഠഭാഗം

ഈ പ്രാർത്ഥനയും അതിന്റെ അർത്ഥവും നമുക്ക് മനസ്സിലാക്കാം.

**സ്വർഗ്ഗസ്ഥനായ പിതാവേ, നിന്നെ വിളിക്കുന്ന ഞങ്ങളോട് ഉത്തരമരുളേണമേ**

ദൈവത്തെ "പിതാവ്" എന്ന് സംബോധന ചെയ്താണ് ഈ പ്രാർത്ഥന ആരംഭിക്കുന്നത്. ക്രിസ്തീയ കാഴ്ചപ്പാടിൽ നാം എല്ലാവരും ദൈവത്തിന്റെ മക്കളാണ് (റോമർ 8:17). ദൈവത്തിന്റെ അടുക്കൽ സ്വാതന്ത്ര്യത്തോടെ ചെല്ലുവാനുള്ള അവകാശം ദൈവം നമുക്ക് തന്നിരിക്കുന്നു. പിതാവും മക്കളും എന്നപോലെ വളരെ അടുപ്പമുള്ള ബന്ധമാണ് ദൈവം മനുഷ്യനിൽനിന്നും പ്രതീക്ഷിക്കുന്നത്. ദൈവത്തെ 'പിതാവേ' എന്ന് സംബോധന ചെയ്യുമ്പോൾ ദൈവ-മനുഷ്യബന്ധം കൂടുതൽ ആഴത്തിലുള്ളതായിത്തീരുന്നു. ദൈവസാന്നിദ്ധ്യത്തിന്റെ രഹസ്യാത്മകമായ സ്ഥാനത്തെയാണ് 'സ്വർഗ്ഗം' എന്ന പദം വിവക്ഷിക്കുന്നത്. "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്നുപറയുമ്പോൾ മനുഷ്യന്റെ ബുദ്ധിക്കും ആലോചനയ്ക്കും ഉപരിയായി സ്ഥിതിചെയ്യുന്ന ഉന്നതനായ, മനുഷ്യരോട് വളരെ വാത്സല്യമുള്ള ദൈവത്തെ കുറിക്കുന്നു.

**“എന്തെന്നാൽ ഞങ്ങളെ സഹായിപ്പാൻ കഴിയുന്ന പിതാവ് ഞങ്ങൾക്ക് വേറെയില്ല.”**

ദൈവത്തിൽ സമ്പൂർണ്ണമായ ആശ്രയം വെളിവാക്കുന്ന വാക്യമാണിത്. മനുഷ്യജീവിതത്തിന്റെ നന്മയ്ക്കും മേന്മയ്ക്കും സഹായം ലഭിക്കുന്നത് കർത്താവിൽ നിന്നാണ്. ദൈവസഹായം നഷ്ടപ്പെട്ടാൽ നമുക്ക് നിലനിൽപ്പില്ല. “യഹോവേ സഹായിപ്പാൻ വേഗം വരേണമേ” എന്ന സങ്കീർത്തനത്തിൽ ആവർത്തിച്ച് പരാമർശിക്കുന്നു.

**“തിരുവുള്ളത്താൽ ഇല്ലായ്മയിൽനിന്ന് ഞങ്ങളെ നീ സൃഷ്ടിച്ചു. ഞങ്ങൾ സൃഷ്ടിക്കപ്പെട്ടതിന്റെ ശേഷം നിന്റെ കോപം ഞങ്ങളെ നശിപ്പിച്ചുകളയരുതേ”**

ദൈവത്തിന്റെ ഇഷ്ടത്താൽ ഒന്നുമില്ലായ്മയിൽനിന്നാണ് നമ്മെ സൃഷ്ടിച്ചത് (ഉൽപ്പത്തി 1:27, യോഹ. 1:3). മനുഷ്യന്റെ അനീതിയും അധർമ്മവും അക്രമവും ദൈവകോപത്തിന് കാരണമാകും എന്ന് വേദപുസ്തകം പഠിപ്പിക്കുന്നു. എന്നാൽ ദൈവത്തിന്റെ കരുണയുടെ പ്രവർത്തനംമൂലവും മനുഷ്യന്റെ അനുതാപത്താലും ദൈവകോപത്തിന് നീക്കമുണ്ടാകും.

**“കർത്താവേ നിന്റെ കല്പനകൾ ആചരിപ്പാൻ ഞങ്ങളെ പഠിപ്പിക്കേണമേ.”**

ദൈവയിഷ്ടത്തിന്റെ ലിഖിതരൂപമാണ് കല്പനകൾ. മനുഷ്യൻ എപ്രകാരം ദൈവത്തോടും സഹജീവികളോടും ഇടപെടണമെന്ന് പഠിപ്പിക്കുന്നത് കല്പനകളിലൂടെയാണ്. മോശയിലൂടെ ദൈവം നൽകിയ പത്ത് കല്പനകൾ വളരെ പ്രധാനപ്പെട്ടവയാണ്. അതോടൊപ്പം സുവിശേഷങ്ങളിലൂടെ യേശുക്രിസ്തു പറഞ്ഞുതരുന്ന ഉപദേശങ്ങളും ദൈവകൽപ്പനകളാണ് (യോഹ. 15:10). ദൈവകല്പനകൾ പൂർണ്ണമായി പാലിക്കണമെങ്കിൽ ദൈവകൃപ ആവശ്യമാണ്. കല്പനകളുടെ പൊരുൾ മനസ്സിലാക്കണമെങ്കിൽ ദൈവാത്മാവ് നമ്മെ പഠിപ്പിച്ചെങ്കിൽ മാത്രമേ സാധിക്കൂ (യോഹ. 16:13).

**“പുണ്യപ്രവൃത്തികളാൽ ഞങ്ങൾ നിനക്കു ഇഷ്ടന്മാരായി തീരണമേ. കർത്താവേ കൃപയുണ്ടായി ഞങ്ങളോട് കരുണ ചെയ്യേണമേ”**

“ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയ പിതാവു സൽഗുണപൂർണ്ണൻ ആയിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ” (വി. മത്തായി 5:48). നമ്മുടെ പ്രവർത്തനങ്ങളിൽ സൽഗുണപൂർണ്ണത വരിക എന്നതാണ് ദൈവേഷ്ടം. പുണ്യപ്രവർത്തനങ്ങളാണ് ദൈവത്തിന് ഏറ്റവും ഇഷ്ടമുള്ള കാഴ്ച. പുണ്യപ്രവൃത്തികൾ ചെയ്യുന്നവരെ ദൈവം സ്നേഹിക്കുന്നു. ദൈവത്തെ സ്നേഹിക്കുന്നവർ സൽപ്രവൃത്തികൾ ചെയ്യുന്നു.

**“ഞങ്ങളുടെ നാഥനായ കർത്താവേ ഞങ്ങളുടെ സഹായത്തിന് വരണമേ ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കൾമേൽ കരുണ ചെയ്യേണമേ”.**

ദൈവസഹായത്തിനായി വീണ്ടും അഭ്യർത്ഥിച്ചും, ആത്മാവിനുവേണ്ടി ദൈവകരുണ ആവശ്യപ്പെട്ടുംകൊണ്ടാണ് പ്രാർത്ഥന ഇവിടെ അവസാനിപ്പിക്കുന്നത്.

.........................................................

## നമുക്കുപാടാം

(എൻ നാഥാ നിൻ കൃപ നിന്നെ...... എന്ന രീതി)

കർത്താവേ കറയില്ലാത്ത
ഹൃദയമെനിക്കരുളീടണമേ
പിഴയധികാരം ചെയ്തതിനാൽ
മുന്നേക്കാളത് വഷളായി.

കർത്താവേ എൻ പ്രാർത്ഥനയാൽ
സുസ്ഥിരവും ശുദ്ധിയുമുള്ള
നിന്നാത്മാവിനെയെന്നുള്ളിൽ
നന്നായൊന്നുപുതുക്കണമെ.

## നമുക്കു പ്രാർത്ഥിക്കാം

*എല്ലാവരും ചേർന്ന് ഈ പ്രാർത്ഥന ഭംഗിയായി ക്ലാസിൽ പ്രാർത്ഥിക്കുക. എഴുന്നേറ്റുനിന്ന് കുരിശുവരച്ച് പ്രാർത്ഥിക്കണം.*

........................................................

## നിശ്ചയം

**മൂന്നാംമണി നമസ്കാരത്തിലെ "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ നിന്നെ വിളിക്കുന്നു...." എന്ന പ്രാർത്ഥന അർത്ഥം മനസ്സിലാക്കി ഭംഗിയായി ഞങ്ങൾ എന്നും പ്രഭാതത്തിൽ പ്രാർത്ഥിക്കും.**

........................................................

## നമുക്ക് ചിന്തിക്കാം

1. ദൈവത്തെ 'പിതാവേ' എന്ന് സംബോധന ചെയ്യുന്നതിന്റെ പ്രാധാന്യം വ്യക്തമാക്കുക.
2. "ഞങ്ങളെ സഹായിപ്പാൻ കഴിയുന്ന പിതാവു ഞങ്ങൾക്ക് വേറെയില്ല" എന്ന പ്രാർത്ഥനയ്ക്ക് നമ്മുടെ ജീവിതവുമായുള്ള ബന്ധം എന്ത്.
3. ഓർത്തഡോക്സ് സഭയിലെ ഏഴ് യാമപ്രാർത്ഥനാസമയങ്ങൾ ഏതെല്ലാം?
4. "നിന്റെ കല്പനകൾ ആചരിപ്പാൻ ഞങ്ങളെ പഠിപ്പിക്കേണമേ..." ഏതെല്ലാമാണ് ദൈവത്തിന്റെ കല്പനകൾ?
5. ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയ പിതാവ് .......................................... ആയിരിക്കുന്നതുപോലെ നിങ്ങളും ...........................ആകുവിൻ (വി. മത്താ 5:48) (വിട്ടുപോയ വാക്കുകൾ ബൈബിളിൽനിന്ന് കണ്ടുപിടിക്കുക).

## പ്രവർത്തനങ്ങൾ

1. നാം എല്ലാവരും ദൈവത്തിന്റെ മക്കളാണ് എന്ന് സൂചിപ്പിക്കുന്ന വേദഭാഗങ്ങൾ കണ്ടെത്തി ഒരു ലിസ്റ്റ് തയ്യാറാക്കുക.
2. "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..." എന്നു തുടങ്ങുന്ന മൂന്നാം മണിയിലെ പ്രാർത്ഥന എല്ലാദിവസവും പ്രഭാതത്തിലെ പ്രാർത്ഥനയോടൊപ്പം പ്രാർത്ഥിക്കുക.
3. ഈ പ്രാർത്ഥന മനഃപ്പാഠമാക്കുക.
4. സുഹൃത്തുക്കളോട് ഈ പ്രാർത്ഥനയുടെ പ്രാധാന്യം പങ്കുവെയ്ക്കുക.

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | ലൂക്കോ 11:9 |
| തിങ്കൾ | റോമ. 8:17 | ഉൽപ്പ. 1 :27 |
| ചൊവ്വ | യോഹ 1:3 | യോഹ 16:13 |
| ബുധൻ | മത്താ. 5:48 | മർക്കോസ് 10 1-16 |
| വ്യാഴം | മത്താ. 11:11-19 | ഉൽപ്പത്തി 21:1-21 |
| വെള്ളി | പുറപ്പാട് 2.1-10 | സങ്കീ. 127 |
| ശനി | യെശയ്യാവ് 62:1-12 | * |

പാഠം 13

## സൂത്താറ നമസ്കാരത്തിലെ

# “മഹോന്നതന്റെ മറവിൽ ഇരിക്കുന്ന കർത്താവേ...”

എന്നു തുടങ്ങുന്ന അപേക്ഷ

**പഠനോദ്ദേശ്യം:** മഹോന്നതന്റെ മറവിൽ ഇരിക്കുന്ന കർത്താവേ... എന്ന് തുടങ്ങുന്ന പ്രാർത്ഥനയുടെ അർത്ഥം മനസ്സിലാക്കുക. പതിവായി ഈ പ്രാർത്ഥന സൂത്താറാ നമസ്കാരസമയത്ത് ഭംഗിയായി ചൊല്ലി പ്രാർത്ഥിക്കുക.

**മനഃപാഠവാക്യം:** “ഞാൻ നിന്റെ കൂടാരത്തിൽ എന്നേക്കും വസിക്കും. നിന്റെ ചിറകിൻ മറവിൽ ഞാൻ ശരണം പ്രാപിക്കും” (സങ്കീ. 61:4).

**പഠനസഹായി**: കുടുംബാരാധന ക്രമം, വി. കുർബ്ബാന ക്രമം.

### ആമുഖം

സൂത്താറ നമസ്കാരസമയത്ത് ചൊല്ലുന്ന ഒരു പ്രാർത്ഥന ഏത്? “ഞങ്ങൾക്കുള്ള കർത്താവേ...” അതുപോലെ വളരെ ആകർഷകമായ ഒരു പ്രാർത്ഥനയാണ് മഹോന്ന തന്റെ മറവിൽ ഇരിക്കുന്ന കർത്താവേ... എന്നു തുടങ്ങുന്ന മാർ സേവേറിയോസിന്റെ അപേക്ഷ. 91-ാം സങ്കീർത്തനം അടിസ്ഥാനമാക്കി സഭാവിശ്വാസ പശ്ചാത്തലത്തിൽ വിര ചിതമായ (Derivative Prayer of Psalm 91) അപേക്ഷാ ഗീതമാണിത്. സൂത്താറ നമ സ്കാരത്തിൽ 91-ാം സങ്കീർത്തനം ആലപിച്ച ശേഷം ഈ പ്രാർത്ഥന ചൊല്ലുന്നു. പ്രാർത്ഥ നയുടെ അർത്ഥം എന്തെന്ന് നമുക്ക് പഠിക്കാം.

### പാഠഭാഗം

**“മഹോന്നതന്റെ മറവിൽ ഇരിക്കുന്ന കർത്താവേ, നിന്റെ കരുണയുടെ ചിറകിൻകീഴിൽ ഞങ്ങളെ മറച്ച് ഞങ്ങളോട് കരുണ ചെയ്യേണമേ”.**

“അത്യുന്നതൻ, മഹോന്നതൻ” തുടങ്ങിയ പദങ്ങൾ പൗരാണികമായി ദൈവത്തെ സംബോധന ചെയ്യുന്ന പദങ്ങളാണ്. മനുഷ്യചിന്തയ്ക്ക് അതീതമായി രഹസ്യസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന കർത്താവിനെയാണ് ‘‘മഹോന്നതന്റെ മറവിലിരിക്കുന്നവനായ കർത്താവേ” എന്ന പദംകൊണ്ട് വിവക്ഷിക്കുന്നത്. പക്ഷികൾ തങ്ങളുടെ ചിറകു കൾകൊണ്ട് കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതുപോലെ ദൈവകരുണയാകുന്ന ചിറകു കൊണ്ട് നമ്മെ മറയ്ക്കണമെന്ന് ഇവിടെ നാം പ്രാർത്ഥിക്കുന്നു.

**“സകലവും കേൾക്കുന്നവനേ നിന്റെ കരുണയാൽ നിന്റെ അടിയാരുടെ അപേക്ഷ നീ കേൾക്കണമേ”**

മനുഷ്യരായ നമ്മുടെ ഉള്ളിൽനിന്നും ഉയരുന്ന ഒരു പ്രാർത്ഥനാസ്വരംപോലും ദൈവം കേൾക്കാതിരിക്കുന്നില്ല. നമ്മൾ രഹസ്യമായി മനസ്സിൽ പ്രാർത്ഥിച്ചാലും ദൈവം അത് കേൾക്കുന്നു. ദൈവം സകലവും കേൾക്കുകയും കാണുകയും ചെയ്യുന്നു.

**“മഹത്വമുള്ള രാജാവായ, ഞങ്ങളുടെ രക്ഷകനായ മശിഹാ, സമാധാനം നിറഞ്ഞ സന്ധ്യയും പുണ്യമുള്ള രാവും ഞങ്ങൾക്കു തരേണമേ”**

മനുഷ്യരുടെ ആത്മീയ - ശാരീരിക - മാനസിക ആരോഗ്യത്തിന് അത്യന്താപേക്ഷിതമായിരിക്കുന്നതാണ്, സമാധാനം നിറഞ്ഞ സന്ധ്യയും (Peaceful Eve) പുണ്യമുള്ള രാവും (Holy night). ശാന്തതയുള്ള രാവാണ് ഉന്മേഷമുള്ള പകലിന് സഹായകമാകുന്നത്. ഇതൊക്കെയും ദൈവദാനമാണ്. അതിനായി ദൈവത്തോട് നാം പ്രാർത്ഥിക്കുന്നു. മഹത്വത്തിന്റെ രാജാവ് എന്ന വർണ്ണന എത്ര മനോഹരം!

**"ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്ക് നോക്കിക്കൊണ്ടിരിക്കുന്നു. ഞങ്ങളുടെ കടങ്ങളും പാപങ്ങളും പുണ്യപ്പെടുത്തി ഇഹവും പരവുമായ രണ്ടു ലോകങ്ങളിലും കരുണ ചെയ്യണമേ"**

"കണ്ണുകൾ നിങ്കലേക്ക് നോക്കിക്കൊണ്ടിരിക്കുന്നു" എന്ന വാക്യം അർത്ഥമാക്കുന്നത് സർവ്വസമയവും എല്ലാ കാര്യങ്ങളിലും ദൈവത്തിൽ ആശ്രയിച്ചുകൊണ്ടിരിക്കുന്നു എന്നാണ്. സൃഷ്ടിയായ മനുഷ്യന്റെ നോട്ടം എപ്പോഴും സ്രഷ്ടാവായ ദൈവത്തിങ്കലേക്ക് തന്നെയാവണം. സൃഷ്ടാവായ ദൈവത്തിങ്കലേക്ക് നോക്കിവേണം കർമ്മം ചെയ്യുവാൻ. ജീവിതത്തിൽ വന്നുപോയ പാപങ്ങളെ നീക്കി ശുദ്ധീകരിച്ച് ഈ ലോകത്തിലും സ്വർഗ്ഗലോകത്തിലും ഞങ്ങളോട് കരുണ ചെയ്യേണമേ എന്ന് പ്രാർത്ഥിക്കുന്നു.

**"കർത്താവേ നിന്റെ കരുണ ഞങ്ങളെ മറച്ച് നിന്റെ കൃപ ഞങ്ങളുടെ മുഖങ്ങളിൽ നിൽക്കണമേ നിന്റെ സ്ലീബാ ദുഷ്ടനിൽ നിന്നും അവന്റെ സൈന്യങ്ങളിൽനിന്നും ഞങ്ങളെ കാത്തുകൊള്ളേണമേ"**

മനുഷ്യജീവിതത്തിൽ നിലനില്പിന് അടിസ്ഥാനമായിരിക്കുന്നത് ദൈവകരുണയും ദൈവത്തിന്റെ കൃപയുമാണ്. കരുണകൊണ്ട് ഞങ്ങളെ മറച്ച് കൃപ ഞങ്ങളുടെ മുഖങ്ങളിൽ നിൽക്കണമേ എന്നു പ്രാർത്ഥിക്കുന്നു. സ്ലീബാ രക്ഷയുടെ അടയാളമാണ്. സ്ലീബായുടെ അടയാളം നമ്മെ എല്ലാ ദുഷ്ടശക്തികളിൽനിന്നും കാത്ത് സംരക്ഷിക്കും. ദൈവകൃപയില്ലാതെ നമുക്ക് നിലനില്പില്ല.

**"ഞങ്ങൾ ജീവനോടിരിക്കുന്ന നാളുകളൊക്കെയും നിന്റെ വലതുകൈ ഞങ്ങളുടെമേൽ ആവസിപ്പിക്കണമേ"**

63-ാം സങ്കീർത്തനം 8-ാം വാക്യത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "എന്റെ ഉള്ളം നിന്നോടു പറ്റിയിരിക്കുന്നു. നിന്റെ വലങ്കൈ എന്നെ താങ്ങുന്നു". "ദൈവത്തിന്റെ വലതു കൈ" എന്ന പ്രയോഗം നമ്മെ വഴിനടത്തുന്ന ദൈവത്തിന്റെ അത്ഭുതമായ പ്രവർത്തനത്തെയും, സംരക്ഷണത്തെയും സൂചിപ്പിക്കുന്നതാണ്. "ഞങ്ങളുടെ ആയുഷ്കാലം മുഴുവനും ദൈവത്തിന്റെ വലതു കൈയുടെ ആവാസം ഞങ്ങളിൽ ഉണ്ടാകണമേ."

**"നിന്റെ സമാധാനം ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമെ. നിന്നോടപേക്ഷിക്കുന്ന ആത്മാക്കൾക്ക് ശരണവും രക്ഷയും നീ ഉണ്ടാക്കണമെ"**

ദൈവിക സമാധാനത്തിനായി അപേക്ഷിക്കുന്നു. ശാശ്വതമായി നിലനിൽക്കുന്ന സമാധാനം ദൈവിക സമാധാനമാണ്. അത് ലോകം തരുന്നതുപോലെയല്ല (യോഹ. 14:27). ദൈവം തന്നെ വിളിച്ചപേക്ഷിക്കുന്ന ആത്മാക്കൾക്ക് ശരണവും രക്ഷയും നൽകുന്നു.

**"നിന്നെ പ്രസവിച്ച മറിയാമിന്റെയും നിന്റെ സകല പരിശുദ്ധൻമാരുടെയും പ്രാർത്ഥനയാൽ ദൈവമേ ഞങ്ങളുടെ കടങ്ങൾക്ക് പരിഹാരമുണ്ടാക്കി ഞങ്ങളോടു കരുണ ചെയ്യേണമേ"**

വി. കന്യകമറിയാമിന്റെയും, വിശുദ്ധന്മാരുടെയും പ്രാർത്ഥന അപേക്ഷിച്ചുകൊണ്ട്, പാപങ്ങൾ ക്ഷമിക്കേണമേ എന്ന് കർത്താവിനോട് പ്രാർത്ഥിച്ചുംകൊണ്ട് പ്രാർത്ഥന പൂർത്തിയാവുന്നു.

മനുഷ്യചിന്തയ്ക്ക് അതീതമായി രഹസ്യസ്ഥാനത്ത് സ്ഥിതിചെയ്യുന്ന മഹാ പരിശുദ്ധനാണ് കർത്താവ്. നാം ആവശ്യപ്പെടാതെ നമുക്കാവശ്യമായ എല്ലാം ദൈവം നൽകി നമ്മെ വഴി നടത്തുന്നു. സർവ്വശക്തനായ ദൈവത്തിന്റെ കരുണ ഈ ലോകത്തിലും പരലോകത്തിലും നമുക്ക് ആവശ്യമാണ്. എന്നാളും കർത്താവ് നമ്മെ തന്റെ കൃപയുടെ ചിറകിന്റെ മറവിൽ സംരക്ഷിക്കുന്നു. പരിശുദ്ധ സ്ലീബാ ശത്രുവിനെതിരെ തോൽക്കാത്ത ആയുധവും രക്ഷയുടെ അടയാളവുമാണ്.

## നമുക്ക് പാടാം

(സ്ലീബായുടെ സൂത്താറാ നമസ്കാരത്തിൽ നൽകിയിരിക്കുന്ന ഗീതം.
ഇത് മഹോന്നതനുടെ മറവിലിരിക്കുന്നവനായ... എന്ന പ്രാർത്ഥനയുടെ
പദ്യാവിഷ്കാരമാണ്. വിശുദ്ധ കുർബ്ബാനക്രമം നോക്കി ഗീതം പൂർണ്ണമായി ചൊല്ലുക.)

അത്യുന്നതനുടെ മറവിലിരിക്കും - നാഥാ
കൃപയിൻ കീഴിൽ ചേർക്കേണമേ
കാരുണ്യംമൂലം - കൃപയാലെല്ലാം കേൾക്കുന്നോനെ
............................................................
............................................................
മാതൃവിശുദ്ധാഭ്യർത്ഥനയാൽ - കടപരിഹാരം നൽകി
എന്മേൽ ദേവേശാ ചെയ്തീടണമെ കാ-രുണ്യം.

............................................................

## നമുക്ക് പ്രാർത്ഥിക്കാം

*ഞങ്ങൾക്കുവേണ്ടി ഇറങ്ങിവന്ന് ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി കഷ്ടതകളും കുരിശുമരണവും സഹിച്ച അത്യുന്നതനായ കർത്താവേ, ഞങ്ങളുടെ അപേക്ഷകളെ കൈക്കൊള്ളുകയും ഞങ്ങളുടെ യാചനകളെ നൽകുകയും ചെയ്യണമേ. നിന്റെ മഹത്വങ്ങളുടെ പ്രകാശത്താൽ ഞങ്ങളുടെ ഉൾക്കണ്ണുകളെ പ്രകാശിപ്പിക്കണമെ. ജീവൻ നൽകുന്ന നിന്റെ കൽപനകളെ ആചരിക്കുന്നതിന് ഞങ്ങളെല്ലാവരെയും ശക്തിപ്പെടുത്തേണമെ. ഞങ്ങൾ ഇപ്പോഴും എല്ലാ സമയത്തും നിന്നെയും നിന്റെ പിതാവിനെയും പരിശുദ്ധ റൂഹായെയും സ്തോത്രം ചെയ്ത് വന്ദിക്കുകയും ചെയ്യുമാറാകണമെ. ആമ്മീൻ.*

............................................................

## നിശ്ചയം

**മഹോന്നതന്റെ മറവിൽ... എന്ന പ്രാർത്ഥന പതിവായി ഞങ്ങൾ സന്ധ്യാനമസ്കാരത്തോടൊപ്പം എന്നും പ്രാർത്ഥിക്കും.**

............................................................

## നമുക്ക് ചിന്തിക്കാം

1. "മഹോന്നതന്റെ മറവിൽ...." എന്ന പ്രാർത്ഥന ഏത് സങ്കീർത്തന ഭാഗത്തോട് ബന്ധപ്പെട്ടിരിക്കുന്നു.

2. ഈ പ്രാർത്ഥനയുടെ രചയിതാവ് ആര്?
3. ഈ പ്രാർത്ഥനയിലെ ആശയങ്ങൾ കണ്ടെത്താവുന്ന വേദപുസ്തക ഭാഗങ്ങൾ കണ്ടുപിടിച്ച് എഴുതുക?
4. എന്റെ.................... നിന്നോടു പറ്റിയിരിക്കുന്നു. നിന്റെ........... എന്നെ താങ്ങുന്നു. (സങ്കീ. 63:8) വിട്ടുപോയ വാക്കുകൾ ബൈബിളിൽനിന്ന് കണ്ടുപിടിക്കുക.

## പ്രവർത്തനങ്ങൾ

1. മഹോന്നതന്റെ മറവിലിരിക്കുന്നവനായ... എന്ന പ്രാർത്ഥന പതിവായി സന്ധ്യാ പ്രാർത്ഥനയോടൊപ്പം പ്രാർത്ഥിക്കുക.
2. ഈ പ്രാർത്ഥനയിലെ ഓരോ വാക്യത്തിന്റെയും അർത്ഥം ക്ലാസ്സിൽ പറഞ്ഞു കേൾപ്പിക്കുക.

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | സങ്കീ. 91 |
| തിങ്കൾ | സങ്കീ. 63 | സങ്കീ. 6 |
| ചൊവ്വ | സങ്കീ. 32 | സങ്കീ. 37 1-20 |
| ബുധൻ | സങ്കീ. 37 21-40 | സങ്കീ. 51 |
| വ്യാഴം | സങ്കീ. 102 1-14 | സങ്കീ.102 14-28 |
| വെള്ളി | സങ്കീ. 140 | സങ്കീ. 125 |
| ശനി | സങ്കീ. 103 | * |

യൂണിറ്റ് 3

# ആരാധനാഗീതങ്ങൾ

പാഠം 14

# ദൈവമാതാവിന്റെ കുക്കിലിയോൻ

**പാഠോദ്ദേശ്യം:** ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിലുള്ള കുക്കിലിയോൻ വിശദമായി പഠിക്കുകയും അവ അർത്ഥം മനസ്സിലാക്കി ആലപിക്കുകയും ചെയ്യുക.

**മനഃപാഠവാക്യം:** "നിന്റെ സ്ത്രീരത്നങ്ങളുടെ കൂട്ടത്തിൽ രാജകുമാരികൾ ഉണ്ട്. നിന്റെ വലതുഭാഗത്ത് രാജ്ഞി ഓഫീർ തങ്കം അണിഞ്ഞു നില്ക്കുന്നു. അല്ലയോ കുമാരീ കേൾക്ക, നോക്കുക, ചെവി ചായ്ക്ക; സ്വജനത്തേയും നിന്റെ പിതൃഭവനത്തേയും മറക്ക, അപ്പോൾ രാജാവ് നിന്റെ സൗന്ദര്യത്തെ ആഗ്രഹിക്കും" (സങ്കീ. 45:9-10).

**പഠനസഹായി:** വി. കുർബ്ബാനക്രമം.

## ആമുഖം

കുക്കിലിയോൻ എന്താണ് എന്ന് നാം 6-ാം ക്ലാസിൽ പഠിച്ചത് ഓർമ്മയുണ്ടോ? അതൊരു പ്രാർത്ഥനാചക്രമാണ്. വി. ദൈവമാതാവിനെ ഓർക്കുന്ന ഒരു കുക്കിലിയോനാണ് "നിന്നാൾ സ്തുതിയൊടു" എന്ന് തുടങ്ങുന്നത്. ആരാധനകളിൽ വി. കന്യകമറിയാമിനെയും പരിശുദ്ധരെയും ഓർക്കുക എന്നത് ഓർത്തഡോക്സ് ആരാധനയുടെ അവിഭാജ്യ ഘടകമാണെന്ന് നിങ്ങൾക്ക് അറിയാമല്ലോ.

## കുക്കിലിയോന്റെ ഘടകങ്ങൾ എന്തെല്ലാമാണ്?

തുടക്കത്തിൽ ഒരു സങ്കീർത്തനഭാഗം അതിനുശേഷം "എക്ബോ" എന്ന ഒരു ഗീതവും, തുടർന്ന് പ്രൊമിയോൻ സെദറാകളും, അതിനുശേഷം 'കോലോകൾ' എന്ന ഒരു കൂട്ടം ഗീതങ്ങളും പാടും. രണ്ട് കോലോകൾക്കിടയിൽ ത്രിത്വസ്തുതി (ശുബഹോ....) ഉണ്ടാകും. കോലോകൾക്കുശേഷം പദ്യരൂപത്തിലുള്ള ഒരു അപേക്ഷയാണ് ബോവൂസോ. ഈ അപേക്ഷയോടെ ഒരു കുക്കിലിയോൻ അവസാനിക്കും. വി. കുർബ്ബാനമദ്ധ്യേ കുക്കിലിയോൻ ചൊല്ലുമ്പോൾ സാധാരണയായി ആദ്യം ചൊല്ലുന്നത് ദൈവമാതാവിന്റെ കുക്കിലിയോൻ ആണ്.

## പാഠഭാഗം

സഭയിലെ വിശുദ്ധരിൽ പ്രഥമസ്ഥാനം മാതാവിനാണ് നാം നല്കുന്നത്? ദൈവമാതാവിന്. അതുകൊണ്ടാണ് എപ്പോഴും കുക്കിലിയോൻ ചൊല്ലുന്ന അവസരത്തിൽ ദൈവമാതാവിന്റെ കുക്കിലിയോൻ ആദ്യം ചൊല്ലുന്നത്. വി. കുർബ്ബനമദ്ധ്യേയും, വിവാഹം, പട്ടത്വം എന്നീ കൂദാശയ്ക്കൊടുവിലും, എല്ലാ യാമനമസ്കാരങ്ങളിലും നാം ദൈവമാതാവിന്റെ കുക്കിലിയോൻ ചൊല്ലാറുണ്ട്.

## സങ്കീർത്തനഭാഗം

**നിന്നാൾ സ്തുതിയൊടു രാജമകൾ ഹാ. ഹാ**
**നിന്റെ വലമായ് രാജഭാമിനിയും**
**നിന്നഴകരചൻ മോഹിപ്പാൻ ഹാ. ഹാ**
**നിൻജനം ഓർക്കായ്ക പിതൃഗൃഹവും. ബാറെക്മോർ**

ഇതാണ് കുക്കിലിയോന്റെ ആദ്യഭാഗമായ സങ്കീർത്തനം. 45-ാം സങ്കീർത്തനം 9, 10, 11 വാക്യങ്ങളിൽനിന്നാണ് ഈ ഗീതം എടുത്തിട്ടുള്ളത് (മനഃപാഠവാക്യം ശ്രദ്ധിക്കുക). ആദ്യം ഗീതത്തിന്റെ അർത്ഥം നോക്കാം. 'രാജപുത്രി സ്തുതിയോടെ നിന്നു. നിന്റെ വലത്തുഭാഗത്തു രാജകുമാരി നിലകൊണ്ടു. നിന്റെ ലാവണ്യം അരചനെ (രാജാവിനെ) മോഹിപ്പിക്കും. സ്വന്തജനത്തേയും പിതൃഭവനത്തേയും നീ മറന്നേക്കുക'. രാജസ്തുതിപരമായ ഒരു സങ്കീർത്തനമാണ് 45-ാം സങ്കീർത്തനം. താഴ്ചയിൽനിന്നും ഉയർത്തപ്പെട്ട് രാജാവിന്റെ വലതുഭാഗത്ത് നില്ക്കുന്ന രാജ്ഞിയെയാണ് ഇവിടെ പ്രതിപാദിക്കുന്നത്. ദൈവമാതാവിനെക്കുറിച്ച് പറയുവാൻ ഏറ്റവും യുക്തമായ സങ്കീർത്തനഭാഗമല്ലേ ഇത്? 'നിന്നാൾ' എന്ന വാക്ക് ഉച്ചരിക്കുമ്പോൾ രണ്ടാമത്തെ അക്ഷരം 'അവൾ നിന്നു' എന്നർത്ഥം വരുന്ന രീതിയിൽതന്നെ പറയണം. ഈ വാക്ക് തെറ്റായി ഉച്ചരിക്കുന്ന ഒരു പ്രവണത കണ്ടുവരുന്നുണ്ട്.

സങ്കീർത്തനഭാഗം അവസാനിക്കുന്നത് ത്രിത്വസ്തുതിയോടെയാണ്. പട്ടക്കാരൻ 'പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി' എന്നർത്ഥമുള്ള ശൂബഹോ... പറയുകയും ജനം പ്രതിവാക്യമായി 'ആദിമുതൽ എന്നേക്കുംതന്നെ' എന്നർത്ഥമുള്ള 'മെൻ ഓലം വാദാ മൊല് ഓലാം ഒൽമീൻ' ആമ്മീൻ എന്ന് പ്രതിവാക്യം പറയുകയും ചെയ്യും. ത്രിത്വസ്തുതി ഉച്ചരിക്കുമ്പോൾ കുരിശുവരയ്ക്കുന്ന ഒരു പാരമ്പര്യമാണ് നമുക്കുള്ളത്.

## എക്ബോ

കുക്കിലിയോനിലെ അടുത്ത ഭാഗം 'എക്ബോ' (പടി) എന്ന ഗീതമാണ്.

**ഭക്തർപുകഴ്ചാ ഭാജനമേ**
**നിന്നിലുദിച്ചോരേകസുതൻ**
**തൃക്കരൾ ഞങ്ങളിലലിവാൻ തൻ**
**പക്കലപേക്ഷയണയ്ക്കേണം.**

വി. കന്യകമറിയാമിന്റെ മദ്ധ്യസ്ഥതയ്ക്കായുള്ള ഒരു അപേക്ഷയാണിത്. 'ഭക്തരുടെ സ്തുതിക്ക് പാത്രമായിരിക്കുന്നവളേ, നിന്നിൽനിന്നും ജനിച്ച ഏകപുത്രന്റെ മനസിൽ ഞങ്ങളെപ്രതി ദയവുണ്ടാകുവാൻ (അലിവ്) ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ' എന്നാണ് ഈ ഗീതത്തിന്റെ അർത്ഥം.

ഈ ഗീതത്തിന്റെ അവസാനം 'സ്തൗമെൻ കാലോസ്, കുറിയേലായിസോൻ' എന്നും പറയുന്നുണ്ട്. സ്തൗമെൻ കാലോസ് എന്നാൽ 'നാം നല്ലവണ്ണം നില്ക്കണം' എന്നാണർത്ഥം. ഈ അവസരത്തിൽ ആവശ്യമെങ്കിൽ പ്രൊമിയോൻ വായിക്കാം എന്നതുകൊണ്ടാണ് നല്ലവണ്ണം നില്ക്കണം എന്ന് ആഹ്വാനം ചെയ്യുന്നത്. പ്രൊമിയോൻ വായിക്കുന്നില്ലെങ്കിൽ പാട്ടിന്റെ ഈണത്തിൽ തന്നെ സ്തൗമെൻ കാലോസ് പറയുന്ന രീതിയാണ് ഇപ്പോൾ ഉള്ളത്. 'കർത്താവേ, കരുണ ചെയ്യേണമേ' എന്ന് അർത്ഥമുള്ള കുറിയേലായിസോൻ പറഞ്ഞുകൊണ്ട് നാം തയ്യാറായി നില്ക്കും.

## കോലോകൾ

'കോലോ' എന്ന പദത്തിന് 'ശബ്ദം' എന്നാണർത്ഥം. ഗീതങ്ങൾക്ക് കോലോകൾ എന്ന് പറയാറുണ്ട്. പാട്ടുകളുടെ പല പാദങ്ങളുടെ കൂട്ടമാണ് സാധാരണ കോലോകൾ എന്ന പേരിൽ ക്രമീകരിക്കുന്നത്. ഇവിടെ രണ്ട് ഗീതങ്ങളാണ് ഇടയ്ക്ക് ത്രിത്വസ്തുതി യോടെ ചേർത്തിരിക്കുന്നത്. ഓരോ ദിവസവും മാറിമാറി ആവർത്തന വിരസത ഒഴിവാക്കുവാൻ പലകൂട്ടം കോലോകൾ സാധാരണ കുക്കിലിയോനുകളിൽ ഉൾപ്പെടുത്തിയിരിക്കും. ദീർഘങ്ങളോ ഹ്രസ്വങ്ങളോ ആയ കോലോകൾ തെരഞ്ഞെടുത്ത് ആരാധനയുടെ സമയ ദൈർഘ്യം നിയന്ത്രിക്കുവാൻ സാധിക്കും. 'കർത്താവേ, കരുണ ചെയ്ത് ഞങ്ങളെ സഹായിക്കേണമേ' എന്നർത്ഥമുള്ള 'മൊറിയോ റാഹേം മേലൈൻ ഉ ആദാറേൻ' എന്ന് പറഞ്ഞുകൊണ്ടാണ് കോലോകൾ അവസാനിപ്പിക്കുന്നത്.

**1. മന്നമകൾക്കായി ശ്ലോമ്മോ<br>വന്നേകി ദൂതവരൻ<br>നിന്നൊടുകൂടെൻ നാഥൻ<br>നിന്നിൽ തൻ ഉദയമതും ബാറക്മോർ<br>ശൂബഹോ.....<br>അഖില ജഗൽപതിയെ നായക-<br>നായേറ്റി ഘോഷിച്ച-<br>ങ്ങതി ബഹുമാനിച്ചുമറിയാം<br>വലുതാം പടവായ് താൻ മൊറിയോ...**

മാലാഖാ മുഖ്യൻ ഗബ്രിയേൽ എഴുന്നള്ളിവന്ന് രാജപുത്രിക്ക് (കന്യകമറിയം) സമാധാനം നേർന്നു. 'എന്റെ കർത്താവ് നിന്നോടുകൂടെ. അവൻ നിന്നിൽനിന്നും ഉദയം ചെയ്യും.' വി. ലൂക്കോ. 1:28-32 ഭാഗത്തുള്ള ഗബ്രിയേൽ മാലാഖയുടെ കന്യകമറിയാമിനോടുള്ള വചനിപ്പാണ് ഇവിടെ പ്രതിപാദ്യവിഷയം

## ത്രിത്വസ്തുതിക്ക് ശേഷമുള്ള ഭാഗം

സമസ്ത ലോകത്തിന്റെയും അധിപനെ (കർത്താവ്) നായകനായി സ്വീകരിച്ച്, ആഘോഷത്തോടെ ബഹുമാനിച്ചതുകൊണ്ട് മറിയാം ഒരു വലിയ നൗകയായി (കപ്പൽ) തീർന്നു. ഇവിടെ കർത്താവിനെ ഗർഭത്തിൽ വഹിച്ച മാതാവിനെ ഒരു വലിയ കപ്പലായി ഉപമിച്ചിരിക്കുകയാണ്.

**2. മറിയാമിൻ സ്മരണം - വരദായമാക<br>തൽപ്രാർത്ഥന ഞങ്ങൾ-ക്കാത്മാവിനു കോട്ട. ബാറെക്മോർ<br>ശൂബഹോ...<br>ദൈവ പ്രസവിത്രി - കന്യകമറിയാമി<br>ന്നുയരുന്നോയാറിൽ - സുഖപരിമളധൂപം. മൊറിയോ...**

കന്യകമറിയാമിന്റെ ഓർമ്മ ഞങ്ങൾക്ക് അനുഗ്രഹകരമാവട്ടെ. അവളുടെ പ്രാർത്ഥന ഞങ്ങളുടെ ആത്മാക്കൾക്ക് ഒരു കോട്ടയായിരിക്കട്ടെ (അഭയം). ദൈവമാതാവായ കന്യകമറിയാമിനായി സുഖകരമായ പരിമളധൂപം വായുവിൽ സദാ ഉയർന്നുകൊണ്ടിരിക്കും. (ഉയരുന്നോയാറിൽ = ഉയരുന്നു + ഓയാറിൽ)

3. **സ്വീകരണം നേടി - ദൈവത്തിൻ മാതാവാ-**
**യിക്ഷിതി ശാപത്തെ - നീക്കിയ കന്യകയേ**
**ശാന്തി ക്ഷേമങ്ങൾ - സഭയിലുമെങ്ങും വാണീ-**
**ടാനേകാത്മജനോ - ടഭ്യർത്ഥിക്കേണമേ.** **ബാറക്മോർ ശൂബഹോ...**
**ക്രോബേസ്രാപ്പികൾ തൻ - സവിധം വിട്ടവതരണം**
**ചെയ്താകന്യക ത - ന്നുദരേ വാണോനേ**
**ആദാമ്യരെ സാത്താൻ - മൃതിയിവതന്നടിമയിൽ നി-**
**ന്നേറ്റിടുവാൻമെയ്യേ - ന്തിയ വീരാ സ്തോത്രം. മൊറിയോ...**

ദൈവത്തിന്റെ മാതാവ് എന്ന അംഗീകാരം നേടി ഈ ലോകത്തിന്റെ ശാപത്തെ നീക്കികളഞ്ഞ അല്ലയോ കന്യകയായ മാതാവേ, സഭയിലും എല്ലായിടത്തും സമാധാനവും ഐശ്വര്യവും ഉണ്ടാകുവാൻ ഏകപുത്രനോട് (കർത്താവിനോട്) അപേക്ഷിക്കണമേ. ക്രോബേന്മാരുടെയും, സ്രാപ്പേന്മാരുടെയും സന്നിധിവിട്ട് കന്യകയുടെ ഉദരത്തിൽ ഇറങ്ങിവസിച്ചവനേ, ആദാമിന്റെ മക്കളെ സാത്താനിൽനിന്നും മരണത്തിൽനിന്നും രക്ഷിക്കുന്നതിനായി ശരീരം ധരിച്ച വീരനായുള്ളവനേ നിനക്കു സ്തോത്രം.

ഇതിൽ ആദ്യത്തേത് മാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയും, രണ്ടാമത്തേത് കർത്താവിനുള്ള ഒരു സ്തോത്രഗീതവുമാണ്.

## ബോവൂസോ

'ബോവൂസോ' എന്നാൽ 'അപേക്ഷ' എന്നാണർത്ഥം. ഒരു കുക്കിലിയോന്റെ അവസാന ഭാഗമാണിത്. കുക്കിലിയോന്റെ സമാപനഗീതം (ഹൂത്തോമോ) എന്നും പറയാം. മാതാവിന്റെ നാമത്തിനുള്ള കുക്കിലിയോനിൽ സാധാരണ രണ്ട് ബോവൂസോകൾ മാറി മാറി ഉപയോഗിക്കാറുണ്ട്. "മോറാനീശോ കുരിശും നിൻ" എന്നാരംഭിക്കുന്നതും, "നിർത്തീടരുതേ പരിശുദ്ധേ" - എന്നതുമാണിത്. രണ്ടിന്റെയും അർത്ഥം നമുക്ക് പഠിക്കാം.

**മോറാനീശോ കുരിശും നിൻ**
**മാതൃജനത്തിൻ പ്രാർത്ഥനയും**
**അടികളെയും നിൻ കോപത്തിൻ**
**വടികളെയും മാച്ചീടേണം.**

ഇതു നമ്മുടെ കർത്താവിനെ സംബോധന ചെയ്തുകൊണ്ടുള്ള ഒരു അപേക്ഷയാണ്. 'കർത്താവായ യേശുവേ, നീ വഹിച്ച കുരിശും നിന്റെ മാതാവിന്റെ മദ്ധ്യസ്ഥപ്രാർത്ഥനയും ഞങ്ങളുടെമേലുള്ള ശിക്ഷകളേയും നിന്റെ കോപത്തിന്റെ വടികളേയും നീക്കിക്കളയണമേ' എന്നാണ് ഈ ഗീതത്തിന്റെ അർത്ഥം. ശിക്ഷകൾ എന്നതിന് അടികൾ എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ഈ ഗീതത്തിലെ 'നിൻ' എന്ന പദം 'തൻ' എന്ന് തെറ്റായി ചിലർ ഉപയോഗിച്ച് കേൾക്കാറുണ്ട്. 'നിൻ' എന്നുതന്നെ ഉപയോഗിക്കുവാൻ ശ്രദ്ധിക്കണം.

**നീർത്തീടരുതേ പരിശുദ്ധേ**
**ഞങ്ങൾക്കായുള്ളർത്ഥനയെ**
**ഞങ്ങളിലാർദ്രത തോന്നീടാ-**
**നേകാത്മജനോടർത്ഥിക്ക.**

അല്ലയോ പരിശുദ്ധേ (മാതാവേ), ഞങ്ങൾക്കുവേണ്ടിയുള്ള പ്രാർത്ഥന മുടക്കരുതേ. ഞങ്ങളിൽ കരുണ തോന്നുവാൻ നിന്റെ ഏക പുത്രനോട് അപേക്ഷിക്കണമേ. പ്രാർത്ഥന

എന്നതിനുപകരം അർത്ഥന എന്നും കരുണ എന്നതിനു പകരം ആർദ്രത എന്നുമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

ഈ ഗീതങ്ങളിലെല്ലാം 'ഏകപുത്രനായ കർത്താവിനോട് ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ' എന്ന് മാത്രമാണ് പറയുന്നത് എന്നത് പ്രത്യേകം ശ്രദ്ധിക്കുക. കർത്താവിന്റെ സ്ഥാനം നാം ഒരിക്കലും മാതാവിന് നല്കുന്നില്ല. ദൈവത്തിന്റെ അമ്മയാകുവാനുള്ള ഭാഗ്യം ലഭിച്ചവളാണ് കന്യകയായ പരിശുദ്ധ മറിയം. ദൈവത്തിനു ശേഷം സഭ ഏറ്റവും കൂടുതൽ സ്ഥാനം നൽകുന്നത് മാതാവിനാണ്. ആയതിനാൽ ആദ്യ കുക്കിലിയോനായി മാതാവിന്റെ കുക്കിലിയോൻ ഉപയോഗിക്കുന്നു. മാതാവിന്റെ മദ്ധ്യസ്ഥത എക്കാലത്തും ശ്രേഷ്ഠമാണ് കർത്താവിന്റെ സ്ഥാനം മാതാവിനോ മറ്റാർക്കോ സഭ നൽകിയിട്ടില്ല.

........................................................

## നമുക്ക് പ്രാർത്ഥിക്കാം

(ബുധനാഴ്ച സന്ധ്യാപ്രാർത്ഥനയിൽ ചേർത്ത് ചൊല്ലുന്ന പ്രാർത്ഥനയിൽനിന്ന്)

*ദൈവമാതാവായ വിശുദ്ധ കന്യക മറിയാമേ, നിന്റെ പുകഴ്ചകളെ വിവരിപ്പാൻ ഞങ്ങൾക്ക് പ്രാപ്തിയില്ല. സർവ്വൈകനാഥനായവന് മാതാവായിത്തീർന്ന കന്യകയായുള്ളവളേ, നിന്റെ ചരിത്രം അവർണ്ണനീയം തന്നെ. നിന്റെ പ്രാർത്ഥന ഞങ്ങൾക്ക് സഹായമായിരിക്കണമെ. ബാറെക്മോർ*

........................................................

## നിശ്ചയം

**ഞങ്ങൾ എന്നും ദൈവമാതാവായ പ. കന്യകമറിയാമിനെ ബഹുമാനിക്കുകയും, മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുകയും ചെയ്യും. മാതാവ് ദൈവത്തിന്റെ അമ്മയാണെന്ന് വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യും.**

........................................................

എ) ഈ കോലോകളിലെ വാക്കുകളുടെ അർത്ഥം ചേരുംപടി ചേർക്കുക.

| | | |
|---|---|---|
| 1. | ശ്ലോമ്മോ | കർത്താവേ വാഴ്ത്തണമേ |
| 2. | ദൂതവരൻ | ലോകാധിപതി |
| 3. | പടക് | സമാധാനം |
| 4. | ജഗൽപതി | ശ്രേഷ്ഠദൂതൻ |
| 5. | ബാറക്മോർ | കപ്പൽ |

ബി) താഴെപ്പറയുന്ന സുറിയാനി വാചകങ്ങളുടെ അർത്ഥം എഴുതുക.

1. ശുബഹോ ലാബോ ലബ്രോവൽറൂഹോ കാദീശോ

........................................................................................................

2. മെൻഓലം വാദാമൊല് ഓലം ഒൽമീനാമീൻ

........................................................................................................

3. മൊറിയോ റാഹേം-മേലൈൻ ഉ ആദാറൈൻ

........................................................................................................

താഴെ പറയുന്നവയ്ക്ക് പകരം ഈ ഗീതങ്ങളിൽ പറഞ്ഞിരിക്കുന്ന വാക്കുകൾ കണ്ടുപിടിച്ചെഴുതുക.

1. വായുമണ്ഡലം ..............................................................................................................
2. അംഗീകാരം
3. ഭൂമി......................................................................................................................
4. ശരീരം.....................................................................................................................
5. മരണം .....................................................................................................................
6. ഐശ്വര്യം ..................................................................................................................
7. ആറുചിറകുള്ള മാലാഖമാർ................................................................................................
8. അനേകം കണ്ണുള്ള മാലാഖന്മാർ ........................................................................................

## പ്രവർത്തനങ്ങൾ

1. മാതാവിനെ സ്മരിച്ചുകൊണ്ട് കുക്കിലിയോനിൽ ഉപയോഗിക്കുന്ന മറ്റ് ഗീതങ്ങൾ കണ്ടുപിടിക്കുക.
2. 'നിന്നാൾ സ്തുതിയൊടു രാജമകൾ' നിൻ വലമായ് രാജഭാമിനിയും എന്ന ഗീതത്തിന്റെ മറ്റൊരു രൂപം എഴുതുക (*സൂചന:* മാമോദീസാ കൂദാശയിൽ ഉപയോഗിക്കുന്നു)

   ........................................................................................................................
3. കന്യകമറിയാമിനെ സൂചിപ്പിക്കുവാൻ ഈ ഗീതങ്ങളിൽ ഉപയോഗിച്ചിട്ടുള്ള പദങ്ങൾ കണ്ടുപിടിക്കുക.

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | മത്തായി 1:18-25 |
| തിങ്കൾ | മത്തായി 2:1-14 | മത്തായി 2:15-23 |
| ചൊവ്വ | ലൂക്കോസ് 1:26-38 | ലൂക്കോസ് 1:38-45 |
| ബുധൻ | ലൂക്കോസ് 1:46-56 | ലൂക്കോസ് 2:1-7 |
| വ്യാഴം | ലൂക്കോസ് 2:8-19 | ലൂക്കോസ് 2:20-35 |
| വെള്ളി | ലൂക്കോസ് 2:36-40 | ലൂക്കോസ് 2:41-52 |
| ശനി | യോഹന്നാൻ 2:1-11 | * |

പാഠം 15

# പരിശുദ്ധന്മാരുടെ കുക്കിലിയോൻ

**പഠനോദ്ദേശ്യം:** പരിശുദ്ധന്മാരുടെ നാമത്തിലുള്ള കുക്കിലിയോൻ അർത്ഥം മനസ്സിലാക്കി പഠിക്കുകയും അവ നന്നായി ആലപിക്കുകയും അവരുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുകയും ചെയ്യുക.

**മനഃപാഠവാക്യം:** "നീതിമാൻ പനപോലെ തഴയ്ക്കും, ലെബാനോനിലെ ദേവദാരുപോലെ വളരും, യഹോവയുടെ ആലയത്തിൽ നടുതലയായവർ നമ്മുടെ ദൈവത്തിന്റെ പ്രാകാരങ്ങളിൽ തഴയ്ക്കും. വാർദ്ധക്യത്തിലും അവർ ഫലം കായിച്ചുകൊണ്ടിരിക്കും" (സങ്കീർത്തനം 92:12-14).

**പഠനസഹായികൾ:** വിശുദ്ധ കുർബ്ബാനക്രമം

## ആമുഖം

കന്യകമറിയാമിന്റെ നാമത്തിലുള്ള കുക്കിലിയോൻ നാം കഴിഞ്ഞ ക്ലാസിൽ പഠിച്ചു. അതേ ഘടനയോടെ പരിശുദ്ധന്മാരുടെ നാമത്തിലുള്ള കുക്കിലിയോനാണ് ഇന്ന് നാം പഠിക്കുന്നത്. കുക്കിലിയോന്റെ വിവിധ ഭാഗങ്ങൾ ഏതെല്ലാമെന്ന് ഓർമ്മയുണ്ടോ? സങ്കീർത്തനം, ഏക്ബോ, കോലോകൾ, ബോവൂസോ. പരിശുദ്ധന്മാരുടെ കുക്കിലിയോൻ ചൊല്ലുമ്പോൾ നാം എന്താണ് ചെയ്യേണ്ടത്? അവരുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുകയും, അവരുടെ ജീവിതം അനുകരിച്ച് ദൈവസ്നേഹത്തിൽ ജീവിക്കുവാൻ നമ്മെ സമർപ്പിക്കുകയും ചെയ്യുന്നു.

## പാഠഭാഗം

### സങ്കീർത്തനഭാഗം

**നയവാൻ പനപോലെ തളിർത്തിടുമേ - ഹാ**
**വളരുമവൻ ലെബനോൻ കാരകിൽ പോൽ**
**വൃദ്ധതയിലുമവർ തളിരിട്ടു തഴച്ചിടുമേ - ഹാ**
**വർദ്ധിക്കുമവർക്കു തുഷ്ടിപുഷ്ടികളും** **ബാറക്മോർ**

92-ാം സങ്കീർത്തനം 12 മുതൽ 14 വരെയുള്ള വാക്യങ്ങളാണ് ഇവിടെ ഉൾപ്പെടുത്തിയിരിക്കുന്നത്. 'നീതിമാൻ' എന്നതിന് 'നയവാൻ' എന്ന വാക്കാണ് ഗീതത്തിൽ ഉപയോഗിച്ചിരിക്കുന്നത്.

നീതിമാൻ ഈന്തപ്പനപോലെ തളിർക്കും. ലബാനോനിലെ കാരകിൽവൃക്ഷം പോലെ അവൻ വളരും. വാർദ്ധക്യത്തിലും അവൻ തളിർനീട്ടി തഴച്ചുവളരും. അവൻ പുഷ്ടി വച്ചും, പച്ചപിടിച്ചും അഭിവൃദ്ധി പ്രാപിക്കും). ഇതാണ് ഈ ഗീതത്തിന്റെ അർത്ഥം. ഈന്തപ്പന, ഉഗ്രമായ സൂര്യതാപത്തിലും മരുഭൂമിയിൽ തഴച്ചുവളരുന്ന വൃക്ഷമാണ്. ലോകത്തിലെ പ്രതികൂലങ്ങളുടെ നടുവിൽ തളരാതെ, ദൈവകൃപയിൽ വളരുന്ന നീതിമാനെ വിവരിക്കുവാൻ ഏറ്റവും നല്ല ഉപമയാണ് ഈന്തപ്പനയുടേത്. നീതിമാന്മാരായ പരിശുദ്ധന്മാർ ഇതുപോലെയാണ്. എന്തെല്ലാം പ്രതികൂലങ്ങൾ വന്നാലും തളരാതെ ജീവൻ അർപ്പിച്ചു പോലും വിശ്വാസം സംരക്ഷിക്കും. അങ്ങനെ സഭയ്ക്കുവേണ്ടി ത്യാഗം സഹിച്ചിട്ടുള്ള

പരിശുദ്ധന്മാരെയാണ് നാം ഈ കുക്കിലിയോന്റെ സമയത്ത് ധ്യാനിക്കുന്നത്. പരിശുദ്ധ ന്മാരുടെ വൈശിഷ്ട്യം വ്യക്തമാക്കുന്ന ഈ സങ്കീർത്തനത്തോടെയാണ് നാം പരിശുദ്ധ ന്മാരുടെ കുക്കിലിയോൻ ആരംഭിക്കുന്നത്.

**എക്ബോ**

**ഒരുപോലിങ്ങും (മാർത്തോമ്മാ)**
**ഉണ്ടേമേലും നിന്നോർമ്മ**
**ഉതകണമേ നിൻ പ്രാർത്ഥന നിൻ**
**ഓർമ്മയെ ബഹുമാനിച്ചോർക്കായ്**

ഈ ഗീതത്തിൽ ബ്രായ്ക്കറ്റിൽ കൊടുത്തിരിക്കുന്ന 'മാർത്തോമ്മാ' എന്ന സ്ഥാനത്ത് അതാതുദിവസം ഓർക്കുന്ന പരിശുദ്ധന്റെയോ, പള്ളി ആരുടെ നാമത്തിലാണോ പണി തിരിക്കുന്നത് ആ പരിശുദ്ധന്റെയോ പേരു ചേർത്ത് പാടാറുണ്ട്. ഏത് പരിശുദ്ധന്റെ മദ്ധ്യ സ്ഥതയിലാണോ നാം അഭയം പ്രാപിക്കുന്നത്, ആ പരിശുദ്ധനെ സംബോധന ചെയ്തു കൊണ്ടാണ് ഗീതം ആരംഭിക്കുന്നത്. 'അല്ലയോ മാർത്തോമ്മാ ശ്ലീഹാ, അങ്ങയെക്കുറി ച്ചുള്ള ഓർമ്മ ഇവിടെ ഭൂമിയിലും മീതേ സ്വർഗ്ഗത്തിലും ഒരുപോലെ സജീവമാണ്. ആ ഓർമ്മയെ ബഹുമാനിക്കുന്ന ഏവർക്കും അവിടുത്തെ പ്രാർത്ഥന സഹായമായിത്തീര ണമേ" ഇതാണ് ഈ പാട്ടിൽക്കൂടി അപേക്ഷിക്കുന്നത്.

**കോലോകൾ**

1. **പ്രാർത്ഥനയിൽ സമയമിതല്ലോ (മാർത്തോമ്മാ)**
**പതിവിൻപടി നിൻ കൂട്ടത്തലയായ് പ്രാർത്ഥിക്ക**
**ഇമ്പമെഴും നിൻ പാട്ടിൽ ശ്രദ്ധിച്ചീടും നിൻ**
**ആടുകളെ മൂശേപോൽ തൃക്കൈ വാഴ്ത്തേണം. ബാറക്മോർ**
**ശുബഹോ...**

**നിന്നെ വരിച്ചൊരു താതന്നും (മാർത്തോമ്മാ)**
**നിന്നോർമ്മയെ ബഹുമാനിച്ച സുതനും സ്തോത്രം**
**നിന്നേ മുടിചൂടീടുന്ന റൂഹാവന്ദ്യൻ**
**നിൻ പ്രാർത്ഥന കൃപയേറ്റട്ടെ ഞങ്ങൾക്കെന്നും**
**മൊറിയോറാഹേം...**

മാർത്തോമ്മാ ശ്ലീഹായേ, ഇത് പ്രാർത്ഥനയുടെ സമയമാണല്ലോ. എപ്പോഴും എന്ന തുപോലെ ഇപ്പോഴും അങ്ങ് ഞങ്ങളുടെ തലവനായി നിന്നുകൊണ്ട് പ്രാർത്ഥിക്കണമേ. അങ്ങയുടെ മനോഹരമായ ഗാനം ശ്രദ്ധിച്ചുനില്ക്കുന്ന ഈ അജഗണത്തെ മോശ ജനത്തെ അനുഗ്രഹിച്ചതുപോലെ അനുഗ്രഹിക്കണമേ (ആവർത്തനം 33). മാർത്തോമ്മാശ്ലീഹായേ, നിന്നെ സ്വീകരിച്ച പിതാവും നിന്റെ ഓർമ്മയെ ബഹുമാനിച്ച പുത്രനും നിന്നെ കിരീടമ ണിയിക്കുന്ന റൂഹായും സ്തുതിക്കപ്പെട്ടവരാകുന്നു. നിന്റെ പ്രാർത്ഥന ഞങ്ങൾക്ക് എന്നും കൃപ നല്കുമാറാകട്ടെ. വി. മാർത്തോമ്മാ ശ്ലീഹായോടുള്ള ഒരു മദ്ധ്യസ്ഥപ്രാർത്ഥനയാ ണിത്. പരിശുദ്ധൻ നമ്മോടൊപ്പം നമ്മുടെ നേതാവായി നിന്നുകൊണ്ട് നമുക്കുവേണ്ടി പ്രാർത്ഥിക്കുകയും നമ്മെ അനുഗ്രഹിക്കുകയും ചെയ്യുവാനാണ് നാം അപേക്ഷിക്കുന്നത്. രണ്ടാമത്തെ ഗീതം മനോഹരമായ ഒരു ത്രിത്വസ്തുതിയാണ്. ഇവിടെയും മാർത്തോമ്മാ എന്ന പേരിനു പകരം ഏത് പരിശുദ്ധന്റെ പേരും ചേർത്ത് ചൊല്ലാവുന്നതാണ്.

## മറ്റ് കോലോകൾ

പരിശുദ്ധന്മാരുടെ കുക്കിലിയോനിൽ ചൊല്ലാവുന്ന വളരെയധികം കോലോകൾ വി. കുർബ്ബാന ക്രമത്തിൽ കൊടുത്തിട്ടുണ്ട്. മറ്റ് ചില കോലോകൾകൂടി നമുക്ക് പഠിക്കാം.

**1. ഭാഗ്യം നിബിയർക്കും, ഭാഗ്യം ശ്ലീഹർക്കും**
**ഭാഗ്യം സഹദേർക്കും, പുനരുദ്ധാനദിനേ. ബാറക്മോർ**
**ശുബഹോ...**
**മശിഹായെകാണ്മാൻ, കാംക്ഷിച്ചൊരു സഹദേർ**
**വാളാൽ ചിറകുകൾ പൂ-ണ്ടുന്നത പദമേറി മൊറിയോ...**

നിബിയൻമാർക്കും (പ്രവാചകന്മാർ), ശ്ലീഹന്മാർക്കും സഹദേന്മാർക്കും (രക്തസാക്ഷികൾ) ഉയിർപ്പുദിവസത്തിൽ (കർത്താവിന്റെ രണ്ടാമത്തെ വരവിൽ) ഭാഗ്യമുണ്ടാകട്ടെ. മശിഹായെ കാണ്മാൻ കൊതിച്ച സഹദേന്മാർ വാളുകളാൽ ചിറകുകൾവെച്ച് ഉന്നതങ്ങളിൽ എത്തിയവരാണ്. 'വാളാൽ ചിറകുകൾ പൂണ്ടു' എന്നത് ഒരു അലങ്കാരഭാഷയാണ്. ശത്രുക്കളുടെ വാളുകളും കൊലയായുധങ്ങളും രക്തസാക്ഷികളെ ഭയപ്പെടുത്തുകയില്ല, മറിച്ച് ദൈവത്തിങ്കലേക്ക് പറന്നുയരാൻ സഹായിക്കുന്ന ചിറകുകളായിട്ടാണ് അവർ അതിനെ കണ്ടത് എന്ന മനോഹരമായ ആശയമാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്.

**2. പാവനനിബിമാരേ രാജ്യസുത ശ്ലീഹന്മാരേ**
**അഭ്യർത്ഥിപ്പിൻ ഭുവനക്ഷേമാർത്ഥം**
**സമരം മായട്ടെ - കലഹം ശമമാർന്നീടട്ടെ**
**സഭയും സുതരും സ്തുതി പാടീടട്ടെ. ബാറക്മോർ**
**ശുബഹോ.....**
**നിർമ്മല നിബി ശ്ലീഹാ, സഹദേന്മാരേ നിങ്ങളുടെ**
**മകുടം വാനിൽ - ഭക്തജനം ഭൂവിൽ**
**മശിഹാ തൻ സഭയിൽ - ശക്തി വളർത്തിയ നിങ്ങളുടെ**
**സ്മൃതി മാനിച്ചോ -നെങ്ങും ധന്യൻ താൻ. മൊറിയോ....**

പരിശുദ്ധരായ പ്രവാചകന്മാരേ, സ്വർഗ്ഗരാജ്യത്തിന്റെ പുത്രന്മാരായ ശ്ലീഹന്മാരേ നിങ്ങൾ സമസ്ത ലോകത്തിന്റെയും ഐശ്വര്യത്തിനായി പ്രാർത്ഥിക്കണമേ. യുദ്ധങ്ങൾ ഇല്ലാതാകട്ടെ, കലഹങ്ങൾ ശമിക്കട്ടെ, സഭയും മക്കളും (കർത്താവിന്) സ്തുതി പാടട്ടെ. നിർമ്മലരായ പ്രവാചകന്മാരും ശ്ലീഹന്മാരും സഹദേന്മാരുമേ, നിങ്ങളുടെ കിരീടങ്ങൾ മശിഹായുടെ സഭയെ ശക്തിപ്പെടുത്തിയ നിങ്ങളുടെ ഓർമ്മയെ ബഹുമാനിച്ച കർത്താവ് എല്ലായിടത്തും സ്തുതിക്കപ്പെടുന്നു.

നാം ഇപ്പോൾ പഠിച്ച കോലോകൾക്കും പുറമെ മറ്റ് കോലോകളും വി. കുർബ്ബാന ക്രമത്തിൽ കൊടുത്തിട്ടുണ്ട്. അവയും അർത്ഥം മനസ്സിലാക്കി പഠിക്കുവാൻ ശ്രമിക്കുക.

## ബോവൂസോ

കുക്കിലിയോന്റെ അവസാന ഗീതമാണ് ബോവൂസോ എന്ന പേരിൽ കൊടുത്തിരിക്കുന്ന അപേക്ഷ. സാധാരണ നാല് വരികളുള്ള ഒരു ഗീതമാണ് ബോവുസോ ആയി ഉപയോഗിക്കുന്നത്. സാധാരണ പാടാറുള്ള ബോവൂസോ ആണ് ആദ്യം പഠിക്കുന്നത്.

**പരിശുദ്ധന്മാരേ നിങ്ങൾ**
**പ്രാർത്ഥിപ്പിൻ കർത്താവോടായ്**
**അടികളെയും തൻ കോപത്തിൻ**
**വടികളെയും മായിച്ചീടാൻ**

പരിശുദ്ധന്മാരേ, ഞങ്ങളുടെ കുറ്റങ്ങൾമൂലം കർത്താവിനുണ്ടായിട്ടുള്ള കോപത്തേയും ഞങ്ങൾക്ക് വരാനിരിക്കുന്ന ശിക്ഷകളേയും നീക്കിക്കളയുവാൻ നിങ്ങൾ പ്രാർത്ഥിക്കണമേ. കോപത്തിൻ വടികൾ എന്നാൽ 'കോപം മൂലം വരുത്താനിരിക്കുന്ന ശിക്ഷകൾ' എന്നാണർത്ഥമാക്കുന്നത്. ഈ ഗീതത്തിലെ 'തൻ' എന്ന വാക്കും 'മായിച്ചീടാൻ' എന്ന വാക്കും പ്രത്യേകം ശ്രദ്ധിക്കുക. ഈ വാക്കുകൾ 'മോറാനീശോ കുരിശും നിൻ' എന്ന ഗീതത്തിലെ സമാനസ്ഥാനത്തുള്ള വാക്കുകളുമായി തെറ്റിച്ചുപയോഗിച്ചു കേൾക്കാറുണ്ട്. ഇവിടെ തന്റെ (അദ്ദേഹത്തിന്റെ) കോപത്തിന്റെ വടികളെ 'മായിച്ചീടാൻ' പ്രാർത്ഥിക്കണമേ എന്നാണ് കർത്താവിനോട് നാം അപേക്ഷിക്കുന്നത്.

## മറ്റൊരു ബോവൂസോ

ഏതെങ്കിലും പരിശുദ്ധന്റെ ഓർമ്മ പ്രത്യേകമായി കൊണ്ടാടുന്ന അവസരങ്ങളിൽ ഉപയോഗിക്കാറുള്ള ഒരു ബോവുസോയാണ് ഇനിയും പഠിക്കുന്നത്.

**(മാർത്തോമ്മാ) സദ്ഗുണനിധിയേ**
**നിൻ സ്മൃതി കൊണ്ടാടും സഭയിൽ**
**അനവരതം നിൻ നാഥന്റെ**
**ശമവും ശാന്തിയുമമരട്ടെ.**

ഉത്തമഗുണങ്ങളുടെ ഭണ്ഡാരമായ അല്ലയോ മാർത്തോമ്മാ ശ്ലീഹാ, നിന്റെ ഓർമ്മ കൊണ്ടാടുന്ന സഭയിൽ നിന്റെ നാഥന്റെ (കർത്താവിന്റെ) സമാധാനവും ശാന്തിയും ഇടവിടാതെ പുലരട്ടെ. ഇവിടെ മാർത്തോമ്മാ എന്നതിനുപകരം, ഏതൊരു പരിശുദ്ധന്റെ പെരുന്നാളാണോ ആചരിക്കുന്നത്, ആ പരിശുദ്ധന്റെ പേരു പറയാവുന്നതാണ്.

പരിശുദ്ധരുടെ മദ്ധ്യസ്ഥത സഭയ്ക്ക് ഒഴിച്ചുകൂടാൻ കഴിയാത്ത വിശ്വാസമാണ്. പരിശുദ്ധരുടെയും സഹദേുടെയും വിശ്വാസവും പ്രാർത്ഥനയും രക്തവും ഈ സഭയുടെ വളർച്ചയെ സഹായിച്ച പോഷണങ്ങളാണ്. ഭാരതത്തിന്റെ അപ്പോസ്തോലനായ പരിശുദ്ധനായ മാർത്തോമ്മാശ്ലീഹായുടെ പ്രവർത്തനങ്ങളാണ് നമ്മെ ക്രിസ്തുവിനെ അറിയുവാൻ സഹായിച്ചത്. പരിശുദ്ധ പിതാക്കന്മാരുടെ സത്യവിശ്വാസത്തെ പിന്തുടരുവാൻ നമ്മൾ ബാധ്യസ്ഥരാണ്. മലങ്കര സഭ ഒരു പരിശുദ്ധനും ദൈവതുല്യ സ്ഥാനം നൽകിയിട്ടില്ല. പരിശുദ്ധരോട് നാം അപേക്ഷിക്കുന്നത് ദൈവത്തോട് നമുക്കുവേണ്ടി പ്രാർത്ഥിക്കുവാനാണ്. പരിശുദ്ധന്മാരെ പരിശുദ്ധന്മാരായി കരുതുന്നവർക്കും അവരുടെ മദ്ധ്യസ്ഥതയിൽ പൂർണ്ണമായി പങ്കുകാരാകുന്നവർക്കും ദൈവത്തിൽനിന്ന് അവർക്കുള്ള അതേ പ്രതിഫലം ലഭിക്കും.

## നമുക്കുപാടാം

കോലോകളിൽ 'മാർത്തോമ്മ' എന്നതിനു പകരം 'മാർ ഗ്രീഗോറിയോസ്, മാർ ദീവന്നാസിയോസ്, മാർ ബസേലിയോസ്' എന്നിങ്ങനെ മാറ്റി പാടുക.

## നമുക്ക് പ്രാർത്ഥിക്കാം

*പരിശുദ്ധന്മാരേ, നിങ്ങളുടെ ഓർമ്മ ആകാശത്തിലും ഭൂമിയിലും ഉണ്ട്. നിങ്ങളുടെ ഓർമ്മയെ ബഹുമാനിക്കുന്നവർ നിങ്ങളുടെ പ്രാർത്ഥനകളാൽ ദൈവസഹായം പ്രാപിക്കുമാറാകട്ടെ. നിങ്ങളെപ്പോലെ ദൈവത്തിന് ഞങ്ങളും പ്രീതരായിത്തീരുവാൻ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ. നിങ്ങളുടെ പുണ്യജീവിതത്തെ അനുകരിപ്പാൻ ഞങ്ങൾക്കും ഇടയാകണമേ. നിങ്ങളുടെ മദ്ധ്യസ്ഥത ഞങ്ങൾക്ക് കാവലായി തീരണമേ.*

.........................................................

## നിശ്ചയം

**പരിശുദ്ധന്മാരുടെ കുക്കിലിയോനുകൾ എന്നും ഞങ്ങൾ ആലപിക്കുമ്പോൾ അതിനോട് ഭക്തിയോടെ സമീപിക്കും. അവരുടെ നല്ല മാതൃകകൾ ജീവിതത്തിൽ ഞങ്ങൾ അനുകരിക്കും. പരിശുദ്ധന്മാരോട് തുടർന്നും മദ്ധ്യസ്ഥത യാചിക്കും.**

.........................................................

## ചിന്തിക്കാം

1. ഈ ഗീതങ്ങളിൽ താഴെ പറയുന്ന വാക്കുകൾക്ക് പകരം ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ കണ്ടുപിടിക്കുക.
   1. നേതാവ് ..........
   2. മോശ ..........
   3. പുത്രൻ ..........
   4. കിരീടം ..........
2. പരിശുദ്ധന്മാരെ കിരീടം ധരിപ്പിക്കുന്നതാര്?

## പ്രവർത്തനങ്ങൾ

1. പരിശുദ്ധരുടെ കുക്കിലിയോനിൽ ഉപയോഗിക്കുന്ന മറ്റ് കോലോകൾ കണ്ടുപിടിച്ച് അർത്ഥം മനസ്സിലാക്കുക.
2. മേൽപ്പറഞ്ഞ എക്ബോ, കോലോകൾ എന്നിവയിൽ മാർത്തോമ്മാ എന്ന ഭാഗത്ത് വിവിധ പരിശുദ്ധരുടെ പേരുകൾ ചേർത്ത് ആലപിക്കുക.
3. പരിശുദ്ധന്മാരോട് മദ്ധ്യസ്ഥത അണയ്ക്കുന്ന കുക്കിലിയോനിലെ വിവിധ ഗീതങ്ങളും അവയുടെ അർത്ഥവും നിങ്ങളുടെ ഡയറിയിൽ എഴുതി സൂക്ഷിക്കുക.
4. പരിശുദ്ധന്മാരുടെ കുക്കിലിയോൻ ആലപിക്കാനുപയോഗിക്കുന്ന നിറം മനസ്സിലാക്കുക.

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | മർക്കോസ് 2 1-12 |
| തിങ്കൾ | അ. പ്ര. 3 1-10 | അ. പ്ര. 3 11-20 |
| ചൊവ്വ | അ. പ്ര. 4 1-12 | അ. പ്ര. 4 12-31 |
| ബുധൻ | അ. പ്ര. 5 12-21 | അ. പ്ര. 7 |
| വ്യാഴം | ഉല്പത്തി 12 1-20 | മത്തായി 8:5-14 |
| വെള്ളി | മത്തായി 9:1-20 | ലൂക്കോസ് 8:49-56 |
| ശനി | ലൂക്കോസ് 16:19-31 | * |

യൂണിറ്റ് 4

# എന്റെ സഭ

പാഠം 16

## മാർത്തോമൻ പാരമ്പര്യം: വാമൊഴികളിലൂടെ

**പാഠോദ്ദേശ്യം:** മാർത്തോമൻ പാരമ്പര്യത്തിന്റെ ശക്തമായ തെളിവുകളായ സാഹിത്യ രൂപങ്ങളെക്കുറിച്ച് മനസിലാക്കുക.

**മനഃപാഠവാക്യം:** "തോമസ് അവനോട്: എന്റെ കർത്താവും എന്റെ ദൈവവും ആയുള്ളോവെ എന്നുത്തരം പറഞ്ഞു" (യോഹന്നാൻ 20:28).

### ആമുഖം

ഇന്ന് സ്കൂൾ കലാമേളയിൽ നടത്തപ്പെടുന്ന ഒരു പ്രധാന നൃത്തപരിപാടിയാണ് മാർഗ്ഗംകളി. ഒരു ക്രിസ്തീയ കലാരൂപമായ ഇതു സഭയുടെ മാർത്തോമൻ പൈതൃകത്തിന് തെളിവുകളായി അവശേഷിക്കുന്നവയിൽ ഒന്നാണ്. ഇത്തരം കലാരൂപങ്ങളെക്കുറിച്ചും വാമൊഴിയായി പകർന്നു വരുന്ന പാട്ടുകളെക്കുറിച്ചും ഈ പാഠത്തിൽ നമുക്ക് പഠിക്കാം.

### പാഠഭാഗം

മാർത്തോമ്മാശ്ലീഹായുടെ ഭാരതപ്രവേശനവും പ്രേഷിതവൃത്തിയും പുരാതന കാലം മുതൽക്കേ വിവിധ വാമൊഴികളായി മലങ്കരസഭയിൽ പ്രചരിച്ചിരുന്നു. അവയിൽ പ്രധാന പ്പെട്ടവയാണ് റമ്പാൻ പാട്ട് (തോമ്മാപർവ്വം), മാർഗ്ഗം കളിപ്പാട്ട്, വീരടിയാൻപാട്ട് (പാണപ്പാട്ട്) മുതലായവ.

### മാർഗ്ഗംകളിപ്പാട്ട്

മാർത്തോമാ ക്രിസ്ത്യാനികളുടെ പൈതൃകം വിളിച്ചോതുന്ന ഒരു കലാരൂപമാണ് മാർഗ്ഗംകളി. നിലവിളക്കിനു ചുറ്റും നിന്നുകൊണ്ട് ചുവടും താളവുമെടുത്ത് കളിക്കുന്ന ഒരു സംഘനൃത്തമാണിത്. ക്രിസ്ത്യൻ ഭവനങ്ങളിൽ വിവാഹത്തിനും മറ്റ് പ്രധാന അവസരങ്ങളിലും മാർഗ്ഗംകളി നടത്തിയിരുന്നു. ഇതിനു ഉപയോഗിക്കുന്ന പാട്ടുകളാണ് മലങ്കര സഭയുടെ പുരാതന ചരിത്രത്തിലേക്ക് വെളിച്ചം വീശുന്നത്. 14 പദങ്ങളിലായി 360 വരികളുള്ള ഈ പാട്ടിൽ മാർത്തോമ ശ്ലീഹാ, തന്നെ അങ്ങോട്ടയക്കരുതെന്ന് കർത്താവിനോട് അപേക്ഷിക്കുകയും, അവിടേക്കു പോകുന്നതിനുള്ള ബുദ്ധിമുട്ടുകൾ അറിയിക്കുകയും ചെയ്തതായി വിവരിക്കുന്നു. കൂടാതെ ചേരപെരുമാൾ കൊട്ടാരം പണിയുവാനായി ശലോമോൻ രാജാവിന്റെ കൊട്ടാരം പണിത തച്ചൻമാരുടെ വർഗത്തിൽപ്പെട്ട ഒരാളെ നിയോഗിച്ചതായി ഇതിൽ വിവരിക്കുന്നു. മാർത്തോമായാൽ സ്ഥാപിതമായ ഏഴ് പള്ളികളെക്കുറിച്ചും മാർഗ്ഗംകളി പാട്ടുകളിൽ പറയുന്നു.

### റമ്പാൻ പാട്ട് (തോമ്മാ പർവ്വം)

നിരണം മാളികയിൽ (മാളിയേക്കൽ) തോമ്മാ എന്ന വൈദികൻ എഴുതിയ ഒരു പുരാതന ഗാനമാണിത്. ഇതിനു 448 വരികളാണുള്ളത്. ഇതിന്റെ പുതിയ രൂപം ലഭിക്കുന്നത്

1601-ലാണ്. പ്രസ്തുത കുടുംബത്തിലെ 48-ാം തലമുറക്കാരനായ മറ്റൊരു തോമ്മാ റമ്പാനാണ് ഇതു പുതുക്കി എഴുതിയത്. മാർത്തോമ്മായുടെ ഭാരതത്തിലേക്കുള്ള വരവ്, കേരളത്തിലെ സുവിശേഷ പ്രചാരണം, ക്രിസ്തുമതം സ്വീകരിച്ചവരുടെയും, രോഗസൗഖ്യം നേടിയവരുടെയും സ്ഥിതി വിവരക്കണക്കുകൾ, പള്ളികളുടെ സ്ഥാപനം, പട്ടക്കാരുടെ നിയമനം, മാർത്തോമ്മാ ശ്ലീഹായുടെ മരണം എന്നിവ ഇതിൽ വിവരിക്കുന്നു.

## വീരടിയാൻ പാട്ട് (പാണപ്പാട്ട്)

ക്രൈസ്തവ ഭവനങ്ങളിൽ പാണർ വിഭാഗത്തിൽപ്പെട്ട ആളുകൾ നടത്തിയിരുന്ന പ്രത്യേകതരം പാട്ടുകളാണിവ. ക്രിസ്തീയ ചരിത്രം ആധാരമായി രചിച്ചിരുന്ന പാട്ടുകളായിരുന്നു ഇവ. മാർത്തോമാശ്ലീഹായുടെ സുവിശേഷവേല, ക്നായിത്തൊമ്മന്റെ വരവ്, ചേരമാൻപെരുമാളിൽനിന്ന് ലഭിച്ച സ്ഥാനങ്ങൾ എന്നിവയെ ആധാരമാക്കിയ പാട്ടുകളായിരുന്നു ഇതിൽ പ്രധാനം.

..........................................................

## നമുക്ക് പാടാം

(മാർഗ്ഗം കളി പാട്ടിൽ നിന്ന്)

മലമേൽ നിന്ന് വേദ്യനമ്പു ചാർത്തിമാറിയെന്നപോൽ
മൈൽ മേലേരി നിന്ന നില കാണവേണം പന്തലിൽ പട്ടുടൻ
പണി പുടവ പവിഴമുത്ത് മാലയും അലങ്കരിച്ച
പന്തലിൽ വന്നെഴുന്തുരുൾക മാർത്തോമ്മൻ.

..........................................................

## നമുക്ക് പ്രാർത്ഥിക്കാം

(ശ്ലീഹാനോമ്പിലെ സന്ധ്യാപ്രാർത്ഥനയിൽനിന്ന്. നിത്യപ്രാർത്ഥനാ ക്രമം നോക്കുക)

*കർത്താവേ... പഠിത്തമില്ലാത്തവരും ഭോഷന്മാരുമായിരുന്ന മീൻപിടുത്തക്കാർ നിന്നോട് ചേർന്ന് നിന്റെ ശിഷ്യന്മാരായിതീർന്നപ്പോൾ ലോകത്തിലെ തത്വജ്ഞാനികൾപോലും അവരെ ജയിപ്പാൻ കഴിയാത്തവണ്ണം ജ്ഞാനികളും സമർത്ഥരുമായി ഭേദപ്പെട്ടതുപോലെ ഞങ്ങൾ നോമ്പാലും പ്രാർത്ഥനകളാലും സൽപ്രവൃത്തികളാലും നിന്നോട് ചേർന്ന് നിനക്കിഷ്ടമുള്ളവരായിരിപ്പാനും നിന്റെ തിരുവിഷ്ടം ചെയ്തു ജീവിപ്പാനും നിന്റെ കൃപ ഞങ്ങളെ സഹായിക്കുമാറാകണമേ... ആമ്മീൻ*

..........................................................

## നിശ്ചയം

**തലമുറകളായി ലഭിച്ച ശ്ലൈഹിക പാരമ്പര്യം ഞങ്ങൾ കാത്തു സൂക്ഷിക്കും**

..........................................................

## നമുക്ക് ചിന്തിക്കാം

1. മലങ്കരസഭയുടെ മാർത്തോമ്മൻ പാരമ്പര്യത്തിലേക്ക് വെളിച്ചം വീശുന്ന പ്രധാന വാമൊഴി പാരമ്പര്യങ്ങൾ ഏവ?
2. റമ്പാൻപാട്ട് മാർത്തോമ്മാ പാരമ്പര്യത്തെ എങ്ങനെ വിവരിക്കുന്നു?
3. മാർഗ്ഗംകളിയുടെ പ്രത്യേകതകൾ എന്തെല്ലാം?
4. വീരടിയാൻപാട്ട് എന്നാൽ എന്ത്?
5. പ്രധാന വാമൊഴി പാരമ്പര്യങ്ങൾ താരതമ്യം ചെയ്യുക?

## പ്രവർത്തനങ്ങൾ

1. മാർഗ്ഗംകളി നിരീക്ഷിച്ച് അതിന്റെ സവിശേഷതകൾ മനസ്സിലാക്കുക.
2. മാർഗ്ഗംകളി പാട്ടുകൾ ഈണത്തിൽ പാടുക.
3. മാർത്തോമ്മൻ പാരമ്പര്യത്തെ കാണിക്കുന്ന മറ്റ് വാമൊഴി രേഖകൾ കണ്ടെത്തുക.

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | ലൂക്കോസ് 12:13-21 |
| തിങ്കൾ | ലൂക്കോസ് 12:48-59 | പുറപ്പാട് 12:43-51 |
| ചൊവ്വ | ഇയ്യോബ് 23:1-7 | യെശയ്യാവ് 51:1-15 |
| ബുധൻ | 1 പത്രോസ് 2 | 1 കൊരി. 6 |
| വ്യാഴം | യോഹന്നാൻ 5:21-26 | ദാനിയേൽ 1:8-21 |
| വെള്ളി | യെശയ്യാവ് 43:1-7 | അ. പ്ര. 1:1-14 |
| ശനി | മത്തായി 20:1-16 | * |

പാഠം 17

# മാർത്തോമ ശ്ലീഹായുമായി ബന്ധപ്പെട്ട സംഭവങ്ങൾ

**പാഠോദ്ദേശ്യം:** മാർത്തോമാശ്ലീഹായുമായി ബന്ധപ്പെട്ട കഥകളിലൂടെ ശ്ലീഹായുടെ പ്രേഷിതവൃത്തിയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുക.

**മനഃപാഠവാക്യം:** "ആകയാൽ നിങ്ങൾ ഇനി അന്യന്മാരും പരദേശികളുമല്ല വിശുദ്ധന്മാരുടെ സഹപൗരന്മാരും ദൈവത്തിന്റെ ഭവനക്കാരുമത്രേ" (എഫേസ്യർ 2:19).

**പഠനസഹായികൾ:** ചരിത്ര പുസ്തകങ്ങൾ, മലങ്കര സഭാവിജ്ഞാനകോശം.

## ആമുഖം

മാർത്തോമാശ്ലീഹായുടെ പ്രേക്ഷിത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട തെളിവുകളും സാഹിത്യരൂപങ്ങളും മുൻക്ലാസ്സുകളിലും പാഠങ്ങളിലും നാം പഠിച്ചുകഴിഞ്ഞു. മാർത്തോമാ ശ്ലീഹായുമായി ബന്ധപ്പെട്ട അനേക കഥകൾ ആദിമകാലം മുതൽക്കേ പ്രചാരത്തിലുണ്ടായിരുന്നു. അവയിൽ ചില പ്രധാന കഥകൾ ഈ പാഠത്തിൽ നാം പഠിക്കുന്നു. മാർത്തോമ്മാശ്ലീഹായെക്കുറിച്ച് മാർത്തോമ്മാ ക്രിസ്ത്യാനികൾ തലമുറകളായി സൂക്ഷിച്ചുപോരുന്ന പല ഐതിഹ്യങ്ങളും ഉണ്ട്. മാർത്തോമ്മ ശ്ലീഹായുടെ ഭാരത പ്രവേശനത്തെ സംബന്ധിച്ച് നിലവിലുള്ള രണ്ടു പാരമ്പര്യങ്ങളെയും ആധാരമാക്കിയ ചില പ്രധാന പാരമ്പര്യങ്ങളിലേക്ക് നമുക്ക് കടക്കാം.

## പാഠഭാഗം

### കൊട്ടാര നിർമാണം

പ്രേഷിതപ്രവർത്തനങ്ങളുടെ ഉത്തരേന്ത്യൻ പാരമ്പര്യത്തിന് ആധാരമായ 'തോമയുടെ പ്രവൃത്തികൾ' എന്ന അപ്പോക്രിഫൽ ഗ്രന്ഥമാണ് ഈ കഥ വിവരിക്കുന്നത്. ഭാരതത്തിലെ ഒരു നാട്ടുരാജാവായ ഗോണ്ടാഫോറസ് തനിക്കൊരു കൊട്ടാരം പണിയുന്നതിനായി ഒരു ശില്പിയെ അന്വേഷിച്ചുനടന്ന കാലത്താണ് വ്യാപാരിയായ ഹാബാൻ മാർത്തോമ്മാ ശ്ലീഹായുമായി രാജകൊട്ടാരത്തിൽ എത്തിച്ചേരുന്നത്. കൊട്ടാരം പണിക്കാവശ്യമായ തുക ഏൽപ്പിച്ചിട്ട് രാജാവ് മറ്റൊരു സ്ഥലത്തേക്ക് പോയി. തിരികെ വരുമ്പോൾ താൻ ചുമതല ഏൽപ്പിച്ചവർ കൊട്ടാരം നിർമ്മിച്ചില്ലെന്നും തുക മുഴുവനും സാധുക്കൾക്കും സുവിശേഷ വേലയ്ക്കായും വിനിയോഗിച്ചെന്നും കണ്ട രാജാവ് ഇരുവരെയും തടവിലാക്കുകയും അടുത്ത ദിവസം ജീവനോടെ തൊലിയുരിച്ച് കൊല്ലുവാൻ ഉത്തരവിടുകയും ചെയ്തു. അന്ന് രാജാവിന്റെ സഹോദരനായ ഗാദ് മരിച്ചു. ഗാദിന്റെ ശവസംസ്കാരകർമ്മങ്ങൾ നടക്കുമ്പോൾ ആത്മാവ് ശരീരത്തിൽ മടങ്ങിവരുകയും തന്റെ സഹോദരനുവേണ്ടി മാർത്തോമ്മാശ്ലീഹ സ്വർഗത്തിൽ പണിത കൊട്ടാരത്തെക്കുറിച്ച് വിവരിക്കുകയും ചെയ്തു. തന്റെ പ്രവൃത്തിയിൽ അനുതപിച്ച രാജാവ് തോമ്മാശ്ലീഹായേയും ഹാബാനെയും മോചിപ്പിക്കുകയും ക്രിസ്തുമതം സ്വീകരിക്കുകയും ചെയ്തു.

### യുവാവും സർപ്പവും

ഒരിക്കൽ മാർത്തോമ്മാശ്ലീഹ തന്റെ വഴിയാത്രയിൽ ഒരു യുവാവിന്റെ മൃതശരീരം കണ്ടു. അതിൽ ദുഃഖിതനായി ശ്ലീഹ ആ യുവാവിനുവേണ്ടി പ്രാർത്ഥന തുടങ്ങി. കുറച്ചു

കഴിഞ്ഞപ്പോൾ ഒരു പൊത്തിൽനിന്നു ഒരു സർപ്പം ഇറങ്ങി വന്നു. ശ്ലീഹയും സർപ്പവുമായി ദീർഘനേരം നീണ്ടുനിന്ന സംവാദത്തിനൊടുവിൽ സർപ്പത്തെകൊണ്ട് വിഷം തിരിച്ചെടുപ്പിച്ചു. യുവാവിനെ ശ്ലീഹാ രക്ഷിച്ചു.

## വെള്ളം അന്തരീക്ഷത്തിൽ

പാലയൂരിൽ ഒരു പ്രഭാതത്തിൽ സൂര്യനമസ്കാരം നടത്തിയവരെ മാർത്തോമ്മാശ്ലീഹ കാണുവാനിടയായി. പുഴയിലെ വെള്ളം മുകളിലേക്കെറിഞ്ഞു സൂര്യനെ നമസ്കരിക്കുന്ന അവരോടു താൻ വിശ്വസിക്കുന്ന ദൈവം മുകളിലേക്കെറിയുന്ന വെള്ളം അവിടെ തന്നെ നിർത്തുമെന്ന് പറഞ്ഞു. തുടർന്ന് ശ്ലീഹ പുഴയിലേക്കിറങ്ങി വെള്ളമെടുത്ത് മുകളിലേക്ക് എറിഞ്ഞു. അന്തരീക്ഷത്തിൽ അത് മുത്തുകൾപോലെ ശോഭിച്ചു. അത്ഭുതസ്തബ്ധരായ അവർ ക്രിസ്തുമതം സ്വീകരിക്കുവാൻ ഇത് ഇടയാക്കി.

## ക്ഷേത്ര ഉത്സവം

പറവൂരിൽ വച്ച് മാർത്തോമ്മാശ്ലീഹാ കടന്നുപോകുമ്പോൾ ക്ഷേത്രത്തിലെ ഉത്സവ ഘോഷയാത്ര അതുവഴി കടന്നുപോവുകയുണ്ടായി. പെട്ടന്ന് ഒരു ഇടിമിന്നൽ ഉണ്ടാവുകയും അവിടെ ഉണ്ടായിരുന്ന ആനകളും അനേകം ആളുകളും മരിക്കുകയും ചെയ്തു. മാർത്തോമ്മാശ്ലീഹ ഉടൻതന്നെ പരിശുദ്ധാത്മനാമത്തിൽ അവരുടെമേൽ വെള്ളം തളിക്കുകയും അവർ ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു.

........................................................

## നമുക്ക് പാടാം

ഇന്ത്യയിൽ നി-ന്നെങ്ങിനെ യേ-റുശലേം
താൻവേഗം - സംപ്രാ-പിച്ചെന്നെന്നോടോതി
മാർത്തോമ ശ്ലീഹാ
പ്രാർത്ഥിക്കുമ്പോൾ- റൂഹാ ചൊന്നേവം
നിൻ നാഥന് തൻ മാ- താവിൽ ശവസംസ്ക്കാരം
ചെയ്യുന്നെത്തുക നീ
പാഞ്ഞൊരു മേഘം വന്നെന്നേ- യേറ്റു
നിർമ്മല തൻ മെയ് ഓ - യാറിൻ- വാനവരേന്തി -
പോകുന്നത് കണ്ടേൻ
ചൊന്നേൻ ഞാനെൻ - നാഥേ നീ - നിൽക്കണമെ
നിർമ്മലമാം - നിൻ മെ-യ്യിൽ നിന്നാശീർ- വാദം
ഞാൻ പ്രാപിക്കട്ടെ
ഈറേ വൃന്ദം - സംഭ്രമമൊടു നിന്നു
മോദാൽ ചെ - ന്നവളെ വന്ദിച്ചാശീർവാദം
ഞാൻ സമ്പാദിച്ചു.

(മാർത്തോമ ശ്ലീഹായെക്കുറിച്ചുള്ള ഒരു പാരമ്പര്യ കഥ ആണ് പ്രസ്തുത ഗീതം)

........................................................

## നമുക്ക് പ്രാർത്ഥിക്കാം

(പുതുഞായറാഴ്ച സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലുന്ന പ്രാർത്ഥനയിൽനിന്ന്-
നിത്യപ്രാർത്ഥനാക്രമം നോക്കുക)

*മാർത്തോമ്മാശ്ലീഹാ, നിന്റെ കർത്താവിന്റെ മുറിവുകളെ സ്പർശിക്കുവാൻ നീ യോഗ്യനായതിനാൽ നിനക്ക് ഭാഗ്യം. അഹങ്കാരികൾ മരത്തിന്മേൽവെച്ച് കുത്തിത്തുറന്ന ആ വിലാവിൽനിന്ന് സ്വർഗ്ഗീയ നന്മകൾ നിറഞ്ഞിരിക്കുന്ന വലിയ ധനത്തെ നീ പ്രാപിക്കുകയും വിശുദ്ധ സഭയെ സത്യവിശ്വാസം പഠിപ്പിക്കുകയും ചെയ്തു. കർത്താവേ... ഞങ്ങൾ വിശ്വാസത്തിൽ സ്ഥിരപ്പെട്ടിരിപ്പാൻ കൃപനൽകണമേ... ആമ്മീൻ.*

........................................................

## നിശ്ചയം

**മാർത്തോമാശ്ലീഹയുടെ പാത പിന്തുടർന്ന് ഞങ്ങൾ ക്രിസ്തുവിന്റെ നല്ല സാക്ഷികളായി ജീവിക്കും.**

........................................................

## നമുക്ക് ചിന്തിക്കാം

1. ഗോണ്ടാഫോറസ് രാജാവിന്റെ സഹോദരനായ ഗാദ് എപ്രകാരമാണ് മാർത്തോമ്മാശ്ലീഹായെ മരണത്തിൽനിന്ന് രക്ഷിച്ചത്?
2.. പാലയൂരിൽ മാർത്തോമാശ്ലീഹാ ക്രിസ്തുമത പ്രചാരകനായത് എങ്ങനെ?
3. പരിശുദ്ധാത്മനാമത്തിൽ പറവൂരിൽ നടന്ന അത്ഭുതപ്രവർത്തനമെന്ത്?
4. മാർത്തോമശ്ലീഹായുമായി ബന്ധപ്പെട്ട കഥകളിൽനിന്ന് നിങ്ങൾ എന്ത് മനസ്സിലാക്കി?

## പ്രവർത്തനങ്ങൾ

1. മേൽപ്പറഞ്ഞ കഥകളിൽ ഒന്ന് നാടകമായി ക്ലാസ്സിൽ അവതരിപ്പിക്കുക
2. മാർത്തോമാശ്ലീഹായുമായി ബന്ധപ്പെട്ട കൂടുതൽ കഥകൾ കണ്ടുപിടിക്കുക
3. വി. വേദപുസ്തകത്തിൽനിന്നും മാർത്തോമാശ്ലീഹായുമായി ബന്ധപ്പെട്ട സംഭവ ങ്ങൾ കണ്ടെത്തുക.

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | ഉൽപ്പത്തി 19:15-21 |
| തിങ്കൾ | ഇയ്യോബ് 1:12-22 | യെശയ്യാവ് 38:1-8 |
| ചൊവ്വ | അപ്പൊ. പ്ര. 27:9-26 | എബ്രായർ 10:33-11:7 |
| ബുധൻ | ഉൽപ്പത്തി 24:15-24 | സഭാപ്രസംഗി 12:1-8 |
| വ്യാഴം | യെശയ്യാവ് 56:1-10 | അ. പ്ര. 28 |
| വെള്ളി | റോമർ 16:1-16 | റോമർ 3:19-26 |
| ശനി | അ. പ്ര. 12:1-17 | * |

യൂണിറ്റ് 5

# വി. കുർബാന - ഒരു പഠനം

പാഠം 18

# വി. കുർബാനയിലെ പ്രൊമിയോൻ, സെദറാകൾ

**പഠനോദ്ദേശ്യം:** വി. കുർബ്ബാനയിലും മറ്റും ഉപയോഗിക്കുന്ന പ്രൊമിയോൻ സെദറാകളുടെ പ്രാധാന്യം ഗ്രഹിക്കുക. ഭക്തിപൂർവ്വം, അർത്ഥവത്തായി വി. കുർബ്ബാനയിൽ പങ്കെടുക്കുവാൻ പരിശീലിക്കുക.

**മനഃപാഠവാക്യം:** "നിന്റെ ന്യായപ്രമാണത്തിലെ അത്ഭുതങ്ങളെ കാണേണ്ടതിനു എന്റെ കണ്ണുകളെ തുറക്കേണമേ" (സങ്കീ. 119:18).

**പഠനസഹായികൾ:** വി. കുർബ്ബാനക്രമം, വി. കുർബ്ബാന തക്സാ, വി. കുർബ്ബാനയിലെ വിവിധ പ്രൊമിയോൻ സെദറാകൾ.

## ആമുഖം

എല്ലാവരും പതിവായി വി. കുർബ്ബാനയിൽ പങ്കെടുക്കാറുണ്ടല്ലോ. എത്ര ഹൃദയസ്പർശിയായ പ്രാർത്ഥനകളും ഗീതങ്ങളുമാണ് അതിൽ ഉൾക്കൊള്ളുന്നത്, അല്ലേ? വി. കുർബ്ബാനയിൽ നിങ്ങളെ ഏറ്റവും അധികം ആകർഷിച്ചിട്ടുള്ള പ്രാർത്ഥനകൾ ഏതെല്ലാമാണ്? ചില പ്രധാന പ്രാർത്ഥനകൾ ചൊല്ലുന്നതിന് മുൻപ് ശുശ്രൂഷക്കാരൻ സ്തൗമെൻ കാലോസ് എന്ന് വിളിച്ചുപറയുന്നത് കേട്ടിട്ടുണ്ടല്ലോ? നാം നല്ലവണ്ണം നിന്ന് ഈ പ്രാർത്ഥനകളിൽ ശ്രദ്ധയോടെ സംബന്ധിക്കണം എന്നാണ് ഇതിന് അർത്ഥം. ആ പ്രാർത്ഥനകളാണ് പ്രൊമിയോൻ സെദറാ പ്രാർത്ഥനകൾ. ഇവയെപ്പറ്റി പൊതുവായി ഈ പാഠത്തിൽ നമുക്ക് പഠിക്കാം.

## പാഠഭാഗം

നമ്മുടെ ആരാധനകളിലെ സജീവ ശ്രദ്ധയാകർഷിക്കുന്ന ഒരു ഭാഗമാണ് പ്രൊമിയോൻ സെദറാകൾ. യാമപ്രാർത്ഥനകളുടെയും, വി. കൂദാശകളുടെയും, കൂദാശകളുടെ രാജ്ഞിയായ വി. കുർബാനയുടെയും മദ്ധ്യേ പ്രൊമിയോൻ സെദറാ പ്രാർത്ഥനകൾ വായിക്കുന്നുണ്ട്. അവ വിശ്വാസികൾ ശ്രദ്ധാപൂർവ്വം കേൾക്കുകയും, തങ്ങളെ ആന്തരികമായി ഒരുക്കുന്നതിന് പരിശ്രമിക്കുകയും ചെയ്യേണ്ടതാണ്. പ്രൊമിയോൻ ചൊല്ലുന്നതിന് മുൻപ് ശുശ്രൂഷക്കാരൻ വിളിച്ചു പറയുന്നതെന്താണ്? 'സ്തൌമെൻ - കാലോസ്' അപ്പോൾ വിശ്വാസികൾ ഒരുമിച്ചു പറയുന്ന പ്രാർത്ഥന എന്താണ്? "കുറിയേലായിസോൻ"

ഇവ രണ്ടും ഗ്രീക്ക് പദങ്ങൾ ആണ്. സ്തൌമെൻ (Staumen) എന്നാൽ 'ഞങ്ങൾ നിൽക്കുന്നു', 'നാം നിൽക്കേണ്ടതാണ്' എന്നൊക്കെയാണ് അർത്ഥം. "കാലോസ്' "(Kalos)" എന്നാൽ 'നല്ലത്, 'നല്ലവണ്ണം' എന്നും അർത്ഥമാകുന്നു. പലവിധ ചിന്തകളോടെ നിൽക്കുന്ന വിശ്വാസികളെ മർമ്മപ്രധാനമായ പ്രാർത്ഥനകളിലേക്ക് ആഹ്വാനം ചെയ്യുന്നതിനാണ് 'സ്തൌമെൻ - കാലോസ്' എന്ന് ശുശ്രുഷക്കാരൻ വിളിച്ചുപറയുന്നത്. NCC പരേഡിനിടയിൽ 'Attention' ('സാവധാൻ') എന്ന് പറയുന്നത് കേട്ടിട്ടില്ലേ?

അതുപോലെ തന്നെ 'നാം നല്ലവണ്ണം നിൽക്കണം' എന്നാണ് ഈ ആഹ്വാനം. അതിനു വിശ്വാസികൾ നൽകുന്ന മറുപടി മനോഹരവും ഹ്രസ്വവുമായ ഒരു പ്രാർത്ഥനയാണ്. "കുറിയേലായിസോൻ" (ഞങ്ങളുടെ കർത്താവേ! ഞങ്ങളോട് കരുണ ചെയ്യേണമേ) ഭംഗിയായി, ഒരുക്കത്തോടെ നിൽക്കുന്നതിനും, പ്രാർത്ഥനയിൽ പങ്കാളിയാകുന്നതിനും നാം ദൈവകരുണ യാചിക്കുന്നു.

വി. കുർബ്ബാനയുടെ പ്രാരംഭ ഭാഗത്തുള്ളതാണ് 'വചന ശുശ്രൂഷ' അഥവാ 'പഠിതാക്കൾക്കുള്ള ശുശ്രൂഷ' (Liturgy of the word or liturgy of the catechumens) അതിന്റെ അവസാന ഭാഗത്താണ് പ്രൊമിയോൻ സെദറാകൾ വായിക്കുന്നത്. ഒരുക്കത്തോടുകൂടി വന്നുയാമ പ്രാർത്ഥന തികച്ച് വി. കുർബാനയിൽ സംബന്ധിക്കുന്ന ജനങ്ങൾ തിരുവചന വായനകൾ കേട്ടശേഷം പ്രൊമിയോൻ സെദറാ പ്രാർത്ഥനകൾ ശ്രവിക്കുന്നു. ഈ സമയത്ത് ശ്രദ്ധയോടെ നിൽക്കേണ്ടതുണ്ട്. അതിന്റെ കാരണങ്ങൾ താഴെ പറയുന്നവയാണ്.

1. ഇത് ധ്യാനത്തിനായുള്ള സമയമാണ്. തിരുവചന വായനകൾ കേട്ടശേഷം വിശ്വാസികൾ ഈ കുർബ്ബാനയ്ക്കായി ഒരുങ്ങി ധ്യാനിച്ച് നിൽക്കുന്നു.
2. ഇത് ആത്മസമർപ്പണത്തിനുള്ള സമയമാണ്. നമ്മൾ സ്വാഭാവികമായി, കർത്താവിന്റെ തിരുശരീര രക്തങ്ങൾ സ്വീകരിക്കുവാൻ കഴിവും യോഗ്യതയും ഉള്ളവരല്ല. പാപപങ്കിലമായ ലോകത്തിൽ ജീവിക്കുന്ന നമുക്ക് നമ്മെത്തന്നെ ദൈവസന്നിധിയിൽ സമർപ്പിക്കുന്നതിനുള്ള ഒരു അവസരമാണിത്.
3. ഇത് പാപപരിഹാരത്തിനും അനുരഞ്ജനത്തിനുമുള്ള സമയമാണ്. സ്വന്ത പാപങ്ങളെ ഓർത്ത് അനുതപിക്കുന്നതിനും പരസ്പരമുള്ള തെറ്റുകുറ്റങ്ങൾ മറന്ന് എല്ലാവരോടും അനുരഞ്ജനപ്പെടുന്നതിനുമുള്ള സമയമാണ്.

ഇനി, നിരനിരയായുള്ള പ്രൊമിയോൻ സെദറാ പ്രാർത്ഥനകളെപ്പറ്റി മനസ്സിലാക്കാം. ഇതിൽ മൂന്ന് പ്രാർത്ഥനകൾ ആണ് ഉള്ളത്.

## പ്രൊമിയോൻ

'ആമുഖം' (Preface) എന്നാണ് പ്രൊമിയോൻ എന്ന പദത്തിനർത്ഥം. പ്രൊമിയോൻ ആരംഭിക്കുന്നതിന് മുൻപ് വൈദികൻ ആഹ്വാനം നൽകുന്നത് കേട്ടിട്ടില്ലേ? എന്താണത്? 'നാമെല്ലാവരും പ്രാർത്ഥിച്ചു കർത്താവിൽനിന്ന് അനുഗ്രഹങ്ങളും കരുണയും യാചിക്കണം'. അതിന് നമ്മൾ നൽകുന്ന മറുപടി എന്താണ്? "അനുഗ്രഹിക്കുന്നവനായ കർത്താവേ! ഞങ്ങളോട് കരുണ ചെയ്തു ഞങ്ങളെ സഹായിക്കണമേ". ഇവിടെ ദൈവത്തിന്റെ കരുണയ്ക്കും സഹായത്തിനുമായി നമ്മൾ പ്രാർത്ഥിക്കുന്നു. ഇനി പൊതുവായി 'പ്രൊമിയോനു'കളുടെ ഉള്ളടക്കത്തെപ്പറ്റി മനസ്സിലാക്കാം.

സാമാന്യമായി പറഞ്ഞാൽ പ്രൊമിയോനുകൾ അതാതു അവസരങ്ങൾക്കനുസരിച്ചാണ് ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. അതാതു ദിവസത്തിന്റെയും ആരാധനയുടെയും സാംഗത്യം ചുരുക്കമായി അവയിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു എന്നും എല്ലാ സമയത്തും ദൈവത്തെ സ്തുതിച്ചു പുകഴ്ത്തുവാൻ നമുക്ക് ചുമതലയുണ്ട്. അതുകൊണ്ടാണ് "സകല പെരുന്നാളുകളിലും, നേരങ്ങളിലും, കാലങ്ങളിലും, ആയുഷ്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും തനിക്ക് സമർപ്പിക്കുന്നതിന്" നമ്മുടെ ശരീര മനസ്സുകൾ ഒരുക്കി, അടക്കത്തിൽ നാം നിൽക്കണം എന്നു പറയുന്നത്.

ആരാധനാവേളയിൽ നാം നിൽക്കുന്ന സ്ഥലത്തിന്റെ നാല് പ്രത്യേകതകൾ ശുശ്രൂഷക്കാരൻ പറഞ്ഞുതരുന്നു.

1. അനുഗ്രഹിക്കുന്നവനായ കർത്താവിന്റെ മുൻപാകെ
2. പാപപരിഹാരം നൽകുന്ന ബലിപീഠത്തിന്റെ മുൻപാകെ
3. ദിവ്യവും സ്വർഗ്ഗീയവുമായ രഹസ്യങ്ങളുടെ മുൻപാകെ
4. ആരാധിക്കപ്പെടേണ്ട പൗരോഹിത്യത്തിന്റെ സാന്നിദ്ധ്യത്തിൽ.

### ഹൂസോയോ

*പാപപരിഹാര പ്രാർത്ഥന എന്നാണ് ഈ പദത്തിന്റെ അർത്ഥം.* പ്രൊമിയോനും സെദറായ്ക്കുമിടയിലാണ് ഈ പ്രാർത്ഥന ചൊല്ലുന്നത്. വി. കുർബ്ബാന പാപപരിഹാരം നൽകുന്ന കൂദാശയാണ്. വി. കുർബ്ബാന അർപ്പിക്കുന്ന പട്ടക്കാരൻ, തന്റെയും ജനങ്ങളുടെയും പാപങ്ങൾ മായിച്ചു കളയേണമേ എന്ന് പ്രാർത്ഥിക്കുന്നു. വാങ്ങിപ്പോയവർക്കുവേണ്ടിയും പ്രാർത്ഥിക്കുന്നു. വാങ്ങിപ്പോയവരുടെ ആത്മാക്കൾക്കും ശരീരങ്ങൾക്കും ദേഹികൾക്കും ആശ്വാസം നല്കണമേ എന്ന പ്രാർത്ഥന ശ്രദ്ധേയമാണ്. കഠിന ശിക്ഷകൾ മാഞ്ഞുപോകുന്നതിനും ഉത്തമമായ അന്ത്യം 'മരണം' ലഭിക്കുന്നതിനും വേണ്ടി പ്രാർത്ഥിക്കുന്നു. എന്നാൽ ഇവിടെ, മരണവും, ശവസംസ്കാരവും മാത്രമല്ല, ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിങ്കൽ സ്വർഗ്ഗരാജ്യം അവകാശമാക്കുന്നതും ഉൾപ്പെടുന്നു. ലക്ഷ്യബോധത്തോടുകൂടെ, ഭക്തിപൂർവ്വം പാരായണം ചെയ്യേണ്ടതാണിത്.

### സെദറാ

സെദറാ പ്രാർത്ഥനകളുടെ ഉപജ്ഞാതാവായി കരുതപ്പെടുന്നത്, അന്ത്യോഖ്യ പാത്രിയർക്കീസായിരുന്ന മാർ യൂഹാനോൻ ഒന്നാമനാണ് (+649) 'സെദറാ' എന്ന പദത്തിനർത്ഥം 'ക്രമം' 'നിര' എന്നിങ്ങനെയാണ്. (Order, series, row) 'പ്രാർത്ഥനകളുടെ ഒരു നിര' എന്ന് സാരം. പ്രൊമിയോനിൽ ആമുഖമായി അവതരിപ്പിക്കപ്പെട്ട പ്രാർത്ഥന 'സെദറാ'യിൽ തുടർന്ന് ചൊല്ലുന്നു. ക്രിസ്തുവിലൂടെയുള്ള ദൈവത്തിന്റെ രക്ഷാകരപദ്ധതിയെപ്പറ്റി ചുരുക്കമായി പ്രതിപാദിക്കുന്നു. പഴയനിയമത്തിലെയും പുതിയനിയമത്തിലെയും പ്രധാന സംഭവങ്ങളെയും ഇവിടെ അനുസ്മരിക്കുന്നു. ദൈവത്തിന്റെ പരിശുദ്ധിക്കും കരുണയ്ക്കും സ്തുതിയർപ്പിക്കുന്നതോടൊപ്പം വിശ്വാസികളുടെ ആവശ്യങ്ങളും സമർപ്പിക്കപ്പെടുന്നു.

ഭൗതികവും ആത്മികവുമായ ആവശ്യങ്ങളാണിവ. സമൂഹത്തിന്റെ മുഴുവൻ നന്മയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നു. പ്രപഞ്ചം ദൈവകൃപയാൽ നിറയുന്നതിനും, യുദ്ധങ്ങളും ക്ഷാമങ്ങളും വരൾച്ചയും നീങ്ങിപ്പോകുന്നതിനും, ദൈവഹിതം നടപ്പാക്കുന്നതിനും, വാങ്ങിപ്പോയവർക്ക് വേണ്ടിയും പ്രാർത്ഥിക്കുന്നു. പരി. ത്രിത്വത്തിന് സ്തുതിയും സ്തോത്രവും സമർപ്പിച്ചുകൊണ്ട് ഈ പ്രാർത്ഥന സമാപിക്കുന്നു. മാലാഖമാർ ഭയഭക്തിപൂർവ്വം ദൈവത്തെ സ്തുതിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യരായ നാമും അവരോട് ചേർന്ന് ദൈവത്തെ സ്തുതിക്കുന്നു. പ്രൊമിയോൻ സെദറാ പ്രാർത്ഥനകളുടെ സമാപനമായി ധ്യാനപൂർവ്വം നിന്ന് വിശ്വാസികളെ അനുഗ്രഹിച്ചുകൊണ്ട് പട്ടക്കാരൻ ഇങ്ങനെ ചൊല്ലുന്നു. "ദൈവത്തിൽനിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും രണ്ട് ലോകങ്ങളിലും എന്നന്നേയ്ക്കും നാം പ്രാപിക്കുമാറാകട്ടെ"

### നമുക്ക് പാടാം

എന്റെ കടങ്ങളശേഷം നിൻ
കൃപയാം എസ്പൂഗായതിനാൽ
മായിച്ചെൻ പാപങ്ങളെയും
കൃപയാൽ പുണ്യമതാക്കണമെ

രക്ഷക നിന്റെ രഹസ്യങ്ങൾ
ശുശ്രൂഷിക്കപ്പെട്ടെന്നാൽ
അതിനാൽ പുണ്യപ്പെട്ടവരോ-
ടെന്നേ യോഗ്യനതാക്കണമേ
കർത്താവേ നിന്നുടെ നിത്യ
സ്വർഗമതായൊരു രാജ്യത്തിൽ
നിന്നെ ശുശ്രൂഷിപ്പാൻ ഞാ-
നിപ്പോഴും എപ്പോഴുമെന്നെക്കും
നിത്യസ്തുതി കർത്താവിന്നും
വിധിദിവസം കൃപനിങ്ങളിലും
ന്യായാധിപതിക്കാർദ്രതയീ
പ്പാതകരിലുമുണ്ടാകട്ടെ
കൃപയുള്ളവനാം കർത്താവേ-
കൃപയെന്മേലുണ്ടാകണമേ
കൃപയുണ്ടാവുക മടിയനതാം-
എന്മേൽ കൃപയുണ്ടാകണമെ

.........................................................

## നമുക്ക് പ്രാർത്ഥിക്കാം

*കാരുണ്യവാനായ കർത്താവേ, ഞങ്ങളുടെ ആരാധനകളും നേർച്ച കാഴ്ചകളും നിന്റെ സന്നിധിയിൽ കൈക്കൊള്ളപ്പെടണമേ. ദിനംതോറും നിന്നെ സ്തുതിപ്പാനും നിന്റെ ഇഷ്ടം പ്രവർത്തിപ്പാനും ഞങ്ങൾക്ക് ഇടയാക്കണമേ. നിനക്ക് ഇഷ്ടമില്ലാത്ത വ്യർത്ഥവിചാരങ്ങളെ ഞങ്ങളിൽനിന്ന് ദൂരീകരിക്കേണമേ. എന്നാളും നിന്റെ ഹിതമറിഞ്ഞ് പ്രവർത്തിപ്പാൻ ഞങ്ങൾക്ക് ശക്തി നൽകേണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും എന്നാളും സ്തുതിയും സ്തോത്രവും സമർപ്പിക്കുവാനായിട്ടു തന്നെ ആമ്മീൻ.*

.........................................................

## നിശ്ചയം

**വി. കുർബാനയിലെയും, മറ്റ് വിവിധ സന്ദർഭങ്ങളിലെയും പ്രൊമിയോൻ സെദറാ പ്രാർത്ഥനാ സമയം ഞങ്ങൾ ശ്രദ്ധയോടെ നിന്ന് ധ്യാനപൂർവ്വം ദൈവത്തോട് പ്രാർത്ഥിക്കും.**

.........................................................

## നമുക്ക് ചിന്തിക്കാം

1. 'പ്രൊമിയോൻ', 'സെദറാ' എന്നീ പദങ്ങളുടെ അർത്ഥമെന്ത്?
2. പ്രൊമിയോൻ വായന ആരംഭിക്കുന്നതിന് തൊട്ടുമുൻപ് ശുശ്രൂഷക്കാരൻ വിളിച്ചു പറയുന്നതെന്ത്? അതിന്റെ അർത്ഥമെന്ത്?
3. പ്രൊമിയോൻ സെദറാ പ്രാർത്ഥന സമയത്ത് അതീവ ശ്രദ്ധയോടെ നിൽക്കണമെന്ന് പറയുന്നതെന്തുകൊണ്ട്?
4. സാധാരണയായി പ്രൊമിയോന്റെ ഉള്ളടക്കം എന്തായിരിക്കും?
5. ആരാധനാസമയത്ത് നാം നിൽക്കുന്ന സ്ഥലത്തിന്റെ പ്രാധാന്യം എന്ത്?
6. 'ഹൂസോയോ' എന്നാൽ എന്ത്?

7. 'സ്തൌമെൻ കാലോസ്' എന്ന വാക്കിന്റെ അർത്ഥമെന്ത്?
8. ആരാധനാവേളയിൽ നാം നിൽക്കുന്ന സ്ഥലത്തിന്റെ നാല് പ്രത്യേകതകൾ ശുശ്രൂഷക്കാരൻ വിളിച്ചുപറയുന്നു. അവ ഏതെല്ലാം?
9. പ്രൊമിയോൻ സെദറാ പ്രാർത്ഥനകൾക്ക് ഓർത്തഡോക്സ് ആരാധനകളിൽ ഉള്ള സ്ഥാനം എന്ത്?
10. 'ഹൂസോയോ' എന്ന പദത്തിന്റെ അർത്ഥം എന്ത്?
11. പ്രൊമിയോൻ - സെദറാ പ്രാർത്ഥനകൾക്കിടയിൽ ഹൂസായോ പ്രാർത്ഥന ചൊല്ലുന്നതിന്റെ സാംഗത്യം എന്ത്?
12. പ്രൊമിയോൻ സെദറാ പ്രാർത്ഥനകളുടെ സമയത്ത് ശ്രദ്ധയോടെ നിൽക്കേണ്ടതിന്റെ കാരണങ്ങൾ ഏവ?
13. പ്രൊമിയോൻ സെദറാ പ്രാർത്ഥനകളുടെ അവസാനത്തിൽ വിശ്വാസികളെ അനുഗ്രഹിച്ചുകൊണ്ട് പട്ടക്കാരൻ ചൊല്ലുന്നതെന്ത്?

## പ്രവർത്തനങ്ങൾ

1. വി. കുർബ്ബാനയിൽ പതിവായി ഭക്തിയോടെ സംബന്ധിക്കുക.
2. വി. കുർബ്ബാനയിൽ ശ്രദ്ധയോടെ നിൽക്കുകയും, പ്രൊമിയോൻ സെദറാ പ്രാർത്ഥന ശ്രദ്ധിക്കുകയും പ്രതിവാക്യമായി 'ആമ്മീൻ' എന്ന് പറയുകയും ചെയ്യുക.
3. ഏതെങ്കിലും ഒരു പ്രൊമിയോൻ സെദറാ മുഴുവനായി വായിക്കുക.

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | ലൂക്കോ: 11:1-13 |
| തിങ്കൾ | റോമർ 8:26-29 | അ. പ്ര. 2:42-47 |
| ചൊവ്വ | ലൂക്കോസ് 9:28-36 | മത്താ 6:5-15 |
| ബുധൻ | 1 തിമോഥെയോസ് 2:1-15 | ലൂക്കോസ് 1:46-56 |
| വ്യാഴം | 1 തെസ്സലൊനിക്യർ 5:12-28 | അ. പ്ര. 16:16-34 |
| വെള്ളി | 1 രാജാക്കന്മാർ 8:22-34 | പുറപ്പാട് 12:21-27 |
| ശനി | യെശയ്യാവ് 38:1-8 | * |

പാഠം 19

# വി. കുർബ്ബാനയിലെ ധൂപക്കുറ്റിവാഴ്വ്

**പഠനോദ്ദേശ്യം:** സഭയുടെ ആരാധനയിൽ നടത്തുന്ന ധൂപാർപ്പണത്തിന്റെ അർത്ഥവും പ്രാധാന്യവും മനസ്സിലാക്കുക. വി. കുർബ്ബാനയിലെ ധൂപക്കുറ്റിവാഴ്വിന്റെ പ്രാധാന്യം ഗ്രഹിക്കുക.

**മനഃപാഠവാക്യം:** "രക്ഷിക്കപ്പെടുന്നവരുടെ ഇടയിലും നശിക്കുന്നവരുടെ ഇടയിലും ഞങ്ങൾ ദൈവത്തിന് ക്രിസ്തുവിന്റെ സൗരഭ്യവാസന ആകുന്നു" (2 കൊരി. 2:15).

**പഠനസഹായികൾ:** വി. കുർബ്ബാന ക്രമം, ധൂപക്കുറ്റി, ധൂപാർപ്പണത്തിനുള്ള കരി, കുന്തിരിക്കം എന്നിവ.

## ആമുഖം

ധൂപക്കുറ്റിയെപ്പറ്റി താഴ്ന്ന ക്ലാസ്സിൽ പഠിച്ചിട്ടുള്ളത് ഓർമ്മിക്കുന്നുണ്ടാവുമല്ലോ? ധൂപക്കുറ്റിയുടെ വിവിധ ഭാഗങ്ങൾ എന്തിനെക്കുറിക്കുന്നു എന്ന് പറയാമോ? ഓർത്തഡോക്സ് സഭയുടെ ആരാധനയിൽ ധൂപാർപ്പണത്തിന് പ്രത്യേകമായ പ്രാധാന്യമുണ്ട്. നമ്മുടെ ആരാധനയിൽ എപ്പോഴെല്ലാം ധൂപാർപ്പണം നടത്തുന്നു എന്നറിയാമോ? ധൂപാർപ്പണത്തിന്റെ അർത്ഥവും പ്രാധാന്യവും വിശദമായി നമുക്ക് ഈ പാഠത്തിൽ പഠിക്കാം.

## പാഠഭാഗം

പൗരസ്ത്യ ഓർത്തഡോക്സ് സഭയുടെ ആരാധനയിലെ ഒരു പ്രത്യേക സവിശേഷതയാണല്ലോ അടയാളങ്ങളുടെ (Symbols) ഉപയോഗം. മനുഷ്യകുലത്തിന്റെ രക്ഷാകരചരിത്രം വി. കുർബ്ബാനയുടെ രൂപത്തിൽ അവതരിപ്പിക്കപ്പെടുമ്പോൾ വിശ്വാസികൾ അവരുടെ പഞ്ചേന്ദ്രിയങ്ങളിലൂടെ ഈ യാഥാർത്ഥ്യം ഉൾക്കൊള്ളുകയാണ് പതിവ്. ധൂപാർപ്പണത്തിന്റെ അർത്ഥം ഈ അടിസ്ഥാനത്തിൽ വേണം മനസ്സിലാക്കുവാൻ. ക്രിസ്തുമസ്സ് ദിനത്തിലെ തീജ്വാല ശുശ്രൂഷാമദ്ധ്യേ വിശ്വാസികൾ കുന്തിരിക്കം സമർപ്പിക്കുമ്പോഴും, ദുഃഖവെള്ളിയാഴ്ച സ്ളീബാവന്ദനവിന്റെ സമയത്ത് സുഗന്ധദ്രവ്യങ്ങൾ പുകയുന്നതിനിടയിൽ കുരിശ് കുമ്പിടുമ്പോഴുമെല്ലാം യേശുക്രിസ്തുമൂലം മാനവകുലത്തിന് ലഭിച്ച രക്ഷാകര പ്രവൃത്തിയെ ആഴമായി മനസ്സിലാക്കുവാൻ സാധിക്കുന്നു. ശ്രവണങ്ങൾക്ക് ശ്രുതിമധുരമായ ഗാനങ്ങൾപോലെ സുപ്രധാനമാണ് നാസാരന്ധ്രങ്ങൾക്ക് സൗരഭ്യവാസന. വി. ആരാധനയിൽ ധൂപാർപ്പണം ഉപയോഗിക്കുന്ന പതിവ് യഹൂദന്മാരുടെ ഇടയിൽ തന്നെ ഉണ്ടായിരുന്നു.

## ധൂപാർപ്പണം ആരാധനയിൽ

ധൂപാർപ്പണത്തിന്റെ വിവിധ അർത്ഥങ്ങൾ താഴെപ്പറയുംവിധം സമാഹരിക്കാം. പുറപ്പാടു പുസ്തകത്തിലാണ് (30:9-10, 37:25-28) ധൂപവർഗ്ഗത്തിന്റെ മേശയെപ്പറ്റി നാം ആദ്യമായി വായിക്കുന്നത്. യഹോവയായ ദൈവത്തിന്റെ തിരുനിവാസം തയ്യാറാക്കുന്നതിനിടയിലാണ് ധൂപപീഠത്തെപ്പറ്റിയുള്ള വിവരണം നൽകിയിരിക്കുന്നത്. നിയമപെട്ടകം നിർമ്മിക്കുന്ന രീതിയിൽതന്നെ ഖദിർമരംകൊണ്ട് ഉണ്ടാക്കപ്പെടുന്ന ധൂപപീഠത്തിൽ അഹറോൻ കാലത്തും വൈകിട്ടും ധൂപം അർപ്പിക്കുവാനാണ് യഹോവ കല്പിക്കുന്നതും. തലമുറതലമുറയായി ഈ കാര്യം നിവർത്തിക്കുവാനും ദൈവം കല്പിക്കുന്നു. സാക്ഷ്യപെട്ടകത്തിന്റെ മുമ്പിലും കൃപാസനത്തിന്റെ മുമ്പിലും വച്ചിരുന്ന ഈ ധൂപപീഠം യഹോ

വയുടെ നിത്യസാന്നിദ്ധ്യത്തിന് അകമ്പടിയായിട്ടാണ് നാം കാണുന്നത്. ചുരുക്കത്തിൽ ധൂപാർപ്പണം പരിശുദ്ധനായ ദൈവത്തിന്റെ സാന്നിദ്ധ്യത്തെ സൂചിപ്പിക്കുന്നതായി ഇവിടെ മനസ്സിലാക്കാം. പൗരോഹിത്യ മര്യാദപ്രകാരം യരുശലേം ദൈവാലയത്തിൽ ധൂപാർപ്പണം നടത്തിയ സഖറിയായ്ക്ക് ദൈവീക ദർശനം ലഭിച്ചത് വി. ലൂക്കോസ് 1:8-23ൽ നാം വായിക്കുന്നുണ്ടല്ലോ.

പരിശുദ്ധാ-ലയമുള്ളിൽ
സ്ക്കറിയാ തൻ-ധൂപത്തെ
കൈക്കൊണ്ട-കർത്താവേ
നിൻ ദാസന്മാരെനിന-
ച്ചിന്നടിയാ-രണയ്ക്കുന്ന
ഈ ധൂപം- കൈക്കൊണ്ട്
ഹാലേ-ലൂയ്യാ-ഉ-ഹാലേ-ലൂയ്യാ.
ഇ - ജ്ജനത്തിൽ നിരക്കണമേ.

ധൂപാർപ്പണത്തിന്റെ മറ്റൊരു പ്രാധാന്യം സംഖ്യാപുസ്തകത്തിൽ നാം വായിക്കുന്നു. (സംഖ്യാ 16:45-48) യിസ്രയേൽ ജനതയുടെ നേതൃസ്ഥാനത്ത് നിന്ന് മോശെയ്ക്കും അഹറോനും എതിരായി കോരഹ്, ദാഥാൻ, അസീറാം തുടങ്ങിയവർ മത്സരിച്ചപ്പോൾ ദൈവത്തിന് കോപമുണ്ടായി. 14,700 പേർ മരിച്ചുപോയ സംഭവം ജനത്തെ വിഹ്വലരാക്കി. ഉടൻ തന്നെ മോശ അഹറോനോട് ആജ്ഞാപിച്ചതനുസരിച്ച് അഹറോൻ മരിച്ചവർക്കും ജീവിച്ചിരിക്കുന്നവർക്കും മദ്ധ്യേ ധൂപകലശവുമായി നിന്നപ്പോൾ ബാധ അടങ്ങിയതായി നാം വായിക്കുന്നു. ഈ സംഭവത്തിൽ ധൂപാർപ്പണം പാപപരിഹാരത്തിനായി നടത്തപ്പെടുന്ന ഒന്നായി ഗ്രഹിക്കാം.

ധൂപാർപ്പണം പ്രാർത്ഥനയ്ക്ക് അകമ്പടിയായി നടത്തപ്പെട്ട ഒന്നായി സങ്കീ. 141:2 ലും വെളിപ്പാടു പുസ്തകം 5:8 ലും നാം കാണുന്നു. ധൂപവർഗ്ഗത്തിന്റെ പുക വിശുദ്ധന്മാരുടെ പ്രാർത്ഥനയോടുകൂടി ദൂതന്റെ കൈയ്യിൽ ദൈവസാന്നിദ്ധ്യത്തിലേക്ക് ഉയരുന്നതായി വെളിപ്പാട് 8:4-ൽ നാം വീണ്ടും വായിക്കുന്നു. നമ്മുടെ സഭയുടെ ആരാധനയിൽ പ്രൊമിയോൻ വായിച്ചുകഴിഞ്ഞാലുടൻ പട്ടക്കാരൻ ധൂപക്കുറ്റിയിൽ കുന്തിരിക്കമിടുകയും സെദറാവായനയുടെ പൂർണസമയവും ശുശ്രൂഷക്കാരൻ ധൂപക്കുറ്റി വീശി നിൽക്കുന്നതിന്റെയും കാരണം ഇതാണ്. അപ്പോൾ സമർപ്പിക്കപ്പെട്ടിരിക്കുന്ന പ്രാർത്ഥന ധൂപക്കുറ്റിയിലെ പുക പോലെ സ്വർഗ്ഗത്തിലേക്കു ഉയരുന്നതായി നാം മനസ്സിലാക്കുന്നു.

വി. കുർബ്ബാനയുടെ ആരംഭത്തിൽ പട്ടക്കാരൻ ധൂപക്കുറ്റി വഹിച്ചുകൊണ്ട് ത്രോണോസിനു വലംവയ്ക്കുന്നത് പൊന്ന്, മൂർ, കുന്തിരിക്കം ഇവയുമായി വന്ന വിദ്വാന്മാരെപ്പോലെ (മത്താ. 2:1-12) മനുഷ്യരക്ഷയ്ക്കായി പിറന്നുവീണ യേശുകുഞ്ഞിനെ വീണു വണങ്ങുന്നതിനുവേണ്ടിയാണ്. ത്രിത്വത്തിൽ രണ്ടാമനായ ക്രിസ്തുവിനെ ദർശിക്കുന്ന പട്ടക്കാരൻ ജനങ്ങളുടെമേൽ ധൂപം വീശുമ്പോൾ രക്ഷയുടെ സുവിശേഷം ലോകമൊക്കെയും അറിയിക്കുകയാണ് ചെയ്യുന്നത്. ഈ സുവാർത്ത സ്വീകരിച്ചുകൊണ്ട് ജനമെല്ലാം കുരിശുവരച്ച് നിൽക്കുകയും ചെയ്യുന്നു.

## ധൂപക്കുറ്റിയുടെ ഘടന

കുട്ടികളിൽ എത്ര പേർ നമ്മുടെ ധൂപക്കുറ്റി ശ്രദ്ധിച്ചിട്ടുണ്ട്? എന്തൊക്കെയാണ് അതിലുള്ളതെന്നും ഓരോന്നിന്റെയും പ്രതീകാർത്ഥം എന്താണെന്നും വിശദീകരിക്കാം. ചിരട്ടക്കരിയിട്ട ഒരു അടിത്തട്ടും അതിനെ മൂടുന്ന ഒരു മുകൾത്തട്ടും കൂടിച്ചേരുമ്പോൾ ദൈവ

സൃഷ്ടിയായ ഈ പ്രപഞ്ചത്തെ മുഴുവൻ സൂചിപ്പിക്കുന്ന ഒന്നായിത്തീരുന്നു. അടിത്തട്ടിൽ പാപപങ്കിലമായ ലോകത്തെ സൂചിപ്പിച്ചുകൊണ്ട് കരി നിറച്ചിരിക്കുന്നു. മുകൾത്തട്ട് സ്വർഗ്ഗത്തിന്റെ സൂചനകൾ നൽകുന്നു. കത്തിയെരിയുന്ന കരി നമ്മുടെ കർത്താവിന്റെ കൃപയാൽ ശുദ്ധീകരിക്കപ്പെടുന്ന മനുഷ്യകുലത്തെയാണ് സൂചിപ്പിക്കുന്നത്. ത്രിത്വത്തെ സൂചിപ്പിക്കുന്നവയാണ് ധൂപക്കുറ്റിയുടെ ചങ്ങലകൾ. ഒന്നാമത്തേത് പിതാവാം ദൈവത്തെയും നാലാമത്തേത് പരിശുദ്ധാത്മാവിനെയും സൂചിപ്പിക്കുന്നവയാണ്. രണ്ടും മൂന്നും ചങ്ങലകൾ ഒരേ സമയം മനുഷ്യനും ദൈവവുമായിരുന്ന യേശുക്രിസ്തുവിന്റെ പ്രതീകമാണ്. നാലു ചങ്ങലകളിലായി 12 ചെറിയ മണികൾ ഉണ്ട്. ഇവ പന്ത്രണ്ട് അപ്പോസ്തലന്മാരെ സൂചിപ്പിക്കുന്നു. ഇവ കൂടാതെ ചങ്ങലകളിലുള്ള 72 കൊളുത്തുകൾ നമ്മുടെ കർത്താവ് നിയോഗിച്ച 72 അറിയിപ്പുകാരെ സൂചിപ്പിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ യേശുക്രിസ്തുവിന്റെ രക്ഷാകര പ്രവർത്തനത്തിന്റെ രത്നചുരുക്കം ധൂപക്കുറ്റിയിൽ തന്നെയുണ്ട്.

## വി. കുർബ്ബാനയിലെ ധൂപക്കുറ്റി വാഴ്വ്

കഴിഞ്ഞ പാഠത്തിൽനിന്നും പഠിച്ചത് പ്രൊമിയോൻ-സെദറാകൾ വായിക്കുന്നതിന്റെ അർത്ഥത്തെപ്പറ്റിയാണല്ലോ. തിരുവചനം കേട്ട വിശ്വാസികൾ തങ്ങളുടെ പാപങ്ങളെയോർത്ത് പശ്ചാത്തപിക്കുകയും കർത്താവിന്റെ തിരുശരീരരക്തങ്ങൾ സ്വീകരിക്കുവാനായി തങ്ങളെത്തന്നെ ദൈവസന്നിധിയിൽ സമർപ്പിക്കുകയും ചെയ്യുന്ന വേളയാണ് അത് എന്നും നാം പഠിച്ചു. തുടർന്നു വരുന്ന ധൂപക്കുറ്റി വാഴ്വിൽ നമ്മുടെ പാപങ്ങൾ പരിഹരിക്കുന്ന വിധമാണ് സൂചിപ്പിക്കുന്നത്. നിങ്ങളുടെ പാപങ്ങൾ രക്താംബരം പോലെ ചുവന്നിരുന്നാലും ഞാൻ അവയെ ഹിമം പോലെ വെളുപ്പിക്കും എന്നരുളിയ യേശുതമ്പുരാനിലൂടെ നാം പാപപരിഹാരം പ്രാപിക്കുകയാണ് ചെയ്യുന്നത്

ധൂപക്കുറ്റി വാഴ്വ് ത്രിത്വാരാധനകൂടിയാണ്. വി. കുർബ്ബാനയുടെ തുടക്കം മുതൽ ഒടുക്കം വരെയും ത്രിത്വ ദൈവത്തെ അനുസ്മരിക്കുന്നുണ്ടല്ലോ (ഉദാ. ത്രിശുദ്ധ കീർത്തനം, മൂന്ന് ആശീർവാദങ്ങൾ മുതലായവ). ധൂപക്കുറ്റി വാഴ്ത്തുന്ന പട്ടക്കാരൻ ഒന്നാമത്തെ ചങ്ങലയിൽ പിടിച്ചുകൊണ്ട് പരിശുദ്ധനായ പിതാവ് പരിശുദ്ധൻ എന്നും രണ്ടും മൂന്നും ചങ്ങലകൾ കൂട്ടിപ്പിടിച്ചുകൊണ്ട് പരിശുദ്ധനായ പുത്രൻ പരിശുദ്ധൻ എന്നും നാലാം ചങ്ങല കൂട്ടിപ്പിടിച്ചുകൊണ്ട് പരിശുദ്ധനായ റൂഹാ പരിശുദ്ധൻ എന്നും പ്രഖ്യാപിക്കുന്നു. തുടർന്ന് താൻ നമ്മുടെ ആത്മാക്കളിന്മേലും നമ്മുടെ പിതാക്കന്മാരുടെയും നമ്മുടെയും നമ്മുടെ സഹോദരീസഹോദരന്മാരുടെയും ഗുരുക്കന്മാരുടെയും നേതാക്കന്മാരുടെയും വാങ്ങിപ്പോയവരുടെയും... ആത്മാക്കളിന്മേൽ രണ്ടു ലോകങ്ങളിലും മനസ്സലിവു തോന്നി കരുണ ചെയ്തുകൊണ്ട് പാപിയായ തന്റെ ദാസന്റെ ധൂപത്തെ ശുദ്ധീകരിക്കുന്നു എന്ന് പ്രാർത്ഥിക്കയും ജനങ്ങളുടെ മേൽ ധൂപം വീശുകയും ചെയ്യുന്നു. ധൂപം സ്വീകരിക്കുന്ന ജനം ത്രിത്വദൈവത്തിലുള്ള വിശ്വാസം പ്രഖ്യാപിക്കുന്ന ചടങ്ങാണ് അടുത്തത്.

ദൈവസാന്നിദ്ധ്യത്തെ സൂചിപ്പിക്കുന്നതിനും ദൈവകോപത്തിനെതിരായുള്ള പ്രായച്ഛിത്തത്തിനായി പ്രാർത്ഥനകളുടെ അകമ്പടിയായും ധൂപമർപ്പിക്കാറുണ്ടെങ്കിലും വി. കുർബ്ബാനമദ്ധ്യേയുള്ള ധൂപക്കുറ്റിവാഴ്വ് ഇവയ്ക്കെല്ലാമുപരിയായുള്ള അർത്ഥത്തെയാണ് സൂചിപ്പിക്കുന്നത്. ത്രിത്വത്തിൽ രണ്ടാമനായ യേശുക്രിസ്തു മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കായി സ്വയം യാഗമായിത്തീർന്നതിലൂടെ പാപികളായ നമ്മുടെ പാപങ്ങൾ മോചിക്കുവാനായി രണ്ടു ലോകങ്ങളിലും ദയ കാണിക്കുന്നു എന്നത് ശ്രേഷ്ഠമായ സുവിശേഷമാണ്. ഈ യാഥാർത്ഥ്യം ഉൾക്കൊള്ളുന്ന നാം വി. പൗലോസ് അപ്പോസ്തലനെപ്പോലെ ഏറ്റുപറയേണ്ടിയിരിക്കുന്നു. 'രക്ഷിക്കപ്പെടുന്നവരുടെയിടയിലും നശിക്കുന്നവരുടെയിടയിലും ഞങ്ങൾ ദൈവത്തിന് ക്രിസ്തുവിന്റെ സൗരഭ്യവാസന ആകുന്നു' (2 കൊരി. 2:15).

## നമുക്ക് പാടാം

കർത്താവേ പ്രാർത്ഥന കേട്ടരുൾ ഹാലേ-ലൂയ്യാ
തീരുക തിരുനാമത്തിനു സുഖകരമാ-യീ ധൂപം
തൃക്കരളിന്നലിവിന്നനുകൂലമതാം-മൂലവുമായ്
നിരപ്പാകണമെ ദൈവമേ-നിൻ
നിരുപമ കൃപയാൽ ഞ-ങ്ങളോ-ട്
എന്നും സ്തുതി നിൻ കനിവിനു കനിവേറും -രക്ഷകനേ
എത്ര നിറഞ്ഞിന്നെങ്ങും കാണുന്നൂ-നിൻദാനം
നിനുവയരോടുണ്ടോ-യ-കോ-പം
നിലവിളിയാൽ നീ നീ-ക്കിയ-ല്ലോ
അഹറോന്റെയുമാ സ്ക്കറിയാ തന്നുടെയും-ധൂപമതും
മരണത്തേ നീക്കിയ ഫിനഹാസിൻ പ്രാർ-ത്ഥനയും പോൽ
അടിയാരുടെ ധൂപ-ത്തേ-യും
അൻപുടയോനേ കൈ-ക്കൊ-ൾക.

.........................................................

## നമുക്കു പ്രാർത്ഥിക്കാം

*സ്നേഹവാനായ ദൈവമേ, ഞങ്ങളുടെ പൂർവ്വപിതാക്കന്മാർ അങ്ങേയ്ക്ക് സമർപ്പിച്ച ധൂപത്തെ അവിടുന്ന് കൈക്കൊണ്ട് അവരെ അനുഗ്രഹിച്ചതുപോലെ ഞങ്ങളുടെ പ്രാർത്ഥനയും ധൂപാർപ്പണവും അവിടുന്ന് കൈക്കൊള്ളേണമേ. ഞങ്ങളുടെ പ്രാർത്ഥനയും ധൂപവും കൈക്കൊണ്ട് ഞങ്ങളോട് നിരപ്പായി ഞങ്ങളുടെ പാപങ്ങൾ മോചിക്കുകയും ഞങ്ങളുടെ യാചനകൾ നൽകുകയും ചെയ്യണമേ. ഞങ്ങളെത്തന്നെ അങ്ങേയ്ക്ക് സുഗന്ധധൂപമായി അർപ്പിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ. ആമ്മീൻ.*

.........................................................

## നിശ്ചയം

**ആരാധനകളിലും കൂദാശകളിലും ധൂപാർപ്പണം നടത്തുന്നത് എപ്പോഴെല്ലാമെന്ന് ശ്രദ്ധയോടെ വീക്ഷിക്കും. ധൂപാർപ്പണത്തെക്കുറിച്ചുള്ള ഇതര വിശ്വാസികളുടെ സംശയങ്ങളെ പരിഹരിച്ചു നൽകും. ധൂപാർപ്പണ സമയത്ത് അനുഗ്രഹസ്വീകാര്യത്തിനായി ഞങ്ങൾ വണങ്ങി കുരിശു വരയ്ക്കും.**

.........................................................

## നമുക്ക് ചിന്തിക്കാം

1. പുറപ്പാടു പുസ്തകത്തിൽ കാണുന്ന ധൂപപീഠത്തെപ്പറ്റിയുള്ള വിവരണമെന്ത്?
2. ധൂപാർപ്പണം ആരുടെ സാന്നിദ്ധ്യത്തെ കുറിക്കുന്നു?
3. സംഖ്യാപുസ്തകത്തിൽ സൂചിപ്പിക്കുന്ന ധൂപാർപ്പണത്തിന്റെ പ്രാധാന്യമെന്ത്?
4. പാപപരിഹാരത്തിന്റെ പ്രായച്ഛിത്തത്തിനായി ധൂപാർപ്പണം നടത്തപ്പെട്ട ഒരു സംഭവം ഏത്?
5. വി. കുർബ്ബാനയുടെ ആരംഭത്തിൽ പട്ടക്കാരൻ ധൂപക്കുറ്റി വഹിച്ചുകൊണ്ട് ത്രോണോസിന് വലംവയ്ക്കുന്നതിന്റെ അർത്ഥം എന്ത്?

6. യേശുക്രിസ്തുവിന്റെ രക്ഷണ്യ പ്രവർത്തനങ്ങളുമായി ധൂപക്കുറ്റിയെ എങ്ങനെ താര തമ്യം ചെയ്യാം?
7. ധൂപക്കുറ്റി വാഴ്വിലൂടെ നമുക്ക് ലഭിക്കുന്ന സന്ദേശം എന്ത്?
8. ധൂപാർപ്പണത്തിന്റെ വിവിധ അർത്ഥങ്ങൾ ഏവ?
9. ധൂപക്കുറ്റിയുടെ വിവിധ ഭാഗങ്ങളും അവയുടെ സൂചനകളും ഏവ?
10. ധൂപക്കുറ്റി വാഴ്വിന്റെ സമയത്ത് ചങ്ങലയിൽ പിടിച്ചുകൊണ്ട് പട്ടക്കാരൻ നടത്തുന്ന മൂന്ന് പ്രഖ്യാപനങ്ങൾ ഏവ?
11. യേശുക്രിസ്തുവിന്റെ രക്ഷാകരപ്രവർത്തനത്തിന്റെ രത്നച്ചുരുക്കം ധൂപക്കുറ്റിയിൽ അടങ്ങിയിരിക്കുന്നു എന്നു വ്യക്തമാക്കുക.
12. ധൂപാർപ്പണത്തിന്റെ ഉദ്ദേശ്യങ്ങൾ ഏവ?

## പ്രവർത്തനങ്ങൾ

1. വികാരിയച്ചന്റെ അനുമതിയോടെ ഒരു ശുശ്രൂഷകന്റെ സഹായത്താൽ ഒരു ധൂപ ക്കുറ്റി അടുത്ത് കാണുകയും അതിന്റെ വിവിധ ഭാഗങ്ങൾ മനസ്സിലാക്കുകയും ചെയ്യുക.
2. ധൂപാർപ്പണത്തെപ്പറ്റിയും അതിന്റെ പ്രാധാന്യത്തെപ്പറ്റിയും പ്രതിപാദിക്കുന്ന വേദപുസ്തകഭാഗങ്ങൾ കണ്ടെത്തി ഒരു ചാർട്ട് തയ്യാറാക്കുക.
3. ധൂപാർപ്പണത്തിന്റെ പ്രാധാന്യത്തെപ്പറ്റി ക്ലാസ്സിൽ ഒരു ചർച്ച സംഘടിപ്പിക്കുക.

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | ഉല്പത്തി 4:1-7. |
| തിങ്കൾ | പുറപ്പാട് 30:1-10, 37:25-29 | ലൂക്കോ. 1:8-23. |
| ചൊവ്വ | സംഖ്യാ 16:1-11 | സംഖ്യാ 16:12-25. |
| ബുധൻ | സംഖ്യാ 16:26-40 | സംഖ്യാ 16:41-50. |
| വ്യാഴം | സങ്കീ. 141:1-10 | 2 കൊരി. 2:12-17. |
| വെള്ളി | 2 ദിന. 7:1-10. | ലേവ്യ 16:1-15. |
| ശനി | ലേവ്യ 17:1-7. | * |

യൂണിറ്റ് 6

# വിശ്വാസസത്യങ്ങൾ

പാഠം 20

## നോമ്പും ഉപവാസവും

**പഠനോദ്ദേശ്യം:** നോമ്പിന്റെയും ഉപവാസത്തിന്റെയും പ്രാധാന്യത്തെക്കുറിച്ചും, സഭയുടെ കാനോനിക നോമ്പുകളെക്കുറിച്ചും മനസ്സിലാക്കുകയും അവ സ്വന്ത ജീവിതത്തിൽ ചിട്ടയായി അനുഷ്ഠിക്കുകയും ചെയ്യുക.

**മനഃപാഠവാക്യം:** "അന്യായ ബന്ധനങ്ങളെ അഴിക്കുക: നുകത്തിന്റെ അമിക്കയറുകളെ അഴിക്കുക; പീഡിതരെ സ്വതന്ത്രരായി വിട്ടയയ്ക്ക; എല്ലാ നുകത്തെയും തകർക്കുക; ഇതല്ലയോ എനിക്ക് ഇഷ്ടമുള്ള ഉപവാസം" (യെശയ്യാവ് 58:6).

**പഠനസഹായികൾ:** സഭയുടെ 5 കാനോനിക നോമ്പുകളും അവയുടെ ചുരുക്കിയ വിവരണങ്ങളും അടങ്ങിയ ഒരു ചാർട്ട്.

### ആമുഖം

എല്ലാവരും പതിവായി നോമ്പ് നോക്കാറുണ്ടോ? ഏതെല്ലാം നോമ്പുകളാണ് നിങ്ങൾ കൃത്യമായി അനുഷ്ഠിക്കുന്നത്? നമ്മുടെ സഭ നോമ്പുകൾക്കും ഉപവാസത്തിനും വളരെ പ്രാധാന്യം നൽകുന്നു. സഭയുടെ വിവിധ നോമ്പുകളെപ്പറ്റിയും അവയുടെ അനുഷ്ഠാന രീതികളെപ്പറ്റിയുമാണ് നമ്മൾ ഇന്ന് പഠിക്കുന്നത്.

### പാഠഭാഗം

മതവിശ്വാസങ്ങളിൽ അന്തരങ്ങൾ പലതുമുണ്ടെങ്കിലും സാമ്യങ്ങളും ഏറെയുണ്ട്. അതിൽ ഒന്നാണ് നോമ്പും ഉപവാസവും. എല്ലാ മതങ്ങളുടെയും അനുഷ്ഠാനങ്ങളിൽ നോമ്പിനും ഉപവാസത്തിനും പ്രത്യേകമായ സ്ഥാനം നൽകിയിട്ടുണ്ട്. നവീകരണത്തെത്തുടർന്ന് പ്രൊട്ടസ്റ്റന്റ് സഭ നോമ്പിനും, ഉപവാസത്തിനും പ്രാധാന്യം കാണിക്കുന്നില്ല. എന്നാൽ വ്യക്തിപരമായി നോമ്പ്, ഉപവാസം ഇവ അനുഷ്ഠിക്കുന്നതിൽ പലരും താല്പര്യം കാണിക്കുന്നു. പൗരസ്ത്യസഭകളിൽ പ്രത്യേകിച്ചും നമ്മുടെ (മലങ്കര ഓർത്തഡോക്സ്) സഭയിൽ നോമ്പിന്റെയും ഉപവാസത്തിന്റെയും പ്രാധാന്യം ഒട്ടും കുറയാതെ നിലനിർത്തിയിരിക്കുന്നു.

### എന്താണ് നോമ്പും ഉപവാസവും തമ്മിലുള്ള വ്യത്യാസം?

കൊഴുപ്പുകൾ ഏറെ കലർന്നിട്ടുള്ള ഭക്ഷണപാനീയങ്ങൾ വിശേഷകാലഘട്ടങ്ങളിൽ വെടിയുന്നതിനെ ഭക്ഷണനോമ്പെന്ന് പറയുന്നു (Abstinence). എന്നാൽ ഉപവാസം സൂചിപ്പിക്കുന്നത് നോമ്പോടു കൂടി ദൈവസംസർഗ്ഗത്തിൽ ചെലവഴിക്കുക എന്നാണ്. ഇംഗ്ലീഷിൽ Fasting എന്നുപറയും. വൈകുന്നേരം 6 മണി വരെ ഉപവസിക്കുന്ന രീതി ചില

വ്യക്തികൾ ഇപ്പോഴും തുടരുന്നുണ്ട്. അത് ശ്ലാഘനീയമാണ്. ചുരുങ്ങിയപക്ഷം ഉച്ചവരെയെങ്കിലും ഭക്ഷണം വെടിയുന്നതിനെയാണ് സഭ ഉപവാസം എന്ന അനുഷ്ഠാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

### നോമ്പും ഉപവാസവുംകൊണ്ട് എന്താണ് പ്രയോജനം?

മനുഷ്യന്, ശരീരം, മനസ്സ്, ആത്മാവ് ഇതു മൂന്നുമുണ്ട്. ഇതിനു മൂന്നിനും പരിപോഷണം ലഭിക്കുമ്പോഴാണ് വളർച്ച അതിന്റെ പൂർണ്ണതയിലേക്കു നീങ്ങുന്നത്. ഇതിൽ ആത്മാവിനെ ഗണിച്ചെടുക്കുന്നതാണ് നോമ്പും ഉപവാസവും. അതായത് ഈ ലോകത്തിൽ നാം ജീവിക്കുമ്പോൾ നമ്മുടെ ഇന്ദ്രിയങ്ങളായ കണ്ണ്, നാവ്, മൂക്ക്, ചെവി, ത്വക്ക് എന്നിവയിൽക്കൂടി ലഭിക്കുന്ന സുഖകരമായ അനുഭൂതികളിലേക്കു വഴുതിവീഴുവാൻ എളുപ്പമാണ്. ഭക്ഷണം രുചികരമാണെങ്കിലും അധികമായാൽ ശരീരത്തിനുതന്നെ ദോഷം ചെയ്യുന്നതാണല്ലോ. അതിനാൽ ഇന്ദ്രിയങ്ങളുടെ താല്പര്യത്തെ നിയന്ത്രിക്കേണ്ടത് ആത്മീയ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. മനുഷ്യന്റെ വികാരങ്ങളിൽ ഏറ്റവും ശക്തമായത് ഭക്ഷണത്തോടുള്ള താല്പര്യംതന്നെയാണ്. അതിനെ നിയന്ത്രണവിധേയമാക്കിയാൽ മറ്റു പലവികാരങ്ങളെയും മനുഷ്യന് നിയന്ത്രിക്കാനുള്ള ശക്തി ലഭിക്കും എന്ന് നോമ്പിലും ഉപവാസത്തിലും മുഴുകിയിരുന്നവർ തങ്ങളുടെ ജീവിതംകൊണ്ടു പഠിപ്പിച്ചിട്ടുണ്ട്.

നോമ്പിലും ഉപവാസത്തിലും രണ്ടു കാര്യങ്ങൾ നടക്കുന്നു. ഇഷ്ടഭക്ഷണം കുറെ നാളത്തേക്ക് വേണ്ടെന്നുവയ്ക്കണം. ഉപവാസത്തിലൂടെ ഭക്ഷണം കുറേ സമയത്തേക്ക് ഉപേക്ഷിക്കുന്നു. ഉപവാസത്തിന് ഭാരതീയ പശ്ചാത്തലത്തിൽ കൂടെ വസിക്കുക എന്നും അർത്ഥമുണ്ട്. അതായത് ഭക്ഷണം ഉപേക്ഷിച്ച് കൂടുതൽ സമയം പ്രാർത്ഥനയ്ക്കും, വേദവായനയ്ക്കും, ധ്യാനത്തിനും പുണ്യപ്രവർത്തികൾ ചെയ്യുന്നതിനും ഉപയോഗിക്കുമ്പോൾ ശരീരത്തിനും മനസ്സിനും കൂടുതൽ ലാഘവത്വം അനുഭവപ്പെടുന്നു. സാധാരണയായി വ്യക്തിയെ അലട്ടുന്ന ദുശ്ചിന്തകൾ, ദുർവികാരങ്ങൾ എന്നിവയിൽ നിന്ന് മോചനം നേടുന്നു. സമൂഹത്തിന്റെ മേലേക്കിടയിലുള്ളവരിൽ ഇന്ന് അദ്ധ്വാനം കൂടാതെ കൂടുതൽ ഭക്ഷിക്കുന്നതിന്റെ ഫലമായിട്ടുള്ള രോഗങ്ങളും വർദ്ധിക്കുന്നുണ്ടല്ലോ. അവർക്ക് ശരീരാരോഗ്യം വീണ്ടെടുക്കുവാൻ നോമ്പും ഉപവാസവും വളരെ പ്രയോജനപ്പെടുന്നു. ചുരുക്കത്തിൽ ആത്മീയ വളർച്ചയെന്നു പറയുമ്പോൾ ഹൃദയവിശുദ്ധീകരണവും മാനസിക, ശാരീരിക ആരോഗ്യം വീണ്ടെടുക്കലുമാണ് നോമ്പ്, ഉപവാസം ഇവയിൽക്കൂടി നാം നേടുന്നത്.

എല്ലാ മതങ്ങളിലും വിശേഷാൽ യഹൂദന്മാരുടെ ഇടയിലും നോമ്പും ഉപവാസവും അനുഷ്ഠിക്കപ്പെടുന്നു. എന്നാൽ കർത്താവ് 40 ദിവസം ഉപവസിച്ചതിലൂടെ (മുഴുവൻ സമയം ഉപവസിച്ചതിനാൽ നോമ്പ് അതിൽ ഉൾപ്പെട്ടിട്ടുണ്ടല്ലോ) സാത്താന്റെ പ്രലോഭനങ്ങളെ ജയിച്ചതായി നാം വായിക്കുന്നു (വി. മത്തായി 4:1-16; വി. ലൂക്കോസ് 4:1-13). പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ സാത്താനെ ജയിക്കാൻ സാദ്ധ്യമല്ലെന്നും കർത്താവ് പഠിപ്പിച്ചു (വി. മത്തായി 17:21). തിന്മയുടെ പ്രലോഭനങ്ങൾ പുറത്തുനിന്നും അകത്തുനിന്നും ഉണ്ടാകാം. ഇതിനെ രണ്ടിനെയും ജയിക്കുവാൻ നോമ്പും ഉപവാസവും നമ്മെ സഹായിക്കുന്നു. ഭക്തരാണെന്നു കാണിക്കുവാനുള്ള നോമ്പും ഉപവാസവും കർത്താവ് പ്രോത്സാഹിപ്പിച്ചില്ല (വി. മത്തായി 6:16; ലൂക്കോസ് 18:12) സഭയും അതിനെ പ്രോത്സാഹിപ്പിക്കുന്നില്ല. ശരീരാരോഗ്യത്തെ ബാധിക്കുന്നു എന്നതിനാൽ ബലഹീനരായവർക്ക് നോമ്പിന്റെ ചട്ടങ്ങളിൽനിന്ന് സഭ ഒഴിവ് നൽകിയിട്ടുണ്ട്. കുഞ്ഞുങ്ങൾ, ഗർഭിണികൾ, മുലയൂട്ടുന്നവർ, രോഗികൾ, വാർദ്ധക്യത്തിലായവർ തുടങ്ങിയവർക്ക് നോമ്പിന്റെയും

ഉപവാസത്തിന്റെയും നിഷ്ഠകളിൽ ഇളവു നൽകിയിട്ടുണ്ട്. ഇതിൽ ആരോഗ്യത്തെ ഹനിക്കാനല്ല, മെച്ചപ്പെടുത്താനാണ് നോമ്പും ഉപവാസവും എന്ന് വളരെ വ്യക്തമാണല്ലോ.

## നോമ്പ് വേദപുസ്തകത്തിൽ

ആദാമിന് കൊടുക്കുന്ന ഭക്ഷണനിയന്ത്രണത്തിൽ തന്നെ നോമ്പിന്റെ തത്വം അടങ്ങിയിരിക്കുന്നു എന്ന് പിതാക്കന്മാർ പഠിപ്പിക്കുന്നു. മോശ കല്പനകൾ വാങ്ങുന്നതിനു മുമ്പും ഏലിയ സ്വർഗ്ഗത്തിലേക്കു കരേറുന്നതിനു മുമ്പും ഉപവസിച്ചിരുന്നു (1 രാജാ. 19:8). ദുരന്തങ്ങളുടെയും വിലാപത്തിന്റെയും കാലത്ത് യഹൂദന്മാർ ഉപവസിച്ചിരുന്നു (1 ശമു. 7:6; ന്യായാ. 20:26, 2 ദിന. 20:3) കർത്താവ് ഉപവസിച്ചതിനെ നാം നേരത്തേ കണ്ടുവല്ലോ. അപ്പോസ്തലന്മാരും ഉപവസിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട് (അ. പ്ര. 13:2, 14:23).

## നോമ്പും ഉപവാസവും സഭയിൽ

രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ രചിക്കപ്പെട്ട ഡിഡാക്കെ അഥവാ അപ്പോസ്തലന്മാരുടെ ഉപദേശങ്ങൾ എന്ന ഗ്രന്ഥത്തിൽ ഉപവസിക്കുന്നതിനെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. ആഴ്ചയിൽ രണ്ടു ദിവസങ്ങൾ (ബുധനും, വെള്ളിയും) കൂടാതെ മാമോദീസാ ഏൽക്കുന്നതിന് മുമ്പ് സ്നാനാർഥി ഉപവാസം അനുഷ്ഠിക്കണമെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. മുതിർന്നവർ സ്നാനമേൽക്കുന്ന ഒരു പശ്ചാത്തലമാണല്ലോ അന്ന് ഉണ്ടായിരുന്നത്.

4-ാം നൂറ്റാണ്ടു മുതൽ 40 നോമ്പ് അനുഷ്ഠാനം ഉണ്ടായിരുന്നതായി വ്യക്തമായ തെളിവുകളുണ്ട്. കർത്താവിന്റെ കുരിശുമരണം, ഉയിർത്തെഴുന്നേൽപ്പ് ഇവയോട് അനുബന്ധിച്ച് അത് 50 ദിവസമായി. നാം ഇന്നനുഷ്ഠിക്കുന്ന നോമ്പ് അതാണ്.

അനുഷ്ഠിക്കണമെന്ന് സഭ പഠിപ്പിച്ചിട്ടുള്ള നോമ്പുകളെയാണ് കാനോനിക നോമ്പുകൾ എന്നു പറയുന്നത്. വലിയ നോമ്പ് (50) കൂടാതെ മറ്റു 4 നോമ്പുകൾ കൂടിയുണ്ട്. വലിയ നോമ്പ് സാധാരണ ഫെബ്രുവരി-ഏപ്രിൽ മാസങ്ങളിലായിരിക്കും. ഓരോ വർഷവും തീയതികൾ മാറിവരാം. അതുകഴിഞ്ഞാൽ വരുന്നത് ശ്ലീഹാ നോമ്പാണ്. ജൂൺ 16-29 വരെ. 12 ശ്ലീഹന്മാരെ സ്മരിക്കയും പരി. പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മയോടെ അത് സമാപിക്കുകയും ചെയ്യുന്നു. ജൂൺ 29 മാറാനായ പോലെ ആചരിക്കേണ്ട പെരുന്നാൾ കൂടിയാണല്ലോ. ശൂനോയോ അഥവാ വാങ്ങിപ്പ് പെരുന്നാൾ ആഗസ്റ്റ് 15-ാം തീയതിയാണ്. ദൈവമാതാവിന്റെ നാമത്തിലുള്ള നോമ്പ് ആഗസ്റ്റ് 1-ന് ആരംഭിച്ച് 15-ന് വാങ്ങിപ്പ് പെരുന്നാളോടുകൂടി അവസാനിക്കുന്നു. യൽദോനോമ്പിന്റെ തീയതികളും നിശ്ചിതമാണ്. അതായത് കർത്താവിന്റെ രക്ഷാകര മായ ജനനത്തെ സ്മരിച്ചുകൊണ്ട് ഡിസംബർ 1-ന് ആരംഭിച്ച് ഡിസംബർ 25-ന് സമാപിക്കുന്നു. മൂന്നു നോമ്പ് വലിയ നോമ്പ് ആരംഭിക്കുന്നതിന്റെ 18 ദിവസം മുമ്പ് ആചരിക്കുന്നു. നിനുവയക്കാരുടെ അനുതാപത്തിനുവേണ്ടി ദൈവം തിരഞ്ഞെടുത്ത യോനയുടെ ജീവിതത്തെ അനുസ്മരിച്ചുകൊണ്ട് നോക്കുന്ന നോമ്പാണ് ഇത്

ഇതു കൂടാതെ എല്ലാ ബുധനും വെള്ളിയും നോമ്പു ദിനങ്ങളാണ്. എന്നാൽ മൂന്നു നോമ്പിനും വലിയനോമ്പിനും ഇടയിലുള്ള 18 ദിവസങ്ങളും ഉയിർപ്പ് മുതൽ പെന്തിക്കോസ്തിവരെയുള്ള 50 ദിവസങ്ങളും നോമ്പ് ആചരിക്കേണ്ടതില്ല എന്ന് സഭ കല്പിച്ചിരിക്കുന്നു. ഉപവാസവും നിർബന്ധിക്കുന്നില്ല. എല്ലാ നോമ്പിലും ഉപവാസം കൂടിയുണ്ടായിരിക്കണം എന്ന് സഭ കല്പിക്കുന്നുണ്ട്. വലിയ നോമ്പിൽ (കർത്താവ് ഉപവസിച്ചതും കർത്താവിന്റെ ക്രൂശാരോഹണം, ഉയിർത്തെഴുന്നേല്പ് ഇവയുടെ ആചാരണത്തിലേക്കു നയിക്കുന്നതും) ഉപവാസം നിർബന്ധമായി ആരോഗ്യമുള്ളവർ എല്ലാവരും അനുഷ്ഠി

ക്കണമെന്ന് സഭ കല്പിക്കുന്നു.

നോമ്പും ഉപവാസവും ലക്ഷ്യമിടുന്നത് തിന്മയിൽ നിന്നുള്ള വിടുതലാണെന്ന് നാം നേരത്തേ കണ്ടു. അതിനാൽ അനുതാപം, വി. കുമ്പസാരം ഇവ നോമ്പുസമയങ്ങളിൽ അർത്ഥവത്തായി നടത്തിയിരിക്കണം. സഹോദരങ്ങളുമായി നിരപ്പുണ്ടാക്കുകയും സമൂഹത്തിൽ ദുഃഖിക്കുന്നവരെയും വേദനിക്കുന്നവരെയും അങ്ങോട്ടുചെന്നു സഹായിക്കുന്ന പ്രവൃത്തികളും ഉണ്ടാകണം. അഗതികൾക്കായി ഭക്ഷണം ഭാഗിച്ചുനൽകാത്തവന്റെ നോമ്പ് വ്യർത്ഥമായിട്ടുള്ളതാകുന്നു എന്ന് ഗ്രന്ഥങ്ങളിൽ വ്യക്തമാക്കിയിരിക്കുന്നു. ഉപവാസത്തെക്കുറിച്ചു യെശയ്യാ പ്രവാചകൻ അരുളിചെയ്തിട്ടുള്ളതും (യെശയ്യ 58.6-7) വളരെ അർത്ഥവത്താണ് (വേദഭാഗം വായിച്ചു മനസ്സിലാക്കുക).

നമ്മുടെ കർത്താവ് നോമ്പ് നോക്കിയതായും അത് അനുഷ്ഠിക്കുവാനും നമ്മെ പഠിപ്പിക്കുന്നു. നോമ്പ് സാത്താനെ ജയിക്കുവാനും ദൈവത്തിലേക്ക് നമ്മെ അടുപ്പിക്കുവാനും സഹായിക്കുന്നു. നോമ്പ് യഥാർത്ഥമായി നോക്കുന്ന വ്യക്തിയെ ആത്മീയമായും ഭൗതികമായും അത് ഉണർവിനും ഉത്സാഹത്തിനും സഹായിക്കുന്നു. സഭ നിഷ്കർഷിച്ചിട്ടുള്ള നോമ്പുകൾ നോക്കാതെ ജീവിക്കുന്നത് പാപമാണ്. നോമ്പ് അനുഷ്ഠിക്കുന്നവർ അനുരഞ്ജനത്തിനും സ്വയം സമർപ്പണത്തിനും വിധേയരാകുന്നില്ലയെങ്കിൽ നോമ്പിന് അർത്ഥമില്ല. നോമ്പ് ഭക്ഷണത്തിൽനിന്ന് വെടിഞ്ഞ് നിൽക്കുക മാത്രമല്ല, പ്രാർത്ഥനയിലും ദാനധർമ്മങ്ങളിലും വ്യാപരിക്കേണ്ടതുമാണ്.

## നമുക്കു പാടാം

(വലിയനോമ്പിലെ സന്ധ്യക്ക് നടത്തുന്ന സൂത്താറാപ്രാർത്ഥനയിലെ
സ്വർഗ്ഗാദൂതർക്കുടയവനെ... എന്ന ഗാനം).

നാല്പതുനാൾ ഉപവസിക്ക
വിശക്കുന്നവനപ്പം കൊടുക്ക
ഈശായ്സുതനേപ്പോൽ ദിനം
ഏഴുവട്ടം പ്രാർത്ഥിക്ക.
മോശയുമേലിയായും
നാല്പതുദിനം നോമ്പെടുത്തു.
നമ്മുടെ കർത്താവും നോറ്റു.
ആകൽക്കറുസായെ ജയിച്ചു.

.......................................................

## നമുക്ക് പ്രാർത്ഥിക്കാം

(വലിയനോമ്പിൽ പ്രഭാതനമസ്ക്കാരത്തിൽ ചൊല്ലുന്ന
കല്പനലംഘനത്താൽ ഏദനിൽ കടപ്പെട്ടു... എന്ന പ്രാർത്ഥനയിൽനിന്ന്).

*തന്റെ നോമ്പാലെ ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ...*
*മനുഷ്യപുത്രനായ മോശയെപ്പോലെയും ഏലിയായെപ്പോലെയും നോമ്പുനോറ്റു എന്ന*
*അത്യുന്നതനായവനെ... നിന്നാലെ മാലാഖമാർക്ക് ഞങ്ങൾ സദൃശ്യപ്പെടുകയും*
*നിന്റെ രുചികളാൽ ലോകരുചികളെ നിരസിക്കുകയും ചെയ്യുമാറാകണമെ.*
*ഞങ്ങൾക്കുവേണ്ടി ഉപവസിച്ചു എന്ന മിശിഹാ കർത്താവേ നിനക്കും*
*നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതി. ആമ്മീൻ.*

.......................................................

## നിശ്ചയം

**നോമ്പുകൾ കൃത്യമായി ഞാൻ അനുഷ്ഠിക്കും.**

.........................................................

## നമുക്കു ചിന്തിക്കാം

1. നോമ്പ് എന്നാൽ അർഥമെന്താണ്?
2. ഉപവാസം എന്നാലെന്ത്?
3. നോമ്പും ഉപവാസവും തമ്മിലുള്ള സാമ്യവും വ്യത്യാസവും പറയുക.
4. നോമ്പും ഉപവാസവുംകൊണ്ടുള്ള പ്രയോജനങ്ങൾ ഏവ?
5. സഭയ്ക്ക് എത്ര നോമ്പുകൾ ഉണ്ട്?
6. സഭയിൽ തീയതികൾ കൃത്യമായി നിശ്ചയിക്കപ്പെട്ട നോമ്പുകൾ ഏതെല്ലാം?
7. ഉപവാസം നിർബന്ധമില്ലാത്ത ദിവസങ്ങൾ ഏവ?

## പ്രവർത്തനങ്ങൾ

1. നോമ്പുകൾ അനുഷ്ഠിക്കുന്നതിനെക്കുറിച്ച് സുഹൃത്തുക്കളുമായി ചർച്ച ചെയ്യുക
2. നോമ്പുകളെക്കുറിച്ച് വേദപുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിനെക്കുറിച്ച് ഒരു പ്രബന്ധം തയ്യാറാക്കുക

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | യെശയ്യാ 5:8 |
| തിങ്കൾ | മത്തായി 4:1-13 | മത്തായി 6:5-18 |
| ചൊവ്വ | 1 രാജാ. 19:1-14 | പുറപ്പാട് 19:1-25 |
| ബുധൻ | ലൂക്കോ. 4:1-13 | 1 ശമു. 7 |
| വ്യാഴം | ന്യായാ. 20: | 2 ദിന. 20 |
| വെള്ളി | ലൂക്കോസ് 18:1-14 | അ. പ്ര. 13:2, 14:23 |
| ശനി | യോന 2:1-10 | * |

പാഠം 21

# സന്യാസ ജീവിതം

**പഠനോദ്ദേശ്യം:** സന്യാസജീവിതത്തിന്റെ പ്രത്യേകതകൾ മനസ്സിലാക്കുകയും കുടുംബ ജീവിതവും സന്യാസജീവിതവും തമ്മിൽ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നും സഭയിൽ സന്യാസപ്രസ്ഥാനത്തിന്റെ ആരംഭവും വളർച്ചയും മനസ്സിലാക്കുകയും ചെയ്യുക.

**മനഃപാഠവാക്യം:** "കൊയ്ത്തു വളരെ ഉണ്ട് സത്യം, വേലക്കാരോ ചുരുക്കം; ആകയാൽ കൊയ്ത്തിന്റെ യജമാനനോട് കൊയ്ത്തിലേക്ക് വേലക്കാരെ അയയ്ക്കേണ്ടതിന് യാചിപ്പിൻ" (വി. മത്തായി 9:37,38).

**പഠനസഹായികൾ:** സന്യാസ പിതാക്കന്മാരുടെ ചിത്രങ്ങൾ, വ്രതത്രയം എഴുതിയ ചാർട്ട്, വി. കുർബ്ബാനക്രമം.

## ആമുഖം

നിങ്ങൾ സന്യാസിമാരെ കണ്ടിട്ടുണ്ടോ? സന്യാസിമാരുടെ പ്രത്യേകതകൾ എന്തെല്ലാമാണ്? സന്യാസി എന്നു പറഞ്ഞാൽ നിങ്ങൾ ചിന്തിക്കുന്നത് ഹൈന്ദവസന്യാസിമാരെക്കുറിച്ചായിരിക്കും. എന്നാൽ നമ്മുടെ സഭയിലെ സന്യാസിമാരെക്കുറിച്ച് കേട്ടിട്ടുണ്ടോ? സഭയുടെ വളർച്ചയ്ക്കുവേണ്ടി സ്വന്തജീവിതം സമർപ്പിച്ച അനേകം സന്യാസപിതാക്കന്മാർ നമുക്കുണ്ട്. (സന്യാസം = സം + ന്യസിക്കുന്നയാൾ, ശരീരാത്മ മനസ്സുകളെ അച്ചടക്കത്തിൽ കൊണ്ടുവരുന്നയാൾ എന്നർത്ഥം) നമ്മുടെ സഭയിലെ സന്യാസപ്രസ്ഥാനത്തെക്കുറിച്ചും സന്യാസപിതാക്കന്മാരെപ്പറ്റിയും ഇന്ന് നമുക്ക് പഠിക്കാം.

## പാഠഭാഗം

ഭാരതീയ പശ്ചാത്തലത്തിൽ എല്ലാവരും സന്യാസിമാരായി തീരുന്നു എന്ന ഒരു ചിന്താഗതിയുണ്ട്. ജീവിതത്തെ നാലു ഘട്ടമായി തിരിച്ചിരിക്കുന്നു. ആദ്യപാദം ബ്രഹ്മചര്യം - ഗുരുവിനോടുകൂടി ജീവിച്ച് അറിവ് നേടുക. അടുത്തപാദം ഗൃഹസ്ഥാശ്രമം - ഭാര്യയും കുഞ്ഞുങ്ങളുമായി കുടുംബജീവിതം നയിക്കുക. അടുത്ത പാദം വാനപ്രസ്ഥം - അതായത് ലോകബന്ധങ്ങളിൽനിന്ന് അകലുവാൻ ശ്രമിക്കുക. വീട്ടിലെ സ്ഥിരവാസം ഉപേക്ഷിച്ച് തീർത്ഥാടകനായി ജീവിക്കുക. നാലാം പാദത്തിൽ എല്ലാ ബന്ധങ്ങളിൽനിന്നും വിമുക്തനായി സന്യാസിയാവുക. സന്യാസി എന്നാൽ ലോകബന്ധങ്ങളിൽനിന്ന് വിമുക്തിനേടിയവൻ എന്നാണർത്ഥം. ഹിന്ദുമതം, ബുദ്ധമതം, ജൈനമതം, ക്രിസ്തുമതം എന്നിവയിൽ സന്യാസ പ്രസ്ഥാനത്തിന് പ്രത്യേകമായ ഒരു സ്ഥാനമുണ്ട്.

## കുടുംബ ജീവിതവും സന്യാസവും തമ്മിൽ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു

സന്യാസി ജനിക്കുന്നതും കുടുംബത്തിൽ തന്നെയാണല്ലോ. അതിനാൽ ഇവയെ തമ്മിൽ പൂർണ്ണമായും വേർതിരിക്കാനാവില്ല. നിങ്ങളുടെ പിതാവ് സൽഗുണസമ്പൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും സൽഗുണസമ്പൂർണ്ണരായിരിപ്പിൻ (വി. മത്തായി 5:48). കർത്താവിന്റെ ഈ വിളി കുടുബസ്ഥർക്കും സന്യാസികൾക്കും ഒരുപോലെയുള്ളതാണ്.

ഈ പൂർണ്ണതയിലേക്കുള്ള വളർച്ചയിൽ രണ്ടു വഴികൾ ഉണ്ട്. ഒന്ന് കുടുംബത്തിലൂടെ ആത്മീയ വളർച്ചനേടുക. മറ്റൊന്ന് കുടുംബജീവിതം ഉപേക്ഷിച്ചുകൊണ്ട് മറ്റു സന്യാസി മാരുമായി കൂട്ടായ്മയിൽ വസിക്കുക. സന്യാസിമാർ താമസിക്കുന്ന സ്ഥലങ്ങളെ ദയറാ (ആശ്രമം) എന്ന് വിളിക്കുമ്പോൾ സന്യാസിനിമാർ താമസിക്കുന്ന സ്ഥലത്തെ മഠം എന്നു വിളിക്കുന്നു. എല്ലാ പുരാതന സഭകളിലും ദയറാകളും മഠങ്ങളുമുണ്ട്. കുടുംബജീവിതമോ, സന്യാസജീവിതമോ ഏതാണ് ശ്രേഷ്ഠമെന്നുള്ള തർക്കം ഓർത്തഡോക്സ് സഭയിലില്ല. മാമോദീസാ ഏറ്റ വിശ്വാസികൾക്കെല്ലാം ഒരു ലക്ഷ്യമേ ഉള്ളൂ; വിശുദ്ധിയിൽ ദൈവീകരണ ത്തിലേക്ക് പ്രവേശിക്കുക. ഓരോരുത്തർക്കു ചേർന്ന വഴികൾ സ്വീകരിക്കുവാൻ സ്വാതന്ത്ര്യം ഉണ്ട്. കുടുംബജീവിതവും സന്യാസവും മറ്റുള്ളവർ അടിച്ചേൽപ്പിക്കുന്നതല്ല, സ്വയം സ്വീക രിക്കുന്നതായിരിക്കണം. ഏതു തെരഞ്ഞെടുക്കുന്നുവോ അതിനോടുള്ള വിശ്വസ്തതയിൽ ജീവിക്കണം. സന്യാസജീവിതത്തിന്റെ പൂർണ്ണമായ വ്രതപ്രതിജ്ഞ എടുത്തുകഴിഞ്ഞാൽ അതിൽനിന്ന് പിൻമാറരുതെന്ന് സഭ കല്പിക്കുന്നു. കുടുംബജീവിതത്തിൽ പ്രവേശിക്കുന്ന ഭാര്യാഭർത്താക്കന്മാരോട് ദൈവം യോജിപ്പിച്ചതിനെ മനുഷ്യർ വേർപിരിക്കരുത് എന്ന് പറ യുന്ന കല്പനയോട് സമാനമായി സന്യാസത്തിന്റെ പ്രതിജ്ഞയേയും കണക്കിലെടുക്കണം.

## സന്യാസത്തിന്റെ ആരംഭം

ബി.സി. 2-ാം നൂറ്റാണ്ടിൽ യഹൂദമതത്തിലെ എസ്സീന്യർ (Essenes) ചാവുകടൽ തീരത്തു ആശ്രമവ്യവസ്ഥയിൽ ജീവിച്ചിരുന്നതായി ചാവുകടൽ ചുരുളുകളിൽനിന്ന് (Dead sea scrolls) മനസ്സിലാക്കുന്നു. റോമൻ ആധിപത്യത്തോടും യഹൂദമതത്തിന്റെ ഉള്ളിലുള്ള ജീർണ്ണതകളോടും മടുപ്പ് തോന്നിയിട്ട് അതിൽനിന്ന് അകന്ന് ഏകാന്തവാസികളായി കൂടു തൽ സമയം പ്രാർത്ഥനയിലും ന്യായപ്രമാണപഠനത്തിലും വ്യാഖ്യാനത്തിനും എഴുത്തു കൾക്കും ഒക്കെയായി ചിലവഴിച്ചിരുന്നു.

കർത്താവിന്റെ ശിഷ്യന്മാരുടെ കൂട്ടത്തിൽ വിവാഹിതരും അവിവാഹിതരും ഉണ്ടായി രുന്നു. തുടർന്നുള്ള കാലഘട്ടത്തിലും വിവാഹിതരും അവിവാഹിതരും സഭയെ നയിച്ചി രുന്നു എന്നു കാണാം. പൗലോസ് ശ്ലീഹാ കുടുംബം ഇല്ലാതെ സുവിശേഷവേല നിർവ ഹിച്ച ആളാണ്. എല്ലാവരും തന്നെപ്പോലെ ആയിരുന്നാൽ കൊള്ളാമെന്നു പറയുന്നു (1 കൊരി. 7:7) അതേസമയം ഇടയലേഖനങ്ങളിൽ അദ്ധ്യക്ഷൻ അഥവാ എപ്പിസ്കോപ്പാ ഏക ഭാര്യയുടെ ഭർത്താവ് ആയിരിക്കണമെന്നും എഴുതിയിട്ടുള്ളതിനാൽ (1 തിമോ. 3:2; തീത്തോസ് 1:6) സഭാശുശ്രൂഷയ്ക്ക് വിവാഹം ഒരു തടസ്സമല്ലാ എന്നും വ്യക്തമാകുന്നു.

കുടുംബം ഉള്ള ഒരാൾക്ക് സ്വാഭാവികമായും കുടുംബത്തെക്കുറിച്ചുള്ള ബദ്ധപ്പാടു കൾ വരാമെന്നുള്ളതുകൊണ്ട് അതുപേക്ഷിച്ച് കൂടുതൽ സമയം ദൈവിക ശുശ്രൂഷയ്ക്കായി നീക്കിവയ്ക്കുന്ന വിശ്വാസികൾ ആദിമകാലം മുതൽ ഉണ്ടായിരുന്നു. കർത്താവിന്റെ വരവ് ഉടനെ ഉണ്ടാകുമെന്ന വിശ്വാസത്തിൽ കുടുംബജീവിതം വേണ്ടെന്നുവെച്ചവരും ആദിമ സഭയിലുണ്ടായിരുന്നു.

## സന്യാസപ്രസ്ഥാനത്തിന്റെ ആരംഭം

ഒറ്റപ്പെട്ട വിശ്വാസികൾ കുടുംബം വേണ്ടെന്നുവെച്ച് സഭാശുശ്രൂഷയിൽ ആകുന്ന രീതി ഉണ്ടായിരുന്നതായി നാം കണ്ടുവല്ലോ. പിന്നീട് ഇത് പ്രസ്ഥാനമായി രൂപപ്പെട്ടു. ആശ്രമപ്രസ്ഥാനത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന അന്തോനിയോസ് (251-356) ഏകാന്ത വാസിയായി ഈജിപ്റ്റിലെ മണലാരണ്യത്തിൽ ദീർഘകാലം ജീവിച്ചയാളാണ്. എന്നാൽ പിന്നീട് വന്ന പക്കോമിയോസ്, വിശുദ്ധനായ ബസേലിയോസ് തുടങ്ങിയവർ സന്യാസ

ജീവിതം നയിക്കുന്നവർ ഒരുമിച്ച് പാർക്കുന്നതാണ് നല്ലത് എന്ന് മനസ്സിലാക്കി ദയറാകൾ സ്ഥാപിച്ചുതുടങ്ങി. പ്രാർത്ഥന, വേദപുസ്തകപഠനം എന്നിവയോടൊപ്പം അദ്ധ്വാനത്തിനും പ്രാധാന്യം നൽകി.

കുസ്തന്തീനോസ് ചക്രവർത്തിയുടെ എ.ഡി. 313 ലെ മിലാൻ പ്രഖ്യാപനത്തിന് ശേഷം സഭയ്ക്ക് ഒട്ടേറെ രാജകീയ അവകാശങ്ങൾ ലഭിച്ചു. പീഡകൾ മാറി എന്ന നന്മയോടൊപ്പം സഭയിൽ ലോകമയത്വം കടന്നുകൂടി എന്ന തിന്മയും അതുമൂലം സംഭവിച്ചു. അതിൽ മനംനൊന്ത വിശ്വാസികൾ ലോകമോഹങ്ങളിൽനിന്ന് ഒഴിഞ്ഞ് പൂർണ്ണമായി ഏകാന്ത ധ്യാനത്തിനും, വേദപുസ്തകപഠനത്തിനും സേവനത്തിനുമായി സമയം നീക്കിവെച്ചു. സഭയുടെ വിലപ്പെട്ട ആരാധനകൾ, പ്രാർത്ഥനകൾ, വേദവ്യാഖ്യാനങ്ങൾ ഇവയെല്ലാം ഉണ്ടായത് ഈ തരത്തിലുള്ള ആശ്രമങ്ങളിൽനിന്നായിരുന്നു. സ്വന്തമായ താൽപര്യങ്ങളൊന്നുമില്ലാതെ മറ്റുള്ളവർക്കുവേണ്ടി മധ്യസ്ഥത അർപ്പിച്ച് അവർ ജീവിച്ചു. നമ്മുടെ സഭയിലെ പരുമല തിരുമേനി, പാമ്പാടി തിരുമേനി തുടങ്ങിയവർ ഇതിനു ഉദാഹരണമാണ്. സന്യാസിമാർ പലരും ബിഷപ്പുസ്ഥാനംപോലും ആഗ്രഹിച്ചില്ല. എന്നാൽ അവരുടെ വിശുദ്ധജീവിതം കണ്ട് അവരെ മേൽപ്പട്ടക്കാരാക്കണമെന്ന് വിശ്വാസസമൂഹം ആഗ്രഹിച്ചുതുടങ്ങി. അങ്ങനെയാണ് സന്യാസപട്ടക്കാരിൽനിന്നും മാത്രം മേൽപ്പട്ടക്കാരനെ തിരഞ്ഞെടുക്കുക എന്ന പാരമ്പര്യം സഭയിൽ ഉടലെടുത്തത്.

## വ്രതത്രയം

സന്യാസപ്രസ്ഥാനത്തിന് രൂപവും ഭാവവും വന്നപ്പോൾ മൂന്ന് വ്രതങ്ങൾ അടിസ്ഥാന പ്രമാണങ്ങളായി സ്വീകരിക്കപ്പെട്ടു; അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം. ഗുരുവിന്റെ കീഴിലാണ് സന്യാസം പരിശീലിക്കേണ്ടത്. അനുസരണ ആദ്യം പരിശീലിക്കണം. സ്വയശിക്ഷണത്തിന്റെ പക്വത ശീലിക്കുന്നത് ഗുരുവിനോടുള്ള അനുസരണത്തിൽക്കൂടിയാണ്. ബോധപൂർവ്വമായി ലോകമോഹങ്ങളെ ഉപേക്ഷിക്കുന്നതാണ് ദാരിദ്ര്യവ്രതത്തിന്റെ ഉള്ളടക്കം. ബ്രഹ്മചര്യം, വിവാഹം കൂടാതെ ജീവിക്കുക എന്നതാണെങ്കിലും ആന്തരികമായും ഇന്ദ്രിയസുഖങ്ങളിൽനിന്ന് വിമുക്തമാകുന്ന അവസ്ഥയെ സൂചിപ്പിക്കുന്നതാണ്. ദൈവത്തോടുള്ള ആഴമേറിയ ബന്ധത്തിൽ ഈ വ്രതങ്ങളെല്ലാം ഭംഗംകൂടാതെ സൂക്ഷിക്കുവാൻ യഥാർത്ഥ സന്യാസിക്ക് സാധ്യമാകുന്നു എന്ന് പുണ്യജീവിതം നയിച്ച പിതാക്കന്മാർ സാക്ഷിക്കുന്നു.

സ്വസ്ഥത, അഹന്ത, ധനമോഹം, പദവിയോടുള്ള താൽപര്യം, ഇന്ദ്രിയസുഖംതേടൽ ഇവയെല്ലാം സാധാരണ മനുഷ്യരിൽ അന്തർലീനമാണ്. ഇവയിൽനിന്നും മോചനം നേടുന്നിടത്താണ് ആത്മീയ വളർച്ചയുണ്ടാകുന്നത്. അതിനാൽ കുടുംബസ്ഥരും ഈവിധ സന്യാസിമാരാണ്. എന്നാൽ മുഴുവൻ സമയവും ദൈവശുശ്രൂഷയ്ക്കായി നീക്കിവെയ്ക്കുന്ന കുറെ സന്യാസിമാർ ഉണ്ടാകുന്നത് സഭയുടെ വളർച്ചയ്ക്കും ശ്രേയസ്സിനും അത്യന്താപേക്ഷിതമാണ്. സമസ്തലോകത്തിനുംവേണ്ടി പ്രാർത്ഥിക്കുക, ആരാധന-പ്രാർത്ഥന ക്രമങ്ങൾ ഉണ്ടാക്കുക, വേദവ്യാഖ്യാനങ്ങൾ രചിക്കുക, സുവിശേഷ പുണ്യപ്രവൃത്തികൾ ചെയ്യുക എന്നിവയ്ക്ക് കുടുംബസ്ഥരെക്കാൾ കൂടുതൽ സമയം സന്യാസിമാർക്കു ലഭിക്കും. അതിനാൽ ഉത്തമരായ സന്യാസിമാരെയും ഈ കാലഘട്ടത്തിൽ സഭയ്ക്ക് അത്യന്താപേക്ഷിതമാണ്.

സന്യാസജീവിതം ദൈവത്തോടൊപ്പമുള്ള ജീവിതമാണ്. ഇത് കൂടുതൽ ആരാധനയ്ക്കും സേവനത്തിനും ഉള്ളതാണ്. ആത്മീയഗ്രന്ഥങ്ങളും വ്യാഖ്യാനങ്ങളും കൂടുതലായി പ്രാവർത്തികമാക്കുവാൻ സന്യാസിമാർക്ക് കഴിയും. സന്യാസജീവിതത്തേക്കാൾ കുടുംബജീവിതമോ കുടുംബജീവിതത്തേക്കാൾ സന്യാസജീവിതമോ മെച്ചമെന്ന് അഭിപ്രായപ്പെടാൻ കഴിയുകയില്ല.

## നമുക്കു പാടാം

(പിതാക്കന്മാരുടെയും മല്പാന്മാരുടെയും ഓർമ്മദിവസം
വിശുദ്ധ കുർബാനയിൽ ആലപിക്കുന്ന ഗാനങ്ങൾ,
പൗലോസ് ശ്ലീഹാ ധന്യൻ... എന്ന രീതി)

കാ-തോലികമാം ശ്ലൈഹിക നിർമ്മലസ-ഭ തന്നിൽ
സത്യവിശുദ്ധ പിതാക്കന്മാർ വിശ്വാസികളാം മൽപ്പാന്മാർ
ഇഗ്നാത്യോസ് ബാസേലിയോസ്-ഗ്രീഗോറിയോസ് കൂറീലോസ്
ഉന്നതനാം സേവേറിയോസ് - അപ്രേം യാക്കോബെന്നുള്ളോർ
ചൊല്ലിയതാം സദ്വിശ്വാസം - ഘോഷിക്കപ്പെട്ടീടുന്നു

.........................................................

## നമുക്കു പ്രാർത്ഥിക്കാം

(സഭയിലെ പരിശുദ്ധ പിതാക്കന്മാരുടെയും മല്പാന്മാരുടെയും
ഓർമ്മയിൽ സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലുന്ന പ്രാർത്ഥന).

*കർത്താവേ... സത്യവിശ്വാസം ഞങ്ങളോടുപദേശിക്കയും നല്ല മേച്ചിൽസ്ഥലത്ത് ഞങ്ങളെ മേയിക്കയും ചെയ്തിട്ടുള്ളവരായ ഞങ്ങളുടെ പിതാക്കന്മാരുടെയും ഉപദേഷ്ടാക്കന്മാരുടെയും ഉപദേശത്തിൽ ഞങ്ങൾ സ്ഥിരപ്പെട്ടിരിപ്പാനും അവരുടെ നടപടികളിൻപ്രകാരം നടപ്പാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കേണമേ... അവരുടെ പ്രാർത്ഥനകളാൽ സഭയിൽ നിരപ്പും സമാധാനവും വർദ്ധിക്കുമാറാകണമേ.*
*ബാറെക്മോർ*

.........................................................

## നിശ്ചയം

**സഭയിലെ സന്യാസപ്രസ്ഥാനത്തെപ്പറ്റി ഞങ്ങൾ മനസ്സിലാക്കി.
സഭയുടെ വളർച്ചയ്ക്കായി സ്വന്തപ്രാണനെ സമർപ്പിച്ച
സന്യാസ പിതാക്കന്മാരെ ഞങ്ങൾ ആദരവോടെ ഓർക്കുന്നു.
അവർ കാട്ടിതന്ന മാതൃക ഞങ്ങളുടെ ജീവിത്തിന്
മാർഗ്ഗദീപമായി ഞങ്ങൾ സൂക്ഷിക്കും.**

.........................................................

## നമുക്കു ചിന്തിക്കാം

1. ജീവിതത്തിലെ നാല് ഘട്ടങ്ങളേവ?
2. കുടുംബജീവിതവും സന്യാസജീവിതവും തമ്മിലുള്ള സാമ്യങ്ങളും വ്യത്യാസങ്ങളും ഏവ?
3. സന്യാസിമാർ താമസിക്കുന്ന സ്ഥലത്തെ എന്ത് വിളിക്കുന്നു?
4. സന്യാസിനിമാർ താമസിക്കുന്ന സ്ഥലത്തെ എന്ത് വിളിക്കുന്നു?
5. സഭയുടെ അദ്ധ്യക്ഷന്മാർ കുടുംബജീവിതം ഉപേക്ഷിച്ച് ജീവിക്കാൻ കാരണമെന്ത്?
6. സന്യാസപ്രസ്ഥാനത്തിന്റെ പിതാവ് ആര്?

7. മിലാൻ പ്രഖ്യാപനം നടത്തിയ ചക്രവർത്തിയാര്?
8. സന്യാസികളുടെ പ്രധാന ചുമതലകൾ ഏവ?

## പ്രവർത്തനങ്ങൾ

1. ഓർത്തഡോക്സ് സഭയുടെ സന്യാസിപ്രസ്ഥാനം എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ചർച്ച സംഘടിപ്പിക്കുക
2. മലങ്കര സഭാപിതാക്കന്മാരുടെ ജീവിതമാതൃകയിൽ സന്യാസത്തിന്റെ സ്ഥാനം കണ്ടെത്തുക

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | 2 കൊരി. 5, 6 |
| തിങ്കൾ | 1 തിമോത്തിയോസ് 3 | 2 കൊരി. 8, 9 |
| ചൊവ്വ | 1 കൊരി. 7 | 2 കൊരി. 10, 11 |
| ബുധൻ | തീത്തോസ് 1 | 2 കൊരി. 12,13 |
| വ്യാഴം | ഗലാത്യർ 1 | ഗലാത്യർ 2, 3 |
| വെള്ളി | ഗലാത്യർ 4 | ഗലാത്യർ 5 |
| ശനി | ഗലാത്യർ 6 | * |

യൂണിറ്റ് 7

# മഹദ്വ്യക്തിപരിചയം

പാഠം 22

# വലിയ മാർ ബസ്സേലിയോസ്

**പാഠോദ്ദേശ്യം:** ഓർത്തഡോക്സ് സഭയുടെ വിശ്വാസം വി. വേദപുസ്തകത്തിൽ അടിസ്ഥാനമിട്ടതും കാലദേശമനുസരിച്ച് പിതാക്കന്മാർ വ്യാഖ്യാനിച്ച് പഠിപ്പിച്ചുതന്നിട്ടുള്ളതുമാണ്. ആ നിരയിലുള്ള പിതാക്കന്മാരെക്കുറിച്ച് നാം അറിഞ്ഞിരിക്കേണ്ടതാണ്.

**മനഃപാഠവാക്യം:** "നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ വഴി നടത്തിയവരെ ഓർത്തുകൊൾവിൻ. അവരുടെ ജീവിതാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ" (എബ്രാ. 13:7).

**പഠനസഹായികൾ:** മലങ്കര സഭാവിജ്ഞാനകോശം, മലങ്കര സഭാപിതാക്കന്മാർ, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം.

### ആമുഖം

ഒന്നു മുതൽ എട്ടുവരെയുള്ള നൂറ്റാണ്ടുകളിൽ ജീവിച്ച സഭാപിതാക്കന്മാരുടെ പഠിപ്പിക്കലുകൾക്ക് ഒരു പ്രത്യേകമായ പ്രാധാന്യം ഓർത്തഡോക്സ് സഭകൾ നൽകുന്നുണ്ട്. പിതൃവിജ്ഞാനീയപഠനം അഥവാ Patristics എന്ന പേര് അതിനു നൽകിയിരിക്കുന്നു. അങ്ങനെ പരിഗണിക്കുന്നതിന് പ്രധാനമായും രണ്ടു കാരണങ്ങൾ ചൂണ്ടിക്കാട്ടാം. ഒന്ന്, സഭ നിലനിന്നതും വളർന്നതും പ്രതികൂല സാഹചര്യങ്ങളിലാണ്. പല പിതാക്കന്മാരും യാതനകളും പീഡനങ്ങളും ഏറ്റുവാങ്ങിയിട്ടുണ്ട്. മറ്റു ചിലർ രക്തസാക്ഷികളായി. രണ്ട്, വേദവിപരീതികളോട് എതിർത്തുകൊണ്ട് സത്യവിശ്വാസം പഠിപ്പിക്കുവാൻ ഒട്ടേറെ കൃതികൾ രചിക്കുകയും അത് ഇന്നയോളം സത്യവിശ്വാസം പഠിപ്പിക്കുവാൻ ആധികാരിക ഗ്രന്ഥങ്ങളായി നിലനിൽക്കുന്നുമുണ്ട്.

### പാഠഭാഗം

സഭാവിജ്ഞാനകോശത്തിൽ പ്രാഥമിക അറിവുകൾ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് അവർ രചിച്ച ഗ്രന്ഥങ്ങളും അവരെപ്പറ്റി മറ്റുള്ളവർ രചിച്ച ജീവചരിത്രകഥകളും മറ്റും വായിക്കേണ്ടതാണ്. 'ബസ്സേലിയോസ്' എന്ന പേര് നിങ്ങൾ കേട്ടിട്ടുണ്ടോ? ആ പേരിന് എന്തെങ്കിലും പ്രത്യേകതയുണ്ടോ? പൗരസ്ത്യ കാതോലിക്കാമാർ സ്വീകരിച്ചിരിക്കുന്ന സ്ഥാനപ്പേരാണ്. നമ്മുടെ കാതോലിക്കാമാരെല്ലാം ബസ്സേലിയോസ് എന്ന പേരിനോട് അവരുടെ പേരുകൾ ചേർന്നാണ് അറിയപ്പെടുന്നത്. ഉദാഹരണത്തിന് ഇപ്പോഴത്തെ നമ്മുടെ കാതോലിക്കാബാവാ പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ എന്ന് വിളിക്കപ്പെടുന്നു.

കപ്പദോക്യൻ പിതാക്കന്മാർ എന്ന് അറിയപ്പെടുന്നത് മൂന്നുപേരാണ്. വലിയ മാർ ബസ്സേലിയോസ്, അദ്ദേഹത്തിന്റെ സഹോദരൻ നിസ്സായിലെ മാർ ഗ്രിഗോറിയോസ്, ഇവർ രണ്ടുപേരുടെയും സ്നേഹിതൻ നാസിയാൻസിലെ ഗ്രിഗോറിയോസ്. സഭാചരിത്രത്തിൽ ഇവർക്ക് പ്രത്യേകമായ സ്ഥാനമുണ്ട്. അതായത് ആദിമനൂറ്റാണ്ടുകളിൽ വേദവിപരീതം ഉന്നയിച്ചവർ സാധാരണക്കാരായിരുന്നില്ല. പണ്ഡിതന്മാരും സഭയിലെ സ്ഥാനികളുമായി

രുന്ന അവരോട് മറുപടി പറയുവാൻ അവരെപ്പോലെ പണ്ഡിതന്മാരായവർക്കു മാത്രമേ സാദ്ധ്യമാവുകയുള്ളൂ. കപ്പദോക്യയിലെ മൂന്നു പിതാക്കന്മാരും സത്യവിശ്വാസത്തിന് അടിസ്ഥാനമിടുവാൻ തക്കവണ്ണം ത്യാഗനിർഭരരായി ജീവിച്ചവരും പണ്ഡിതോചിതമായി എഴുതുവാൻ പ്രാപ്തിയുള്ളവരുമായിരുന്നു. ആശ്രമപ്രസ്ഥാനങ്ങൾക്ക് ഈ പിതാക്കന്മാർ നൽകിയ സേവനങ്ങൾ വളരെ വലുതാണ്.

## മാർ ബസേലിയോസ്

കൈസറിയായിലെ പൊന്തോസ് എന്ന സ്ഥലത്ത് 329-ൽ ബസേലിയോസ് (ബേസിൽ) ജനിച്ചു. സമ്പത്തും കുലീനതയും ഒത്തുചേർന്ന കുടുംബമായിരുന്നു അദ്ദേഹത്തിന്റേത്. ഡയോക്ലിഷൻ ചക്രവർത്തിയുടെ പീഡയുടെ കാലത്ത് അദ്ദേഹത്തിന്റെ പൂർവ്വികർക്ക് പീഡകൾ സഹിക്കേണ്ടിവന്നു. സ്വന്തനാട്ടിൽ പ്രാഥമികപഠനം പൂർത്തിയാക്കി കൈസറിയായിലേക്കു പോയി. തുടർപഠനം അവിടെ നടത്തി. കുസ്തന്തീനോപോലീസിലും പിന്നീട് ഏതൻസിലും അദ്ദേഹം ഉപരിപഠനം നടത്തി. യവനായ (ഗ്രീക്ക്), റോമൻ പണ്ഡിതന്മാരായ ഗുരുക്കന്മാരുടെ കീഴിൽ ആ കാലത്തെ ഉയർന്ന വിദ്യാഭ്യാസം നേടിയെങ്കിലും അവരുടെ വിശ്വാസത്തെയോ ചിന്താഗതികളെയോ അദ്ദേഹം സ്വീകരിച്ചില്ല. എന്നാൽ പണ്ഡിതരുമായിട്ടുള്ള സംസർഗ്ഗം അദ്ദേഹത്തിന് പിന്നീട് പലരീതികളിൽ പ്രയോജനപ്പെട്ടു. അതായത് ക്രിസ്തീയ സഭയുടെ സത്യവിശ്വാസം മനസ്സിലാകുന്ന രീതിയിൽ അവതരിപ്പിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞത് അക്കാലത്തെ ഉന്നത വിദ്യാപീഠങ്ങളിൽ പഠിക്കാൻ സാധിച്ചതുകൊണ്ടാണ്. പല മതചിന്തകളും വിശ്വാസങ്ങളും താൻ പഠനവിധേയമാക്കിയെങ്കിലും തന്റെ ദൈവത്തോടുള്ള ബന്ധത്തിൽനിന്ന് ഒരിക്കലും പിന്മാറിയില്ല.

പഴയനിയമത്തിലെ ഏകദൈവവിശ്വാസത്തിൽനിന്ന് ത്രിത്വവിശ്വാസത്തിലേക്ക് സഭ നീങ്ങിയപ്പോൾ യുക്തിപരമായ സംശയങ്ങൾ കൂടുതൽ ഉണ്ടായത് ക്രിസ്തുവിന്റെയും പരിശുദ്ധാത്മാവിന്റെയും ദൈവത്വത്തേപ്പറ്റിയും ആളത്വത്തെപ്പറ്റിയും ആയിരുന്നു. ഈ കാര്യങ്ങളിൽ സഭയുടെ വിശ്വാസത്തെ ഉറപ്പിച്ചുകൊണ്ട് പണ്ഡിതോചിതമായി അദ്ദേഹം പ്രബന്ധങ്ങൾ രചിച്ചു. പരിശുദ്ധാത്മാവിനെപ്പറ്റി രചിച്ചിട്ടുള്ള പ്രബന്ധങ്ങൾ ആ കൂട്ടത്തിൽ വളരെ ശ്രദ്ധേയമാണ്. 26-ാം വയസ്സിൽ സന്യാസജീവിതം തെരഞ്ഞെടുത്തു. സന്യാസം തെരഞ്ഞെടുക്കാൻ അദ്ദേഹത്തിന്റെ വല്ല്യമ്മയുടെയും മൂത്തസഹോദരിയുടെയും പ്രേരണകൾ മുഖാന്തിരമായി. രണ്ടുപേരുടെയും പേരുകൾ മക്രീന എന്നായിരുന്നു. അവരെ തിരിച്ചറിയാൻ വലിയ മക്രീന എന്നും ഇളയ മക്രീന എന്നും വിശേഷിപ്പിച്ചിരുന്നു.

## സന്യാസസമൂഹം

ഏകാന്തവാസികളായ സന്യാസികളെ ഒരുമിച്ച് സമൂഹമാക്കി ആശ്രമങ്ങൾ സ്ഥാപിക്കണമെന്ന രീതിയോടാണ് അദ്ദേഹം യോജിച്ചിരുന്നത്. സുവിശേഷം പ്രചരിപ്പിക്കുന്നതിനും സാധുക്കളെ സംരക്ഷിക്കുന്നതിനും ഇങ്ങനെ കൂട്ടായി ജീവിക്കുന്നതാണ് നല്ലതെന്ന് അദ്ദേഹം കണ്ടെത്തി. അനാഥരെയും അഗതികളെയും രോഗികളെയും സംരക്ഷിക്കുവാൻ ആശ്രമത്തോടു ചേർന്ന് പ്രത്യേകമായി താമസസൗകര്യങ്ങൾ ഒരുക്കി. രോഗികളെ താമസിപ്പിച്ചു പരിചരിക്കുക എന്നർത്ഥത്തിലുള്ള ഹോസ്പിറ്റൽ ആരംഭിച്ചത് വി. ബസ്സേലിയോസ് ആണെന്ന് ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ലളിതജീവിതം നയിക്കുന്നതിനും ആശ്രമവാസികൾ എങ്ങനെ ജീവിക്കണമെന്നും പ്രബോധിപ്പിക്കുന്ന നിയമാവലികളും അദ്ദേഹം ഉണ്ടാക്കി. അങ്ങനെ ആശ്രമപ്രസ്ഥാനത്തിന് അദ്ദേഹത്തിന്റെ വലിയതായ സംഭാവനകൾ നൽകിയിട്ടുണ്ട്.

41-ാം വയസ്സിൽ കൈസറിയായിൽ യൗസേബിയോസിന്റെ പിൻഗാമിയായി വാഴിക്കപ്പെട്ടു. 379 ൽ 50-ാം വയസ്സിൽ വിടവാങ്ങി. പൗരസ്ത്യസഭകൾ ജനുവരി 1 അദ്ദേഹത്തിന്റെ ഓർമ്മപ്പെരുന്നാളായി ആചരിക്കുന്നു.

## നമുക്ക് പാടാം

(ധന്യേ മാതാവേ... എന്നരീതി)

മാർ ബസ്സേലിയോസ് നിന്നെ ഓർമ്മിച്ചോ
രാട്ടിൻകൂട്ടത്തെ  കർത്തൻ കാക്കുന്നു
കണ്ടാലും നിന്നെ. കൊണ്ടാടും കൂട്ടം...
നിന്നെ നന്ദിക്കും മശിഹായേ വാഴ്ത്തും
ഹാലേലൂയ്യാ ഉ ഹാലേലൂയ്യാ
നിൻയാചിപ്പെന്നും സങ്കേതസ്ഥാനം

.......................................................

## നമുക്ക് പ്രാർത്ഥിക്കാം

(പരിശുദ്ധന്മാരുടെ പെരുന്നാളുകളിൽ സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലുന്ന പ്രാർത്ഥന)

*പരിശുദ്ധ പിതാവായ വലിയ മാർ ബസ്സേലിയോസ്, നിന്റെ ഓർമ്മ ആഘോഷിക്കുകയും നിന്റെ പെരുന്നാളിന് വന്നുകൂടുകയും ചെയ്തിട്ടുള്ളവരെല്ലാവരും ദൈവത്തിൽനിന്ന് കരുണപ്രാപിക്കുവാൻവേണ്ടി നീ അപേക്ഷിക്കേണമെ. നിന്റെ പ്രാർത്ഥനകളാൽ ദൈവം തന്റെ ശ്രീഭണ്ഡാരത്തിൽനിന്ന് ഞങ്ങൾക്ക് നിരപ്പും സമാധാനവും ശുഭമുള്ള ആണ്ടുകളും സന്തോഷത്തിന്റെ മാസങ്ങളും നൽകുമാറാകട്ടെ. മൊറിയോറാഹേം മേലൈൻ ഊ ആദാറൈൻ.*

.......................................................

## നിശ്ചയം

**വലിയ മാർ ബസ്സേലിയോസിന്റെ ജീവിതത്തെ അനുകരിക്കും.**
**സഭയ്ക്കുവേണ്ടി ധീരതയോടെ വിശ്വാസത്തെ മുറുകെപ്പിടിച്ച് ജീവിക്കും.**

.......................................................

## നമുക്ക് ചിന്തിക്കാം

1. കപ്പദോക്യൻ പിതാക്കന്മാർ ആരെല്ലാം? അവരുടെ പ്രത്യേകതകൾ എന്താണ്?
2. മാർ ബസ്സേലിയോസിന്റെ കുടുംബപശ്ചാത്തലത്തെപ്പറ്റി എന്തെല്ലാം അറിയാം?
3. അദ്ദേഹത്തിന്റെ പഠിപ്പിക്കലുകളെപ്പറ്റി ചുരുക്കമായി എഴുതുക?
4. ആശ്രമപ്രസ്ഥാനത്തിന് അദ്ദേഹത്തിന്റെ സംഭാവനകൾ ഏതെല്ലാം നിലയിലാണ്?

## പ്രവർത്തനങ്ങൾ

1. നമ്മുടെ സഭയിൽ ബസ്സേലിയോസ് എന്ന സ്ഥാനപേര് സ്വീകരിച്ചിട്ടുള്ള പിതാക്കന്മാരുടെ പേരുകൾ ചേർത്ത് ഒരു ചാർട്ട് നിർമ്മിക്കുക
2. വലിയ മാർ ബസ്സേലിയോസിന്റെ ജനനം മുതൽ മരണംവരെയുള്ള വിവിധ സംഭവങ്ങൾ ചേർത്ത് ഒരു സമയചാർട്ട് (Time chart) തയ്യാറാക്കുക. സഭാവിജ്ഞാനകോശം, മലങ്കരസഭാപിതാക്കന്മാർ എന്നീ ഗ്രന്ഥങ്ങൾ നോക്കുക.

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | എബ്രായർ 13:1-17 |
| തിങ്കൾ | എബ്രായർ 11:1-12 | എബ്രായർ 11:13-40 |
| ചൊവ്വ | എബ്രായർ 12:1-13 | സദൃ. 1:1-10 |
| ബുധൻ | സദൃ. 1:10-20 | സദൃ. 2:1-20 |
| വ്യാഴം | സദൃ. 3:1-10 | സദൃ. 3:11-23 |
| വെള്ളി | സദൃ. 4:1-10 | സദൃ. 13:1-10 |
| ശനി | സദൃ. 13:11-25 | * |

പാഠം 23

# നിസ്സായിലെ മാർ ഗ്രീഗോറിയോസ്

**പാഠോദ്ദേശ്യം:** വലിയ മാർ ബസ്സേലിയോസിന്റെ സഹോദരനായ നിസ്സായിലെ മാർ ഗ്രീഗോറിയോസിനെപ്പറ്റി മനസ്സിലാക്കുകയും പൗരസ്ത്യവേദശാസ്ത്രത്തിന് അദ്ദേഹം നൽകിയ സംഭാവനയെപ്പറ്റി പഠിക്കുകയും ചെയ്യുക.

**മനഃപാഠവാക്യം:** "എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു" (ഫിലി. 1:21).

**പഠനസഹായികൾ:** മലങ്കര വിജ്ഞാനകോശം, മലങ്കരസഭാപിതാക്കന്മാർ (ഡോ. സാമുവേൽ ചന്ദനപ്പള്ളി), വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം.

## ആമുഖം

പിതൃവിജ്ഞാനീയം അഥവാ Patristics എന്നാൽ എന്താണെന്ന് കഴിഞ്ഞ പാഠത്തിൽ നാം പഠിച്ചു. പിതൃവിജ്ഞാനീയപഠനത്തിൽ ഉൾപ്പെടുത്തേണ്ട അനേക പിതാക്കന്മാർ നമുക്കുണ്ട്. അക്കൂട്ടത്തിൽ പ്രധാനിയായ ഒരു പിതാവിനെപ്പറ്റിയാണ് നാം ഇന്നു പഠിക്കുന്നത്. നിസ്സായിലെ മാർ ഗ്രീഗോറിയോസ്.

## പാഠഭാഗം

സഭാവിജ്ഞാനകോശത്തിൽനിന്ന് പ്രാഥമിക അറിവുകൾ ലഭിക്കും. നമ്മുടെ സഭയിലെ ഏറ്റവും വലിയ പണ്ഡിതനായ പൗലൂസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ രചനകളിൽ നിസ്സായിലെ മാർ ഗ്രീഗോറിയോസിനെക്കുറിച്ച് വളരെ പ്രതിപാദിച്ചിട്ടുണ്ട്. ഗ്രീഗോറിയോസ് തിരുമേനിയുടെ ചിന്താധാരകളുടെ തത്വചിന്താപരമായ അടിസ്ഥാനം നിസ്സായിലെ മാർ ഗ്രീഗോറിയോസിനോട് ബന്ധപ്പെട്ടുള്ളതാണ്. ഗ്രീഗോറിയോസ് എന്ന പേര് നിങ്ങൾ കേട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ ആ പേരുകാരിൽ മലങ്കരസഭയിൽ ഏറ്റവും ശ്രദ്ധിക്കപ്പെട്ടത് ആരാണെന്നറിയാമോ? പരുമല തിരുമേനി.

പരുമല തിരുമേനിയുടെ പേര് ഗ്രീഗോറിയോസ് എന്നായിരുന്നു (ഗീവർഗ്ഗീസ് മാർ ഗ്രീഗോറിയോസ്). പാമ്പാടി തിരുമേനി എന്നറിയപ്പെടുന്ന പിതാവിന്റെ പേരും കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് എന്നായിരുന്നു. ഗ്രീഗോറിയോസ് എന്ന വാക്കിന്റെ അർത്ഥം 'ഉണർന്നിരിക്കുന്നവൻ' എന്നാണ്.

വലിയ മാർ ബസ്സേലിയോസ് എന്ന പിതാവിന്റെ ഇളയ സഹോദരന്മാരിൽ ഒരാളായി 355ൽ ജനിച്ചു. പിതാവായ ബസേലിയോസിന്റെയും (St. Basil the Elder) അമ്മയായ എമിലിയാ(Emmelia)യുടെയും ഭക്തിജീവിതത്തിനു പുറമെ അദ്ദേഹത്തെ കൂടുതൽ സ്വാധീനിച്ചത് മൂത്ത സഹോദരനായ വി. ബസ്സേലിയോസ് തന്നെയായിരുന്നു. കൈസറിയായിലെ പ്രാഥമികവിദ്യാഭ്യാസത്തിനുശേഷം അദ്ദേഹം ഏതൻസിലും മറ്റും ഉപരിപഠനം നടത്തി. വേദശാസ്ത്ര വിഷയങ്ങളിൽ അല്ലായിരുന്നു ആദ്യകാലത്ത് താല്പര്യം. വിശ്വസാഹിത്യകൃതികൾ, തത്വചിന്ത, വൈദ്യശാസ്ത്രം ഇവയിലൊക്കെ അവഗാഹം നേടി. ഒരു ഭാഷാദ്ധ്യാപകനായി ജോലി നോക്കുകയും ചെയ്തു. ആ കാലത്ത് തെയോസോബിയാ എന്ന യുവതിയെ വിവാഹം കഴിക്കുകയും ചെയ്തു. അവർ ഒരു ശെമ്മാശ്ശിനി (Deaconess) ആയിരുന്നു എന്നും പറയപ്പെടുന്നു.

ഈ കാലത്ത് സഹോദരനായ മാർ ബസ്സേലിയോസ് ഐറിസ് നദീതീരത്ത് ഒരു ആശ്രമം സ്ഥാപിച്ചിരുന്നു. അവിടെ പോയി താമസിക്കുവാൻ തുടങ്ങിയതിൽപിന്നെ അദ്ദേഹത്തിന്റെ ചിന്താഗതികൾക്ക് മാറ്റംവന്നു. വലിയ പണ്ഡിതനായ അദ്ദേഹത്തിന്റെ ദാർശനികചിന്തകൾ യോഗാത്മകമായ മാനങ്ങളിലേക്ക് (Mystical) മാറ്റപ്പെടുകയുണ്ടായി. പരസ്പരസമ്മതത്തോടെ ആത്മീയശുശ്രൂഷയ്ക്കുവേണ്ടി വിവാഹബന്ധത്തിൽനിന്ന് ഒഴിയുന്ന ഒരു പതിവ് ആ കാലങ്ങളിലൊക്കെ ഉണ്ടായിരുന്നു. ആ വഴിക്ക് അദ്ദേഹവും തിരിഞ്ഞിരിക്കാനാണ് സാധ്യത. അങ്ങനെ ആശ്രമജീവിതത്തിലേക്കു വഴിമാറി. എഴുത്തും വായനയും ശക്തമായി തുടർന്നു. വിവാഹിതനായ അദ്ദേഹം പിന്നീട് കന്യകാത്വത്തെക്കുറിച്ച് (Virginity) വളരെ പ്രകീർത്തിച്ച് എഴുതിയിരിക്കുന്നത് പണ്ഡിതലോകത്തിന് വളരെ വിസ്മയം ഉളവാക്കിയിട്ടുള്ളതാണ്.

സന്യാസിയായതിനുശേഷം അദ്ദേഹത്തെ നിസ്സായിലെ എപ്പിസ്കോപ്പായായി 371-ൽ നിയമിച്ചു. എന്നാൽ ഭരണതലത്തിൽ അദ്ദേഹം മെച്ചപ്പെട്ട നിലവാരം പുലർത്തിയോ എന്ന് സംശയിക്കുന്നു. അറിയോസിന്റെ വേദവിപരീതത്തെ ശക്തമായി എതിർത്തുകൊണ്ട് അദ്ദേഹം എഴുതിയത് പക്ഷേ റോമൻചക്രവർത്തിയായ വാലൻസിന് ഇഷ്ടപ്പെട്ടില്ല. ചക്രവർത്തി ഒരു അറിയോന്യപക്ഷപാതി ആയിരുന്നു. മാർ ഗ്രീഗോറിയോസിനെ അദ്ദേഹം നാടുകടത്തി. ഭരണമൊന്നുമില്ലാതെ കുറെനാൾ കഴിഞ്ഞെങ്കിലും ചക്രവർത്തിയുടെ മരണശേഷം തിരികെവന്നു. ദൈവത്തിന്റെ സ്നേഹം ആരെയും നിത്യനരകത്തിലേക്കു അയയ്ക്കുവാൻ ഇടയാക്കുകയില്ലെന്നും അതിനാൽ ഒടുവിൽ എല്ലാവർക്കും രക്ഷ ലഭിക്കുമെന്നുമുള്ള ചിന്ത, പണ്ഡിതനായ ഒറിഗനെപ്പോലെ അദ്ദേഹവും വെച്ചുപുലർത്തിയിരുന്നു. സാർവ്വത്രിക രക്ഷാസിദ്ധാന്തം (Universal Salvation) എന്നതും ഒരു തർക്കവിഷയം തന്നെയാണല്ലോ.

മാർ ഗ്രീഗോറിയോസിന്റെ രചനകൾ സാഹിത്യഭംഗിയും ആദ്ധ്യാത്മികചൈതന്യം നിറഞ്ഞവയുമാണ്. പണ്ഡിതനായ പൗലൂസ് മാർ ഗ്രീഗോറിയോസ് തിരുമേനി നിസ്സായിലെ മാർ ഗ്രീഗോറിയോസിന്റെ തത്വചിന്തകളിൽ വളരെ ആകൃഷ്ടനായ ഒരു വ്യക്തിയാണ്. ദൈവം, ലോകം, മനുഷ്യൻ ഇവ മൂന്നിനെയും സമന്വയിപ്പിക്കുന്ന ക്രിസ്തീയവേദശാസ്ത്രം വിശ്വാസത്തിനും യുക്തിക്കും നിരക്കുന്ന രീതിയിൽ നിസ്സായിലെ മാർ ഗ്രീഗോറിയോസ് അവതരിപ്പിച്ചിട്ടുണ്ടെന്നതാണ് പൗലൂസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ കണ്ടെത്തൽ. രണ്ടാമത്തെ പൊതു സുന്നഹദോസായ 381 ൽ കുസ്തന്തീനോപോലീസിലെ വിശ്വാസപ്രമാണ ക്രോഡീകരണത്തിൽ മുഖ്യപങ്ക് വഹിച്ചത് നിസ്സായിലെ ഗ്രീഗോറിയോസ് ആണ്. നല്ല വാഗ്മിയും വേദശാസ്ത്രപണ്ഡിതനുമായിരുന്നു അദ്ദേഹം. സത്യവിശ്വാസത്തെ ഉറപ്പിക്കുവാൻ അക്ഷീണപരിശ്രമം ചെയ്തു. വി. ത്രിത്വം, ക്രിസ്തുവിന്റെ ജഡധാരണം, രക്ഷ, വിശുദ്ധ കൂദാശകൾ, പരിശുദ്ധാത്മാവിന്റെ പുറപ്പാട് എന്നിവയെക്കുറിച്ചൊക്കെ ആധികാരികമായി പഠിപ്പിച്ചു. സാമൂഹ്യവിഷയങ്ങളിൽ അടിമസമ്പ്രദായം തിന്മയാണെന്നും അദ്ദേഹം ശക്തമായി പഠിപ്പിച്ചിരുന്നു. എ.ഡി. 394 ൽ അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. "നിസ്സായിലെ നക്ഷത്രം" എന്ന് അദ്ദേഹത്തെ വിശേഷിപ്പിച്ചുവരുന്നു.

സഭയുടെ വിശ്വാസത്തിന് യോജിച്ച രീതിയിൽ ജീവിതം ക്രമീകരിച്ച വ്യക്തിയായിരുന്നു വി. ഗ്രീഗോറിയോസ്. പരാതികളില്ലാതെ പരീക്ഷണങ്ങളെ അതിജീവിക്കുവാൻ ദൈവാശ്രയ ബോധത്തോടെ ജീവിച്ച പിതാവാണ് മാർ ഗ്രീഗോറിയോസ്. ദൈവത്തിന് തുല്യമല്ല ലൗകികമായ ഒന്നും എന്ന് വിശ്വസിക്കുകയും സ്വജീവിതത്തിൽ അത് കാണിക്കുകയും ചെയ്ത പിതാവാണ് അദ്ദേഹം. സഹോദരങ്ങൾ പരസ്പരം മാതൃകാപരമായി ജീവിക്കുന്നത് അനുഗ്രഹമാണ്.

## നമുക്കു പാടാം

(ആചാര്യന്മാരുടെ ഞായറാഴ്ച വി. കുർബ്ബാനയിൽ ആലപിക്കുന്ന ഗീതം)

നാഥാ സവിധേ ഉൾപ്രാകാരേ
ദൈവീക കാന്തിയെഴും സുതവാസാഗാരേ...
ഇന്നാൾ സ്മൃതനാമീ ശ്രേഷ്ഠാചാര്യനെ നീ...
ആമോദാൽ പാർപ്പിക്കുക പാവന നാഥാ
കടപരിഹാരം നാഥാ നീ ഏക
കുറവുകൾ പോക്കുക മശിഹാ സൂനോ
നാഥാ വിമലാത്മാവാം ദേവാ
പാപം നീക്കി മുഖകാന്തിയതേക

.........................................................

## നമുക്ക് പ്രാർത്ഥിക്കാം

(പരിശുദ്ധന്മാരുടെ പെരുന്നാളുകളിൽ സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലുന്ന പ്രാർത്ഥന)

*പരിശുദ്ധ പിതാവായ നിസ്സായിലെ മാർ ഗ്രീഗോറിയോസേ, ദുഷ്ടലോകത്തിന്റെ കുരുക്കുകളിൽ ഉൾപ്പെടാതെ പൂർണ്ണഹൃദയത്തോടെ ദൈവഇഷ്ടപ്രകാരം ഇരുന്നവനായ നിനക്കു ഭാഗ്യം. ലോകമോഹങ്ങളിൽനിന്നും അശുദ്ധങ്ങളിൽനിന്നും ഒഴിഞ്ഞ് അഴിഞ്ഞുപോകുന്നതായ ശരീരത്തെ സ്നേഹിക്കാതെ ആത്മരക്ഷയെ മാത്രം ആഗ്രഹിച്ചവനായ നിന്റെ ഓർമ്മ ഞങ്ങൾക്കു വാഴ്വിനായിത്തീരണമെ. ബാറെക്മോർ.*

.........................................................

## നിശ്ചയം

**സഭാപിതാവായ മാർ ഗ്രീഗോറിയോസിന്റെ ജീവിത വൈശിഷ്ട്യങ്ങൾ ഞങ്ങൾ മനസ്സിലാക്കി. ആ ജീവിതത്തിലെ നല്ല മാതൃകകൾ ഉൾക്കൊള്ളാൻ ഞങ്ങൾ എന്നും ശ്രമിക്കും. ഒപ്പം വിശ്വാസ വിപരീതികളോട് സമരസപ്പെടുകയില്ല**

## നമുക്കു ചിന്തിക്കാം

1. ഗ്രീഗോറിയോസ് എന്ന വാക്കിന്റെ അർത്ഥം എന്താണ്?
2. മാർ ഗ്രീഗോറിയോസിന്റെ മൂത്ത സഹോദരന്റെ പേരെന്ത്?
3. ആദ്യകാലത്ത് അദ്ദേഹത്തിന് താല്പര്യമുള്ള മേഖലകൾ എന്തെല്ലാമായിരുന്നു?
4. നിസ്സായിലെ മാർ ഗ്രീഗോറിയോസിന്റെ ജീവിതത്തെ സ്വാധീനിച്ച ഘടകങ്ങൾ ഏതെല്ലാം?
5. മാർ ഗ്രീഗോറിയോസ് എന്ന പേരിൽ അറിയപ്പെടുന്നവരിൽ നിങ്ങൾക്ക് അറിയാവുന്നത് ആരെയെല്ലാം?
6. മാർ ഗ്രീഗോറിയോസിന്റെ ജീവിതത്തിലെ വൈശിഷ്ട്യങ്ങൾ എന്തെല്ലാം?
7. കുസ്തന്തീനോപോലീസ് സുന്നഹദോസുമായി മാർ ഗ്രീഗോറിയോസിനുള്ള ബന്ധം എന്തായിരുന്നു?

8. 'നിസ്സായിലെ നക്ഷത്രം' എന്നു വിശേഷിപ്പിക്കുന്ന പിതാവ് ആര്?
9. സാർവ്വത്രികരക്ഷാസിദ്ധാന്തമെന്നാലെന്ത്?

## പ്രവർത്തനങ്ങൾ

1. സഭാപിതാക്കന്മാരുടെ ചിത്രങ്ങൾ ശേഖരിച്ച് ഒരു ആൽബം തയ്യാറാക്കുക.
2. നിസ്സായിലെ മാർ ഗ്രീഗോറിയോസിന്റെ ജനനം മുതൽ മരണംവരെയുള്ള വിവിധ സംഭവങ്ങൾ ചേർത്ത് ഒരു സമയപ്പട്ടിക (Time chart) തയ്യാറാക്കുക.

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | 1 തീമോ. 1:1-10 |
| തിങ്കൾ | 1 തീമോ. 1:11-20 | 1 തീമോ. 2:1-15 |
| ചൊവ്വ | 1 തീമോ. 3:1-16 | 1 തീമോ. 4:1-16 |
| ബുധൻ | 1 തീമോ. 5:1-11 | 1 തീമോ. 5 12-25 |
| വ്യാഴം | 1 തീമോ. 6:1-10 | 1 തീമോ. 6:11-22 |
| വെള്ളി | 2 തീമോ. 1:1-18 | 2 തീമോ. 2:1-13 |
| ശനി | 2 തീമോ. 2:14.26 | * |

പാഠം 24

# സമ്പൂർണ്ണ ആരോഗ്യപരിപാലനം

**മുഖ്യസന്ദേശം:** നമ്മുടെ ശരീരം ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടതാണ്. ശരീരം ആരോഗ്യത്തോടെ സംരക്ഷിക്കുന്നതിന് നമ്മുടെ പക്ഷത്തു നിന്നും ചെയ്യേണ്ടത് എന്തെന്ന് അറിഞ്ഞു പ്രവർത്തിക്കുക.

**മനഃപ്പാഠവാക്യം:** "സന്തുഷ്ട ഹൃദയം നല്ലൊരു ഔഷധമാകുന്നു. തകർന്ന മനസ്സോ അസ്ഥികളെ ഉണക്കുന്നു" (സദൃശവാക്യങ്ങൾ 17:22).

**പഠനസഹായികൾ:** ശീലങ്ങളെക്കുറിച്ചും വ്യായാമങ്ങളെക്കുറിച്ചും ചിത്രങ്ങളടങ്ങിയ ചാർട്ടുകൾ, ഭക്ഷണക്രമീകരണങ്ങളെക്കുറിച്ച് എഴുതിയ ഒരു ടൈം ടേബിൾ.

## ആമുഖം

ആരോഗ്യകരമായ പലപ്രശ്നങ്ങൾകൊണ്ടും മനുഷ്യർ ബുദ്ധിമുട്ടുന്നതായി കാണാം. രോഗങ്ങൾ കാരണം മനുഷ്യമനസ്സ് അസ്വസ്ഥമാകുന്നു. പല മാരകരോഗങ്ങൾ നിമിത്തം ബുദ്ധിമുട്ടുന്ന വ്യക്തികളും കുടുംബങ്ങളും സമൂഹത്തിൽ ധാരാളം ഉണ്ട്. ശാരീരികാരോഗ്യത്തിന് നമ്മുടെ മനസ്സിനെ എങ്ങനെയൊരുക്കാമെന്നും നമ്മുടെ ജീവിതചര്യ, സാഹചര്യങ്ങൾ, ശുചിത്വം ഇവ മൂലം സമ്പൂർണ്ണ ആരോഗ്യപരിപാലനത്തിന് എങ്ങനെ ശ്രമിക്കാം എന്നും നമുക്കും പഠിക്കാം.

## പാഠഭാഗം

ശരിയായ ആരോഗ്യം ആഗ്രഹിക്കാത്തവരായി ആരുംതന്നെ ഉണ്ടായിരിക്കില്ല. എന്നാൽ ആശുപത്രിയിൽ നിന്നോ മെഡിക്കൽ സ്റ്റോറുകളിൽനിന്നോ സൂപ്പർമാർക്കറ്റുകളിൽനിന്നോ അത് വാങ്ങുവാൻ സാധിക്കുകയില്ല. ആരോഗ്യസംരക്ഷണത്തിന് ആദ്യമേ വേണ്ടത് അതിനെപ്പറ്റിയുള്ള അറിവാണ്. അറിവാണ് ശക്തി. ആരോഗ്യം കാത്ത് സംരക്ഷിക്കുമെന്നുള്ള ദൃഢനിശ്ചയവും അതിനുവേണ്ടിയുള്ള സ്ഥിരപരിശ്രമവുമാണ് ആവശ്യം. രോഗമില്ലാത്ത അവസ്ഥയാണ് ആരോഗ്യം എന്നാണ് മിക്കവരും ധരിച്ചിരിക്കുന്നത്. എന്നാൽ രോഗമില്ലാത്തതുകൊണ്ടുമാത്രം ഒരാൾ ആരോഗ്യവാനാകണമെന്നില്ല. ആരോഗ്യം എന്ന വാക്ക് പലപ്പോഴും മനസ്സിലുണർത്തുന്നത് രോഗാവസ്ഥയുടെയും രോഗചികിത്സയുടെയും സ്മരണയാണ്. ആരോഗ്യം, ശാരീരികവും മാനസികവും ആദ്ധ്യാത്മികവുമായ സന്തുലിതാവസ്ഥയാണ് എന്നാണ് ലോകാരോഗ്യസംഘടന നിർവചിച്ച് പറയുന്നത്. ആരോഗ്യത്തെക്കുറിച്ച് ഒരവബോധം നമ്മിൽ ഉണ്ടാകണം.

## എന്താണ് ആരോഗ്യാവബോധം?

നമ്മുടെ ആരോഗ്യം എന്നത് നാം കഴിക്കുന്ന ആഹാരവും ശ്വസിക്കുന്ന വായുവും നമ്മുടെ ചിന്തകളും നമ്മുടെ പാരമ്പര്യവും സാഹചര്യങ്ങളും എല്ലാം അനുകൂലമായി വന്നാൽ ലഭിക്കുന്ന ഒന്നാണ്. ഇതിൽ ഏതെങ്കിലും ഒന്നിൽ മാത്രം ശ്രദ്ധ വെച്ചാൽ അത് ആരോഗ്യം വർദ്ധിപ്പിക്കുകയല്ല മറിച്ച് കുറയ്ക്കുന്നതിനിടയാകും എന്ന വസ്തുതയെക്കുറിച്ചുള്ള അവബോധം. ആരോഗ്യത്തിനെ നല്ലത്, ചീത്ത എന്ന് തരംതിരിക്കുന്നതിനേക്കാൾ പ്രധാനം സ്വന്തം ആവശ്യത്തിനുതകുന്നത്, അല്ലാത്തത് എന്ന് തരംതിരിക്കാൻ പഠിക്കുന്നതാണ് എന്ന അവബോധം.

ഈ അറിവ് ഉണ്ടാകുന്നതിന് ആരോഗ്യകരമായ ശീലങ്ങൾ എന്താണെന്ന് മനസ്സിലാക്കണം, ആ ശീലങ്ങൾ അഭ്യസിച്ച് വളരണം. ശീലങ്ങൾ എന്താണ്? കുളിക്കുക, കളിക്കുക, പഠിക്കുക, പ്രാർത്ഥിക്കുക, നല്ല ഭക്ഷണം കഴിക്കുക ഉപവസിക്കുക, നോമ്പ് ആചരിക്കുക, വൃത്തിയുണ്ടായിരിക്കുക ശാരീരികവും മാനസികവും സാമൂഹികവും ആത്മീയവുമായ ഒരു സമ്പൂർണ്ണ സുഖാവസ്ഥയാണ് യഥാർത്ഥ ആരോഗ്യം. ആരോഗ്യസംരക്ഷണ രംഗത്തെ പരാജയത്തിന് പ്രധാനമായി നാലുകാര്യങ്ങൾ ഉണ്ട്.

1. വ്യായാമരഹിതവും മാനസികസംഘർഷം നിറഞ്ഞതുമായ ജീവിതരീതി.
2. ആഹാരരീതിയിലും ആഹാരസാധനങ്ങളിലും വന്ന മാറ്റങ്ങൾ വരുത്തുന്ന രോഗാവസ്ഥ.
3. അന്തരീക്ഷ-പരിസര മലിനീകരണം
4. ആരോഗ്യസംരക്ഷണത്തെപ്പറ്റി അവബോധമില്ലായ്മ

## ആരോഗ്യസംരക്ഷണത്തിന് എന്താണ് ചെയ്യേണ്ടത്?

ആരോഗ്യസംരക്ഷണത്തിന് വ്യായാമം വളരെ ആവശ്യമുള്ളതാണ്. ഏതാണ്ട് അര നൂറ്റാണ്ടു മുമ്പുവരെ വ്യായാമം ജീവിതത്തിന്റെ തന്നെ ഭാഗമായിരുന്നു. സ്വന്തം വീട്ടിലെ ജോലികൾ, കൃഷി സംബന്ധമായ ജോലികൾ, വാഹന ദൗർലഭ്യം നിമിത്തം നടന്നു പോകേണ്ടിവരുന്ന സാഹചര്യം ഇവയെല്ലാം അവരറിയാതെ തന്നെ അവർക്ക് ആരോഗ്യം നൽകിയി രുന്നു. ഇതൊക്കെയും പലരും ഒഴിവാക്കിയ സാഹചര്യത്തിൽ ശരീരത്തിന് വ്യായാമം നൽകി ആരോഗ്യപരിരക്ഷ വരുത്തേണ്ടതാണ്. ഏതു സാഹചര്യത്തിലും അനുഷ്ഠിക്കാ വുന്ന അല്പം ശാരീരികാദ്ധ്വാനം വരുന്ന പ്രവർത്തനങ്ങളെയാണ് വ്യായാമം എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്. വ്യായാമത്തിൽക്കൂടെ നമുക്ക് ലഭിക്കുന്ന കായിക ആരോഗ്യത്തെ Physical Fitness എന്നു വിളിക്കാം.

## ആരോഗ്യവും ജീവിതഘട്ടങ്ങളും

ആരോഗ്യത്തെക്കുറിച്ച് ചിന്തിക്കുമ്പോഴും പറയുമ്പോഴും അവരവരുടെ തനത് ജീവിത ധർമ്മങ്ങളെ മാനിക്കുകതന്നെ വേണം. സ്ത്രീധർമ്മവും പുരുഷ ധർമ്മവും വ്യത്യസ്തമാണ്. അതുപോലെ തന്നെ വ്യത്യസ്ത ജീവിതഘട്ടങ്ങളിലും ജീവിത ധർമ്മം വ്യത്യസ്തമാണ്.

*ഉദാ.*1. ചെറുപ്രായം അഥവാ ശൈശവ/ബാല്യകാലം - ശരീരത്തിനും മനസ്സിനും വളർച്ചയുടെ കാലമാണ്.
2. യുവത്വം എന്നത് ശരീരം പ്രായപൂർത്തിയെത്തുന്നതും മനസ്സ് സ്വതന്ത്രമാകുന്ന തുമായ കാലമാണ്.
3. മദ്ധ്യവയസ്സ് എന്ന് പറയുന്നത് പ്രധാനമായും അടുത്ത തലമുറയെ വാർത്തെടു ക്കുന്ന കാലമാണ്.
4. വാർദ്ധക്യം എന്നത് സ്വയം ജീവിതത്തെ വിലയിരുത്തുവാനും ജീവിതാന്ത്യത്തിന് ഒരുങ്ങാനുമുള്ള കാലമാണ്.

## ആരോഗ്യവും ഭക്ഷണവും

ആരോഗ്യത്തിന് നല്ല ഭക്ഷണം ആവശ്യമാണ്. മേൽപറഞ്ഞ നാലുഘട്ടങ്ങളിലും നമുക്കുള്ളത് പലതരം ഭക്ഷണരീതികളാണ്. അതായത് ശരീരവളർച്ചയ്ക്ക് വേണ്ട വസ്തുക്കൾ ശിശു ക്കൾക്ക് കൂടുതലും വാർദ്ധക്യത്തിൽ വളരെ കുറവും മതി. അതുപോലെ രോഗമുള്ളപ്പോൾ വേണ്ട ഭക്ഷണക്രമം പ്രായഭേദമെന്യേ ഡോക്ടർ നിശ്ചയിക്കുന്ന രീതിയിലാക്കണം. രോഗം വരുന്ന വഴികൾ എന്താണെന്ന് ചിന്തിച്ചിട്ടുണ്ടോ? ആയതിന്

പലകാരണങ്ങൾ ഉണ്ടാകാം. പരിസര മലിനീകരണം, ഭക്ഷണസാധനങ്ങളിൽ കടന്നു കൂടിയിട്ടുള്ള വിഷാംശം, വ്യക്തിപരമായ ചിലകാരണങ്ങൾ ഇവമൂലം രോഗങ്ങൾ ഉണ്ടാകാം. താഴെ പറയുന്ന ചില കാരണങ്ങൾ ശ്രദ്ധിക്കുക. മലിനജലത്തിലൂടെ, ആഹാരത്തിലൂടെ, വായുവിൽകൂടെ, പ്രാണികളിൽകൂടെ, മൃഗങ്ങളിൽകൂടെ, ലൈംഗിക ബന്ധത്തിലൂടെ, രോഗിയുമായ സമ്പർക്കത്തിലൂടെ, മുറിവിലൂടെ, രക്തം സ്വീകരിക്കുക വഴി, മദ്യപാനം, പുകവലി മുതലായവയിൽകൂടെ.

### ഭക്ഷണവും ശാരീരിക വ്യായാമവും

നമ്മുടെ ആഹാരരീതിയിലും ആഹാരസാധനങ്ങളിലും വന്ന മാറ്റങ്ങൾ നമ്മുടെ ജീവിതശൈലിയിലും മാറ്റം വരുത്തി. കൊഴുപ്പേറിയതും അമിത കലോറി അടങ്ങിയതുമായ ഭക്ഷണം കഴിച്ച് വ്യായാമം ഇല്ലാതെ വന്നപ്പോൾ പല രോഗങ്ങൾ ഉണ്ടാകുവാൻ കാരണമാകുന്നു. ഈ ഭക്ഷണ ക്രമീകരണങ്ങളുടെ വ്യത്യസ്തതയാണ് നോമ്പിൽകൂടെ സഭ നൽകുന്നത്. ശരീരത്തിലെ എല്ലാ പ്രവർത്തനങ്ങൾക്കും ജലം ആവശ്യമാണ്. ദിവസവും കുറഞ്ഞത് 8 ഗ്ലാസ്സ് വെള്ളം കുടിക്കണം. പ്രാണയാമവും ശരീരത്തിനും മനസ്സിനും ദൃഢതയും പക്വതയും നൽകുന്നു. യോഗാസനങ്ങൾ ഹൃദയാരോഗ്യത്തിന് നല്ലതാണ്. ശരീരത്തിലെ എല്ലാ അവയവങ്ങൾക്കും സന്ധികൾക്കും മാംസപേശികൾക്കും വ്യായാമം നൽകുന്ന ഒരു ഉത്തമവ്യായാമമാണ് പ്രഭാതവെയിൽ കൊള്ളുന്നത്.

### കുമ്പിട്ടുള്ള പ്രാർത്ഥന

കുമ്പിട്ടുള്ള പ്രാർത്ഥന ഓർത്തഡോക്സ് ആരാധനയുടെ ഒരു പ്രത്യേകതയാണ്. ശരീരത്തിനും മനസ്സിനും ആത്മാവിനും സമ്പൂർണ്ണ ആരോഗ്യം പ്രദാനം ചെയ്യുന്ന ഒരു സംവിധാനമാണ് ഇത്. നമ്മുടെ ചിന്തയുടെ കേന്ദ്രമായ തലയും ജീവശ്വാസം വലിച്ചെടുക്കുന്ന നാസികയും ചലനത്തെ നിയന്ത്രിക്കുന്ന കാൽമുട്ടുകളും പ്രവർത്തനകേന്ദ്രമായ കൈമുഷ്ടികളും ദൈവമുമ്പാകെ പൂർണ്ണമായി സമർപ്പിക്കുമ്പോൾ നമ്മുടെ ആത്മാവ് സന്തോഷിക്കും. സമർപ്പിക്കപ്പെട്ടതിനെ ദൈവം കരുതിക്കൊള്ളും എന്ന് ചിന്തിക്കുമ്പോൾ മനസ് ശുദ്ധമാകും. എല്ലാ സന്ധികളും ചലിച്ച് ഭൂമിയിൽ സ്പർശിക്കുന്നതുമൂലം ശരീരത്തിന് ഏറ്റവും നല്ല വ്യായാമവും ആകും. അതുകൊണ്ട് കുമ്പിട്ടുള്ള യാമപ്രാർത്ഥനകൾ നാം ശീലമാക്കണം.

### ശുഭചിന്തകൾ മാനസികാരോഗ്യത്തിന്

മനസ്സിന്റെ ശുചിത്വവും ആരോഗ്യത്തിന് അത്യന്താപേക്ഷിതമാണ്. എങ്ങനെയാണ് മനസ്സ് ശുചി ആക്കി വയ്ക്കുവാൻ സാധിക്കുന്നത്? മനസ് ശുഭചിന്തകളാൽ നിറയ്ക്കണം. സങ്കീർത്തനപുസ്തകത്തിൽ പറയുന്നു (45-ാം സങ്കീർത്തനം ഒന്നാം വാക്യം) എന്റെ ഹൃദയം ശുഭവചനത്താൽ കവിയുന്നു. കൃത്യമായി പ്രാർത്ഥിക്കുക, ദൈവിക ചിന്തകൾക്ക് സമയം കണ്ടെത്തുക, മറ്റുള്ളവരുടെ നന്മയിൽ സന്തോഷിക്കുക, മറ്റുള്ളവർ നമ്മെ സ്നേഹിക്കുന്നു എന്ന് മനസ്സിലാക്കുക. പരസഹായത്തിനുള്ള താല്പര്യം മനസ്സിൽ വളർത്തുക, ഇവയൊക്കെ ശുഭചിന്തകളായി കരുതാം. ശുചിത്വ പരിപാലനത്തിലൂടെയും ആരോഗ്യ സംരക്ഷണത്തിലൂടെയും ശരിയായ ആരാധനയിലൂടെയും ശുഭചിന്തകളിലൂടെയും ആത്മശരീരമനസ്സുകളുടെ സമ്പൂർണ്ണ ആരോഗ്യത്തിന് നമുക്ക് യത്നിക്കാം.

നമ്മുടെ ശരീരം ദൈവദാനമാണ്. ശരീരത്തെ ഉചിതമായി കാക്കേണ്ടത് എന്റെ കർത്തവ്യമാണ്. ഭക്ഷണത്തോടൊപ്പം വ്യായാമവും വളരെ ആവശ്യമാണ്. അമിതവും ഉചിതവുമല്ലാത്ത ഭക്ഷണങ്ങൾ രോഗങ്ങളെ വർദ്ധിപ്പിക്കും. മലങ്കര ഓർത്തഡോക്സ് സഭയുടെ ആരാധനാ സംവിധാനം മനുഷ്യശരീരത്തേയും മനസ്സിനേയും ആത്മാവിനേയും ശക്തീകരിക്കുന്നതാണ്

## നമുക്ക് പാടാം

എന്നുടയോനെ നീയെന്നെ
കൺമണിപോൽ കാത്തീടണമേ
നിൻ ചിറകാലെ മറച്ചുപരീ
ക്ഷയിൽ നിന്നെന്നെ കാക്കണമേ
ഒളിവായ് നോക്കീടാതെന്റെ
കണ്ണുകളെ നീ കാക്കേണമേ
വഞ്ചന കേൾക്കാതടിയന്റെ
കാതുകളേയും കാക്കണമേ
എന്നധരങ്ങൾക്കെന്നും നീ
കാവലതായും നിൽക്കണമേ
എന്നുള്ളിൽ ദോഷം ചെയ്‌വാൻ
ഉള്ളവിചാരമുദിക്കരുതേ
എന്നെ തന്നെ സന്നിധിയിൽ
കാഴ്ചയണപ്പാനും നാഥാ
എന്നെ നിനക്ക് സുഗന്ധമതായ്
അർപ്പിപ്പാനും കൃപ ചെയ്ക
എൻ നാഥാ നിൻ തിരുമുൻപിൽ
ആത്മ ശരീര മനസ്സുകളെ
ശോഭ കലർന്ന വിളക്കുകളായ്
ഞാൻ കത്തിപ്പാറാകണമേ

(അനുതാപത്തിന്റെ മെമ്ര പൂർണ്ണമായി വീട്ടിൽ ദിവസവും ചൊല്ലുക)

........................................................

## നമുക്ക് പ്രാർത്ഥിക്കാം

*ദൈവമായ കർത്താവേ നീ ഞങ്ങളെ സൃഷ്ടിച്ച് ഈ ഭൂമിയിൽ ആക്കി വച്ചു.
നിന്റെ വാസസ്ഥലമായി ഞങ്ങളുടെ ശരീരത്തെ നീ ക്രമീകരിച്ചു.
അതിനെ ഉചിതമായി കാക്കുവാനും നന്മ പ്രവർത്തിക്കുവാനും
ഞങ്ങൾക്ക് ശക്തിയും ബോധവും നല്കണമേ.
തെറ്റായ ശീലങ്ങളിൽനിന്നും ഒഴിഞ്ഞു നില്ക്കുവാൻ
ഞങ്ങളെ സഹായിക്കണമെ. ഞങ്ങൾ പരിശുദ്ധ ത്രിത്വത്തിന് സ്തുതിയും
സ്തോത്രവും കരേറ്റുവാനായിട്ട് തന്നെ, ആമ്മീൻ.*

........................................................

## നിശ്ചയം

**ശരീരത്തേയും മനസ്സിനേയും ഉചിതമായി കാക്കും.
ശരീരത്തിനും മനസ്സിനും ആത്മാവിനും വിരുദ്ധമായി ഒന്നും ചെയ്യുകയില്ല.
നല്ല ശീലങ്ങൾ പ്രാവർത്തികമാക്കുന്നതിനോടൊപ്പം കുമ്പിട്ട് ദൈവത്തെ
എല്ലാ ദിവസവും ആരാധിക്കും.**

## നമുക്ക്ചിന്തിക്കാം

1. ആരോഗ്യം എന്നാൽ എന്ത്?
2. നല്ല ശീലങ്ങൾ ഏതെല്ലാം?
3. ആരോഗ്യ സംരക്ഷണരംഗത്തെ പരാജയത്തിന് കാരണങ്ങൾ ഏതെല്ലാം?
4. ആരോഗ്യസംരക്ഷണത്തിന് എന്താണ് ചെയ്യേണ്ടത്?
5. ഓർത്തഡോക്സ് സഭയുടെ ആരാധനയിൽ ശരീരത്തിനും മനസ്സിനും ആത്മാവിനും ചേരുന്ന വ്യായാമമുറയോട് ഉപമിക്കാവുന്ന ഏതെങ്കിലും ആരാധനയുണ്ടോ?
6. ഒഴിവാക്കേണ്ടതായ ഭക്ഷണങ്ങൾ ഏതെല്ലാം?

## പ്രവർത്തനങ്ങൾ

1. ആരോഗ്യപരിപാലനത്തെകുറിച്ച് ഒരു പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കുക.
2. ആധുനിക ഭക്ഷണരീതികളെകുറിച്ചും അവയുടെ നന്മ തിന്മകളെ കുറിച്ചും ഒരു ചർച്ച സംഘടിപ്പിക്കുക.
3. സുഹൃത്തുക്കളെയും സഹപാഠികളെയും ആരോഗ്യപരിപാലനത്തെകുറിച്ച് ബോധവാന്മാരാക്കുക.

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | മത്തായി 9:36-10:10 |
| തിങ്കൾ | എഫേസ്യർ 6:10-20 | അ. പ്ര. 9 |
| ചൊവ്വ | മത്തായി: 15-21.31 | 2 കൊരി. 12 |
| ബുധൻ | റോമർ 13:1-14 | 2 രാജാ. 5:1-14 |
| വ്യാഴം | 2 രാജാ. 20:1-11 | യാക്കോബ് 5 |
| വെള്ളി | 1 പത്രോസ് 1 | ഉൽപ്പത്തി 12 |
| ശനി | സദൃ. 1 | * |

പാഠം 25

# പ്രകൃതിസ്നേഹം

**മുഖ്യസന്ദേശം:** ഈ ലോകത്തെ സൃഷ്ടിച്ച് പ്രകൃതിയെ ക്രമീകരിച്ച് ദൈവം മനുഷ്യ നന്മയ്ക്കായി നൽകി. പ്രകൃതിയോടുള്ള നമ്മുടെ കടപ്പാട് മറക്കാതെ അതിനെ പരിരക്ഷിക്കുവാനുള്ള പ്രയത്നം ചെയ്യുക.

**മനഃപാഠവാക്യം:** "ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു. ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു." (സങ്കീ. 19:1)

**പഠനസഹായികൾ:** പ്രകൃതിയുടെ വിവിധ ദൃശ്യങ്ങൾ അടങ്ങിയ ഒരു ചാർട്ട്, പ്രകൃതിയും മനുഷ്യനും തമ്മിലുള്ള നല്ലബന്ധത്തെ സൂചിപ്പിക്കുന്ന 10 വാചകങ്ങൾ എങ്കിലും ഉൾക്കൊള്ളിച്ച് ഒരു ചാർട്ട് (*ഉദാ.* ഉല്പത്തി 2:10), പ്രകൃതി വസ്തുക്കളാൽ നിർമ്മിച്ച ഏതെങ്കിലും ഒരു ഉല്പന്നം (*ഉദാ.* തുണിയിൽ നിർമ്മിച്ച സഞ്ചി).

## ആമുഖം

പ്രകൃതി അനന്തമാണ്. എന്നാൽ പ്രകൃതിയിലെ വിഭവങ്ങൾ പരിമിതമാണ്. പ്രകൃതിയെ കൂടാതെ മനുഷ്യന് നിലനിൽക്കുവാൻ സാദ്ധ്യമല്ല. ഇന്ന് ലോകം നേരിടുന്ന ഏറ്റവും വലിയ ഭീഷണി പ്രകൃതി വിഭവങ്ങളുടെ അമിതോപയോഗവും ദുരുപയോഗവുമാണ്. മനുഷ്യൻ തന്റെ സ്വാർത്ഥതാല്പര്യങ്ങൾക്കുവേണ്ടി പ്രകൃതി വിഭവങ്ങളെ ദുരുപയോഗം ചെയ്ത്കൊണ്ടിരിക്കുന്നു. പ്രകൃതിവിഭവങ്ങളെ സംരക്ഷിക്കുവാനും പ്രകൃതിയെ സ്നേഹിക്കുവാനും നമുക്ക് കടമയുണ്ട്. ആ കടമകൾ എന്തെന്ന് നമുക്ക് നോക്കാം - പഠിക്കാം.

## പാഠഭാഗം

വിശുദ്ധ വേദപുസ്തകത്തിലെ ആദ്യപാഠങ്ങൾ ലോക സൃഷ്ടിയെ ക്കുറിച്ചാണല്ലോ. ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. ഭൂമി പാഴായും ശൂന്യമായും ഇരുന്നു.... തുടങ്ങിയ ഉല്പത്തി പുസ്തകത്തിലെ വാക്യങ്ങളിൽ നിന്നും ദൈവം മനുഷ്യനെ സൃഷ്ടിക്കുന്നതിനു മുമ്പ് സർവ്വസമ്പന്നമായ ഒരു പ്രകൃതിയെ സൃഷ്ടിച്ച് ക്രമീകരിച്ചു എന്നു കാണാം. ലോകത്തെയും അതിലുള്ള സകലത്തിനെയും സൃഷ്ടിച്ചു. (സങ്കീർത്തനങ്ങൾ 136: 8,9; ഉല്പത്തി 1:11; 1: 20-25) സൃഷ്ടിച്ച സകലതും നല്ലത് എന്ന് ദൈവം കണ്ടു. ആകാശത്തെയും ഭൂമിയെയും സമുദ്രത്തെയും അതിലുള്ള സകലത്തെയും സൃഷ്ടിച്ച് ക്രമീകരിച്ചതിനുശേഷമാണ് മനുഷ്യനെ ദൈവം സൃഷ്ടിച്ചത്.

## മനുഷ്യൻ പ്രകൃതിയുടെ ഭാഗമാണ്

ദൈവം മനുഷ്യനെ സൃഷ്ടിച്ചത് നിലത്തെ പൊടികൊണ്ടാണ് (ഉല്പത്തി 2:7). മണ്ണ് കുഴച്ച് മനുഷ്യന് രൂപം നൽകി. അതിൽ ജീവശ്വാസം ഊതി മനുഷ്യൻ ജീവനുള്ളവയായി ത്തീർന്നു. അതിനാൽ മണ്ണ്, ജലം, വായു തുടങ്ങിയ പ്രകൃതിവസ്തുക്കളെക്കൊണ്ടാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്നു ഗ്രഹിക്കാം. സൃഷ്ടിയുടെ മകുടമായ മനുഷ്യനെ അനുഗ്രഹിച്ച് സകല സൗഭാഗ്യങ്ങളും നൽകി ദൈവത്തേക്കാൾ അല്പം മാത്രം താഴ്ത്തി ഏദൻതോട്ടത്തിൽ താമസിപ്പിച്ചു. ദൈവം മനുഷ്യനെ സൃഷ്ടിച്ചത് പ്രകൃ

തിയെ സംരക്ഷിക്കുന്നതിനും പ്രകൃതിയുമായി അനുരഞ്ജനത്തിൽ വസിക്കുന്നതിനുമായിട്ടാണ്. പൈശാചിക പ്രേരണയാൽ സ്വാർത്ഥനും നിഗളിയും സ്ഥാനമോഹിയും അനുസരണം കെട്ടവനുമായി മനുഷ്യൻ മാറി. പാപംമൂലം സൃഷ്ടി അതിന്റെ യഥാർത്ഥ അവസ്ഥയിൽനിന്ന് വീണുപോയെങ്കിൽ യേശുതമ്പുരാൻ സർവ്വസൃഷ്ടിക്കും ദൈവത്തിനും മദ്ധ്യേ ഒരു മഹാപുരോഹിതനായി നിന്ന് അവയെ വീണ്ടെടുത്തു. ഈ വീണ്ടെടുപ്പ് പദ്ധതിയിൽ നാമും പങ്കാളികളായി സൃഷ്ടിയെ ദൈവത്തിങ്കലേക്ക് മടക്കി വരുത്തുവാനുള്ള മദ്ധ്യസ്ഥം വഹിക്കേണ്ടതാണ്. അന്നുമുതൽ ഇന്നോളം മനുഷ്യൻ തന്റെ സ്വാർത്ഥ താല്പര്യങ്ങൾക്കായി ഭൂമിയെയും മറ്റ് പ്രകൃതി വസ്തുക്കളെയും ചൂഷണം ചെയ്യുകയാണ്.

## ദൈവം പ്രകൃതിയെ കരുതുന്നു

ജലപ്രളയകാലത്ത് നോഹയെയും കുടുംബത്തെയും ദൈവം രക്ഷിക്കുന്നതോടൊപ്പം സകല ജീവജാലങ്ങളുടെയും നിലനില്പിനായി അനുഗ്രഹിച്ചു പ്രവർത്തിച്ചു എന്ന് കാണുന്നു. (ഉല്പത്തി 7:15) പ്രകൃതിയിലെ സകല ജീവജാലങ്ങളെയും വൃക്ഷലതാദികളെയും ദൈവം കരുതുന്നു. നമ്മുടെ കർത്താവ് പറയുന്നു: 'കാക്കകളെ നോക്കുവിൻ അവ വിതയ്ക്കുന്നില്ല... എങ്കിലും ദൈവം അവയെ പുലർത്തുന്നു' (വി. ലൂക്കോസ് 12:24). വീണ്ടും കർത്താവ് പറയുന്നു: 'താമര എങ്ങനെ വളരുന്നു എന്ന് വിചാരിപ്പിൻ. അവ അദ്ധ്വാനിക്കുന്നില്ല...' ഇന്നുള്ളതും നാളെ അടുപ്പിൽ ഇടുന്നതുമായ വയലിലെ പുല്ലിനെ ദൈവം ഇങ്ങനെ ഉടുപ്പിക്കുന്നു (വി. ലൂക്കോസ് 12:27, 28). രണ്ട് കാശിനു അഞ്ച് കുരികിലിനെ വില്ക്കുന്നില്ലയോ? അവയിൽ ഒന്നിനെപ്പോലും ദൈവം മറന്നുപോകുന്നില്ല (12:6). കർത്താവിന്റെ ഉപമകളിൽ അധികവും കാർഷികവൃത്തിയിൽനിന്നും ഗ്രാമീണ ജീവിതത്തിൽനിന്നും അടർത്തിയെടുത്തവയാണ്. പ്രകൃതിയുമായി തീർത്തും അനുരഞ്ജനപ്പെട്ടായിരുന്നു യേശു ജീവിച്ചത്. കർത്താവ് ജനിച്ചത് കാലിത്തൊഴുത്തിലാണല്ലോ – മൃഗങ്ങളുടെയും വൈക്കോലിന്റെയും പുല്ലിന്റെയും സമീപം – കർത്താവ് ഉപവസിച്ചത് മരുഭൂമിയിലും സ്നാനം ഏറ്റത് യോർദ്ദാൻ നദിയിലും, പ്രസംഗങ്ങൾ നടത്തിയത് പുല്ലുകൾ നിറഞ്ഞ താഴ്വരയിലും ആയിരുന്നു. ഒലിവുവൃക്ഷത്തിന്റെയും ഈന്തപ്പനകളുടെയും കൊമ്പുകൾ പിടിച്ചുകൊണ്ടാണ് കർത്താവിന് ജനം ഓശാന പാടിയത്. ഓശാന പെരുന്നാളിൽ സകല വൃക്ഷങ്ങൾക്കും ചെടികൾക്കുംവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നു. പെന്തിക്കോസ്തി പെരുന്നാളിൽ വെള്ളം വാഴ്ത്തി മൂന്നു പ്രാവശ്യം സഭയുടെമേൽ തളിച്ച് ശുദ്ധീകരണം നടത്തുന്നുണ്ടല്ലോ? പ്രകൃതിയും മനുഷ്യനുമായുള്ള ബന്ധം ശക്തമാണ് എന്ന് നമുക്ക് ഇതിൽനിന്നും മനസ്സിലാക്കാം.

## മനുഷ്യന്റെ പ്രതിബദ്ധത

പ്രകൃതിയോട് ഇന്നു മനുഷ്യൻ പ്രവർത്തിക്കുന്നത് എന്ത് എന്ന് ചിന്തിച്ചിട്ടുണ്ടോ? പ്രകൃതിയോടുള്ള നമ്മുടെ പ്രതിബദ്ധത എന്തായിരിക്കണം? ദൈവം പ്രകൃതിയെ സ്നേഹിക്കുന്നതായും പ്രകൃതി ദൈവത്തെ അനുസരിക്കുകയും ആദരിക്കുകയും ചെയ്യുന്നതായും നാം കണ്ടു. ബുദ്ധിയും വിവേകവും ഉള്ള നാം എത്ര അധികമായി പ്രകൃതിയെ സ്നേഹിക്കുവാൻ കടപ്പെട്ടിരിക്കുന്നു എന്ന് ഓർക്കുക. ഈ കടമകൾ എങ്ങനെ നിറവേറ്റുവാൻ കഴിയും എന്ന് ചിന്തിക്കാം.

### 1. പ്രകൃതി വസ്തുക്കളെ നാം സംരക്ഷിക്കണം

നമ്മുടെ ജീവനും നിലനില്പ്പിനും നമ്മെ സഹായിക്കുന്ന പ്രകൃതി വിഭവങ്ങളെ നാം സ്നേഹിക്കണം; മാത്രമല്ല സംരക്ഷിക്കുകയും വേണം.

**2. പ്രകൃതിയുടെ ക്രമീകരണം മാറ്റിമറിക്കാതിരിക്കുക**

പ്രകൃതി വസ്തുക്കളെ ദൈവം അദ്ഭുതകരമായും മനോഹരമായും ക്രമീകരിച്ചിരിക്കുന്നു. ആധുനിക മനുഷ്യന്റെ പ്രകൃതിവിരുദ്ധ ഉപഭോഗ സംസ്കാരം മൂലം പലവിധ പ്രത്യാഘാതങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു.

**3. പ്രകൃതിക്ക് ഹാനികരമായ വസ്തുക്കളുടെ ഉപയോഗം നിയന്ത്രിക്കണം**

ഇന്നത്തെ ഉപഭോഗവസ്തുക്കൾ മിക്കതും പ്രത്യകിച്ച് പ്ലാസ്റ്റിക്പോലെയുള്ള വസ്തുക്കൾ പ്രകൃതിക്ക് അത്യന്തം ഹാനികരമാണ്. കൂടെ ശീതസംഭരണികളിൽ ഉപയോഗിക്കുന്ന വാതകങ്ങൾ, മോട്ടോർവാഹനങ്ങളിൽ നിന്ന് വമിക്കുന്ന അമിതതോതിലുള്ള കാർബൺ വിവിധതരം പ്ലാസ്റ്റിക് വസ്തുക്കളുടെ നിർമ്മാണത്തിന് ഉപയോഗിക്കുന്ന ക്ലോറോഫ്ളൂറോ കാർബൺ (CFC) തുടങ്ങിയയെല്ലാം അന്തരീക്ഷത്തെ മലിനപ്പെടുത്തുന്നവയാണ്. അവയുടെ ഉപയോഗം നിയന്ത്രിക്കണം.

**4. പരിസരം വൃത്തിയായി സൂക്ഷിക്കണം**

പ്രകൃതിക്കു അതിൽത്തന്നെ ഒരു തനിമയും സ്വാഭാവികതയുമുണ്ട്. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നത് പ്രകൃതിയെ സ്നേഹിക്കുന്നതിന് തുല്യമാണ്.

**5. മാലിന്യങ്ങൾ ശരിയായി സംസ്ക്കരിക്കണം**

ചപ്പുചവറുകൾ അലക്ഷ്യമായി എറിഞ്ഞുകളയാതെ പ്രത്യേകകുഴികളിൽ ശേഖരിച്ച് കമ്പോസ്റ്റ് വളമാക്കുകയോ അനുയോജ്യമായ രീതിയിൽ സംസ്ക്കരിക്കുകയോ ചെയ്യണം. രാസവളങ്ങളെക്കാൾ എത്രയോ ഫലപുഷ്ടമായ വളമാണ് കമ്പോസ്റ്റ് വളം.

**6. ചെടികളും സസ്യങ്ങളും വൃക്ഷങ്ങളും നടുക**

ഇത് അന്തരീക്ഷ വായു മലിനപ്പെടാതെ സംരക്ഷിക്കും. കൂടാതെ അവയുടെ ഫലങ്ങൾ നമുക്ക് ഉപയോഗപ്പെടുത്തുകയും ചെയ്യാം.

**7. കുഴൽ കിണറുകൾ ജലക്ഷാമം വരുത്തുമെന്നോർക്കുക**

നൂറുകണക്കിന് അടി താഴ്ചയിൽ പാറകൾ പോലും തുരന്ന് ജലം ഊറ്റിയെടുക്കുന്ന സംവിധാനമാണല്ലോ കുഴൽകിണറുകൾ; ഇത് മണ്ണിലെ ജലാംശം നഷ്ടപ്പെടുത്തുകയും ഫലഭൂഷ്ടിയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. കൂടാതെ അമിതമായ ജലക്ഷാമമുണ്ടാകുകയും ചെയ്യും. മഴക്കുഴികൾ പോലെയുള്ള ജലസംഭരണമാർഗങ്ങൾ സ്വീകരിച്ച് മഴവെള്ളം ശേഖരിച്ചാൽ മാത്രമേ ജലക്ഷാമം പരിഹരിക്കാനാവൂ.

**8. അടുത്ത തലമുറയെകൂടി കരുതി ജീവിക്കണം**

നമ്മുടെ സ്വാർത്ഥമോഹങ്ങൾ നേടാനായി പ്രകൃതി വിഭവങ്ങളെ അമിതമായി ചൂഷണം ചെയ്യുന്നത് നന്നല്ല. ഈ ഭൂമിയിലെ വിഭവങ്ങൾ തീർന്നുപോകുവാൻ അധികകാലം വേണ്ടിവരില്ല. അതിനാൽ പ്രകൃതിവിഭവങ്ങൾ ദുരുപയോഗം ചെയ്യുന്നതും അമിതമായി ഉപയോഗിക്കുന്നതും അവസാനിപ്പിക്കണം.

**9. പ്രകൃതിയിലേക്ക് മടങ്ങുക**

മനുഷ്യൻ പ്രകൃതിയിലേക്ക് മടങ്ങേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. പ്രകൃതിയിലെ ഔഷധസസ്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തണം. വേപ്പ്, തുളസി, മഞ്ഞൾ തുടങ്ങിയ അനേകം ഔഷധസസ്യങ്ങൾ നമ്മുടെ വീടിന്റെ പരിസരത്ത് വച്ച് പിടിപ്പിക്കണം. കൃഷിയിടങ്ങളിൽ ഇറങ്ങി നടക്കുന്നതും സംരക്ഷിക്കുന്നതും നമുക്കും കൃഷിക്കും ഒരുപോലെ നല്ലതാണ്. ഭക്ഷണത്തിൽ ധാരാളം ഇലവർഗ്ഗങ്ങളും പച്ചക്കറികളും ഉൾപ്പെടുത്തണം. അവ കഴിയുന്നതും നട്ടുവളർത്തണം. പെപ്സി, കൊക്കക്കോള പോലെയുള്ള ഹാനികരമായ പാനീയങ്ങൾ ഒഴിവാക്കി പ്രകൃതിജന്യ പാനീയങ്ങൾ ശുദ്ധജലം, കരിക്കിൻവെള്ളം, പഴച്ചാറുകൾ മുതലായവ ഉപയോഗിക്കണം

## 10. പ്രകൃതിയുടെ സന്തുലനാവസ്ഥ തകർക്കരുത്

പ്രകൃതിക്ക് ഒരു താളമുണ്ട്, ഒരു സന്തുലനമുണ്ട്. നാം അത് മാറ്റിമറിച്ചുകൂടാ. കുന്നുകൾ ഇടിച്ച് നിരത്തുന്നതും വയലുകൾ മണ്ണിട്ടു നികത്തുന്നതും പാറകൾ അമിതമായി പൊട്ടിച്ചു മാറ്റുന്നതും നദികളിൽ നിന്ന് ധാരാളമായി മണൽ വാരി മാറ്റുന്നതുമെല്ലാം ഭൂമിയുടെ സന്തുലനാവസ്ഥയ്ക്ക് വ്യത്യാസം വരുത്തുന്നു. ഇത് അന്തരീക്ഷത്തിൽ ഭൂമിയുടെ സ്ഥാനമാറ്റത്തിന് കാരണമാവുകയും അതു മാരകമായ പ്രത്യാഘാതങ്ങൾക്കു വഴി തെളിയിക്കുകയും ചെയ്യും. പ്രകൃതിയിലെ എല്ലാ ജീവജാലങ്ങൾക്കും അവയുടെ പ്രത്യേക ചുമതലകൾ ദൈവം നൽകിയിട്ടുണ്ട്. ഇത് ലംഘിച്ചാൽ പ്രകൃതിയുടെ സന്തുലനാവസ്ഥയെ പ്രതികൂലമായി ബാധിക്കും.

ഇപ്പോഴുള്ളതും വരുവാനിരിക്കുന്നതുമായ തലമുറകൾക്ക് പ്രയോജനപ്പെടും വിധം പ്രകൃതിവിഭവങ്ങളെ ശരിയായി ഉപയോഗപ്പെടുത്തുകയും പുനഃക്രമീകരിക്കുകയും ചെയ്യുവാൻ നമുക്ക് കഴിയണം. ദൈവം നല്ലത് എന്നു കണ്ട ഈ പ്രകൃതിയെ നമ്മുടെ പരിരക്ഷമൂലം എന്നും നല്ലതായി കാണപ്പെടുവാനും അനുഭവിക്കാനും ഇടയാകുന്നു. മനുഷ്യനും പ്രകൃതിയും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. പ്രകൃതിയുടെ മുകളിൽ ആധിപത്യം സ്ഥാപിക്കാനല്ല പ്രകൃതിയെ സംരക്ഷിക്കലാണ് നമ്മുടെ കർത്തവ്യം. മനുഷ്യൻ നിർമ്മിതമായിരിക്കുന്നത് പ്രകൃതിയിൽനിന്നാണ്. പ്രകൃതിയെ കരുതുന്നിടത്തോളം കാലം മാത്രമാണ് നമ്മൾക്കും നിലനില്പുള്ളത് ദൈവം പ്രകൃതിക്ക് ഉചിതമായ ഭാവങ്ങളും രൂപങ്ങളും നൽകി. നാം അതിനെ പുനഃക്രമീകരിക്കുമ്പോൾ പ്രകൃതിയുടെ സന്തുലിതാവസ്ഥ നഷ്ടമാവുന്നു.

### നമുക്ക് പാടാം

ഋജുമതികൾക്കിരുളിൽ ദ്യുതിയുളവായി.
ദ്യുതിയുദയം ചെയ്തെൻ കർത്താവേ
കൂരിരുൾ നീങ്ങുമ്പോൾ നിന്നെ
കൂപ്പുന്നു ഗഗനം ധരയെന്നീ
ദ്രുതമുണ്ടായൊരു സോദരിമാർ
നീരിൻ മീതെ വാനിടമൊ-
ന്നപരം നീരിന്നാധാരം
നിമിഷമുയർന്നൊരു മണവറയാ
മോയാറായതമായ് മദ്ധ്യേ
സ്തുത്യം സൃഷ്ടിവിധാനംതേ

.......................................................

### നമുക്ക് പ്രാർത്ഥിക്കാം

*പ്രകൃതിയെ സൃഷ്ടിച്ച് അതിൽ ഞങ്ങളെ ആക്കിവയ്ക്കുകയും ചെയ്ത സർവ്വശക്തനായ ദൈവമെ നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. നീ ഉണ്ടാക്കിയ ഈ പ്രപഞ്ചത്തെ ഞങ്ങൾ ഓർക്കുമ്പോൾ അതിനെ വർണ്ണിക്കുവാൻ ഞങ്ങൾക്ക് ശക്തിയില്ല. നിന്റെ കാരുണ്യത്തെ സ്തുതിച്ചുകൊണ്ട് പ്രകൃതിയെ കരുതി ജീവിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കേണമേ. തിന്മയിലൂടെ പ്രകൃതിയെ ഞങ്ങളുടെ സ്വന്തമാക്കി ചൂഷണവിധേയമാക്കുവാൻ ഇടയാകരുതേ. ഞങ്ങൾ നിനക്ക് സ്തുതിയും സ്തോത്രവും കരേറ്റുന്നു, ആമ്മീൻ.*

.......................................................

## നിശ്ചയം

**പ്രകൃതിവിരുദ്ധമായി ജീവിക്കുകയില്ല.**
**പ്രകൃതി സംരക്ഷണത്തിനും കൃഷിപരിപോഷണത്തിനുംവേണ്ടി പ്രവർത്തിക്കും.**
**ഓർത്തഡോക്സ് സഭയുടെ ആരാധനയിൽ പ്രകൃതിക്കുവേണ്ടി പ്രാർത്ഥിക്കുന്ന ദിവസങ്ങളിൽ പൂർണ്ണ സമർപ്പണത്തോടെ അതിൽ പങ്കുചേരും.**

## നമുക്ക് ചിന്തിക്കാം

1. പ്രകൃതിയോടുള്ള കടമകൾ നിറവേറ്റുന്നതിനുള്ള ഏതെങ്കിലും അഞ്ച് വഴികൾ?
2. ഭാവിയിൽ ജലക്ഷാമം ഉണ്ടാകാതിരിക്കാൻ നമുക്ക് എന്തൊക്കെ ചെയ്യാം?
3. ഒഴിവാക്കേണ്ടതായ പ്രകൃതിവിരുദ്ധ പാനീയങ്ങൾ ഏതെല്ലാം?
4. ദൈവം മനുഷ്യനെ സൃഷ്ടിക്കുന്നതിന് മുമ്പ് എന്തിനെ സൃഷ്ടിച്ചു?
5. ദൈവം പ്രകൃതിയെ കരുതുന്നു എന്നതിന്റെ അടയാളങ്ങൾ എന്തെല്ലാം?
6. മനുഷ്യൻ പ്രകൃതിപരമായ എന്തെല്ലാം വസ്തുക്കളാൽ നിർമ്മിതമാണ്?

## പ്രവർത്തനങ്ങൾ

1. വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുക
2. പാഴ്വസ്തുക്കളെ പുനരുപയോഗത്തിന് ഒരുക്കുക
3. പ്രകൃതിനശീകരണത്തിന് എതിരെ പ്രവർത്തിക്കുക.
4. പ്രകൃതിക്കുവേണ്ടി നടത്തുന്ന ആരാധനകളുടെ പൂർണ്ണമായ ഒരു ലിസ്റ്റ് ഉണ്ടാക്കുക.

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | ഉൽപ്പത്തി 1:1-13 |
| തിങ്കൾ | ഉൽപ്പത്തി 1:14-19 | ഉൽപ്പത്തി 1:20-31 |
| ചൊവ്വ | ഉൽപ്പത്തി 2:1-7 | ഉൽപ്പത്തി 2:8-17 |
| ബുധൻ | ഉൽപ്പത്തി 2:18-25 | ഉൽപ്പത്തി 3:1-9 |
| വ്യാഴം | ഉൽപ്പത്തി 3:10-24 | സങ്കീർത്തനം 19 |
| വെള്ളി | യെശയ്യാ 51:1-11 | സഖറിയ 9:1-12 |
| ശനി | മീഖ 4 | * |

✡